B 19



# അകം കവിതകൾ

എൻ.വി. കൃഷ്ണവാരിയർ

അകം കവിതകൾ

Akam Kavithakal (Malayalam - Love Poems) Translated from Tamil by N. V. Krishna Warrior. Cover design: J. R. Prasad. First published October 1981. Printed at Mathrubhumi Press Cochin - 17.
Rights reserved 1-1500
Published by Kerala Sahitya Akademi Trichur B N 148 Distributors: National Book Stall Kottayam Price Rs. 12-00

B19.

# അകം കവിതകൾ

വിവർത്തനം
എൻ. വി. കൃഷ്ണവാരിയർ

AUTHOR'S COPY

കേരള സാഹിത്യ അക്കാദമി
തൃശ്ശൂർ

## എൻ. വി. കൃഷ്ണവാരിയരുടെ കൃതികൾ

| | |
|---|---|
| നീണ്ട കവിതകൾ | (കവിതാസമാഹാരം) |
| കുറേക്കൂടി നീണ്ട കവിതകൾ | ,, |
| കൊച്ചുതൊമ്മൻ | ,, |
| വിദ്യാപതി | ,, |
| ഗാന്ധിയും ഗോഡ്സേയും | ,, |
| കാളിദാസന്റെ സിംഹാസനം | ,, |
| ചാട്ടവാർ | ,, |
| എൻ. വി. യുടെ കൃതികൾ | ,, |
| അക്ഷരം പഠിക്കുവിൻ | ,, |
| ബുദ്ധചരിതം | (ആട്ടക്കഥ) |
| ചിത്രാംഗദ | ,, |
| വാസ്കോഡിഗാമയും വേറെ മൂന്നു നാടകങ്ങളും | (നാടകങ്ങൾ) |
| വീരരവിവർമ്മ ചക്രവർത്തി | ,, |
| അസതി | ,, |
| വള്ളത്തോളിന്റെ കാവ്യശില്പം | (നിരൂപണം) |
| കലോത്സവം | (ലേഖനസമാഹാരം) |
| പരിപ്രേക്ഷ്യം | ,, |
| സമാകലനം | ,, |
| ഉണരുന്ന ഉത്തരേന്ത്യ | (യാത്രാവിവരണം) |
| അമേരിക്കയിലൂടെ | ,, |
| ലേഖനകല | (ബാലസാഹിത്യം) |
| ജാലവിദ്യ | ,, |
| A HISTORY OF MALAYALAM METRE | |

Silver Jubilee year publication

# അകംകവിതകൾ

മലയാള വൃത്തങ്ങളുടെ ചരിത്രം സംബന്ധിച്ച ഒരു പുസ്തകം എഴുതുന്നതിനുവേണ്ടി ദ്രാവിഡഭാഷാശാസ്ത്ര സംഘടന നൽകിയ ഫെല്ലോഷിപ്പ് സ്വീകരിച്ച് മധുരയിൽ താമസിക്കുമ്പോഴാണ് സംഘകവിതകളുമായി ഞാൻ പരിചയപ്പെട്ടതു്. ഈ കവിതകൾ വിവർത്തനം ചെയ്യുന്നതിന് ''കുങ്കുമം'' വാരികയുടെ പത്രാധിപത്യം എന്നെ പ്രേരിപ്പിച്ചു. ഈ പുസ്തകം ഉണ്ടായതിന്റെ ഉത്തരവാദിത്വം, അങ്ങിനെ, ദ്രാവിഡഭാഷാശാസ്ത്ര സംഘടനയ്ക്കും ''കുങ്കുമം'' വാരികയ്ക്കുമാണ്.

ഗ്രന്ഥകാരൻ

# അവതാരിക

മലയാളം വരമൊഴിയായി വികസിയ്ക്കുംമുമ്പ്, ചേരരാജ്യവും ചോഴ രാജ്യവും പാണ്ഡ്യരാജ്യവും—ഇപ്പോഴത്തെ കേരളവും തമിഴ്നാടും കർണ്ണാടകസംസ്ഥാനത്തിലേയും ആന്ധ്രപ്രദേശിലേയും ഏതാനും ഭാഗങ്ങളും— ചേർന്ന് ഒരൊററ ''തമിഴകം'' ആയിരുന്ന കാലത്ത്, രചിയ്ക്കപ്പെട്ടവയത്രേ തമിഴിലെ ആദ്യകാലകൃതികൾ. ''സംഘസാഹിത്യം'' എന്ന പൊതുവായപേരിൽ അറിയപ്പെടുന്ന ഈ കൃതികൾ, അതിനാൽ, തമിഴരുടെ മാത്രമല്ല, കേരളീയരുടെ കൂടി സാഹിത്യ പൈതൃകത്തിൻെറ സുപ്രധാനമായ ഒരു ഭാഗമാകുന്നു. ഈ കൃതികളെപ്പററി സാമാന്യമായെങ്കിലും മനസ്സിലാക്കുകയും, അവയിൽ പ്രധാനപ്പെട്ടവയുമായി അടുത്തുപരിചയിയ്ക്കുകയും ചെയ്യുന്നതു് കേരളീയരുടെ ഉദാരമായ സാഹിത്യവിദ്യാഭ്യാസത്തിൻെറ ഒഴിവാക്കാനാവാത്ത ഒരു ഭാഗമായി കണക്കാക്കപ്പെടണം.

തമിഴകത്തിൽ ഒട്ടുവളരെ നാടുവാഴികൾ ഉണ്ടായിരുന്നവെങ്കിലും ചേരർ, ചോഴർ, പാണ്ഡ്യർ എന്നിവർക്കേ കിരീടധാരണത്തിന്നു് അർഹത ഉണ്ടായിരുന്നുള്ളു. ''മൂവരശർ'' എന്നു് അറിയപ്പെട്ട ഇവരിൽ പാണ്ഡ്യർ ആണ് തമിഴ്ഭാഷയുടെയും സാഹിത്യത്തിൻെറയും പോഷണത്തിന്നായി ''സംഘം'' സ്ഥാപിച്ചതു്. സംഘത്തിലെ പണ്ഡിതന്മാർ (പുലവർ) സ്വന്തമായി കൃതികളെഴുതുകയും, പഴയകൃതികളെപ്പററി ഗവേഷണം നടത്തുകയും ''സംഘപ്പലക''യിലിരുന്നു് സമകാലികരായ മററുപണ്ഡിതന്മാരുടെ കൃതികൾ പരിശോധിച്ച്, അവയിൽ ഗുണം മുററിയവയെ പുകഴ്ത്തുകയും ചെയ്തുപോന്നു. ഈ മൂന്നു് ഇനങ്ങളിലും പെട്ടവയത്രേ പിൽക്കാലത്തു് ''സംഘകൃതികൾ'' എന്നപേരിൽ വ്യവഹരിയ്ക്കപ്പെട്ടതു്.

എ. ഡി. ഒമ്പതാം നൂററാണ്ടിൽ രചിയ്ക്കപ്പെട്ടതായി വിശ്വസിക്കപ്പെടുന്ന ''ഇറൈയനാർ അകപ്പൊരുൾ'' എന്ന സാഹിത്യലക്ഷണഗ്രന്ഥത്തിന്നു് നക്കീരർ എഴുതിയ വ്യാഖ്യാനത്തിലാണു് ആദ്യമായി സംഘത്തെപ്പററി ഏറെക്കുറെ വിശദമായ പ്രസ്താവം കാണുന്നതു്. അതിന്നുമുമ്പ്, എ.ഡി. ഏഴാം

നൂററാണ്ടിൽ ഉണ്ടായ ''തേവാരം'' എന്ന സ്തോത്രകൃതികളിലും ''സംഘ''ത്തെപ്പററി പരാമർശമുണ്ട്. അതിനാൽ, തമിഴക്കിടയിൽ പ്രചരിച്ചിരുന്ന ഒരു ഐതിഹ്യത്തെയാണ് അകപ്പൊരുളിൻെറ വ്യാഖ്യാതാവ് രേഖപ്പെടുത്തിയിട്ടുള്ളത് എന്ന കാര്യത്തിൽ സംശയമില്ല. ഈ ഐതിഹ്യം അനുസരിച്ച്, പാണ്ഡ്യർ സ്ഥാപിച്ചവയും മൂന്നു കാലഘട്ടങ്ങളിൽ മൂന്നു വ്യത്യസ്തകേന്ദ്രങ്ങളിൽ പ്രവർത്തിച്ചിരുന്നവയുമായ മൂന്ന് ''തമിഴ് സംഘ''ങ്ങൾ ഉണ്ടായിരുന്നു.

''പഹ്റുളി'' എന്ന പുഴ ഒഴുകിയിരുന്നതും പല മലകൾ ഉയർന്നുനിന്നിരുന്നതുമായ ''കുമരിക്കോട്'' എന്ന ഭൂഭാഗം ഇപ്പോഴത്തെ കന്യാകുമാരിക്കു തെക്ക് പരന്നു കിടന്നിരുന്നു. പിൽക്കാലത്ത് കടലിൽ മുങ്ങിപ്പോയ ഈ പ്രദേശത്തിൽ ഉണ്ടായിരുന്ന ''തെൻമധുര'' എന്ന നഗരത്തിലായിരുന്നുവത്രേ ആദ്യത്തെ സംഘം (മുതർച്ചങ്കം) ''ഇരുന്നു'' പോന്നത്. അഗസ്ത്യർ, ത്രിപുരം എരിയിച്ച വിരിജടൈക്കടവുൾ (ശിവൻ) കുന്ന് എറിഞ്ഞ മുരുകവേൾ (സുബ്രഹ്മണ്യൻ), നിധിയിൻകിഴവൻ (വൈശ്രവണൻ), മുരഞ്ചിയൂർ മുടിനാഗരായർ തുടങ്ങി ദിവ്യരും അർദ്ധദിവ്യരുമായ 549 പണ്ഡിതന്മാർ ഈ സംഘത്തിൽ അംഗങ്ങളായിരുന്നുവെന്നും, 4440 വർഷം ഈ സംഘം നിലനിന്നുവെന്നും, ''അകത്തിയം'' (അഗസ്ത്യം) എന്ന, ഇപ്പോൾ ലഭ്യമല്ലാത്ത, വ്യാകരണ–സാഹിത്യലക്ഷണ–ഗ്രന്ഥമാണ് ഈ സംഘത്തിനു പ്രമാണമായിരുന്നത് എന്നും ''അകപ്പൊരു''ളിൻെറ വ്യാഖ്യാനത്തിൽ പറഞ്ഞിരിക്കുന്നു. 4449 കവികൾ ഈ സംഘത്തിൽ മുമ്പാകെ സ്വന്തംകൃതികൾ പരിശോധനയ്ക്കു സമർപ്പിച്ചുവത്രേ. കായ്ചിനവഴുതി തുടങ്ങി കടുങ്കോൻവരെ 89 പാണ്ഡ്യരാജാക്കന്മാരാണ് ''മുതർച്ചങ്ക''ത്തിനു സംരക്ഷണം നൽകിയത്. ഈ സംഘത്തിൻെറ കാലത്തുണ്ടായ എല്ലാകൃതികളും നഷ്ടപ്പെട്ടുപോയി.

തെൻമധുര കടലിൽ മുങ്ങിപ്പോയപ്പോൾ, ആ നഗരത്തിൽനിന്നു കുറെ വടക്കോട്ടുമാറി സ്ഥിതിചെയ്തിരുന്ന ''കപാടപുരം'' എന്ന പട്ടണം രണ്ടാം സംഘത്തിൻെറ (ഇടൈച്ചങ്കം) ആസ്ഥാനമായി. അഗസ്ത്യൻ, തൊൽകാപ്പിയർ, ഇരുന്തൈയൂർ കരുങ്കോഴിമോചി, വെള്ളൂർ കാപ്പിയൻ, ചിറുപാണ്ടരങ്കൻ. തിരൈയൻ മാറൻ, തുവരൈക്കോമാൻ, കീരന്തൈ തുടങ്ങി അർദ്ധദിവ്യരും മനുഷ്യരുമായ 59 പണ്ഡിതന്മാർ ഈ സംഘത്തിൽ അംഗങ്ങളായിരുന്നു. ''ഇടൈച്ചങ്ക''ത്തിൻെറ മുമ്പിൽ 3700 കവികൾ പരിശോധനയ്ക്ക് സ്വന്തം കൃതികൾ



സമർപ്പിച്ചു. അകത്തിയം, തൊൽകാപ്പിയം, മാപുരാണം, ഇചൈനുണുക്കം, പൂതപുരാണം എന്നീ ലക്ഷണഗ്രന്ഥങ്ങൾ ഈ സംഘത്തിന് പ്രമാണങ്ങളായിരുന്നു. വെൺതേർച്ചെഴിയൻ മുതൽ മുടത്തിരുമാറൻ വരെ 59 പാണ്ഡ്യരാജാക്കന്മാർ സംരക്ഷണം നൽകിയ ''ഇടൈച്ചങ്കം'' 3700 വർഷം നിലനിന്നുവത്രേ. മററുള്ളവരുടെ കൂട്ടത്തിൽ അഞ്ചുപാണ്ഡ്യരാജാക്കന്മാരും ഈ സംഘത്തിൻ മുന്നിൽ ''കവിയരങ്ങ് ഏറുക'' (കവിത പരിശോധനയ്ക്കു സമർപ്പിച്ച് അംഗീകാരം നേടുക)യുണ്ടായി. ''ഇടൈച്ചങ്ക''ത്തിൻെറ പ്രമാണഗ്രന്ഥങ്ങളും, ആ സംഘത്തിൽ അവതരിപ്പിക്കപ്പെട്ട കൃതികളും നമുക്കു കിട്ടിയിട്ടില്ല.

കപാടപുരവും കടലിലാണ്ടുപോയപ്പോൾ, ഇപ്പോഴത്തെ മധുരാപട്ടണത്തിൽ മൂന്നാം സംഘം (''കടൈച്ചങ്കം'') നിലവിൽവന്നു. മധുരയിലെ സുപ്രസിദ്ധമായ മീനാക്ഷിക്ഷേത്രത്തിൻെറ ഒരു മൂലയിൽ പിന്നീടു നിർമ്മിക്കപ്പെട്ട ''സംഘത്താർ കോവിൽ'' ഈ സംഘത്തിൻെറ സ്മാരകമാണ്. കപാടപുരത്തിലെ കടലാക്രമണത്തിൽനിന്നു രക്ഷപ്പെട്ടുപോന്ന മുടത്തിരുമാറൻ മുതൽ ഉക്കിരപ്പെരുവഴുതി വരെ 49 പാണ്ഡ്യരാജാക്കന്മാർ ''കടൈച്ചങ്ക''ത്തിനു സംരക്ഷണം നൽകി. ഇവരിൽ മൂന്നുപേർ സ്വന്തംകൃതികൾ സംഘത്തിനു സമർപ്പിച്ച് ''കവിയരങ്ങ് ഏറുക''യും ചെയ്തു. ചിറുമേതാവിയാർ, ചേന്തംപൂതനാർ, അറിവുടൈയരനാർ, പെരുംകുൻറൂർ കിഴാർ, ഇളംതിരുമാറൻ, മതുരൈ ആചിരിയർ നല്ലന്തുവനാർ, മതുരൈ മരുതൻ ഇളനായകനാർ, കണക്കായനാർ മകനാർ നക്കീരനാർ മുതലായ 49 പണ്ഡിതന്മാർ ഈ സംഘത്തിൽ അംഗങ്ങളായിരുന്നു. 1850 കൊല്ലക്കാലം ''സംഘം ഇരുന്ന് തമിഴ് ആരാഞ്ഞ്'' ഇവയ്ക്ക് അകത്തിയവും തൊൽകാപ്പിയവും പ്രമാണഗ്രന്ഥങ്ങളായിരുന്നു.

മൂന്നാം സംഘം പരിശോധിച്ച് അംഗീകരിച്ചവയാണ് ''സംഘസാഹിത്യം'' എന്നപേരിൽ ഇപ്പോൾ അറിയപ്പെടുന്ന മുപ്പത്താറുകൃതികൾ എന്ന് തമിഴർ വിശ്വസിക്കുന്നു. ''ആദ്യത്തെ രണ്ടുസംഘങ്ങൾ വാസ്തവത്തിൽ ഉണ്ടായിരുന്നതായി തോന്നുന്നില്ല. എന്നാൽ ''കടൈച്ചങ്കം'' ക്രി. മു. രണ്ടാം ശതകത്തിലോ മറേറാ അങ്കുരിക്കുകയും ക്രി. പി. നാലാം ശതകത്തിൻെറ അവസാനംവരെ, ഉദ്ദേശം അറുനൂറുവർഷത്തോളം കാലം, അഭിവൃദ്ധമായി സമുല്ലസിക്കുകയും ചെയ്തു എന്ന് ഊഹിക്കുവാൻ ന്യായങ്ങളുണ്ട്. ബുദ്ധമതത്തിൻേറയും ജൈനമത

ത്തിൻേറയും ആക്രമണത്തോടും, കാഞ്ചിയിലെ പല്ലവരാജവംശത്തിൻെറ അഭ്യുന്നതിയോടും കൂടി പ്രസ്തുതസംഘം നാമാവശേഷമായി'' എന്ന് ഉള്ളൂർ പ്രസ്താവിച്ചിട്ടുണ്ട് (കേ. സാ. ച. വാല്യം: 1, പേജ് 55) എ.ഡി. 100 മുതൽ 350 വരെയുള്ള കാലഘട്ടത്തിലുണ്ടായതാവാം സംഘസാഹിത്യത്തിലെ പ്രധാന കൃതികളെന്ന് പ്രൊഫസർ വൈയാപുരിപ്പിള്ള അഭിപ്രായപ്പെട്ടിരിക്കുന്നു.

സംഘസാഹിത്യത്തിലുൾപ്പെട്ട മുപ്പത്താറുകൃതികൾ, പത്തുപ്പാട്ട്, എട്ടുത്തൊകൈ. പതിനെൺ കീഴ്ക്കണക്ക് എന്നു മൂന്നുവകയായി വിഭജിക്കപ്പെട്ടിരിക്കുന്നു. താരതമ്യേന ദീർഘങ്ങളായ പത്തുപാട്ടുകളാണ് ആദ്യത്തെ വിഭാഗത്തിൽ. തിരുമുരുകാററുപ്പടൈ, പൊരുനർ ആററുപ്പടൈ, ചിറുപാൺ ആററുപ്പടൈ, പെരുംപാൺ ആററുപ്പടൈ, മുല്ലൈപ്പാട്ട്, മതുരൈക്കാഞ്ചി, നെടുനൽപാടൈ, കുറിഞ്ചിപ്പാട്ട്, പട്ടിനപ്പാലൈ, മലൈപടുകടാം എന്നിവയാണ് ഈ പത്തുപാട്ടുകൾ. ഇവയിൽ ആദ്യത്തെ നാലും അവസാനംപറഞ്ഞ മലൈപടുകടാമും ''ആററുപ്പടൈ''എന്ന കാവ്യപ്രസ്ഥാനത്തിൽച്ചേർന്നവയാകുന്നു. ദാനശീലനായ ഒരു പ്രഭുവിനെ സമീപിച്ച് വാഴ്ത്തി സമ്മാനങ്ങൾ നേടിമടങ്ങുന്ന ഒരു പണ്ഡിതനോ പാണനോ (പാട്ടുകാരനോ) പൊരുനനോ (നടനോ), സംരക്ഷകനെ അന്വേഷിച്ച് ഉഴലുന്ന മററൊരു പണ്ഡിതനെയോ പാണനെയോ പൊരുനനെയോ വിറലി (അഭിനേത്രി, നടി)യെ അതേ പ്രഭുവിൻെറ സന്നിധിയിൽ ചെന്നുവാഴ്ത്തി സങ്കടപരിഹാരം നേടുവാൻ ഉപദേശിക്കുന്ന രീതിയിൽ എഴുതിയ കൃതികളാണ് ആററുപ്പടൈകൾ. ആറ് എന്നാൽ വഴി എന്നർത്ഥം. ആററിൽ(വഴിയിൽ) പെടുത്തുന്നത് (ചേർത്തുകൊടുക്കുന്നത്) ആററുപ്പടൈ. പ്രഭുവിൻെറ മഹത്ത്വം, അദ്ദേഹത്തിൻെറ നാട്ടിലെ ഫലപുഷ്ടി, അങ്ങോട്ട് പോകാനുള്ള വഴി എന്നിവ ഈ കൃതികളിൽ വിവരിക്കപ്പെടുന്നു.

പത്തുപ്പാട്ടുകളിൽ ആദ്യത്തേതായി കരുതപ്പെടുന്ന തിരുമുരുകാററുപ്പടൈ, പക്ഷേ, അല്പം വ്യത്യസ്തമാണ്. മോക്ഷം ആഗ്രഹിക്കുന്ന ഒരു ഭക്തനെ, മുക്തിനേടിക്കഴിഞ്ഞ മററൊരു ഭക്തൻ, മുരുകൻെറ ആറുക്ഷേത്രങ്ങളിലേക്ക് വഴി പറഞ്ഞു അയക്കുന്നതാണ് ഇതിലെ പ്രതിപാദ്യം. മുരുകൻ തമിഴ്നാടിൻെറ ദൈവമായി കരുതപ്പെടുന്നു. മുരുകൻെറ ആറുക്ഷേത്രങ്ങളെ ''പടവീടുകൾ'' എന്നു വിളിക്കുന്നു. തിരുപ്പറംകുൻറം, തിരുച്ചെന്തൂർ (തിരുച്ചീരലൈ പായൈ), തിരുവാവിനൻകുടി,



തിരുവേരകം (സ്വാമിമലൈ), കുൻറുതോറാടൽ, പഴമുതിർച്ചോലൈ (അഴകർമലൈ) എന്നിവയാണ് ആറു പടവീടുകൾ. നക്കീരർ രചിച്ചതും ''പുലവരാററുപ്പടൈ'' എന്നുകൂടി പേരുള്ളതുമായ തിരുമുരുകാററുപ്പടൈയിൽ 317 വരികൾ ഉണ്ട്. ''ആചിരിയപ്പാ'' ആണ് വൃത്തം. ശൈവരുടെ പുണ്യഗ്രന്ഥ സമുച്ചയമായ ''തിരുമുറൈ''യിൽ പതിനൊന്നാം വാല്യമായി തിരുമുരുകാററുപ്പടൈ ഉൾപ്പെടുത്തിയിരിക്കുന്നു.

''കരികാൽ പെരിവളത്താൻ'' എന്ന ചോഴരാജാവിനെ പ്രകീർത്തിച്ച് മുടത്താമക്കണ്ണിയാർ പാടിയതാണ് പൊരുനർ ആററുപ്പടൈ. ഒരു കൈകൊണ്ട് അടിച്ചു വായിക്കുന്ന ''തടാരിപ്പറ'' എന്ന വാദ്യം വായിക്കുന്നവരാണ് പൊരുനർ. ഇവരുടെ ഇടയിൽ ഏർക്കളം (കാളയുമായി മല്പിടിക്കുന്ന രംഗം) പാടുന്നവർ, പോർക്കളം (പടനിലം) പാടുന്നവർ, ഭരണി (ഒരു തരം യുദ്ധഗാനം) പാടുന്നവർ എന്നിങ്ങനെ പല അവാന്തരഭേദങ്ങളുണ്ട്. ആററുപ്പടൈയിൽ വിവരിക്കപ്പെടുന്ന പൊരുനൻ പോർക്കളം പാടുന്നവനാണ്. പൊരുനനെ സംഭാവനംചെയ്ത് പൊൻതാമരപ്പൂ ചൂടിക്കുന്ന കരികാലൻ ഗർഭശ്രീമാനായിരുന്നു; ചേരൻ, വെണ്ണി മുതലായവരെ കീഴടക്കിയിട്ടുമുണ്ട്. പൊരുനരാററുപ്പടൈയിലെ 348 വരികളിൽ ആചിരിയപ്പാ വൃത്തത്തോടൊപ്പം ''വഞ്ചിപ്പാ'' എന്ന വൃത്തവും ഇടകലർന്നു കാണാം.

തമിഴ്നാട്ടിൽ ഇപ്പോഴത്തെ തിണ്ടിവനം ഉൾപ്പെട്ട പ്രദേശം പണ്ട് ''ഓയ്മാൻ നാട്'' എന്ന് അറിയപ്പെട്ടിരുന്നു. ഓയ്മാൻ നാട്ടിലെ ''നല്ലിയക്കോടൻ'' എന്ന നാടുവാഴിയെ വാഴ്ത്തി നത്തത്തനാർ രചിച്ചതാണ് ആചിരിയപ്പാ എന്ന വൃത്തത്തിൽ 269 വരികളുള്ള ചിറുപാൺ ആററുപ്പടൈ. ഇപ്പോഴത്തെ മദ്രാസ് പട്ടണത്തിന്ന് അടുത്തുള്ള ഇടൈക്കഴിനാട്ടിൽ ''നല്ലൂർ'' എന്ന ഗ്രാമത്തിലാണ് നത്തത്തനാർ ജീവിച്ചിരുന്നത്. യാഴ് (വീണ) വായിച്ചു പാടുന്നവനാണ് പാൺ (പാണൻ). വലിയ യാഴ് വായിക്കുന്നവൻ പെരുമ്പാണനും ചെറിയ യാഴ് വായിക്കുന്നവൻ ചിറുപാണനും ആകുന്നു. പാണൻെറ പത്നിയാണ് വിറലി. ''വിറൽ'' എന്ന പദത്തിന്ന് ''ഭാവാഭിനയം'' എന്നാണ് അർത്ഥം.

സംരക്ഷകനെ അന്വേഷിച്ചു യാത്രചെയ്യുന്ന ഒരു ചിറുപാണനേയും അയാളുടെ വിറലിയേയും ഒരു നട്ടുച്ചക്ക് മരുഭൂമിപോലുള്ള ഒരു സ്ഥലത്തുവെച്ച് മററൊരു പാണൻ കണ്ടു. ''പണ്ഡിതന്മാരെ പ്രോത്സാഹിപ്പിച്ചിരുന്ന പണ്ടത്തെ ചേര-

ചോഴ—പാണ്ഡ്യന്മാർ ഇന്നു് ഇല്ല. പേകൻ, പാരി, കാരി, ആയ്, അതികമാൻ, നള്ളി, ഓരി എന്ന ഏഴ് ''വള്ളൽ''കളും (ദാനവീരന്മാരും) എന്നേ ഇല്ലാതായിക്കഴിഞ്ഞു. അവരുടെ ദാനശീലം ഇപ്പോൾ നല്ലിയക്കോടനു മാത്രമേ ഉള്ളു. അതിനാൽ ആ പ്രഭുവിനെ ചെന്നു് ആശ്രയിക്കുക'' എന്നു് ചിറുപാണനോടു് അയാൾ ഉപദേശിക്കുന്നതാണു് ചിറുപാണാറ്റുപ്പടൈയിലെ ഇതിവൃത്തം. ചേരനെപ്പറ്റി പ്രതിപാദിക്കുന്നതിന്നിടയിൽ, പടിഞ്ഞാറെ കടൽക്കരയിലുള്ള വഞ്ചിമാനഗരത്തിന്റെ സമൃദ്ധിയെ നത്തത്തനാർ വാഴ്ത്തുന്നു.

കടിയലൂർ ഉരുത്തിരൻ കണ്ണനാർ രചിച്ച പെരുമ്പാൺ ആറ്റുപ്പടൈയുടെ നായകൻ കാഞ്ചീപുരം വാഴുന്ന തൊണ്ടൈമാൻ ഇളന്തിരയൻ ആകുന്നു. വെൻവേർകിള്ളി എന്ന ചോഴരാജാവിന്റേയും പീലിവള എന്ന നാഗകന്യകയുടേയും പുത്രനാണത്രേ ഇളന്തിരയൻ. ഇളന്തിരയന്റെ അടുത്തേക്കു്, വലിയ യാഴ് വായിക്കുന്ന ഒരു പാണനെ പറഞ്ഞുവിടുന്നതാണു് പെരുമ്പാൺ ആറ്റുപ്പടൈയുടെ പ്രമേയം. ഇതിൽ 500 വരികൾ ഉണ്ടു്.

ആചിരിയപ്പാ എന്ന വൃത്തത്തിൽ 103 വരികൾ മാത്രമേ മുല്ലൈപ്പാട്ടിൽ ഉള്ളു. പടക്കുപോയ നായകൻ തിരിച്ചുവരുംവരെ അവന്റെ ആജ്ഞ തെറ്റാതെ ജീവിക്കുന്ന നായികയുടെ ചര്യ വിവരിക്കുന്ന ഈ പാട്ടു് രചിച്ചതു് പൊൻവാണികനാരുടെ മകനായ നപ്പൂതനാർ ആണു്. യവനർ, മ്ലേച്ഛർ മുതലായവരെ ഇതിൽ പരാമർശിച്ചിരിക്കുന്നു.

പത്തുപ്പാട്ടുകളിൽ വലിയതു് 782 വരികളുള്ള മധുരൈക്കാഞ്ചി ആകുന്നു. വഞ്ചിപ്പാ ഇടകലർന്ന ആചിരിയപ്പാ ആണു് ഇതിലെ വൃത്തം. മാങ്കുടി മരുതനാർ ആണു് കവി. ലോകത്തിന്റെ നശ്വരത വിവരിച്ചു്, തലൈയാലങ്കാനത്തു് യുദ്ധം ജയിച്ച പാണ്ഡ്യൻ നെടുഞ്ചെഴിയനെ ധർമ്മനിഷ്ഠനാക്കുവാനാണു് മരുതനാർ ഈ കൃതി രചിച്ചതു്. മധുര നഗരത്തിൽ അക്കാലത്തു് ഓണമഹോത്സവം ആഘോഷിച്ചിരുന്നതായി ഈ കൃതിയിൽനിന്നു് നാം അറിയുന്നു.

മധുരൈക്കാഞ്ചിയുടെ നായകനായ നെടുഞ്ചെഴിയനെ പുകഴ്ത്തുന്ന മറ്റൊരു കൃതിയാണു് നക്കീരർ രചിച്ച നെടുനൽവാടൈ. ഇതിൽ ആചിരിയപ്പാ വൃത്തത്തിൽ 188 അടികൾ ഉണ്ടു്. വടക്കുനിന്നു വീശുന്ന മഴക്കാലക്കാറ്റു് ആണു് വാട. പാളയത്തിൽ പാർത്തു് പോർനയിക്കുന്ന രാജാവിന്നു് നല്ലതു് (നൽ) ആയിത്തോന്നുന്ന വാടതന്നെ നായകന്റെ വിരഹം സ



ഹിച്ച വീട്ടിൽ വാഴുന്ന പത്നിക്കു് അസഹ്യമാംവിധം നീണ്ടതു് (നെടു) ആയി അനുഭവപ്പെടുന്നു എന്ന വസ്തുതയെ സൂചിപ്പിക്കുന്നതാണു് ഗ്രന്ഥനാമം. യവനരും മ്ലേച്ഛരും ഈ കൃതിയിലും പരാമർശിക്കപ്പെടുന്നുണ്ടു്.

സംഘകവികളിൽ സുപ്രസിദ്ധനായ കപിലർ എന്ന ബ്രാഹ്മണർ പിരകതത്തൻ (ബൃഹദ്ദത്തൻ?) എന്ന ആര്യരാജാവിനെ തമിഴ്ക്കവിതയുടെ മാധുര്യം അനുഭവിപ്പിക്കാൻ എഴുതിയതാണത്രേ, ആചിരിയപ്പാ വൃത്തത്തിൽ 261 അടികളുള്ള കുറിഞ്ചിപ്പാട്ടു്. നായികയെ സങ്കേതത്തിൽച്ചെന്നു കാണുക നായകന്റെ പതിവായിരുന്നു. അയാൾ അവിടെ ചെല്ലാതായപ്പോൾ നായികയുടെ ശരീരത്തിൽ വിരഹജന്യമായ വിളർപ്പു് പരന്നു. ഇതുകണ്ടു് അമ്പരന്ന വളർത്തമ്മയോടു് നായികയുടെ തോഴി വാസ്തവം വെളിപ്പെടുത്തുന്നതാണു് കുറിഞ്ചിപ്പാട്ടിലെ ഇതിവൃത്തം. ചെംകാന്തൾ മുതൽ മലയെരുക്കു് വരെ 99 പൂക്കളെ ഇതിൽ പേർചൊല്ലി പരാമർശിച്ചിരിക്കുന്നു.

വഞ്ചിപ്പാവൃത്തവും ആചിരിയപ്പാവൃത്തവും ഇടകലർത്തി രചിച്ച 301 അടികൾ പട്ടിനപ്പാലൈയിലുണ്ടു്. പൊരുനർ ആറ്റുപ്പടൈയുടെ നായകനായ കരികാലചോഴൻ തന്നെയാണു് പട്ടിനപ്പാലൈയുടേയും പുരസ്കർത്താവു്. ''കരികാലന്റെ കാവേരിപ്പൂംപട്ടണം സ്വന്തമായി കിട്ടിയാലും ഞാൻ നായികയെ പിരിഞ്ഞുപോവുകയില്ല. വഴിയിലെ പാലനിലം (മരുഭൂമി) കരികാലന്റെ വേലിനേക്കാൾ ക്രൂരമാണു്; നായികയുടെ പരന്നുമിനുത്ത തോളുകളാകട്ടെ അവന്റെ സദ്ഭരണത്തേക്കാൾ കുളിർമ്മയുള്ളതും'' എന്നു് നായകൻ ഈ കൃതിയിൽ പറയുന്നു. കാവേരിപ്പൂംപട്ടണത്തേയും വിരഹാവസ്ഥയുടെ പശ്ചാത്തലമായ പാലനിലത്തേയും വർണ്ണിക്കുന്നതിനാലാണു് ഈ പാട്ടിന്നു് ''പട്ടിനപ്പാലൈ'' എന്നു പേർ വന്നതു്. പെരുമ്പാൺ ആറ്റുപ്പടൈയുടെ കർത്താവായ കടിയലൂർ ഉരുത്തിരൻ കണ്ണനാരുടെ കൃതിയാണു് ഇതും.

തിരുവണ്ണാമലക്കുപടിഞ്ഞാറുള്ള ''ചെങ്കൺമാ'' എന്ന ഊർ വാണിരുന്ന നന്നൻ മകൻ നന്നനെ വാഴ്ത്തി ഇരണിയമുട്ടത്തു് പെരുംകുൻറൂർ പെരുംകൗചികനാർ പാടിയതാണു് മലൈപടുകടാം. മലയിൽ ഉണ്ടാകുന്ന ഒച്ചകൾ എന്നാണു് പേരിന്റെ അർത്ഥം. മദ്ദളം, ചിറുപറൈ, കഞ്ചതാളം, കൊമ്പു്, നെടുവങ്കിയം, കുറുന്തുമ്പു്, കുഴൽ, കരടികൈ, എല്ലരി, ഒരുകൺമാക്കിണൈ തുടങ്ങി പല വാദ്യോപകരണങ്ങളെ ഇതിൽ പരാമർശിച്ചിരിക്കുന്നു. ഒരു കൂത്തനെ (നർത്തകനെ)

മറെറാരു കൂത്തൻ നന്നൻെറ അടുത്തേയ്ക്കു് ചൊല്ലിവിടുന്നതാണു് പ്രമേയം. ''കൂത്തൻ ആററുപ്പടൈ'' എന്ന പേരിലും ഈ കൃതി പ്രസിദ്ധമാണു്.

ഈ പത്തു പാട്ടുകൾക്കും നച്ചിനാർക്കിനിയർ (എ. ഡി. 14–ാം ശതകം) വ്യാഖ്യാനം രചിച്ചിട്ടുണ്ടു്.

മുക്തകകവിതകളുടെ, അതായതു് ഒററപ്പെട്ട ചെറിയ ഭാവഗീതങ്ങളുടെ, സമാഹാരങ്ങളാണു് ''എട്ടുത്തൊകൈ''. തൊകൈ എന്ന വാക്കിന്നു് സമാഹാരം എന്നു് അർത്ഥം. നററിണൈ, കുറുന്തൊകൈ, ഐങ്കുറുനൂറു്, പതിററുപ്പത്തു്, പരിപാടൽ, കലിത്തൊകൈ, അകനാനൂറു്, പുറനാനൂറു് എന്നിവയാണു് എട്ടുതൊകൈകൾ. എ. ഡി. രണ്ടു്–മൂന്നു് നൂററാണ്ടുകളിലാണു് ഇവ സമാഹരിക്കപ്പെട്ടതെന്നു് പൊതുവെ വിശ്വസിക്കപ്പെടുന്നു. എന്നാൽ, കലിത്തൊകൈ, പരിപാടൽ എന്നിവ എ. ഡി. 600–750–ലും, മററുള്ളവ എ.ഡി. 400 500–ലും സമാഹരിക്കപ്പെട്ടവയാണെന്നു് പ്രൊഫ. വൈയാപുരിപ്പിള്ള അഭിപ്രായപ്പെട്ടിട്ടുണ്ടു്.

സാഹിത്യത്തിൻെറ പ്രമേയത്തെ (പൊരുളിനെ) തമിഴിലെ ലക്ഷണഗ്രന്ഥങ്ങളിൽ ''അക''മെന്നും ''പുറ''മെന്നും രണ്ടായി തിരിച്ചിരിക്കുന്നു. പ്രേമ (കാതൽ)ത്തിൻെറ പലരൂപഭേദങ്ങളാണു് അകപ്പൊരുൾ. നായികയുമായി നായകനുള്ള ബന്ധത്തിൻെറ അടിസ്ഥാനത്തിൽ, സംഭോഗം (പുണർതൽ), വിപ്രലംഭം (പിരിതൽ), കാത്തിരിക്കൽ (ഇരുത്തൽ), വിലാപം (ഇരങ്കൽ), പ്രണയകലഹം, (ഊടൽ), കൈക്കിളൈ (ഏകപക്ഷീയം), പെരുന്തിണൈ (ബലാൽക്കാരം) എന്നിങ്ങനെ അകപ്പൊരുളിന്നു് ഏഴു് വിഭാഗങ്ങളുണ്ടു്. പൊതുവെ വിവാഹപൂർവ്വകാലികം (കളവു്), വിവാഹാനന്തരകാലികം (കർപ്പു്) എന്നു് കാതലിനെ രണ്ടായി തിരിച്ചിരിക്കുന്നു. പ്രേമത്തിൻെറ പ്രഭേദങ്ങൾക്കു് പശ്ചാത്തലമാകുന്ന ഭൂപ്രദേശത്തെ കുറിഞ്ചി, മുല്ല, മരുതം, നെയ്തൽ, പാല എന്നീ പേരുകളുള്ള അഞ്ചു ''തിണൈ''കൾ ആയി വിഭജിച്ചിട്ടുള്ളതു് തമിഴ് സാഹിത്യസങ്കേതത്തിൻെറ ഒരു സവിശേഷതയത്രേ. ഈ പേരുകൾക്കു കാരണം ആ പേരുകളുള്ള അഞ്ചു പൂക്കളാണെന്നതു് സ്പഷ്ടമാണല്ലോ. ഈ ഭൂപ്രദേശങ്ങളേയും അവയിലെ വ്യത്യസ്ഥങ്ങളായ സസ്യ–ജന്തു–മനുഷ്യ–ജീവിതങ്ങളേയും സാഹിത്യത്തിൽ എങ്ങിനെ അവതരിപ്പിക്കണമെന്നതു സംബന്ധിച്ചു് കശ്നങ്ങളായ വ്യവസ്ഥകൾ തൊൽകാപ്പിയർ മുതൽക്കിങ്ങോട്ടുള്ള തമിഴിലെ സാഹിത്യാചാര്യന്മാർ ഏർപ്പെടുത്തിയിട്ടുണ്ടു്.



മലയും മലയോടുചേർന്ന സ്ഥലവുമാണു് കുറിഞ്ചിനിലം. നായികയും നായകനും പരസ്പരം കണ്ടു് അനുരക്തരാകുന്നതു് സാധാരണയായി കുറിഞ്ചിനിലത്തിൽ വെച്ചാണു്. സംഭോഗശൃംഗാരം മിക്കവാറും കുറിഞ്ചിത്തിണയിലേ വർണ്ണിക്കാറുള്ളൂ. കാടും കാടുചേർന്ന ഇടവുമാണു് മുല്ലനിലം. മുല്ലനിലത്തിൽ, ഭർത്താക്കന്മാരെ പിരിഞ്ഞ നായികമാർ അവരുടെ പ്രത്യാഗമനം കാത്തിരിക്കുന്നു. വയലും വയൽചേർന്ന ഇടവുമായ മരുതനിലത്തിലാകട്ടെ സ്ത്രീകൾ വേശ്യാസക്തരായ ഭർത്താക്കന്മാരുമായി കലഹിക്കുന്നു. കടൽക്കരയാണു് നെയ്തൽനിലം. അവിടെ ഇരുന്നു് വിരഹിണികളായ നായികമാർ വിലപിക്കുന്നു. ഉണങ്ങിവരണ്ടു് മണൽക്കാടായിത്തീർന്ന കുറിഞ്ചിമുല്ല–നിലങ്ങൾക്കടുത്ത പ്രദേശമത്രേ പാലനിലം. ഇവിടെ വിരഹത്തെ ഓർത്തു് നായികമാർ പുലമ്പുന്നു. ഇത്തരം സങ്കേതങ്ങളെ, ലോകവ്യവഹാരത്തിൽ (ഉലകിയൽ വഴക്കു്) നിന്നു വ്യത്യസ്തമായി, ''നാടകവഴക്കു്'' എന്നു പറയുന്നു. സംഘസാഹിത്യത്തിൽ ഉലകിയൽ വഴക്കിനേക്കാൾ പ്രാധാന്യം മിക്കപ്പോഴും, നാടകവഴക്കിന്നാണു്. എങ്കിലും മനോഹരങ്ങളായ പ്രകൃതിവർണ്ണനങ്ങളും അകൃത്രിമസുന്ദരങ്ങളായ മനുഷ്യവ്യവഹാര വർണ്ണനങ്ങളും ഈ സാഹിത്യത്തെ അത്യന്തം ആസ്വാദ്യമാക്കുന്നു.

പൂർവ്വകർമ്മബന്ധം നിമിത്തം നായകൻ നായികയെ കണ്ടുമുട്ടുന്നു. ഇതിന്നു് ''ഇയൈക്കെപ്പുണർച്ചി'' എന്നു പേർ. ഇതോടെ അവർ പരസ്പരം പ്രേമബദ്ധരാകുന്നു. അതേ സ്ഥലത്തു് അവർ വീണ്ടും സന്ധിക്കുന്നതാണു് ''ഇടംതലൈപ്പാടു്''. ഈ രണ്ടാമത്തെ സന്ദർശനത്തിന്നുശേഷം പ്രേമനാടകം തുടരണമെങ്കിൽ നായികയ്ക്കു് തോഴിയുടെയും നായകന്നു് തോഴൻെറയും സഹായം അനുപേക്ഷണീയമാണു്. തോഴിയുടെ സഹായത്തോടെയുള്ള നായികാ–നായക–സമാഗമത്തെ ''പാങ്കിയിർക്കൂട്ടം'' (പാങ്കി = തോഴി) എന്നും, തോഴൻെറ സഹായത്തോടെയുള്ള സമാഗമത്തെ ''പാങ്കർക്കൂട്ടം'' (പാങ്കൻ = തോഴൻ) എന്നും പറയുന്നു. സങ്കേതങ്ങളിൽവെച്ചു് നായികാനായകന്മാർ പകൽ ഒത്തുചേരുന്നതു് ''പകൽക്കുറിയും'' രാത്രിയിൽ ഒത്തുചേരുന്നതു് ''ഇരവുകുറിയും'' ആകുന്നു. ഈ ഘട്ടങ്ങളിലൊന്നും നായിക നായകനോടു നേരിട്ടു് സംസാരിച്ചുകൂട. നായികാനായകന്മാരുടെ സന്ദർശനം നാട്ടിൽ പൊതുവെ സംസാരവിഷയമാവുമ്പോൾ, നായികയെ നായകൻ വിവാഹം ചെയ്യണമെന്നു് തോഴി അയാളോടു് ആവശ്യപ്പെടുന്നു. ഇതാണു് ''വരൈവു കടാതൽ''. തുടർന്നു് വിവാഹത്തിന്നു്

ആവശ്യമായ പണം സമ്പാദിയ്ക്കുന്നതിന്നായി നായകൻ നാടുവിടുന്നു. ഇതത്രേ ''വരൈപൊരുൾ പിരിതൽ''. നായകൻ ഇങ്ങിനെ പിരിഞ്ഞതിന്നുശേഷമോ, ചിലപ്പോൾ അതിന്നുമുമ്പോ, നായികയ്ക്ക് വേറെ വിവാഹാലോചനവരുന്നു. അപ്പോൾ തോഴി നായികയുടെ അമ്മയോടോ വളർത്തമ്മയോടോ, അവളുടെ അനുരാഗവൃത്താന്തം തുറന്നുപറയുന്നു. ''അറത്തൊടു നിററൽ'' എന്നാണ് ഈ പ്രഖ്യാപനത്തിൻെറ പേർ. വിവാഹത്തിന്നു മുമ്പ് നായകനോടൊപ്പം നായിക പിറന്ന വീടുവിട്ട് പാലനിലത്തിലൂടെ ഒളിച്ചുപോകുന്നതും അപൂർവ്വമല്ല. വിവാഹാനന്തരം നായകൻ ധനാർജ്ജനത്തിന്നോ, രാജകാര്യനിർവ്വഹണത്തിന്നോ വിദ്യാഭ്യാസത്തിന്നോവേണ്ടി നായികയെ പിരിഞ്ഞുപോകുന്നതത്രേ ''പൊരുൾ വയിർ പിരിതൽ''. വിപ്രലംഭദശയിൽ നായികയും നായകനും പരസ്പരം ഓർത്ത് വിലപിയ്ക്കാറുണ്ട്. തിരികെ വന്നശേഷം നായകൻ വേശ്യാസക്തനായി പത്നിയെ വീട്ടിൽവിട്ട് വേശ്യയുടെ വീട്ടിൽപോയി പാർക്കുന്നു. ഇതുനിമിത്തം അവർക്കിടയിൽ പ്രണയകലഹം (ഊടൽ) ഉണ്ടാവുന്നു. ഒടുവിൽ നായകൻ വീട്ടിൽ തിരികെ എത്തുകയും നായികാനായകന്മാർ ധർമ്മനിഷ്ഠയോടെ ഗൃഹസ്ഥാശ്രമം (ഇല്ലറം) അനുഷ്ഠിക്കുകയും ചെയ്യുന്നു. സംഘസാഹിത്യത്തിൽ പ്രതിഫലിയ്ക്കുന്ന ഗൃഹസ്ഥജീവിതത്തിൻെറ സാമാന്യചിത്രം ഇതത്രേ. നായകൻ, നായിക, തോഴൻ, തോഴി, അമ്മ (നടായ്). വളർത്തമ്മ (ചെവിലി), കണ്ടവർ (നാട്ടുകാർ) മുതലായ സാമാന്യകഥാപാത്രങ്ങളെ ഈ ചിത്രത്തിൽ കാണാം. ഇവരിൽ ആരുടെയെങ്കിലും പേർ (ശരിയായപേരും സാങ്കല്പികനാമവും) അകം കവിതകളിൽ ഉപയോഗിക്കുന്നത് നിരോധിച്ചിട്ടുണ്ട്.

ഓരോ തിണയുടേയും പതിനേഴ ഘടകങ്ങൾ (പൊരുളുകൾ) ലക്ഷണഗ്രന്ഥങ്ങളിൽ വെവ്വേറെ നിർദ്ദേശിയ്ക്കപ്പെട്ടിരിയ്ക്കുന്നു. അഞ്ച് വ്യത്യസ്ത ഭൂപ്രദേശങ്ങളേയും അവയ്ക്ക് ഓരോന്നിന്നും സങ്കല്പിയ്ക്കപ്പെട്ട വ്യവഹാര സവിശേഷതകളേയും (ഒഴുക്കം) പൊതുവെ ''തിണ'' എന്ന വാക്ക് കുറിയ്ക്കുന്നു. തിണകളുടെ ഘടകങ്ങളെ പട്ടികയായി ഇതൊന്നിച്ചു ചേർത്തിരിയ്ക്കുന്നു.

## 'ഐന്തിണൈ'കളുടെ ഘടകങ്ങൾ

| | നിലം | സമയം | ദൈവം | ഭക്ഷണം | മൃഗം | മരം | പക്ഷി | വാദ്യം | തൊഴിൽ |
|---|---|---|---|---|---|---|---|---|---|
| 1. കുറിഞ്ചി തിണ | മലയും മലയോടുചേർന്ന സ്ഥലവും | [illegible] | സുബ്രഹ്മണ്യൻ (മുരുകവേൾ) | ഐവനനെല്ലും തിനയും മുളയരിയും | പുലി, പന്നി, ആന, കരടി, സിംഹം | അകിൽ, ചന്ദനം, തേക്ക്, വേങ്ങ, അശോകം, മുള, നാകം | തത്ത, മയിൽ | വെറിയാട്ടുപറ, തൊണ്ടകപ്പറ, കരുവൈപ്പറ, കുറിഞ്ചിയാഴ് | തേനെടുക്കൽ, കിഴങ്ങുപറി, മലനെല്ല്, തിനവിതയ്ക്കൽ, വെറിയാട്ട്, നായാട്ട്, തിനകാക്കൽ |
| 2. മുല്ല തിണ | കാടും കാടുചേർന്ന ഇടവും | കാർക്കാലം, സന്ധ്യ | വാസുദേവൻ (മായോൻ) | വരക്, ചാമ, മുതിര | മുയൽ, ചെറുമാൻ | കൊന്ന, [illegible], കായാവ് | കാട്ടുകോഴി, മയിൽ, പിറവ | ഏറുകോട്പറ, [illegible] | വരക് കൊയ്യൽ, ചാമക്കൊയ്യൽ, കാലിവളർത്തൽ, കാലിമേയ്ക്കൽ |
| 3. മരുത തിണ | വയലും വയൽ ചേർന്ന ഇടവും | [illegible] | ഇന്ദ്രൻ (വേന്തൻ) | ചെന്നെല്ല്, വെൺനെല്ല് | എരുമ, നീർനായ് | മരുത്, കാഞ്ചി, വഞ്ചി | നീർക്കോഴി, നാരായ്, അന്നം, ചെങ്കാൽ, [illegible] | മണമുഴവ്, നെല്ലരികിണ | നെൽക്കൊയ്ത്ത്, കാലിവളർത്തൽ |
| 4. നെയ്തൽ തിണ | കടലും കടൽ ചേർന്ന ഇടവും | [illegible] | വരുണൻ | മീനും ഉപ്പും വിറ്റു കിട്ടുന്നവ | സ്രാവ്, മുതല | പുന്ന, ഞാഴൽ, കണ്ടൽ | അന്നം, അന്റിൽ, കടൽ കാക്ക, [illegible] | മീൻകോൾപറ, നാവായ്പ്പറ | മീൻപിടിയ്ക്കൽ, ഉപ്പുണ്ടാക്കി വിൽക്കൽ |
| 5. പാല തിണ | [illegible] | വേനൽ, നട്ടുച്ച | കൊററവൈ (ആതിരുന്ത് [illegible]) | പിടിച്ചുപറി [illegible], കൊള്ളയടിച്ചത് | ബലം പോയ ആന, പുലി, ചെന്നായ് | ഇരുപ്പ, ഓമ, കള്ളി, പാല, ഉഴിഞ | കഴുകൻ, പരുന്ത്, പ്രാവ് | യുദ്ധത്തിലോ കൊള്ളയിലോ അടിക്കുന്ന പറ, [illegible] | പിടിച്ചുപറി, കൊള്ള |

| | വീണ | നായകൻ | നായിക | ജലം | ഗ്രാമം | പൂവ് | ജനങ്ങൾ | ഉരിപ്പൊരുൾ (മാനസികാവസ്ഥ) |
|---|---|---|---|---|---|---|---|---|
| 1. കുറിഞ്ചി തിണ | കുറിഞ്ചിയാഴ്, (രാഗം കുറിഞ്ചിപ്പണ്) | ചിലമ്പൻ, വെർപ്പൻ, പൊരുപ്പൻ, (കുറവൻ) | കൊടിച്ചി (കുറത്തി) | അരുവിനീർ, ചുന (ഉറവ്) നീർ | ചെറുകുടി, കുറിച്ചി | കുറിഞ്ചി, കാന്താരം, വേങ്ങ, പുന്നൈക്കവള്ള | കുറവർ, ഇറവുളർ, കുൻറവർ, കാനവർ, വേട്ടുവർ | സംയോഗശൃംഗാരവും (പുണർതൽ) അതിന്റെ നിമിത്തവും. |
| 2. മുല്ല തിണ | മുല്ലൈയാഴ് (രാഗം സാധാരി) | കുറുംപൊറൈനാടൻ, തോൻറൽ, അണ്ണൽ | കിഴത്തി, മനൈവി | കാട്ടാറ്, ചുനനീർ | പാടി, ചേരി, പള്ളി | മുല്ല, തോൻറി, കാന്തരം, പിടവം, കുളവം, കല്ല | ഇടയർ, (ആയർ) ഇടച്ചികൾ (ആയ്ച്ചികൾ) | പിരിഞ്ഞ നായകൻ വരുംവരെ നായിക കാത്തിരിക്കുന്നതും (ഇരുത്തൽ) അതിന്റെ നിമിത്തവും. |
| 3. മരുത തിണ | മരുതയാഴ് (രാഗം മരുതപ്പണ്) | ഊരൻ, മകിഴ്നൻ | കിഴത്തി, മനൈവി | വീട്ടുകിണർ, പൊയ്ക, പുഴ | പേരൂർ (വലിയ ഊർ) മൂതൂർ (പഴയ ഊർ) | താമര, ചെങ്കഴുനീർ | ഉഴവർ, കടൈയർ, അവരുടെ സ്ത്രീകൾ | പ്രണയകലഹവും (ഊടൽ) അതിന്റെ നിമിത്തവും. |
| 4. നെയ്തൽ തിണ | വിളരിയാഴ് (ചെവ്വഴി രാഗം) | തുറൈവൻ, കൊണ്കൻ, ചേർപ്പൻ, പുലമ്പൻ | നുളൈച്ചി, പരത്തി | മണൽകിണർ, ഉപ്പുകുഴി | കലമറു പട്ടിനം, ചിറുകുടി, പാക്കം | വെള്ളിത്താഴൈ, നെയ്തൽ, മുണ്ടകം, അടമ്പ് | പരതർ, നുളൈയർ, അവരുടെ സ്ത്രീകൾ | വിരഹിണിയായ നായിക തനിച്ചിരുന്നു വിലപിക്കുന്നതും (ഇരങ്കൽ അതിന്റെ നിമിത്തവും.) |
| 5. പാല തിണ | പാലൈയാഴ്, പഞ്ചുരം രാഗം, പാലൈ രാഗം | മീളി, വിടലൈ, കാള | എയിറ്റി, പേതൈ | വെള്ളം വററായ കിണർ ഊറ്റ് | കുമ്പ്, പറന്തല | കാമ്പൂവ്, പാതിരിപ്പൂവ്, കരാമ്പൂവ് | എയിനർ, മറവർ, അവരുടെ സ്ത്രീകൾ | വിരഹവും (പിരിതൽ) അതിന്റെ നിമിത്തവും. |



ഈ ഘടകങ്ങളിൽ നിലം, സമയം എന്നിവയെ ''മുതൽപ്പൊരുൾ'' എന്നും ദൈവം, ഭക്ഷണം, മൃഗം, മരം, പക്ഷി, വാദ്യം, തൊഴിൽ, വീണ, ജലം, ഗ്രാമം. പൂവ് എന്നിവയെ ''കരുപ്പൊരുൾ'' എന്നും പറയുന്നു. കരുപ്പൊരുൾ പലപ്പോഴും നിയതമല്ല; ഒരു തിണയ്ക്കു പറയപ്പെട്ടവ മറെറാരു തിണയിൽ വർണ്ണിക്കപ്പെടുന്നതിൽ തെറ്റില്ല. എന്നാൽ അവസാന ഘടകമായ ''ഉരിപ്പൊരുൾ'' നിയതമാണ്; അതാതു തിണയ്ക്കു വിധിക്കപ്പെട്ടതുമാത്രമേ ആ തിണയിൽ വർണ്ണിക്കപ്പെടാവൂ.

അകത്തിണയിൽ പെട്ട കൃതികളിൽ നായികയുടെയോ നായകൻെറയോ പേർ പ്രസ്താവിച്ചു കൂടെന്ന് പറഞ്ഞുവല്ലോ. നാടൻ, ഊരൻ, കുറത്തി എന്നൊക്കെയുള്ള പൊതുപ്പേരുകളിലേ അവരെ നിർദ്ദേശിക്കാവൂ. എന്നാൽ ഉപമയിൽ ഉൾപ്പെടുത്തിയോ മറേറാ തങ്ങളുടെ സംരക്ഷകന്മാരായ പ്രഭുക്കളുടെ പേർ ഈ കവിതകളിൽ പ്രസ്താവിക്കുന്നതു് കവികളുടെ പതിവാണ്; അങ്ങിനെ പേർ നിർദ്ദേശിക്കപ്പെടുന്നതു് വലിയ ബഹുമതിയായി ഈ പ്രഭുക്കൾ കണക്കാക്കുകയും ചെയ്തിരുന്നു. ഒരു പ്രഭു യുദ്ധത്തിൽ തോൽക്കുകയോ കൊല്ലപ്പെടുകയോ ചെയ്തതായി നിർദ്ദേശിച്ചാലും, അതു് ആ പ്രഭുവിനെ ''വാഴ്ത്തൽ'' ആയാണ് വ്യാഖ്യാതാക്കൾ പറയുന്നതു്.

പുണർതൽ, ഇരുത്തൽ, ഊടൽ, ഇരങ്കൽ, പിരിതൽ എന്നീ ഉരിപ്പൊരുളുകൾക്കെന്നപോലെ, ശേഷിച്ച കൈക്കിളൈ പെരുന്തിണൈ എന്നീ ഉരിപ്പൊരുളുകൾക്ക് ഇതുപോലെ വിസ്തരിച്ച് മുതൽ പ്പൊരുളുകളും കരുപ്പൊരുളുകളും നിർദ്ദേശിക്കപ്പെട്ടിട്ടില്ല. തന്നെ കാമിക്കാത്ത ബാലികയോടുള്ള അതിർകടന്ന പ്രേമത്താൽ തനിക്കു നേരിട്ട ദുഃഖത്തെപ്പററി കാമുകൻ സ്വയം പറഞ്ഞ് ആശ്വാസം നേടുന്നതാണ് ''കൈക്കിളൈ''. ഇതിനെ ''ഒരുതലൈക്കാമം'' (ഏകപക്ഷീയാനുരാഗം) എന്നും വിളിക്കുന്നു. ഇത്തരം കാമത്താൽ വിവേകം നശിച്ച കാമുകൻ കരിമ്പനപ്പട്ട (മടൽ)കൊണ്ട് ഒരു കുതിരയുടെ രൂപം കെട്ടിയുണ്ടാക്കി, ആ കുതിരയിൽ കയറി, തൻെറയും അവളുടെയും ചിത്രം എഴുതിയുണ്ടാക്കി അതു് കൈയിൽ പ്രദർശിപ്പിച്ചുകൊണ്ട്, എരുക്കിൻ പൂമാല ധരിച്ച്, ഗ്രാമത്തെരുവിൽ പ്രത്യക്ഷപ്പെടാറുണ്ടത്രേ. അസാധാരണമായ ഈ ''സത്യാഗ്രഹ''ത്തെ ''മടൽ ഏറ്റൽ'' എന്നു വിളിക്കുന്നു. കാമുകൻ മടൽ ഏറുന്നതോടെ അയാളുടെ അനുരാഗവൃത്താന്തം പരസ്യമായിത്തീരുകയും, അയൽക്കാർ ഇടപെട്ട് അയാളുടെ ആഗ്രഹം നിവർത്തിച്ചുകൊടുക്കുകയും ചെയ്യുന്നു. താൻ മടൽ ഏറുമെന്ന കാമുകൻെറ ഭീഷണികൊണ്ടുതന്നെ പലപ്പോഴും കാര്യം നടക്കുന്നു.

കാമുകിയ്ക്കോ കാമുകനോ ഇരുവർക്കുമോ പ്രായാധിക്യം, വിവേകരാഹിത്യം, അതുനിമിത്തം ചെയ്യുന്ന അനുചിതകർമ്മങ്ങൾ എന്നിവയാണ് പ്രണയത്തെ ''പെരുന്തിണ''യാക്കി മാററുന്നത്. ''പൊരുന്താക്കാമം'' (അനുചിതാനുരാഗം) എന്നും ഇതിനെ വിളിയ്ക്കാറുണ്ട്, സംസ്കൃതാലങ്കാരികന്മാരുടെ ശൃംഗാരാഭാസം തന്നെയാണിത്.

യുദ്ധവീരവും, ദയാവീരവും, ദാനവീരവും, ധർമ്മവീരവും അടങ്ങിയതത്രേ പുറപ്പൊരുൾ. വെട്ചി, വഞ്ചി, ഉഴിഞ്ഞൈ, തുമ്പൈ, വാകൈ, കാഞ്ചി, പാടാൺ എന്നിങ്ങനെ ഏഴുതിണകൾ ഈ പൊരുളിന്നുമുണ്ട്. മരങ്ങളുടേയും ചെടികളുടേയും പേരുകളാണ് ഇവയ്ക്കും നൽകിയിട്ടുള്ളത് എന്നു കാണാൻ വിഷമമില്ല. ഈ തിണകൾ ഓരോന്നിന്നും പല ''തുറൈ''കൾ (സന്ദർഭങ്ങൾ) പറയപ്പെട്ടിരിയ്ക്കുന്നു. രണ്ടു രാജാക്കന്മാർ തമ്മിൽ യുദ്ധം തുടങ്ങുന്നതിന്റെ പ്രാരംഭമായി, അതിർത്തിപ്രദേശക്കാർ ശത്രുരാജ്യത്തിൽക്കടന്ന് പശുക്കളെ അപഹരിക്കുന്നതു് (ഗോഗ്രഹണം) വെട്ചി ത്തിണയിൽ വർണ്ണിക്കുന്നു. പടചേരുന്ന ശബ്ദം, ശത്രുചാരന്മാർ അറിയാതെയുള്ള യാത്ര, ചാരപ്രവർത്തനം, ശത്രുരാജ്യത്തു നാശം വരുത്തൽ, പശുക്കളെ അപഹരിയ്ക്കൽ, എതിർത്തവരെ തുരത്തൽ, പിടിച്ചുകൊണ്ടുവന്ന പശുക്കളെ നാട്ടുകാർക്ക് പങ്കിട്ടുകൊടുക്കൽ, തീനുംകുടിയും ആട്ടവും, വീരസ്തുതി, കൊററവൈദേവിയെ സ്തുതിയ്ക്കൽ, സുബ്രഹ്മണ്യൻ പൂശാരി ഉറഞ്ഞുതുള്ളുന്നതു്, തുമുലയുദ്ധത്തിന്നിടയ്ക്കു സ്വപക്ഷക്കാരെ തിരിച്ചറിയുന്നതിന്നുവേണ്ടി ഭടന്മാർ പനയുടേയും വേപ്പിന്റേയും ആത്തിയുടേയും പൂക്കൾചൂടുന്നതു്. യുദ്ധം, മരണം, കൊള്ളചെയ്തുകൊണ്ടു പോയപശുക്കളെ തിരിച്ചുപിടിയ്ക്കൽ, യുദ്ധത്തിൽ മരിച്ച വീരനുവേണ്ടി കല്ലുനാട്ടൽ മുതലായവ വെട്ചിത്തിണയിൽ വിവരിയ്ക്കപ്പെടുന്ന ചില വിഷയങ്ങളാകുന്നു.

യുദ്ധത്തിന്റെ പ്രാരംഭം കുറിക്കുന്ന ഗോഗ്രഹണമാണ് വെട്ചിയുടെ പ്രമേയമെങ്കിൽ, നാടുവെട്ടിപ്പിടിക്കുന്നതിന്നുള്ള ശരിയായ യുദ്ധമാണ് വഞ്ചിത്തിണയുടെ വിഷയം. പടയുടെ ശബ്ദം, ശത്രുരാജ്യം ചുട്ടെരിയ്ക്കൽ, വീരകൃത്യങ്ങൾ, ദാനശീലം ജയം, സമ്മാനലാഭം, സൈന്യങ്ങൾക്കുള്ള ഭക്ഷണംനൽകൽ മുറിവേററവരെ ശുശ്രൂഷിക്കൽ മുതലായവ ഈ തിണയുടെ തുറകളത്രേ.

ശത്രുരാജാവിന്റെ കോട്ടവളഞ്ഞു പിടിച്ചെടുക്കുന്നതു് (ഉപരോധം) ആണ് ഉഴിഞ്ഞൈത്തിണയുടെ പ്രമേയം.. കോട്ട പിടിയ്ക്കാനുള്ള തീരുമാനം, കോട്ടയിൽ സൈന്യങ്ങളുടെ അണി



നിരക്കൽ, സൈന്യവിസ്താരം, കോട്ടയ്ക്കകത്തെ സമ്പൽസമൃദ്ധി, കോട്ടയ്ക്കകത്തു് ശത്രുരാജാവു വരുത്തുന്ന നാശങ്ങൾ, ശത്രുരാജാവിനോട് ഏററുമുട്ടൽ, കോട്ടവളഞ്ഞതു് കണക്കാക്കാതെ അകത്തു് അടച്ചിരിയ്ക്കൽ, ശുഭമുഹൂർത്തത്തിൽ യുദ്ധയാത്രയ്ക്കു് കുട, വാൾ എന്നിവ എടുക്കൽ, കോട്ടമതിലിൽ ഏണിവെച്ചു കയറൽ, കോട്ടപിടിയ്ക്കൽ, കിടങ്ങിലും തെരുവുകളിലും മററും വെച്ചുനടക്കുന്ന യുദ്ധം, ശത്രുവിന്റെ പരാജയം, വിജയം ആഘോഷിക്കാൻ നടത്തുന്ന ജലോത്സവവും ഖഡ്ഗാഭിഷേകവും മുതലായവയാണ് ഉഴിഞ്ഞൈത്തിണയുടെ തുറകൾ.

കോട്ടയിലല്ലാതെ, പരന്നമൈതാനത്തിൽവെച്ച്, ആക്രമിച്ചെത്തിയ ശത്രുരാജാവിനെ സൈന്യത്തോടൊപ്പം ചെന്നെതിർത്തു നശിപ്പിക്കുന്നതാണ് തുമ്പൈത്തിണയുടെ പ്രതിപാദ്യം. ആന, കുതിര, കാലാൾ എന്നീ സേനാംഗങ്ങളുടെ പരാക്രമങ്ങൾ, തേരോട്ടം, മല്ലയുദ്ധം, ഇരുഭാഗങ്ങളിലും രാജാക്കന്മാരുടേയും സൈനികരുടേയും മരണം, കബന്ധനൃത്തം മുതലായവ തുമ്പയിൽ വർണ്ണിക്കപ്പെടുന്നു.

ബ്രാഹ്മണർ, രാജാക്കന്മാർ, മററ് ജാതിക്കാർ, ജ്ഞാനികൾ, താപസന്മാർ, യുദ്ധവീരന്മാർ മുതലായവരുടെ ധർമ്മമര്യാദകൾ വാകൈത്തിണയിൽ പ്രതിപാദിയ്ക്കപ്പെടുന്നു. യുദ്ധത്തിന്നായി പാളയമടിച്ചുപാർക്കൽ, യുദ്ധത്തെ കൃഷിയോട് ഉപമിയ്ക്കൽ, ജയിച്ച രാജാവിന്റെ രഥത്തിന്നു മുന്നിലും പിന്നിലും ആടുന്ന കുരവനൃത്തം, സന്ധി, രാജാവിന്റെ സിംഹാസനത്യാഗം, രാജസഭയുടെ വൈശിഷ്ട്യം, ആചാരമര്യാദകൾ അനുസരിച്ചുള്ള ജീവിതം, ദാനശീലം, സമ്പന്നജീവിതം, കാമത്യാഗം, സന്ന്യാസം മുതലായവയും വാകയിൽ വർണ്ണിയ്ക്കാറുണ്ട്.

ഇഹലോക ജീവിതത്തിന്റെ നശ്വരതയാണ് കാഞ്ചിത്തിണയുടെ പ്രമേയം. മരണത്തിന്റെ അനിവാര്യത, മരിച്ച ഭടനോടൊപ്പം പത്നിയുടെ ജീവത്യാഗം, വിധവയുടെ താപസജീവിതം, വീരചരമത്തിൽ മററുള്ളവരുടെ വിലാപം, ശ്മശാനം മുതലായവ ഈ തിണയിൽ വർണ്ണിക്കപ്പെടുന്നു.

പാടാൺതിണയുടെ വിഷയം ദേവസ്തുതിയും രാജസ്തുതിയുമത്രേ. ഇതിന്നും ഒട്ടേറെ തുറകൾ ഉണ്ട്. മുമ്പ് വിവരിച്ച ''ആററുപ്പടൈ'' എന്ന കാവ്യരൂപം ഈ തിണയിൽ പെട്ടതാകുന്നു. സമാഹാരങ്ങളിൽ ചേർത്തിട്ടുള്ള ,ഒട്ടേറെ ലഘുകാവ്യങ്ങളും ഈ വകുപ്പിൽപ്പെടുന്നു.

അറം (ധർമ്മം), പൊരുൾ (അർത്ഥം), ഇൻപം (കാമം), വീട് (മോക്ഷം) എന്ന നാലു പുരുഷാർത്ഥങ്ങളെ തമിഴർ

അംഗീകരിച്ചിരുന്നു. ഇവയിൽ കാമം അകപ്പൊരുളിലും മററു മൂന്നു പുരുഷാർത്ഥങ്ങൾ പുറപ്പൊരുളിലും പ്രതിപാദിയ്ക്കപ്പെടുന്നു എന്നു മൊത്തത്തിൽ പറയാം.

''എട്ടുത്തൊകൈ'' എന്ന സമാഹാരഗ്രന്ഥങ്ങളിലേയ്ക്കു തന്നെ നാം തിരിച്ചുപോവുക. അവയിൽപെട്ട നററിണൈ (നൽ+തിണൈ), കുറുന്തൊകൈ, ഐങ്കുറുനൂറ്, കലിത്തൊകൈ, അകനാനൂറ് എന്ന അഞ്ചുസമാഹാരങ്ങളിലും അകപ്പൊരുൾ സംബന്ധിച്ച കവിതകളാണുള്ളതു്. പുറനാനൂറ്, പതിററുപ്പത്തു് എന്നീ രണ്ടു സമാഹാരങ്ങളിൽ പുറപ്പൊരുൾ പ്രതിപാദിയ്ക്കപ്പെടുന്നു. ''പരിപാടൽ'' എന്ന ഒരു സമാഹാരത്തിൽ മാത്രം രണ്ടു പൊരുളുകളും സംബന്ധിച്ച കവിതകൾ ഉണ്ടു്. ആചിരിയപ്പാ അഥവാ അകവൽ എന്ന വൃത്തമാണ് കലിത്തൊകൈ, പരിപാടൽ എന്നിവ ഒഴികെയുള്ള ആറു സമാഹാരങ്ങളിലും. മലയാളത്തിലെ മഞ്ജരി വൃത്തത്തിന്റെ ആദ്യത്തെ വരിയിലെന്നപോലെ, ഓരോ വരിയിലും നാലു ഗണങ്ങൾ (ചീരുകൾ) ഈ വൃത്തത്തിൽ കാണാം. എന്നാൽ അവസാനത്തിന്നു മുമ്പിലത്തെ വരിയിൽ മാത്രം മൂന്നു ചീരുകളേ ഉണ്ടാവൂ. കലിത്തൊകൈയിൽ ''കലിപ്പാ'' എന്ന വൃത്തവും ''പരിപാടലിൽ'' ''പരിപാടൽ'' എന്ന വൃത്തവും ഉപയോഗിച്ചിരിയ്ക്കുന്നു. പല വൈചിത്ര്യങ്ങളുള്ള ഒരു ഖണ്ഡികയാണ് കലിപ്പാ. പരിപാടലിലെ കൃതികൾ ശരിയ്ക്കും പാട്ടുകളാണ്. അവയ്ക്കു് രാഗവും താളവും നിർദ്ദേശിയ്ക്കപ്പെട്ടിട്ടുണ്ടു്.

ഓരോ സമാഹാരത്തിന്റേയും ആരംഭത്തിൽ ഒരു ''കടവുൾ വാഴ്ത്തും'' (ഈശ്വരസ്തോത്രവും) ചില സമാഹാരങ്ങളിൽ സമാഹരിച്ച ആളെ സംബന്ധിച്ച വിവരങ്ങൾ നൽകുന്ന ''പായിര''വും (ആമുഖവും) ചേർത്തിരിയ്ക്കുന്നു.

കുറുംതൊകൈ, നററിണൈ, അകനാനൂറ് എന്നിവയിൽ ഓരോന്നിലും സാമാന്യേന നാനൂറ് മുക്തകങ്ങൾ വീതം അടങ്ങിയിരിയ്ക്കുന്നു. നാലു മുതൽ എട്ടുകൂടി വരികൾ ഉള്ള പാട്ടുകൾ കുറുംതൊകൈയിലും, ഒമ്പതു മുതൽ പന്ത്രണ്ടു് കൂടി അടികൾ ഉള്ളപാട്ടുകൾ നററിണൈയിലും പതിമൂന്നു മുതൽ മുപ്പത്തേഴു കൂടി അടികളുള്ള പാട്ടുകൾ അകനാനൂറിലും ഉൾപ്പെട്ടത്തിയിരിയ്ക്കുന്നു. ഇക്കൂട്ടത്തിൽ കുറുംതൊകൈ ആണ് ആദ്യമായി സമാഹരിയ്ക്കപ്പെട്ടതു് എന്നത്രേ പണ്ഡിതന്മാരുടെ വിശ്വാസം. കുറുംതൊകൈ എന്ന പേരിന്നു് ഹ്രസ്വഗാനങ്ങളുടെ സമാഹാരം എന്നു് അർത്ഥം. ഒമ്പതു വരികളുള്ള രണ്ടു പാട്ടുകളും എട്ടോ അതിൽകുറവോ (നാലുവരെ) വരികളുള്ള 399 പാട്ടുകളും അടക്കം 401 പാട്ടുകളും ഒരു ഈശ്വരസ്തുതിയും ഇതിലുണ്ടു്.



''ഭാരതം പാടിയ പെരുംതേവനാർ'' രചിച്ചതാണ് ഇതിലെയും, നററിണൈ, അകനാനൂറ്, ഐങ്കുറുനൂറ്, എന്നീസമാഹാരങ്ങളിലേയും കടവുൾ വാഴ്ത്തുകൾ. 205 കവികളുടെ കൃതികൾ കുറുംതൊകൈയിൽ അടങ്ങിയിട്ടുള്ളതായി പറഞ്ഞുവരുന്നു. എന്നാൽ, പത്തു കവിതകളുടെ കർത്താക്കൾ ആരെന്നു പറഞ്ഞിട്ടില്ല. ചില കവികൾക്കു അവരുടെ കവിതയിലെ ഒരു പദമോ പദസഞ്ചയമോ, പേരോ ബിരുദമോ ആയിത്തീർന്നിരിയ്ക്കുന്നു. അജ്ഞാതനാമാവായ ഒരു പാണ്ഡ്യരാജാവിന്റെ ആജ്ഞയനുസരിച്ച് ''പൂരിക്കോ'' എന്ന ആൾ സമാഹരിച്ചതാണത്രേ ഈ ഗ്രന്ഥം. കുറുംതൊകൈ ആദ്യമായി അച്ചടിച്ചതു് ''ശൗരിപ്പെരുമാൾ അരങ്കൻ'' എന്ന ഒരാളാണ്. പിന്നീട് പ്രശസ്തനായ ഡോക്ടർ ഉ. വേ. സ്വാമിനാഥയ്യർ ഇതിന്റെ സംശോധിത സംസ്കരണം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. തമിഴിലെ സാഹിത്യലക്ഷണഗ്രന്ഥങ്ങളിൽ കുറുംതൊകൈയിൽ നിന്നുള്ള ഉദ്ധാരണങ്ങൾ ധാരാളമായി കാണാം.

''നററിണൈ നാനൂറ്'' എന്നുകൂടി പേരുള്ള നററിണൈ ആയിരിയ്ക്കാം രണ്ടാമതായി സമാഹരിയ്ക്കപ്പെട്ടതു്. 9 മുതൽ 12 കൂടി വരികളുള്ള 400 പാട്ടുകളും ഒരു കടവുൾ വാഴ്ത്തും ആണ് ഇതിലെ ഉള്ളടക്കം. അവയിൽ, 234-ാം പാട്ടുമുഴുവനും, 385-ാം പാട്ടിന്റെ ഉത്തരാർദ്ധവും നഷ്ടപ്പെട്ടിരിക്കുന്നു. അജ്ഞാതനാമാവായ ഒരു പണ്ഡിതനെക്കൊണ്ടു് ഈ സമാഹാരം തയ്യാറാക്കിച്ചതു് ''പന്നാടുതന്ത പാണ്ഡ്യൻ മാറൻ വഴുതി'' ആണ്. നററിണൈയിലെ 56-പാട്ടുകളുടെ രചയിതാക്കൾ അജ്ഞാതനാമാക്കളത്രേ. മററു പാട്ടുകൾ 192 കവികളുടെ രചനകളാണ്. കുറുന്തൊകൈയിലെന്നപോലെ ഇതിലും ചില കവികൾക്ക് കവിതയിലെ ഒരു പദമോ പദസഞ്ചയമോ, പേരോ ബിരുദമോ ആയിരിയ്ക്കുന്നു. ലഘുസന്ദേശകാവ്യങ്ങളാണ് നററിണൈയിലെ ചില കവിതകൾ. പക്ഷികളാണ് ഇവയിലെ സന്ദേശവാഹകർ (70-ാം പാട്ടിൽ കുരുക്, 102-ാം പാട്ടിൽ കിളി(തത്ത), 54-ാം പാട്ടിൽ ഞാറ). നററിണൈ ആദ്യമായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയതു് പിന്നത്തൂർ എം. നാരായണസ്വാമിഅയ്യർ എന്ന ഒരാളാണ്.

''നെടുംതൊകൈ'' എന്നുകൂടി പേരുള്ള അകനാനൂറിൽ 145 കവികൾ പാടിയ 400 പാട്ടുകൾ സമാഹരിച്ചിരിയ്ക്കുന്നു. ഇവയിൽ ആദ്യത്തെ 120പാട്ടുകൾ ഉൾപ്പെട്ട ഒന്നാം വാല്യത്തെ

''കളിററിയാനൈ നിരൈ'' എന്നും, 121 മുതൽ 300 വരെ 180 പാട്ടുകൾ ഉൾപ്പെട്ട രണ്ടാം വാല്യത്തെ ''മണിമിടൈ പവളം'' എന്നും, 301 മുതൽ 400 വരെ 100 പാട്ടുകൾ ഉൾപ്പെട്ട മൂന്നാം വാല്യത്തെ ''നിത്തിലക്കോവൈ'' എന്നും വിളിക്കുന്നു. കൊമ്പനാനകളുടെ നിര, ഇന്ദ്രനീലക്കല്ലുകൾക്കിടയിൽ പവിഴം, മുത്തുമാല എന്നാണ് ഈ പേരുകൾക്ക് യഥാക്രമം അർത്ഥം. പാണ്ഡ്യൻ ഉക്കിരപ്പെരുവഴുതി എന്ന രാജാവിന്റെ പ്രേരണയാൽ മധുരൈ ഉപ്പൂരി കുടി കിഴാൻ മകൻ രുദ്രശർമ്മൻ എന്ന ആളാണ് അകനാനൂറിന്റെ മൂന്നു വാല്യങ്ങളും സമാഹരിച്ചതു്.

അഞ്ചു തിണകളിലും പെട്ട പാട്ടുകൾ ഒരു ക്രമവുമില്ലാതെയാണ് കുറുന്തൊകൈയിലും നററിണൈയിലും ഉൾക്കൊള്ളിച്ചിരിക്കുന്നതു്. എന്നാൽ അകനാനൂറിൽ തിണകളെ സംബന്ധിച്ചിടത്തോളം ഒരു സവിശേഷക്രമം ദീക്ഷിച്ചിരിക്കുന്നു. 1, 3, 5 7, 9 എന്നിങ്ങനെ ഒററ സംഖ്യ വരുന്ന പാട്ടുകൾ പാലത്തിണയിലും, 2, 8, 12, 18 എന്നിങ്ങിനെ രണ്ടു്, എട്ടു് എന്നീ അക്കങ്ങളുള്ള സംഖ്യകളാൽ അടയാളപ്പെടുത്തപ്പെട്ട പാട്ടുകൾ കുറിഞ്ചിത്തിണയിലും, 4, 14, 24 എന്നിങ്ങിനെ നാലു് എന്ന അക്കം ചേർന്ന സംഖ്യകൾ കുറിക്കുന്ന പാട്ടുകൾ മുല്ലത്തിണയിലും, 6, 16, 26, എന്നിങ്ങനെ ആറു് എന്ന അക്കം ചേർന്ന സംഖ്യകൾ നൽകപ്പെട്ട പാട്ടുകൾ മരുതത്തിണയിലും, 10, 20, 30 എന്നിങ്ങനെ പൂജ്യാന്തസംഖ്യകൾ കുറിക്കുന്ന പാട്ടുകൾ നെയ്തൽത്തിണയിലും ചേർന്നവയാകുന്നു.

മൂന്നുമുതൽ ആറുകൂടി വരികളുള്ള അഞ്ഞൂറു പാട്ടുകളും ഒരു കടവുൾ വാഴ്ത്തും അടങ്ങിയതാണ് ''ഐങ്കുറുനൂറു്''. യാനൈക്കട് ചേയ് മാന്തരൻ ചേരൽ ഇരുമ്പൊറൈ എന്ന ചേരരാജാവിന്റെ ആജ്ഞപ്രകാരം പുലത്തുറൈ മുററിയ കൂടലൂർ കിഴാർ ആണ് ഐങ്കുറുനൂറു് സമാഹരിച്ചതു്. ഇതിൽ അഞ്ചുതിണകളിലും ചേർന്ന നൂറു്—നൂറു് പാട്ടുകൾ ക്രമത്തിൽ ചേർത്തിരിക്കുന്നു. മരുതത്തിണയിലെ നൂറു പാട്ടുകൾ ഓരംപോകിയാർ എന്ന കവി ചേരരാജാവായ ആതൻ അവിനിക്കുവേണ്ടി രചിച്ചവയാണു്. നെയ്തൽത്തിണയിലെ നൂറുപാട്ടുകളും ചേരരാജ്യക്കാരനായ അമ്മൂവനാർ രചിച്ചിരിക്കുന്നു. പ്രസിദ്ധനായ കപിലർ ആണു് കുറിഞ്ചിത്തിണയിലെ നൂറുപാട്ടുകളുടെ കർത്താവു്. ഓതലാന്തൈയാർ പാലത്തിണയിലെ നൂറുപാട്ടുകളും പേയനാർ മുല്ലത്തിണയിലെ നൂറു പാട്ടുകളും രചിച്ചിരിക്കുന്നു.



ഈ അഞ്ചു ശതകങ്ങൾ ഓരോന്നും പത്തുപാട്ടുകൾവീതമുള്ള പത്തു ദശകങ്ങളാൽ നിബദ്ധങ്ങളാണു്. ഈ ദശകങ്ങളെ ''തുറൈ''കൾ എന്നു വിളിക്കുന്നു. ഇവയ്ക്കോരോന്നിനും പ്രത്യേകം തലവാചകമുണ്ടു്. ചില ദശകങ്ങളെ അന്താദിപ്രാസംകൊണ്ടു് പരസ്പരം കൂട്ടിയിണക്കിയിരിക്കുന്നു. ദശകങ്ങളിൽ വിഷയൈക്യവുമുണ്ടു്.

കലിപ്പാ എന്ന വൃത്തത്തിൽ രചിച്ച 150 പാട്ടുകൾ ആണു് ''കലിത്തൊകൈ''യിലുള്ളതു്. ഇതിലെയും അഞ്ചു തിണകളിൽ ഓരോന്നും ഓരോ കവി രചിച്ചതത്രേ. മുപ്പത്തഞ്ചുപാട്ടുകളടങ്ങിയ ''പാലക്കലി''യുടെ കർത്താവു് പെരുംകടുംകോ എന്ന ചേരരാജാവാണു്. ''പാലൈ പാടിയ പെരുംകടുംകോ'' എന്നു് ഈ രാജാവു് തമിഴ് സാഹിത്യത്തിൽ പ്രശസ്തി നേടിയിരിക്കുന്നു. ''കുറിഞ്ചിക്കലി''യിലെ ഇരുപത്തൊമ്പതുപാട്ടും കപിലരുടേതത്രേ. മുപ്പത്തഞ്ചു പാട്ടുകളടങ്ങിയ ''മരുതക്കലി'' മരുതൻ ഇളനാകനാരുടേയും പതിനേഴു പാട്ടുകൾ അടങ്ങിയ ''മുല്ലക്കലി'' ചോഴൻ നല്ലുരുത്തിരനാരുടേയും മുപ്പത്തിമൂന്നുപാട്ടുകളടങ്ങിയ ''നെയ്തൽക്കലി''യും ''കടവുൾവാഴ്ത്തും'' നല്ലന്തുവനാരുടേയും രചനകളാണു്. കലിത്തൊകൈ സമാഹരിച്ചതു് ആരെന്നോ, ആരുടെ നിർദ്ദേശപ്രകാരമെന്നോ അറിവില്ല.

ഇതുവരെ വിവരിച്ച ''തൊകൈ''കളിലെല്ലാം പ്രതിപാദ്യം അകപ്പൊരുൾ മാത്രമാണു്. ''പരിപാടൽ'' എന്ന സമാഹാരത്തിലാകട്ടെ, പ്രാധാന്യം ദേവസ്തുതിക്കാകുന്നു. എങ്കിലും സന്ദർഭോചിതമായി അകപ്പൊരുളിന്റെ ഘടകങ്ങളും അതിൽ ഇണക്കിയിരിക്കുന്നു. വൃത്തത്തെ ആസ്പദമാക്കി നൽകിയതാണു് ''പരിപാടൽ'' എന്ന പേർ. ഒരു പരിപാടലിൽ 25 മുതൽ 400 വരെ അടികൾ ആവാം. നിർദ്ദിഷ്ടമായ രാഗവും താളവും ഉള്ള ഗാനങ്ങളാണു് പരിപാടലുകൾ. ഗാനകാരനിൽനിന്ന് ഭിന്നനാണു് രാഗകാരൻ. ''പരിപാടൽ'' എന്ന സമാഹാരത്തിൽ എഴുപതു ഗാനങ്ങൾ ഉൾപ്പെട്ടിരുന്നവത്രേ. എന്നാൽ, വിഷ്ണുവിനെ വാഴ്ത്തുന്ന ആറും മുരുകനെ വാഴ്ത്തുന്ന ഒമ്പതും, വൈഗൈനദിയെ വർണ്ണിക്കുന്ന ഏഴും പാട്ടുകൾ അടക്കം ഇരുപത്തിരണ്ടു പരിപാടലുകൾ മാത്രമേ ഇപ്പോൾ ലഭ്യമായ സമാഹാരത്തിലുള്ളു. നല്ലന്തുവനാർ, ഇളംപെരുവഴുതിയാർ, കടുവൻ ഇളവെയിനനാർ, കരുംപിള്ളൈ പൂതനാർ, കീരന്തൈയാർ, കുൻറംപൂതനാർ, കേശവനാർ, നപ്പണ്ണനാർ, നല്ലച്ചുതനാർ, നല്ലഴചിയാർ, നൽവഴുതിയാർ, മൈയോട

ക്കോവനാർ എന്നീ കവികളാണ് ഈ പരിപാടലുകളുടെ കർത്താക്കൾ. നന്നാകനാർ, പെട്ടകനാർ, മരുത്തുവൻ നല്ലച്ചുതനാർ, കണ്ണകനാർ. പിത്താമത്തർ, കേശവനാർ എന്നിവർ ഇവയ്ക്കു് രാഗം (സംഗീതം) നൽകിയിരിക്കുന്നു. ഈ സമാഹാരത്തിലുള്ളവയ്ക്കും പുറമെ വേറെയും ചില പരിപാടലുകൾ കിട്ടിയിട്ടുണ്ട്.

പതിററുപ്പത്ത്, പുറനാനൂറ് എന്ന രണ്ടു സമാഹാരങ്ങളിൽ പുറപ്പൊരുൾ ആണ് പ്രമേയം. പതിററുപ്പത്തിൽ പത്തു ചേരരാജാക്കന്മാരെ പത്തുകവികൾ പതിപ്പത്തു പാട്ടുകളാൽ വാഴ്ത്തുന്നു. ഓരോ പത്തിനും ഓരോ പതികം (ആമുഖം) ഉണ്ട്. ഈ സമാഹാരത്തിലെ കടവുൾ വാഴ്ത്തും ഒന്നാമത്തേയും പത്താമത്തേയും പത്തുകളും നഷ്ടപ്പെട്ടിരിക്കുന്നു. ഇമയപരമ്പൻ നെടുംചേരൽ ആതൻ, ഇമയപരമ്പന്റെ അനുജൻ പല്യാനൈ ചെൽകെഴുകുട്ടുവൻ, ഇമയവരമ്പന്റെ മകൻ കളങ്കായ്ക്കണ്ണിനാർ മുടിച്ചേരൽ, കടൽപിറകോട്ടിയ ചെങ്കുട്ടുവൻ, കുടക്കോനെടുഞ്ചേരൽ, ആതന്റെ മകൻ ആടുകോട് പാട്ടുച്ചേരൽ ആതൻ, ചെൽവക്കടുങ്കോ വാഴിയാതൻ, തകടൂർ എറിന്ത പെരുംചേരൽ ഇരുമ്പൊറൈ, ഇളംചേരൽ ഇരുമ്പൊറൈ എന്നിവരാണ് പതിററുപ്പത്തിൽ സ്തുതിക്കപ്പെടുന്ന ചേരരാജാക്കന്മാർ. കുമട്ടൂർ കണ്ണനാർ, പാലൈ ഗൗതമനാർ, കാപ്പിയാററുക്കാപ്പിയനാർ, പരണർ, കാക്കൈപ്പാടിനിയാർ, കപിലർ, അരിചിൽ കിഴാർ, പെരുംകുൻറൂർ കിഴാർ എന്നിവരത്രേ കവികൾ.

പുറം, പുറപ്പാട്ട് പുറമ്പുനാനൂറ് എന്നെല്ലാം പേരുകളുള്ള പുറനാനൂറിൽ കടവുൾ വാഴ്ത്ത് അടക്കം നാനൂറു പാട്ടുകളുണ്ട്. ഇവ സമാഹരിച്ചത് ആരെന്നറിവില്ല. 159 കവികൾ രചിച്ച ഈ നാനൂറു പാട്ടുകളിൽ 130 രാജാക്കന്മാരേയും നാടുവാഴികളേയും ദാനശീലരേയും വാഴ്ത്തിയിട്ടുണ്ട്. ഓരോ പാട്ടിനോടും ഒപ്പം അതിന്റെ തിണ, തുറ (സന്ദർഭം) മുതലായവ ചേർത്തിരിക്കുന്നു. ചരിത്രപരമായി അത്യന്തം പ്രാധാന്യമുള്ള രണ്ടു കൃതികളാണ് പതിററുപ്പത്തും പുറനാനൂറും.

പത്തുപ്പാട്ടും എട്ടുത്തൊകൈയും കഴിഞ്ഞാൽ സംഘകൃതികളിൽ അവശേഷിക്കുന്നത് ''കീഴ്ക്കണക്കുകൾ'' എന്നു വിളിക്കപ്പെടുന്ന പതിനെട്ടു നീതിഗ്രന്ഥങ്ങളാണ്. ഇവയെ സംഘകൃതികളായി ആധുനിക പണ്ഡിതന്മാർ അംഗീകരിക്കുന്നില്ല. സംഘകാലത്തിനുശേഷം നൂററാണ്ടുകൾ കഴിഞ്ഞാണ് ഇവ രചിക്കപ്പെട്ടതെന്ന് ഇപ്പോൾ എല്ലാ തമിഴ് സാഹിത്യചരിത്രകാരന്മാരും സമ്മതിക്കുന്നു. എ. ഡി. 600 മുതൽ



850വരെയുള്ള കാലമാണ് നീതിഗ്രന്ഥകാലമെന്ന് പ്രഫസർ വൈയാപുരിപ്പിള്ള പ്രസ്താവിച്ചിട്ടുണ്ട്. എന്നാലും, സംഘസാഹിത്യം എന്നുകേട്ടാൽ സാധാരണ തമിഴർക്ക് പാട്ട്, തൊകൈ, കീഴ്ക്കണക്ക് എന്ന മൂന്ന് ഇനങ്ങളിൽപ്പെട്ട കൃതികളും ഇപ്പോഴും ഓർമ്മയിലെത്തും.

കണക്ക് എന്നാൽ ഗ്രന്ഥം എന്ന് അർത്ഥം. കീഴ്ക്കണക്ക് = ചെറിയഗ്രന്ഥം. പത്തുപ്പാട്ടും എട്ടുത്തൊകൈയും ''മേൽക്കണക്ക്'' എന്നു വിളിക്കപ്പെടുന്നു. കീഴ്ക്കണക്കുകളിൽ പ്രധാനപ്പെട്ടത് സുപ്രസിദ്ധമായ ''തിരുക്കുറൾ'' ആകുന്നു. തിരുവള്ളുവരുടെ ഈ നീതിശാസ്ത്രഗ്രന്ഥം പോലെ ആദരാർഹമായി മറെറാരു കൃതിയേയും തമിഴർ എണ്ണുന്നില്ല. നാലടിയാർ, നാൻമണിക്കടികൈ, കാർനാർപത്ത്, കളവഴിനാർപത്ത്, ഇന്നാനാർപത്ത്, ഇനിയവൈനാർപ്പത്ത്, തിണൈമാലൈ നൂററൈമ്പത്ത്, തിണൈമൊഴി ഐമ്പത്ത്, ഐന്തിണൈ ഐമ്പത്ത്, ഐന്തിണൈ എഴപത്ത്, തിരുകടുകം, ആചാരക്കോവൈ, പഴമൊഴി, ചിറുപഞ്ചമൂലം, മുതുമൊഴിക്കാഞ്ചി, ഏലാതി, കൈന്നിലൈ, എന്നിവയാണ് മററു കീഴ്ക്കണക്കുകൾ. ഇവയിൽ നാലടിയാർ, നാൻമണിക്കടികൈ, ഇന്നാനാർപത്ത്, ഇനിയവൈനാർപത്ത്, തിരുക്കുറൾ, തിരുകടുകം, ആചാരക്കോവൈ, പഴമൊഴി, ചിറുപഞ്ചമൂലം, മുതുമൊഴിക്കാഞ്ചി, ഏലാതി എന്നിവ പതിനൊന്നും സദാചാരോപദേശഗ്രന്ഥങ്ങൾ (നീതിനൂലുകൾ) ആകുന്നു. കാർനാർപത്ത്, തിണൈമാലൈ നൂററൈമ്പത്ത്, തിണൈമൊഴി ഐമ്പത്ത്, ഐന്തിണൈ ഐമ്പത്ത്, ഐന്തിണൈ എഴപത്ത്, കൈന്നിലൈ എന്ന ആറു കൃതികളിലെ പ്രതിപാദ്യം അകപ്പൊരുൾ (പ്രേമം) അത്രേ. കളവഴിനാർപതിൽ പുറപ്പൊരുൾ (രാജനീതി) പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

സംഘസാഹിത്യത്തിന്റെ അതിസംക്ഷിപ്തമായ ഒരു രൂപരേഖയാണ് മേൽച്ചേർത്തത്. ഇതിൽനിന്ന് എട്ടുത്തൊകൈകൾക്ക് സംഘസാഹിത്യത്തിലുള്ള പ്രാധാന്യം വ്യക്തമായിരിക്കുമെന്ന് വിശ്വസിക്കുന്നു. സംസ്കൃതസാഹിത്യത്തിന്റെ സ്വാധീനം വ്യാപകമായിത്തന്നെ കാണാമെങ്കിലും, സംസ്കൃതസാഹിത്യത്തിന്റേതിൽനിന്നു ഭിന്നമായ ഒരു ഭാരതീയ സാഹിത്യപാരമ്പര്യം ഇവയിൽ നിറഞ്ഞുനിൽക്കുന്നു. സംസ്കൃതസാഹിത്യംപോലെയോ ഒരു പക്ഷേ അതിലേറെയോ സങ്കേതജടിലമാണ് ഈ പാരമ്പര്യം; അതോടൊപ്പംതന്നെ സാരള്യത്തിന്റേതായ ഒരു അകൃത്രിമസൗഭഗവും അതിൽ ദൃശ്യമാണ്.

ഈ പാരമ്പര്യത്തെ അറിയാനും ആദരിക്കാനും കഴിയാതെ പോവുകയെന്നതു് കേരളീയരെസ്സംബന്ധിച്ചിടത്തോളം പരിതാപകരമായ ഒരു നഷ്ടമായിരിക്കും. ഇന്നു് കേരളമെന്നു വിളിക്കപ്പെടുന്ന ഭൂഭാഗത്തിലാണ് ഈ കൃതികളിൽ പലതും രചിക്കപ്പെട്ടതെന്ന വസ്തുതയും പ്രത്യേകം അനുസ്മരിക്കേണ്ടതാണ്.

സംഘകൃതികളിലെ ശൃംഗാരം വിപുലമായി ചർച്ചചെയ്യപ്പെടേണ്ട ഒന്നാണ്. തലമുടി, കണ്ണ്, പല്ല് തോൾ, മുല, മുലക്കണ്ണ്, ജഘനം, തുട, കാലടി മുതലായ അവയവങ്ങളെപ്പററിയും പലതരം വസ്ത്രാഭരണങ്ങളെപ്പററിയും അംഗരാഗങ്ങളെപ്പററിയും പരാമർശിക്കുന്നുണ്ടെങ്കിലും, പിൽക്കാലസംസ്കൃതസാഹിത്യകൃതികളിലും അവയെത്തുടർന്ന് മററു ഭാരതീയഭാഷകളിലെ കൃതികളിലും കാണുന്നവിധത്തിലുള്ള നായികയുടെ അംഗപ്രത്യംഗവർണ്ണന ഇവയിലില്ല. ''ചുംബനം'' എന്ന അർത്ഥത്തിലുള്ള വാക്കുകൾപോലും ഇവയിൽ വർജ്ജിക്കപ്പെട്ടിരിക്കുന്നു! ഉമിനീരിന്റെ (എയിററുനീർ = ദന്തസ്രവം) മാധുര്യത്തെപ്പററി പ്രസ്താവമുണ്ടെങ്കിലും ''അധരാമൃത''മെന്ന സങ്കല്പം ഈ കവികൾക്കില്ല. ഈ രചനകളിൽ നായകൻ ആലിംഗനം ചെയ്യുന്നതു് നായികയുടെ തോളുകളെയാണ്. അവളുടെ തലമുടി വിരിച്ചു് അതിൽ അവൻ ഉറങ്ങുന്നു. ശൃംഗാരത്തിന്റെ ബാഹ്യവും ശാരീരികവുമായ വശത്തേക്കാൾ പ്രാധാന്യം ആന്തരവും വൈകാരികവുമായ വശത്തിന്നു നൽകപ്പെട്ടിരിക്കുന്നു. വേശ്യാസ്ത്രീകൾ മരുതത്തിണയുടെ ഒരു അനപേക്ഷണീയഘടകമാണെങ്കിലും, അവരൊന്നിച്ചു് നായകന്മാർ ഊഞ്ഞാലാടുകയും ജലക്രീഡ (പുതുപ്പുനലാടൽ) നടത്തുകയുമൊക്കെ ചെയ്യുന്നുണ്ടെങ്കിലും, സഭ്യതയുടെ സീമകളെ അതിലംഘിക്കുന്ന ഒരു വർണ്ണനയും ഈ തിണയിൽപ്പോലും കാണുകയില്ല. പ്രഥമാനുരാഗം, ഒളിച്ചോട്ടം, സപത്നീമത്സരം മുതലായവ പ്രതിപാദിക്കുമ്പോഴും നായികമാരുടെ അടക്കവും ഒതുക്കവും ധർമ്മബോധവും വെളിപ്പെടുത്തണമെന്നു് കവികൾക്കു നിർബന്ധമുള്ളതുപോലെ തോന്നും. പല സന്ദർഭങ്ങളിലും നായിക സംസാരിക്കാറില്ല; പകരം തോഴിയാണ് സംസാരിക്കുക. തോഴിക്കു് സംഘസാഹിത്യത്തിൽ വളരെയേറെ പ്രാധാന്യം നൽകപ്പെട്ടിരിക്കുന്നു. സംസ്കൃതസാഹിത്യ സങ്കേതങ്ങളിലെന്നപോലെ സംഘസാഹിത്യ സങ്കേതത്തിലും, വളർത്തമ്മയുടെ പുത്രിയാണ് മിക്കപ്പോഴും തോഴി. തന്നെയും നായികയെയും ഉൾപ്പെടുത്തി, ''ഞങ്ങൾ'' എന്ന ഉത്തമപുരുഷസർവ്വനാമമാണ് അവൾ ഉപയോഗപ്പെടുത്തുന്നതു്. നായികയുടെ അനുരാഗോപഖ്യാനത്തിൽ വളർത്തമ്മ



ക്കും വളരെ പ്രധാനപ്പെട്ട സ്ഥാനമുണ്ടു്; പ്രത്യേകിച്ചും പാലത്തിണയിൽ, നായികയുടെ ചാടിപ്പോക്ക് (ഉടൻപോക്ക്) വിവരിക്കുന്ന സന്ദർഭങ്ങളിൽ. ''അമ്മ'' അധികം സന്ദർഭങ്ങളിലും രംഗത്തു വരാറില്ല. യൗവനാരംഭത്തിൽ മകൾക്കു കടത്തുകാവൽ ഏർപ്പെടുത്തുന്നതാണ് അമ്മയുടെ പ്രധാനവൃത്തി. ഊരിലെ പിള്ളർ അടക്കമുള്ള നാട്ടുകാർ കാമിനീകാമുകരുടെ പ്രണയനാടകത്തിന്റെ കാഴ്ചക്കാരാണ്; ചിലപ്പോൾ അവർ അതിൽ സഹതാപപൂർവ്വം ഇടപെടുകയും ചെയ്യുന്നു. ഈ നാടകത്തിന്റെ പശ്ചാത്തലത്തിലുള്ള സസ്യ–ജന്തു–ജീവിതം അത്യന്തം സമ്പന്നമാണ്. ജന്തുക്കളിൽ ''പൂച്ച''യെപ്പററിയുള്ള പരാമർശം ഈ കൃതികളിൽ കാണാത്തതു് ഒരത്ഭുതമത്രേ. മേഘസന്ദേശത്തെ അനുസ്മരിപ്പിക്കുമാറു് വികാരോദ്ബണങ്ങളായ വർഷകാല വർണ്ണനകൾ സംഘകൃതികളിൽ കാണാം. മററു ഋതുക്കളും, ദിനരാത്രങ്ങളുടെ പ്രത്യേക സമയങ്ങളും, കാവ്യപശ്ചാത്തലത്തിന്നു വേണ്ടത്ര നിറപ്പകിട്ടു ചേർക്കുന്നുണ്ടു്.

എട്ടുത്തൊകൈകളിൽപ്പെട്ട കുറുന്തൊകൈ, നററിണൈ, അകനാനൂറ്, കലിത്തൊകൈ, ഐങ്കുറുനൂറു് എന്നിവയിൽ നിന്നു തിരഞ്ഞെടുത്ത നൂറു പാട്ടുകളുടെ പദ്യവിവർത്തനമാണ് ഈ പുസ്തകത്തിലുള്ളതു്. ഓരോ തിണയിലുംപെട്ട ഇരുപതു പാട്ടുകൾ വീതം ഇതിൽ ചേർത്തിരിക്കുന്നു. ഇവയ്ക്കും പുറമെ, ഒരു കടവുൾ വാഴ്ത്തു് ആദ്യത്തിലും ചേർത്തിട്ടുണ്ടു്. മൂലകൃതികളുടെ തിരഞ്ഞെടുപ്പ് ഏതെങ്കിലുമൊരു തത്വത്തിന്റെ അടിസ്ഥാനത്തിലല്ല. വായിച്ചുപോകുമ്പോൾ എന്തെങ്കിലും വിശേഷയോഗ്യതയുള്ളതായിത്തോന്നിയ കൃതി വിവർത്തനംചെയ്തു എന്നുമാത്രം.

അത്യന്തം സംക്ഷേപണശക്തിയുള്ള ഒന്നാണ് സംഘതമിഴ്. ഒരു പക്ഷേ സംസ്കൃതഭാഷയേക്കാൾ കൂടുതൽ സംക്ഷേപണക്കഴിവ് ഈ ഭാഷ പ്രദർശിപ്പിക്കുന്നുണ്ടു്.

ഒന്നോ രണ്ടോ അക്ഷരങ്ങൾ മാത്രമുള്ള ധാതു–നാമ–പ്രകൃതികളെ ഒന്നിനുമേൽ ഒന്നായി കോർത്തുകെട്ടിയാണ് പഴം തമിഴ്കവികൾ ഈ സംക്ഷേപണശക്തി കൈവരുത്തിയിരുന്നതു്. മിക്ക പദങ്ങളുടേയും നാനാർത്ഥബോധനശക്തിയും ഇതിൽ അവർക്ക് ഉപകരിച്ചിരിക്കുന്നു. സംസ്കൃതത്തിലെ ചില സമാസങ്ങളിലെന്നപോലെ വ്യാപകമായ പദലോപവും സംഘസാഹിത്യത്തിൽ കാണാം.

മലയാളത്തിന്ന് ഈ സംക്ഷേപണശക്തി എന്നേ നഷ്ടപ്പെട്ടിരിക്കുന്നു. അതിനാൽ തർജ്ജമയിൽ പലേടത്തും വിപുലനം ആവശ്യമായി വന്നിട്ടുണ്ട്. എങ്കിലും, മൂലത്തിലില്ലാത്ത ഒരാശയവും ഈ വിവർത്തനത്തിൽ ഉൾച്ചേർത്തിട്ടില്ല. മൂലത്തിലുള്ള ആശയങ്ങൾ കഴിയുന്നതും വിട്ടുകളയാതിരിക്കാൻ നിഷ്കർഷിച്ചിട്ടുമുണ്ട്. മൂലത്തിൽ വൃത്തസംഗീതത്തോടടുത്ത ആകാവുന്നത്ര അടുപ്പമുള്ള വൃത്തങ്ങളാണ് വിവർത്തനത്തിൽ സ്വീകരിച്ചിട്ടുള്ളത്. കൃതികൾ വായിച്ച് ആസ്വദിക്കുന്നതിന്ന് അനുപേക്ഷണീയങ്ങളായ വിവരങ്ങളും, അപ്രസിദ്ധപദങ്ങളുടെ അർത്ഥങ്ങളും കവികളേയും കൃതികളിൽ പേരെടുത്തുപറയുന്ന പുരസ്കർത്താക്കളേയുംപററി ലഭ്യമായ വസ്തുതകളും ഓരോ കൃതിക്കും ശേഷമുള്ള ടിപ്പണിയിൽ നൽകിയിരിക്കുന്നു. ഇതിൽ കുറെയൊക്കെ ആവർത്തനം അനിവാര്യമാണ്.

സംസ്കൃതത്തിലെ കാവ്യപാരമ്പര്യത്തിൽനിന്നും, സംസ്കൃതസമ്പർക്കം അത്യന്തം ഗാഢമായിത്തീർന്നശേഷം മാത്രം രൂപംകൊണ്ട മലയാള കവിതയുടെ പാരമ്പര്യത്തിൽനിന്നും പഴയ തമിഴ്ക്കവിതയുടെ പാരമ്പര്യത്തിനുള്ള വ്യത്യാസവും വൈശിഷ്ട്യവും മനസ്സിലാക്കാൻ ഈ വിവർത്തനം സഹായകമായിരിക്കുമെന്ന് വിശ്വസിക്കുന്നു. ഈ പ്രസിദ്ധീകരണം വായനക്കാർക്ക് ഇഷ്ടപ്പെടുന്നപക്ഷം, ''പുറം'' കവിതകളിൽ ചിലതുകൂടി ഇതുപോലെ വിവർത്തനംചെയ്തു പ്രസിദ്ധപ്പെടുത്താൻ ആഗ്രഹമുണ്ട്. നാം മിക്കവാറും മറന്നുകഴിഞ്ഞ നമ്മുടെ പൈതൃകത്തെപ്പററി കൂടുതൽ ജിജ്ഞാസ ഉളവാക്കാൻ ഈ ഗ്രന്ഥം ഉപകരിക്കുമെങ്കിൽ എൻെറ പ്രയത്നം ചരിതാർത്ഥമായി.

/

മാതൃഭൂമി,
കോഴിക്കോട്,
17 ജൂൺ, 1980

എൻ. വി. കൃഷ്ണവാരിയർ

## വിഷയവിവരം

### കടവുൾ വാഴ്ത്ത്

### കുറിഞ്ചിത്തിണ


1. തലമുടിയുടെ വാസന — ഇറൈയനാർ
2. അനുരാഗം — ദേവകുലത്താർ
3. എന്തെല്ലാം തടസ്സങ്ങൾ! — പരണർ
4. ചെമ്മണ്ണിലെ പെയ്ത്തുവെള്ളം — ചെമ്പുലപ്പെയൽ നീരാർ
5. ഞങ്ങളുടെ ഗ്രാമം — കുട്ടവൻ കണ്ണൻ
6. തറവാടിത്തം — കപിലർ
7. അപവാദം — പരണർ
8. കള്ളൻെറ മോൻ — കപിലർ
9. കൊമ്പുത്തുക — കപിലർ
10. ചെങ്കുട്ടവൻെറ ശൂലം — പരണർ
11. ഇരുതലപ്പക്ഷി — കപിലർ
12. കിളിപ്പാട്ട് — ചെമ്പിയനാർ
13. കൊല്ലിപ്പാവ — പരണർ
14. അമ്മയുടെ ഉദ്ദേശം — അയ്യൂർ മുടവനാർ
15. വെറിയാട്ട് — വേമ്പററൂർ കണ്ണൻ കൂത്തൻ
16. മടൽക്കുതിര — കൻറിൻകട് പാലി ആതനാർ
17. ഊഞ്ഞാലാട്ടം — കപിലർ
18. വിരഹതാപം — നമ്പി കുട്ടുവനാർ
19. വരാതിരുന്നെങ്കിൽ! — ആലമ്പേരി ചാത്തനാർ
20. തലമുടിയുടെ ഉടമ — പരണർ


### II. പാലത്തിണ


21. പൊരുളും അരുളും — വെൺപൂതി
22. ഒളിച്ചുപോകുമ്പോൾ — കയമനാർ
23. നെഞ്ചിൽ ഒരഗ്നികുണ്ഡം — പെരുംകടുംകോ
24. മൂകവേദന — കൂവൻ മൈന്തൻ

| | | |
|---|---|---|
| 25. | യാത്രാമംഗളം | പെരുംകടുംകോ |
| 26. | യാത്രാവിഘ്നം | പെരുംകടുംകോ |
| 27. | അടിച്ച കയ്യിൻെറ വേദന | കയമനാർ |
| 28. | ആമ്പൽ സ്വന്തമായാൽപ്പോലും | ഗൗതമൻ സഹദേവനാർ |
| 29. | നെഞ്ചിനോട് | ഔവൈയാർ |
| 30. | നന്ദചക്രവർത്തിയുടെ സ്വത്ത് | മാമൂലനാർ |
| 31. | കട്ടിപ്പശു | മീളിപ്പെരും പതുമനാർ |
| 32. | നിദ്രാസൗഖ്യം | മാമൂലനാർ |
| 33. | അമ്മയുടെ പശ്ചാത്താപം | കരുവൂർ കണ്ണൻ പാളനാർ |
| 34. | കൊടുങ്ങല്ലൂരിലെപ്രതിമ | എരുക്കാട്ടൂർ തായൻകണ്ണനാർ |
| 35. | എവിടെപ്പോവാൻ | വെള്ളിവീതിയാർ |
| 36. | ഹൃദയവ്യഥ | ഓരേരുഴവനാർ |
| 37. | എന്തുപറയാൻ ? | പെരുംകടുംകോ |
| 38. | സമാശ്വാസം | കടവായിൽ കീരത്തനാർ |
| 39. | കാലന്ന് ശാപം | കയമനാർ |
| 40. | വിഘ്നമല്ല | അമ്മെയ്യൻ നാകനാർ |

## III. മുല്ലത്തിണ

| | | |
|---|---|---|
| 41. | മഴക്കാലസന്ധ്യ | വായിലാൻ തേവൻ |
| 42. | ഏർത്തഴവൽ | നല്ലുരുത്തിരനാർ |
| 43. | വർഷാരംഭം | കുറുങ്കുടി മരുതനാർ |
| 44. | കൈനിലയിൽ | ആവൂർ മൂലംകിഴാർ |
| 45. | എന്തേ വന്നില്ല? | ഇടൈക്കാടനാർ |
| 46. | രാത്രിയിലെ മഴ | പെരും കൗശികനാർ |
| 47. | വീട്ടിലേയ്ക്ക് | മധുരൈ മള്ളനാർ |
| 48. | കാക്കയ്ക്കു ബലി | കാക്കൈപ്പാടിനിയാർനച്ചെള്ളൈയാർ |
| 49. | മരങ്ങളുടെ മായത്തരം | ഇളന്തിരൈയനാർ |
| 50. | സാന്ധ്യസംഗീതം | വടമവണ്ണക്കൻ പേരിചാത്തനാർ |
| 51. | വരാത്ത വാർത്ത | ഉരോടകത്തു കന്തരത്തനാർ |
| 52. | യുദ്ധാനന്തരം | മധുരൈക്കൂത്തനാർ |
| 53. | മുങ്ങുന്ന കപ്പൽ | കൊല്ലൻ അഴിചി |
| 54. | ഓർക്കുമോ ? | മധുരൈ പെരുമരുതനാർ |
| 55. | ദാമ്പത്യ സൗഭാഗ്യം | പേയനാർ |
| 56. | ഇടയഗ്രാമം | ഇടൈക്കാടനാർ |
| 57. | തിരിച്ചുവരവ് | മധുരൈതമിഴ്ക്കൂത്തൻകടുവൻമള്ളനാർ |



| | | |
|---|---|---|
| 58. | ഒരു യാത്ര | മാചാത്തിയാർ |
| 59. | മണിപ്രവാളം | ഇടൈക്കാടനാർ |
| 60. | വിരുന്ന് | ഒക്കൂർ മാചാത്തിയാർ |

## IV. മരുതത്തിണ

| | | |
|---|---|---|
| 61. | തലയാലങ്കാനത്തെയുദ്ധം | നക്കീരർ |
| 62. | വിളപ്പ് | പരണർ |
| 63. | പരിത്യക്ത | മരുതൻ ഇളനാകനാർ |
| 64. | കടപ്പെടാത്തവരം | ഇളംകടുംകോ |
| 65. | വലുപ്പത്തിൻെറ ചെറുപ്പം | ഇളംകടുംകോ |
| 66. | പരുവൂർ യുദ്ധം | ഇളംകടുംകോ |
| 67. | മകൻെറ അമ്മ | പരണർ |
| 68. | രണ്ടാം അമ്മ | ചാകലാചനാർ |
| 69. | ഭീഷണി | ഐയൂർ മുടവനാർ |
| 70. | കണ്ണിലെ വടു | മരുതൻ ഇളനാകനാർ |
| 71. | ഊഞ്ഞാലുത്സവം | അഞ്ചിൽ അഞ്ചിയാർ |
| 72. | നെഞ്ചിനോട് | നക്കീരർ |
| 73. | തിരുമാമണ്ണി | മരുതൻ ഇളനാകനാർ |
| 74. | വാറം | അള്ളൂർനൻമുല്ലൈ |
| 75. | പരിഭവം | മരുതൻ ഇളനാകനാർ |
| 76. | എരുമപ്പത്ത് | ഓരം പോകിയാർ |
| 77. | ആതിമന്തിയും ആട്ടൻഅത്തിയും | പരണർ |
| 78. | പ്രണയകലഹം | മരുതൻ ഇളനാകനാർ |
| 79. | നെഞ്ചിൻെറ വഞ്ചന | മരുതൻ ഇളനാകനാർ |
| 80. | കള്ളം നൊങ്കം | കള്ളിൽ ആത്തിരൈയൻ |

## V. നെയ്തൽത്തിണ

| | | |
|---|---|---|
| 81. | സ്ത്രീകളുടെ ക്രൂരത | ഉലോച്ചനാർ |
| 82. | കാരണമെന്ത് ? | വെണ്മണി പൂതി |
| 83. | വിരഹിണി | ഉലോച്ചനാർ |
| 84. | കാവലിൽ | കുറുവഴുതിയാർ |
| 85. | ജാഗരം | പതുമനാർ |
| 86. | ദുഃഖകാരണം | ഇളവേട്ടനാർ |
| 87. | ആതിഥ്യം | നക്കീരർ |
| 88. | സങ്കേതം | മധുരൈക്കണ്ണത്തനാർ |
| 89. | വിരഹവും സമാഗമവും | നല്ലന്തുവനാർ |

| | | |
|---|---|---|
| 90. | ഏകാന്തത | കൂടലൂർ കിഴാർ |
| 91. | പുന്നപ്പൂമ്പൊടി | കരുവൂർ കണ്ണൻ പാളനാർ |
| 92. | കലമാൻ | പെരുംകണ്ണനാർ |
| 93. | തമാശ | അള്ളൻ കീരനാർ |
| 94. | വല | ആര്യ അരചൻ യാഴ്പിരമദത്തൻ |
| 95. | ഉപ്പുവിളയിക്കുന്നവരുടെ ഗ്രാമം | ഉലോച്ചനാർ |
| 96. | ഞങ്ങളും കണ്ടല്ലോ! | അമ്മൂവനാർ |
| 97. | ക്ഷണം | നക്കീരർ |
| 98. | തൊണ്ടിപ്പത്ത് | അമ്മൂവനാർ |
| 99. | സത്യവും അസത്യവും | ചീത്തലൈ ചാത്തനാർ |
| 100. | സന്ധ്യയിൽ | നല്ലന്തുവനാർ |


## അനുക്രമണി

## കടവുൾ വാഴ്ത്ത്

പാരതം പാടിയ പെരുന്തേവനാർ

### മുരുകൻ

ചെന്താമര പോലഴകെഴും ചേവടി,  
ചെമ്പവിഴം പോൽത്തിളങ്ങും തിരുവുടൽ,  
കുന്നിപോൽച്ചോന്ന പട്ടാംബരം, കുന്നിൻെറ  
നെഞ്ചം പിളന്ന തീ ചിന്തും നെടിയവേൽ,  
ചേവൽക്കൊടി—ഇവയാന്നവൻ കാക്കവേ  
ലോകത്തിനെന്നാളുമാനന്ദമല്ലയോ?

(എട്ടുത്തൊകൈകളിൽ പലതിനേയും ആദ്യം ചേർത്ത് ''കടവുൾ വാഴ്ത്ത്'' (ഈശ്വരസ്തുതി) പാരതം പാടിയ പെരുന്തേവനാരുടെയാണ്. ഇദ്ദേഹം രചിച്ച ''പാരതം'' കണ്ടുകിട്ടിയിട്ടില്ല. കുറുന്തൊകൈയുടെ തുടക്കത്തിലുള്ള ആറുവരികവിതയുടെ വിവർത്തനമാണിത്. സുബ്രഹ്മണ്യൻ വേലെറിഞ്ഞ് ക്രൗഞ്ചപർവ്വതം പിളർന്ന കഥ പുരാണങ്ങളിലുണ്ട്. ഈ പാട്ടിലെ താമര മരുതത്തിണയേയും പവിഴം നെയ്തൽത്തിണയേയും കന്നി മുല്ലത്തിണയേയും കുന്ന് കുറിഞ്ചിത്തിണയേയും തീ പാലത്തിണയേയും സൂചിപ്പിക്കുന്നു എന്ന് വ്യാഖ്യാതാക്കൾ. ചേവൽക്കൊടി – പൂവൻകോഴിയടയാളമുള്ള കൊടി.)

## കുറിഞ്ചിത്തിണ

മലയും മലയോടു ചേർന്ന ഇടവുമാണ് കുറിഞ്ചിനിലം. കുറവരാണ് ഇവിടെ പാർക്കുന്നത്. അവർ കൃഷി ചെയ്തും വേട്ടയാടിയും പുലരുന്നു. തിനവയലുകളിൽ പെൺകിടാങ്ങൾ കിളികളെ ഓടിക്കുന്നു: ചന്ദനത്തിന്റേയും ഇഞ്ചി, മഞ്ഞൾ, മുളക് മുതലായവയുടേയും സുഗന്ധം തിങ്ങിയ അന്തരീക്ഷം. നായകൻ നായികയെ കണ്ടെത്തുന്നതും അവർക്ക് പരസ്പരം പ്രണയം അങ്കുരിക്കുന്നതും കുറിഞ്ചിനിലത്തിൽവെച്ചാണ്.

ഇറൈയനാർ

### 1. തലമുടിയുടെ വാസന

ജീവിതം തേൻതേടലാ, ണാവിധംവാഴും പണ്ടേ,
സേവചൊല്ലാതെ, കണ്ടസത്യം നീ ചൊല്ലീടാമോ?
മയിലിൻലാവണ്യവും വരിയൊത്തതാം പല്ലും
പലജന്മമായെന്നിൽപ്പുലർത്തും പ്രണയവും
ആർന്നൊരീയാരോമലിൻ കുന്തലിൻ നറുമണം
ചേർന്ന പൂവൊ, ന്നെങ്ങാനും, നീയറിഞ്ഞതായുണ്ടോ?

(കവിതയ്ക്കു സമ്മാനമായി പാണ്ഡ്യരാജാവു പ്രഖ്യാപിച്ച പൊൻകിഴി നേടുന്നതിനുവേണ്ടി ധർമ്മി എന്ന ബ്രാഹ്മണ യുവാവിന്ന് ഇറൈയനാർ—മധുര മീനാക്ഷിക്ഷേത്രത്തിലെ മുഖ്യദേവനായ സുന്ദരേശ്വരൻ—നിർമ്മിച്ചുകൊടുത്തതത്രേ ഈ കവിതയുടെ മൂലമായ അഞ്ചുവരിക്കവിത. ശിവന്റെ ഈ ''തിരുവിളയാടൽ'' മധുരയിലെ ക്ഷേത്രത്തിൽ ഇന്നു ആണ്ടുതോറും ഉത്സവരൂപത്തിൽ അഭിനയിക്കപ്പെട്ടു വരുന്നു. ഈ ഉത്സവത്തോടനുബന്ധിച്ചു നടന്ന കവിതാപരീക്ഷയിൽ ഒന്നാംസ്ഥാനം നേടിയവ്യക്തിക്കു് സമ്മാനമായി ക്ഷേത്രത്തിൽനിന്ന് 2000 ക. 1976—ൽ നൽകുകയുണ്ടായി. ''കുറുന്തൊകൈ'' എന്ന സമാഹാരത്തിൽ രണ്ടാമതായി ചേർത്തിരിക്കുന്ന ഈ കവിത നായികനായകന്മാരുടെ വിവാഹപൂർവപ്രണയം പ്രതിപാദിക്കുന്നതിനാൽ കുറിഞ്ചിത്തിണയിൽപെടുന്നു.)

29, ഫെബ്രുവരി, 1976

ദേവകുലത്താർ

### 2. അനുരാഗം

പാരിനേക്കാളും പരപ്പാർന്നതാ, ണാഴി—
നീരിനേക്കാളുമഗാധമത്രേ,
വാനിനേക്കാളുമുയർന്നതാ, ണീ മല—
യോരത്തു പൂക്കൾ നിറഞ്ഞു തുങ്ങും
ചില്ല കറുത്ത കുറിഞ്ചി മരങ്ങളിൽ—
ച്ചെന്നു തേനീച്ചകൾ മൂളിമൂളി
കൂട്ടുകൾക്കുള്ളിൽപ്പെരുന്തേൻ നിറയ്ക്കുന്ന
നാടിന്റെ നാഥനിലെന്റെ രാഗം.

(പന്ത്രണ്ടു വർഷത്തിലൊരിക്കൽ മാത്രം പൂക്കുന്ന ഒരു മരമാണ് കുറിഞ്ഞി. ''വിവാഹപൂർവ്വപ്രണയം പ്രതിപാദിക്കുന്നതിനാൽ ഈ കവിതയും കുറിഞ്ചിത്തിണയിൽപ്പെടുന്നു. കുന്നുകളിൽ പാർക്കുന്ന കുറവരാണ് ഈ ''തിണ''യിലെ കഥാപാത്രങ്ങൾ. രഹസ്യസന്ദർശനത്തിനു വരുന്ന കാമുകൻ വേലിക്കുപ്പുറത്ത് എത്തിയതായറിഞ്ഞ്, തന്നെ വിവാഹം കഴിച്ചുകൊടുക്കാൻ അവർ വേഗം തന്റെ അപ്പനോട് ആവശ്യപ്പെടണമെന്ന ആഗ്രഹത്തോടെ, അവൻ കേൾക്കുമാറ് നായിക തോഴിയോട് പറയുന്നതാണ് (നായിക നായകനോട് സംസാരിച്ചുകൂട.) ''കുറുന്തൊകൈ'' എന്ന സമാഹാരത്തിൽ മൂന്നാമത്തേതായി ഈ നാലുവരിക്കവിത ചേർത്തിരിക്കുന്നു. (പാര് - ഭൂമി)

7 മാർച്ച്, 1976

പരണർ

## 3. എന്തെല്ലാം തടസ്സങ്ങൾ

ഉത്സവമില്ലെന്നാലും, കള്ളേറെ മോന്തിപ്പിള്ളേർ
ഒച്ചവെയ്ക്കുമീ ഗ്രാമമുറങ്ങാറില്ലാ രാവിൽ.
വീഥികൾ കടകളുമുറങ്ങീടിലും, സദാ
ക്രോധത്താൽക്കുട്ടെത്തോതുമമ്മ കണ്ണടയ്ക്കില്ലാ.
ജയിൽ പോൽ പൂട്ടിക്കാക്കുമമ്മ കണ്ണടച്ചാലോ,
വരുമേ കൺ പൂട്ടാത്തോർ ഗ്രാമത്തിൻ കാവൽബ്ഭടർ.
വേലേന്തും കാവല്ക്കാരുറങ്ങിയാൽ, വലഞ്ചുഴി—
വലൊന്നു ദംഷ്ട്രംകൂർത്ത നായ് കുരച്ചെത്തും മുന്നിൽ.
കുരനായ് കുരയ്ക്കാതെ വീണുറങ്ങിയാ, ലപ്പോൾ
പകൽ പോൽ നിലാവുതിർത്താകാശ മദ്ധ്യത്തിങ്കൽ
വിസ്തൃതം കാണാം ചന്ദ്രമണ്ഡലം; ചന്ദ്രൻ താഴെ—
യസ്താദ്രി പൂകിക്കൂരിരുട്ടെങ്ങും കനക്കുകിൽ,
യക്ഷികൾ നടക്കുമായാമത്തിൽ, എലികളെ—
ബ്ഭക്ഷിയ്ക്കാൻ വലിയ വായ് പിളർന്നെത്തീടും കൂമൻ
ഉൾത്തടം നടുങ്ങുമാറലറും; കൂമൻ പൊന്ത—
ക്കാട്ടിൽപ്പോയ്ക്കരയാതെ കൺചിമ്മിയുറങ്ങിയാൽ,
അഴകായ്ക്കൂകും വീട്ടിൽ വളരും പൂവൻ കോഴി;
ഒരു നാളീവിഘ്നങ്ങളൊക്കെയുമൊഴിഞ്ഞെങ്കിൽ,
അടക്കമില്ലാ നെഞ്ചിൽ വാഴുമദ്ദേഹം കുറി—
ച്ചിടത്തു വരികയി; ല്ലാകയാൽ പ്രിയസഖി,
അകമേ തരിയിട്ടുകിലുങ്ങും ചിലമ്പാർന്നു
നെടുകേ പായുന്നതിൽപ്പേർ കേട്ടോരശ്വങ്ങളും



ചുഴലും മതിൽക്കെട്ടു വിയലും തിത്തൻ നൃപ—
നമരുമുറന്തയാം രാജധാനിതൻ ചുറ്റും
പാറകളുയർന്ന കാവൽപ്പുറങ്കാട്ടിൽപ്പോലെ
ഏറെയുണ്ടല്ലോ വിഘ്നമെൻ ഗൂഢ പ്രണയത്തിൽ.

(ഇരുപത്തിമൂന്നു വരികളുള്ള ഈ കവിത ''കുറിഞ്ചിത്തിണൈ''യിൽ പെടുന്നതാണ്. കാമുകൻ കുറിച്ച സങ്കേതത്തിൽ രാത്രിയിൽ കാത്തു നിൽക്കുന്ന നായിക, വേലിക്കുപ്പുറത്തു നായകൻ വന്നതായറിഞ്ഞ് തോഴിയോട് പറയുന്നതാണ് സന്ദർഭം. രഹസ്യസന്ദർശനവിഘ്നങ്ങൾ ചൂണ്ടിക്കാട്ടുന്നതിലൂടെ നായകൻ രഹസ്യവേഴ്ച മതിയാക്കി തന്നെ വിവാഹം ചെയ്യാൻ പരസ്യമായി മുൻകൈ എടുക്കണമെന്ന് അവൾ സൂചിപ്പിക്കുന്നു. വിവാഹപൂർവ്വപ്രണയത്തെ പഴന്തമിഴിൽ ''കളവ്'' എന്നു പറയുന്നു. കളവിനുള്ള പ്രതിബന്ധങ്ങളായി ലക്ഷണഗ്രന്ഥങ്ങളിൽ പരിഗണിക്കപ്പെടുന്നവ മുഴുവൻ ഈ പദ്യത്തിൽ സംക്ഷേപിച്ചിരിക്കുന്നു. തിത്തൻ എന്ന ചോഴരാജാവിന്റെ തലസ്ഥാനമായിരുന്ന ''ഉറൈയൂർ'' ആണ് ഇതിലെ ''ഉറന്ത'', കുതിരകളുടെ കാലുകളിൽ ചിലമ്പ് അണിയിക്കുക അന്നത്തെ പതിവാണ്. നഗരത്തിലെ കോട്ടമതിലിനുചുറ്റും വൃക്ഷങ്ങളില്ലാതെ ചെതിഞ്ഞുപരന്നുകിടക്കുന്ന വലിയ മൈതാനത്തെ ''പുറങ്കാട്'' എന്നു പറഞ്ഞിരുന്നു. ആക്രമണകാരികളെ പിന്തിരിപ്പിക്കുന്നതിന്നായി കൂർത്തകല്ലുകൾ, മുൾച്ചെടികൾ, ചതിക്കുഴികൾ മുതലായ പല പ്രതിബന്ധങ്ങളും പുറങ്കാട്ടിൽ ഉണ്ടാക്കിയിരിക്കും. വിഘ്നങ്ങൾ നിറഞ്ഞ തന്റെ രഹസ്യ സമാഗമത്തെ നായിക, ഉറൈയൂർ കോട്ടയ്ക്കു വെളിയിലുള്ള കാവൽപ്പുറങ്കാടിനോട് ഉപമിക്കുന്നു. പ്രസിദ്ധനായ കപിലരുടെ സുഹൃത്തായിരുന്ന പരണർ ആണ് ഇതിന്റെ കവി. ചേരൻ ചെങ്കുട്ടവൻ എന്ന കേരള രാജാവിനെ സ്തുതിച്ച് പരണർ നിർമ്മിച്ച പാട്ട് ''പതിറ്റുപ്പത്തി''ൽ ചേർത്തിട്ടുണ്ട്. നററിണൈ, കുറുന്തൊകൈ, അകനാനൂറ്, പുറനാനൂറ് എന്നീ സമാഹാരങ്ങളിലും പരണരുടെ പാട്ടുകൾ കാണാം. പ്രസ്തുതപദ്യം അകനാനൂറിൽ 122-മത്തേതത്രേ.)

28 മാർച്ച്, 1976

ചെമ്പുലപ്പെയൽ നീരാർ

## 4. ചെമ്മണ്ണിലെ പെയ്ത്തുവെള്ളം

എന്റെയമ്മയാർ? നിന്റെയമ്മയാർ? നിന്നച്ഛനു—
മെന്റെയച്ഛനും തമ്മിൽബന്ധമെന്തിരിയ്ക്കുന്നു?
എങ്ങനെ ഞാനും നീയുമറിവാനിടവന്നു?
എങ്കിലും, പ്രണയത്തിൻ ദിവ്യമാം പ്രഭാവത്താൽ,
ചെമ്മണ്ണിൽപെയ്തുള്ളതാം മഴനീർ പോലെ, തമ്മിൽ—
ത്തമ്മിലെങ്ങനെ ചേർന്നു നമ്മുടെ ഹൃദയങ്ങൾ!

(''കുറുന്തൊകൈ'' എന്ന സമാഹാരത്തിൽ 40-ാമത്തേതായിച്ചേർത്ത ഈ ''കുറിഞ്ചിത്തിണൈ''ക്കവിതയുടെ പ്രതിപാദ്യം വിവാഹപൂർവ്വ

പ്രണയമാണ്. തികച്ചും അപരിചിതരായിരില്ലേ, പ്രഥമദർശനത്തിൽ പ്രേമബദ്ധരായി പിരിയുമ്പോൾ കാമുകിയോട് കാമുകൻ പറയുന്നതാണ് സന്ദർഭം. ഈ അഞ്ചു വരിക്കവിതയുടെ (വിവർത്തനത്തിൽ അതു് ആറു വരിയായി നീട്ടേണ്ടിവന്നു) കർത്താവിന്റെ പേർ അറിവില്ല. ചെമ്പു ലപ്പെയൽ നീർപോലെ'' എന്ന അമ്പുംബിതമായ ഉപമയെ ആസ്വദിച്ച നൽകപ്പെട്ട് ''ചെമ്പുലപ്പെയൽ നീരാർ'' എന്ന ബിരുദനാമത്താൽ അദ്ദേഹം തമിഴ് സാഹിത്യരസികരുടെ ഹൃദയങ്ങളിൽ ജീവിക്കുന്നു. പുലം=വയൽ, പെയൽനീർ=പെയ്ത്തുവെള്ളം)

21, മാർച്ച് 1976

കട്ടുവൻ കണ്ണൻ

## 5. ഞങ്ങളുടെ ഗ്രാമം

മുഴങ്ങും കാട്ടിൽക്കടമാനിനെ നീയോടിച്ചില്ലേ;
മയങ്ങീ പകൽ; നിന്റെ നായ്ക്കളും തളർന്നില്ലേ?
ഇന്നു നീ പോകാ; യ്ഞങ്ങൾ തൻ ഗ്രാമമടുത്താ
പൊങ്ങുമാ മലയുടെ ചെരിവിൽ, ത്തേൻകൂടുകൾ
വീഴവേ മുളംകാട്ടിൽപ്പൂച്ചയാണ്ടാൻ തിന്നെത്തു–
മാഴവായനാം വിഡ്ഢി, യാനപോയ്ക്കടിക്കയാൽ
കുറിയായ് നിൽക്കും മുളംപട്ടിലച്ചിയിലേറ്റ–
മക്കുന്നി, ലവിടെയായ്ത്തോഴ, കാണാകുന്നീലേ?

(ചേരരാജകുടുംബത്തിൽ പെട്ടവരും കുട്ടനാട് ഭരിച്ചിരുന്നവരുമത്രേ കട്ടുവർ. അവരുടെ കുടുംബത്തിൽപ്പിറന്ന ഒരു കവിയാണ് കട്ടുവൻകണ്ണൻ. ''കുറിഞ്ചിത്തിണൈ''യിൽപ്പെട്ട ഈ ഏഴുവരിക്കവിത വിവാഹപൂർവ്വ പ്രണയത്തെ സംബന്ധിച്ചതാകുന്നു. ഗ്രാമത്തിനു പുറത്തു് കാട്ടിന്നടുത്തുള്ള വയലിൽ വിളവു് കാവലിരിക്കുന്ന നായികയെ നായാട്ടിനെന്ന വ്യാജേന പകൽതോറും സന്ദർശിക്കുക പതിവാക്കിയിട്ടുള്ളയാളാണ് നായകൻ. അവനെ ഞങ്ങളുടെ ഗ്രാമത്തിൽ അന്തിയുറങ്ങാൻ ക്ഷണിക്കുന്ന തോഴിയുടെ ഇംഗിതം അവൻ നായികയുടെ മാതാപിതാക്കളുമായി പരിചയപ്പെട്ട്, അവളെ തനിക്കു് വിവാഹം ചെയ്തു തരാൻ അവരോട് അഭ്യർത്ഥിക്കണമെന്നതാണ്. ഇങ്ങിനെ വിവാഹത്തിനു നായകനെ പ്രേരിപ്പിക്കുന്നതിനെ ''വരൈവു കടംതൽ'' എന്നു പറയുന്നു. നാനൂറൊന്നു ഗാനങ്ങളടങ്ങിയ കുറുന്തൊകൈ എന്ന സമാഹാരത്തിൽ 179-മത്തേതായി ഈ കവിത ചേർത്തിരിക്കുന്നു. ആണ്ടാൻ=മുളയുടെ കുമ്പു്, ആന അതുകടിക്കുമ്പോൾ അതിനോടുള്ള തേൻകൂടുകൾ അടന്നു വീഴുന്നു. ആഴവായൻ=ആഴമുള്ള വായയോടുകൂടിയവൻ. ഇളയ ആണ്ടാൻ തിന്നുവയറു നിറച്ചശേഷവും കുറിമുളയിൽ പോയികടിക്കുന്ന ആന വിഡ്ഢി തന്നെ. (സുന്ദരിയായ ഇവളെ വിട്ടു വേറെ പെണ്ണിനെ തേടിപ്പോയാൽ നീയും വിഡ്ഢിയാവും എന്നു് വ്യംഗ്യം)

11 ഏപ്രിൽ 1976

കപിലർ

## 6. തറവാടിത്തം

കയത്തിൽ മലരുന്ന നീലാമ്പൽപോലെ മയ്യാൽ–
ക്കറുത്ത കണ്ണുള്ളോളേ, തോഴി, നീയറിഞ്ഞാലും!
ഭംഗിയായ്ത്തൊടുത്ത പൂമാല ചൂടിയോൻ, കയ്യിൽ
വില്ലേട്ടത്തവൻ, കാട്ടുജന്തുക്കൾ തൻ കാല്പാട്–
തേടുവോൻ പോലെ വരും; മെന്നെനോക്കിയേ തിന–
പ്പാടത്തുനില്ക്കും; തന്റെ നോവു ചൊല്ലീടാ മുഖ–
ന്നോട്ടത്താൽ കാണിക്കുകയല്ലാതെ, പലനാളുക–
ളിങ്ങനെ കഴിയവേ ഞാനുറങ്ങാതായ്; അവ–
നാന്ന വേദനയെന്റെ വേദനയായിത്തീർന്നു.

അവനു കഴിവില്ല തൻ മോഹം പറയുവാൻ;
അതു ഞാൻ, പെണ്ണാകയാൽ, ച്ചോദിക്കുന്നതും നന്നോ?
ഈ നില നീണ്ടാൽച്ചത്തു പോമവനെന്നോർത്തേൻ ഞാൻ;
ഈ വിചാരത്താലെന്റെ തോളുകൾ മെലിഞ്ഞുപോയ്.
ഖിന്നയായ്, രണ്ടും കല്പി,ച്ചോരു നാണമില്ലായ്മ
പിന്നെ ഞാൻ ചെയ്തേൻ; നറുനുതലാളേ, നീ കേൾക്കുക!

ഒരു നാൾ കിളിയാട്ടിക്കാവൽ കാത്തിടും തിന–
വയലിന്നടുത്തു ഞാനൂഞ്ഞാലിലാടും നേരം
അരികേ വന്നാനവൻ; ''അയ്യാ, നീയൂഞ്ഞാലാട്ടി–
ത്തരിക കു'' ച്ചെന്നു ഞാനപേക്ഷിച്ചേൻ, അപ്പോൾ
''തയ്യലേ, നന്നെ'' ന്നവനൂഞ്ഞാലൊട്ടയത്തവേ
പൊയ്യായിക്കൈവിട്ടു ഞാൻ തന്മാറിൽ വീണേൻ; സത്യ–
മെന്നോർത്തു പെട്ടെന്നവൻ താങ്ങിനാൻ; ആ മാറിൽത്താൻ
ബോധമറ്റവപോലെ കിടന്നേൻ കുറച്ചിട;
ബോധമാന്നപോൽപ്പിടഞ്ഞെഴുന്നേല്ക്കവേ പിന്നെ
''പൊൻകമ്മലാളെ, പോകനീ!'' എന്നു വിട്ടാനെന്നെ;
അങ്ങിനെയവൻ തന്റെ തറവാടിത്തം കാട്ടീ!

(സംഘകവികളിൽ ഏറ്റവും പ്രസിദ്ധനായ കപിലർ ബ്രാഹ്മണനായിരുന്നു. പറമ്പുമലയുടെ അധിപനായ പാരി എന്ന ദാനശീലനായ നാടുവാഴിയുടെ സുഹൃത്തായിരുന്ന കപിലരെപ്പററി ഒട്ടേറെ കഥകളുണ്ട്. പത്തുപ്പാട്ടിലൊന്നായ കുറിഞ്ചിപ്പാട്ട്, പതിററുപ്പത്തിലെ ഏഴാംപത്ത് കലിത്തൊകൈയിലെ കുറിഞ്ചിക്കലി, ഐങ്കുറുനൂറിലെ കുറിഞ്ചിത്തിണൈസംബന്ധിച്ച നൂറുപാട്ടുകൾ, നററിണൈയിൽ ഇരുപതും പുറനാനൂറിൽ മുപ്പതും പാട്ടുകൾ എന്നിവ കപിലരുടെ കൃതികളത്രേ.

''കുറിഞ്ചിക്കലി'' 'യിൽ ആദ്യത്തേതാണ്' ഇരുപത്തിരണ്ടു വരികളുള്ള ഈ കവിത. നായിക തൻെറ അനുരാഗവൃത്താന്തം തോഴിയോടു പറയുന്നതാണ് പ്രകൃതം. സ്വന്തം അനുരാഗത്തെപ്പറ്റി നായിക നേരിട്ടുപറയുന്നതു് അനുചിതമെന്നു കരുതുന്ന വ്യാഖ്യാതാക്കളുടെ അഭിപ്രായത്തിൽ, നായികയുടെ രഹസ്യപ്രണയം അറിഞ്ഞ തോഴി, താൻ അതു് അറിഞ്ഞ വിവരം നായികയെ ധരിപ്പിക്കാൻ, അവരം ചെയ്യുന്നത്രയും താൻ ചെയ്തതായി ഒരു കഥ കെട്ടിച്ചമച്ചുപറയുന്നതാണ് ഈ കവിതയുടെ സന്ദർഭം. ഈ പാട്ടുകൾക്ക് ''കലി'' എന്ന പേരുവരാൻ കാരണം അവയുടെ ''കലിപ്പാ'' എന്ന വൃത്തമത്രേ. മയ്യ്=മഷി. നറുനെതലാം=സുഗന്ധമുള്ള നെററിയാന്നവം. അയ്യാ=മാന്യസംബോധന. തയ്യൽ=സുന്ദരി. പൊൻകമ്മലാം=പൊൻ കമ്മൽ അണിഞ്ഞവരം, (വിരഹത്താൽ നായികയുടെ തോളുകൾ മെലിയുന്നതായി തമിഴ് കാവ്യസങ്കേതം.)

18 ഏപ്രിൽ, 1976

പരണർ

## 7. അപവാദം

പലപൂക്കളാൽക്കോർത്ത മാലഞെങ്ങടവേ, പ്രിയൻ
തഴകീടിനനാംകളോക്കികിലൊന്നോ രണ്ടോ;
അപവാദമോ, പശൂംപൂൺ പാണ്ഡ്യൻ കല്പിക്കയാൽ
അതികൻ, കാലങ്കോഴിക്കുകീട്ടം വാകപ്പറ–
ന്തലയാംപടമന്നിൽത്തൻെറയാനയോടൊപ്പം
ചാകവേ, തിളങ്ങുംവാളേന്തിയ കൊങ്ങൻപട–
യാകവേ ചേന്നാർത്തതേക്കാളുമുച്ചത്തിൽ കേറംപ്പം !

(''കുറുന്തൊകൈ'' എന്ന സമാഹാരത്തിൽ 393-ാമത്തേതായി ചേർത്ത ഈ കവിത ''കുറിഞ്ചിത്തിണൈ'' 'യിൽപ്പെടുന്നു. നായികയെ രഹസ്യമായി സന്ദർശിക്കാനെത്തിയ കാമുകൻ വേലിയ്ക്കുപ്പുറത്തുനില്ക്കേ അവൻ കേൾക്കേണ്ടതിന്നായി തോഴി നായികയോടു് പറയുന്നതാണ് പ്രകൃതം. നായികയ്ക്കു നേരിട്ട അപവാദത്തെപ്പററി അറിഞ്ഞ്, വേഗത്തിൽ വിവാഹാഭ്യർത്ഥനയുമായി അവൻ നായികയുടെ മാതാപിതാക്കളെ സമീപിക്കണമെന്നാണ് തോഴി ഉദ്ദേശിക്കുന്നതു്. ''പശൂംപൂൺ'' എന്നപേരുള്ള പാണ്ഡ്യരാജാവ് കൊങ്ങരോടു പൊരുതാൻ അയച്ച സേനാപതികളിൽ ഒരാളായ അതികൻ ''വാകൈപ്പറന്തലൈ'' എന്നസ്ഥലത്തുനടന്ന യുദ്ധത്തിൽ മരിച്ചുപോയി. ഈ സമയത്തു കൊങ്ങർ ആഹ്ളാദംകൊണ്ടു് ആർപ്പു വിളിച്ചതിനേക്കാൾ ഉറക്കെയാണത്രേ, നായകൻ ഏതാനും രഹസ്യസന്ദർശനങ്ങൾ മൂലം നായികയ്ക്കുണ്ടായ അപവാദം! സംഘകവികളിൽ പ്രസിദ്ധനായ പരണർ ജാതിയിൽ പാണനും ബ്രാഹ്മണനായ കപിലരുടെ തോഴനും ആയിരുന്നു. ചേരൻചെങ്കുട്ടവൻ എന്ന കേരള രാജാവിനെ പുകഴ്ത്തിപ്പാടിയ പരണർക്കു ചെങ്കുട്ടവൻ, ''കുട്ടുവൻ ചേരൻ'' എന്ന തൻെറ മകനെ സമ്മാനമായി നൽകിയത്രേ!)

25, ഏപ്രിൽ, 1976

കപിലർ

## 8. കള്ളൻെറ മോൻ!

തിളങ്ങും വളയാന്നതോഴി, കേട്ടാലും! നമ്മൾ
തെരുവിൽക്കളിവീടു മണലാൽ നിർമ്മിച്ചനാൾ
ഒരുവൻ കാൽകൊണ്ടതു തട്ടീലേ? മുടിയിൽ നാം
തിരുകും പൂമാലകൾ വലിച്ചു പറിച്ചീലേ?
കളിപ്പന്തെടുത്തു കൊണ്ടോടീലേ? നോവിപ്പിച്ചു
കരയിച്ചീലേ നമ്മെയൊക്കെയും തോന്ന്യാസത്താൽ?

വീട്ടിലമ്മയും ഞാനുമുള്ളപ്പോൾ, ഇന്നാ, ഉവൻ
എത്തി മുൻ വാതില്ക്കൽ നിന്നിങ്ങിനെ വിളിച്ചോതീ:
''വീട്ടിലുള്ളോരേ, വെള്ളംകുടിയ്ക്കാൻ തന്നാൽക്കൊള്ളാം
കേ,ട്ടമ്മ ചൊല്ലീ: ''പൊന്നിൻ മാലയിട്ടോളേ, മോളേ!
കുടിനീർ പൊൻകിണ്ടിയിൽ നീ കൊണ്ടുകൊടുത്താലും!''
അതുകേ,ട്ടാളാരെന്നതറിയാതെ ഞാൻ ചെന്നേൻ.
അവനോ വളയിട്ട മുൻകൈയിൽപ്പിടിച്ചെന്നെ–
യുടലോടടുപ്പിച്ചാൻ: ഞാനേററംവിരണ്ടു പോയ്
അതിനാ ''ലമ്മേ, കാൺകിച്ചെക്കൻെറ കാട്ടായം!'' 'എ–
ന്നലറിയുറക്കെ, ഞാൻ; ഓടിയെത്തിനാളമ്മ.
അവനോ, പേടിച്ചൊരു പാവംപോൽപ്പതുങ്ങിനാൻ;
ഉടനേ പറഞ്ഞേൻ: '' നീർ ധൃതിയിൽക്കുടിയ്ക്കവേ
എക്കിൾ വ,ന്നയ്യോ! ശ്വാസം മുട്ടി''യെ; ന്നപ്പോളമ്മ
ചിക്കെന്നങ്ങിരു,ന്നവൻ തൻപുറം തലോടിനാൾ.
അവനോ, കടക്കണ്ണാൽക്കൊല്ലുംപോലെന്നെ നോക്കി–
പ്പലതും ബടായികളമ്മയോടോതീടിനാൻ–
അവൻ, അക്കള്ളൻെറ മോൻ!

(പ്രസിദ്ധനായ കപിലർ രചിച്ചവയാണ് ''കലിത്തൊകൈ'' എന്ന സമാഹാരത്തിലെ ''കുറിഞ്ചിത്തിണൈ'' യിൽപെട്ട ഇരുപത്തൊമ്പതു ഗാനങ്ങൾ. ഇവയിൽ പതിനഞ്ചാമത്തെ ഗാനത്തിൻെറ വിവർത്തനമാണ് മേൽച്ചേർത്തതു്. വിഷയം വിവാഹപൂർവ്വപ്രണയം. നായിക തോഴിയോടു പറയുന്നതാണ് പ്രകൃതം.)

9 മേയ്, 1976

കപിലർ

## 9. കൊമ്പൂതുക!

കാട്ടുവഴിയിൽ നടക്കുന്നിതാനകൾ;
കേൾക്കുന്നുവാനിലിടി മുഴക്കം;
പാമ്പിഴയുന്നു; പുലിയിര തേടുന്നു;
താനേയിരവിൽ നീ വന്നിടുന്നു!

എന്റെ മിഴാവുപോൽക്കുന്നിൽ നിന്നൂർന്നിറ–
ങ്ങുന്നോരരുവി മുഴങ്ങിടുന്നു,
വീണപോൽ വണ്ടുകൾ മൂളുന്നു, വിസ്തൃത–
മായി,പ്പുഴയപോൾ വീര്യമേറി,
ചെമ്മേ പഴങ്ങൾ വിളഞ്ഞു വിളങ്ങുമാ–
നന്മല നാടിനുടയവനേ!
വേളി കഴിപ്പാൻ കൊതി നിനക്കെങ്കിലി–
ങ്ങാരതിനുള്ള തടസ്സമായി?

ഇന്നുതൊട്ടിങ്ങു വരായ്ക നീ രാത്രിയിൽ;
അല്ല, വരികതാൻ ചെയ്യുമെങ്കിൽ,
ഞങ്ങളിസ്സങ്കേത ഭൂവിൽനേടും ഭയ–
മിങ്ങുതാൻ കൈവിട്ടു പോവതിന്നായ്,
ഞങ്ങളെക്കണ്ടു തിരിച്ചു നീ പാറകൾ
പൊങ്ങിയ നിന്റെ ചെറുകുടിയിൽ
എത്തിക്കഴിഞ്ഞാലുടനെടുത്തൂതുക,
പേർത്തും മുളകൾ നിറഞ്ഞ കാട്ടിൽ
കൂട്ടം പിരിഞ്ഞ നിൻവേട്ടുവർ നായ്ക്കളു–
മൊത്തു വരാൻ വിളിക്കുന്ന ശൃംഗം!

(മലനാട്ടിലെ പ്രഭുകുമാരനായ നായകൻ രാത്രിയിൽ സങ്കേതത്തിലെത്തി നായികയെ സന്ദർശിക്കുന്നു. അവനു നായികയെ വിവാഹം ചെയ്യാൻ തടസ്സമൊന്നുമില്ല. രാത്രിയിൽ കാട്ടിലൂടെ നടക്കുന്നതു് ആപൽക്കരവുമാണു്. അതിനാൽ, മേലിൽ രാത്രിയിൽ സങ്കേതത്തിൽ വരരുതെന്നും, അഥവാ വരികയാണെങ്കിൽ, തിരിച്ചു് അവന്റെ ഊരിൽ ചെന്നെത്തിയാലുടൻ നായാട്ടുകാരേയും നായ്ക്കളേയും വിളിച്ചുകൂട്ടാൻ അവൻ ഉപയോഗിക്കാറുള്ള കൊമ്പു് എടുത്തു് ഒന്നു് ഊതി, സുരക്ഷിതനായി താൻ വീട്ടിൽ മടങ്ങിയെത്തിയ വിവരം തങ്ങളെ അറിയിക്കണമെന്നും നായികയുടെ തോഴി അവനോടു പറയുന്നു. ചെറുകുടി–ചെറിയഗ്രാമം. വേട്ടുവർ–നായാട്ടുകാർ. ശൃംഗം–കാളയുടെയോ പോത്തിന്റെയോ കൊമ്പു കൊണ്ടു ഉണ്ടാക്കിയ കാഹളം. ''അകനാനൂറ്'' എന്ന ഒരു സമാഹാര



ത്തിന്റെ മൂന്നാം ഭാഗമായ ''നിത്തിലക്കോവൈ''യിൽ പതിനെട്ടാമതായി ചേർത്ത ഈ ഗാനം വിവാഹപൂർവ്വപ്രണയത്തെ സംബന്ധിച്ചതാകയാൽ ''കുറിഞ്ചിത്തിണൈ''യിൽ പെടുന്നു.)

19 സപ്തംബർ 1976

പരണർ

## 10. ചെങ്കുട്ടുവന്റെ ശൂലം

കുറ്റമറ്റനല്ലപൊന്നിൽ വാർത്തപാവ വിണ്ണിൽ
മുറ്റിവീഴുമിളവെയ്‌ലേറ്റു ജ്വലിക്കുംപോലെ
എത്രയുമഴകെഴുന്നോ,ളഞ്ചുപിന്നലായി
കെട്ടിമിടഞ്ഞിട്ടു കറ്റവാർകുഴലിയന്നോൾ,
മേട്ടിൽനിന്നു കിളച്ചുള്ള ചേമ്പുവിത്തു മണ്ണിൽ
ആഴ്ന്നിടുന്ന മുളയ്ക്കൊപ്പം കൂർത്തപൽകളാർന്നോൾ,
വായ ചോന്നോൾ, ഗായകന്റെ വീണനാരിൽ വീണ്ടും
രാഗമായ''ചെവ്വഴി''പോൽച്ചൊല്ലിനിൻപം ചേർന്നോൾ,
ദിവ്യനാരിയെന്നേതോന്നുമുന്നതയാംകന്യ
തന്നിലല്ലോനിന്റെമോഹം, മൂഢമാമെൻനെഞ്ചേ!

ആനകൾമദിച്ചിറങ്ങും കാട്ടുപൊയ്കപോലേ
നീ കലങ്ങി; പിന്നെക്കണ്ടുകൺകുളിർക്കാൻവേണ്ടി
എന്നുമെന്നും ദുർഗ്ഗമമാം കാട്ടുച്ചുരംതാണ്ടി
എന്റെനെഞ്ചേ, എത്രമാത്രമെന്നെനീയലട്ടി!
കിട്ടിടാത്ത കന്യയെത്താനെപ്പൊഴുതുംനണ്ണി
എത്രദുഃഖം നീയെനിക്കുനേടിവെച്ചു, നെഞ്ചേ!

വാൻപിളക്കുംമിന്നൽമിന്നി ഘോരമിടിവെട്ടി
വാർമുകിൽപൊന്തുംപോൽച്ചേരൻകുട്ടുവനാംമന്നൻ

ആയുധനിലാത്തിളക്കമേറ്റു കോൾകൊണ്ടാക്കും
ആഴിയൊത്തസേന ചൂഴ്ന്നോൻ, മാറിൽമാലയാർന്നോൻ
മൃത്യുപോലെജൈത്രയാത്ര പോംവഴിയിൽനീളെ
തീർത്തുനാനാഭാഷപേശും പാളയങ്ങൾ ചാലേ
ഒത്തശത്രുമുന്നിലെത്താഞ്ഞുൽക്കടമാംകോപം
ചീർത്തുകേറിപ്പോർത്തുനിവാൽ വൻകടലോടേറ്റു,
പിന്നിലേയ്ക്കോടിച്ചുമാറ്റി വെറ്റിയേറ്റനാളിൽ
അ,ന്നവൻതൻകൈയിലാർന്ന മാൺപിയന്നശൂലം
നിന്റെ മാറിൽപ്പിടിയ്ക്കൊപ്പമാഴ്ന്നിറങ്ങിയെങ്കിൽ!
നിന്റെ വാഴ്വും ഗർവ്വമെല്ലാം വാർന്നൊഴുകിയെങ്കിൽ!

(''കുറിഞ്ചിത്തിണ''യിൽപ്പെട്ടതും ''അകനാനൂറി''ൽ 212–ാമതായിച്ചേർത്തുമായ ഈ പാട്ട് കപിലരുടെ ഉററ സുഹൃത്തും ചേരൻ ചെങ്കുട്ടുവനെ പുകഴ്ത്തുന്ന പതിററുപ്പത്തിലെ അഞ്ചാം പത്തുരചിച്ച് സമ്മാനം നേടിയ കവിയുമായ പരണർ രചിച്ചതത്രേ. നായകന്റെ രഹസ്യസന്ദർശനങ്ങളറിഞ്ഞ് നായികയുടെ അമ്മ അവളെ വീട്ടിൽ തടങ്ങലിൽ വെച്ചു. രാത്രിയിൽ പതിവുപോലെ സങ്കേതത്തിൽച്ചെന്ന് നായികയെ കാണാതെ നിരാശനായ നായകൻ തന്റെ ഹൃദയത്തോടുപറയുന്നതാണ് ഈ ഗാനത്തിന്റെ സന്ദർഭം. അസാദ്ധ്യമായ ഒന്നിൽമോഹിച്ച് തനിയ്ക്ക് ഇത്രയും ദുഃഖംവരുത്തിവെച്ച ''ഹൃദയ''ത്തിന്റെ നെഞ്ചിൽ ''ചെങ്കുട്ടുവന്റെ ശൂലം തറയ്ക്കണേ''! എന്ന് നായകൻ പ്രാകുന്നു. പാവ–കൊല്ലിപ്പാവ. (13–ാമത്തെ കവിത നോക്കുക) പിന്നൽ–വേണി, മെടച്ചിൽ. കാറവാർകുഴൽ–തഴച്ചുനീണ്ട തലമുടി. വീണനാമ്പ്–വീണക്കമ്പി. ചെവ്വഴി–പ്രസിദ്ധമായ ഒരു രാഗം. ഇൻപം–മാധുര്യം. ഉന്നത–ഉയർന്ന കുലത്തിൽ പിറന്നവരും. വാൻ–ആകാശം. ആയുധനിലാത്തിളക്കം–ആയുധങ്ങളുടെ മിന്നലാകുന്ന നിലാവിന്റെ തിളക്കം. കോടം–വേലിയേററം. ആർക്കും–അലറുന്ന. ആഴി–കടൽ. നാനാഭാഷപേശ്യം–പലഭാഷകളും സംസാരിക്കുന്ന ഭടന്മാർ പാർക്കുന്ന. ശത്രുവിനെ മുന്നിൽകാണാഞ്ഞ് കോപിച്ച് കുട്ടുവൻ സമുദ്രത്തെ എതിർത്ത് പിറകോട്ടോടിച്ചു; അങ്ങിനെ ''കടൽ പിറകോട്ടിയ ചെങ്കുട്ടുവൻ'' എന്ന ബിരുദം നേടി. പോർത്തുനിവ്–യുദ്ധോദ്യോഗം. വെററി–ജയം. മാൺപ്–ഭംഗി. വാച്ചും–വർധിച്ചു.)

17 മാർച്ച്, 1977

കപിലർ

## 11. ഇരുതലപ്പക്ഷി

''അമ്മയോ, തൻ കൺമിഴികളെക്കാട്ടിലു–
മിമ്മകളിൽ സ്നേഹമാർന്നിരിപ്പൂ,
കൊച്ചുമോരം മണ്ണിൽച്ചവിട്ടുന്നാകൂടിയു–
മച്ഛൻപൊറുക്കി; ല്ലടൻ പറയും:
'കുഞ്ഞിക്കാലല്ലേ്യാ' ചുമക്കുമോ,റെന്തിന്നു
കുഞ്ഞേ, നിലത്തുനീസഞ്ചരിപ്പൂ?
നിത്യമധുരമീഞങ്ങൾതൻ സൗഹൃദം:
വിട്ടുപിരിഞ്ഞറിവീലഞങ്ങൾ,
ഞങ്ങളിരുതലപ്പക്ഷിപോലാണത്രേ;
ഞങ്ങളിരുവർക്കൊരൊററജീവൻ!

നൽത്തിനപ്പാടത്തു കാവലിരിയ്ക്കുവോ–
രാ,ത്തിളവില്ലാതെയൊച്ചവെയ്ക്കേ,
കൊമ്പിലിരുന്നു കിളികൾ,ളിണകളെ
കൂകിവിളിയ്ക്കും പുലാമരത്തിൽ



ആടുന്നചക്കപ്പഴങ്ങളെയണ്ണുകൾ
ചാടിക്കടിച്ചു കേടാക്കിടായ്‌വാൻ,
കാട്ടുകുറവരവയ്ക്കുകീഴ്കെട്ടിയ
കുട്ടിക്കടിലുകൾ മൂടുംവണ്ണം,

വേങ്ങമരങ്ങൾതൻ തേനൊലിപ്പൂവുകൾ
വീണുകുമിഞ്ഞുകിടപ്പതിനെ
പുള്ളിപ്പുലിയെന്നുപേടിച്ചു, നെററിമേൽ
പുള്ളിപരന്നമദഗജങ്ങൾ,

കാററുമ്മുന്ന മലകളിൽ വന്മുള–
ങ്കാടുകൾ പാടെ പുഴക്കിവീഴ്ത്തി
ഓടിയകല്ലുംവനംതാണ്ടിരാത്രിയിൽ
നാടുവാഴുന്നനീയേകനായി

ഇങ്ങുവരികിൽ, നിൻ രക്ഷയിലാശങ്ക
തിങ്ങി, ക്കരംനോവുമെന്റെതോഴി
എങ്ങിനെ ജീവൻ വെടിയാതിരുന്നീടു–
മെന്നുനീചിന്തിച്ചുനോക്കിയാലും!''

(സുപ്രസിദ്ധനായ കപിലർ ബ്രാഹ്മണനായിരുന്നു. ചേരമാൻ ചെൽവക്കടുങ്കോവാഴിയാതൻ, ചേരമാൻ മാന്തരൻ ചേരലിരുമ്പൊറൈ, നള്ളി, കാരി, പാരി, പേകൻ, അകുതൈ, ഇരുങ്കോവേൾ, ഓരി മുതലായവരെ പുകഴ്ത്തി പാടിയിട്ടുണ്ട്. പത്തുപ്പാട്ടുകളിൽപ്പെട്ട കുറിഞ്ചിപ്പാട്ട്, കലിത്തൊകൈയിലെ കുറിഞ്ചിക്കലി, ഐങ്കുറുനൂറിലെ കുറിഞ്ചിനൂറ് എന്നിവ കപിലർ എഴുതിയതാണ്. അകനാനൂറിലെ പന്ത്രണ്ടാം പാട്ടിന്റെ വിവർത്തനമാണ് മേൽച്ചേർത്തത്. വിവാഹപൂർവ്വപ്രണയമാണ് വിഷയമെന്നതിനാൽ ഇത് ''കുറിഞ്ചിത്തിണ''യിൽപ്പെടുന്നു.

നായികയുടെ പ്രണയവൃത്താന്തമറിഞ്ഞ മാതാപിതാക്കൾ അവളെ വീട്ടിൽനിന്നു പുറത്തുവിടാതായി. രാത്രിയിൽ അവളെ വന്നുകാണാൻ തനിക്കു സൗകര്യമുണ്ടാക്കിത്തരണമെന്നഭ്യർത്ഥിക്കുന്ന നായകനോടു തോഴി പറയുന്നതാണ് ഈ പാട്ടിന്റെ സന്ദർഭം. നാട്ടുവാഴിയായ നായകൻ ഒററയ്ക്കു രാത്രിയിൽ കാടുകടന്നു വന്നാൽ, അദ്ദേഹത്തിന്റെ പ്രാണരക്ഷയെപ്പററി ഭയപ്പെട്ട് നായിക മരിച്ചുപോയേയ്ക്കുമെന്നും, അതിനാൽ സാഹസത്തിനു മുതിരാതെ നായികയുടെ മാതാപിതാക്കളെക്കണ്ട് വിവാഹാഭ്യർത്ഥന നടത്തുകയാണ് നായകൻ ചെയ്യേണ്ടതെന്നും തോഴി ഉപദേശിക്കുന്നു. ഇതിഹാസപ്രസിദ്ധമായ ഇരുതലപ്പക്ഷി (ഭേരുണ്ഡം) വിജയനഗരരാജാക്കന്മാരുടെ കൊടിയടയാളമായിരുന്നു. പുലാ–പുലാവ്. അണ്ണുകൾ–അണ്ണാന്മാർ. അണ്ണാന്മാരെ ഓടിയ്ക്കാൻ കാവൽകെട്ടിയ ചെറുകിടിലുകൾക്കുമീതെ വേങ്ങപ്പൂവ് വീണുകിടക്കുന്നു. ഇതുകണ്ട് പുലിയാണെന്നുപേടിച്ച് ആനകൾ കുലംപൊട്ടിലുകൾപൊഴക്കിവീഴ്ത്തി ഓടുന്നു. ഇത് കാടിന്റെ ഭയങ്കരത സൂചിപ്പിക്കുന്നു.

28 മാർച്ച്, 1977

ചെമ്പിയനാർ

## 12. കിളിപ്പാട്ട്

മൂത്തുപഴുത്തു വളഞ്ഞ തിനക്കതിർ
കൊത്തുന്ന ചോരിവായ്പ്പൈങ്കിളിയേ!
കൈതൊഴുതൊന്നിരക്കുന്നേൻ: പരിഭ്രമം
കൈവിട്ടു വേണ്ടത്രേതിന്നുകൊൾക!
നിന്റെയാവശ്യം നടന്നതിൽപ്പിന്നെ നീ—
യെന്റെയാവശ്യം നടത്തിയാലും!

ചക്കകൾതൂങ്ങും പിലാവുകൾ തിങ്ങുമാ—
പ്പക്കമലയിൽനിൻ കൂട്ടരില്ലേ?
അങ്ങുനീയെങ്ങാൻ വിരുന്നുപോയീടുകി—
ലമ്മലവാഴുമരചനോടായ്
ഇങ്ങീമലയിലെ കാട്ടുകുറവന്റെ
കണ്മണിയാളാമിളയപുത്രി,
മൂത്തതിനവയൽ കാക്കുവാൻ പിന്നെയു—
മെത്തിയ വൃത്താന്തമോതിടാമോ?

(കഴിഞ്ഞ ആണ്ടിൽ തിനവിളഞ്ഞകാലത്ത് വയലിൽവന്ന നായികയുമായി അടുത്ത മലയിലെ നാട്ടുവാഴി പ്രണയത്തിലായി. തിനകൊയ്തു നായിക വീട്ടിലേക്കു മടങ്ങിയപ്പോൾ അവരുടെ സന്ദർശനം മുടങ്ങി. ഈ ആണ്ടിൽ വീണ്ടും തിനയ്ക്കു കാവൽ തുടങ്ങിയപ്പോൾ, ആ വിവരം നായകനെ അറിയിക്കുവാനാഗ്രഹിക്കുന്ന നായിക, വയലിൽവന്ന ഒരു തത്തയോടു പറയുന്നതാണ് പ്രകൃതം. നായകനെ വിവരം അറിയിക്കണമെന്ന് തോഴിയെ ഭംഗ്യന്തരേണ അറിയിക്കുകയാണിതിന്റെ ഉദ്ദേശമെന്ന് വ്യാഖ്യാതാക്കൾ പറയുന്നു. അഭിലാഷവിപ്രലംഭമാണ് വിഷയമെന്നതിനാൽ ഈ കവിത ''കുറിഞ്ചിത്തിണ''യിൽപ്പെടുന്നു. ചോഴരാജാക്കന്മാരെ ''ചെമ്പിയൻ'' എന്നു വിളിക്കാറുണ്ട്. ഈ കവി ചോഴരാജവംശത്തിൽ പിറന്ന ഒരാളായിരിക്കാം. ''നററിണൈ'', എന്ന സമാഹാരത്തിൽ 102—ാമതായി ചേർത്താണ് ഇതിന്റെ മൂലം. പക്കമല=വലിയ മലയ്ക്കടുത്തുള്ള ചെറിയമല)

26 ഏപ്രിൽ, 1977

പരണൻ

## 13. കൊല്ലിപ്പാവ

''മലയിൽ വാഴുന്ന കുറവന്റെ മകൾ,
മനസ്സിൽ മൗഢ്യവുമലിവുമാർന്നവൾ,



അടുക്കാൻ വയ്യാത്തോൾ, കൊടിയ കാവലി—
ന്നകത്തിരിക്കുവോൾ, അടുത്തണഞ്ഞേതാൻ
പറഞ്ഞുവെന്നാകി,ലതിന്നൊരുത്തരം
പറയാനാകാത്ത ചെറുപ്പമേലുവോൾ,
കൊതിക്കരുതു നീ യവളെ''യെന്നല്ലീ
കഥിച്ചിടുന്നു നീ, പ്രിയമെഴും തോഴ?

വരിക്കപ്ലാവിന്റെ പഴങ്ങൾമുററിയ
വലിയ ''കൊല്ലി''യാം മലനിരയുടെ
കൊടുമുടിയില്ലേ കുറവെഴാ, തേററം
നെടിയതായ്, ദേവഗണങ്ങൾകാപ്പതായ്?
അതിൻ പടിഞ്ഞാറേവശത്തു നീർനിറ—
ഞ്ഞരുവികളേറെത്തെളിഞ്ഞൊഴുകുന്നു.
കൊടിയ കാററുകൾ തകർത്തടിക്കിലും
ഇടിയിടയ്ക്കിടെ മുഴങ്ങിക്കേൾക്കിലും
അടമഴകോരിച്ചൊരിഞ്ഞു പെയ്കിലും
അതികഠിനമായ് ധരവിറയ്ക്കിലും
ഇതുപോലെത്രയോ കെടുതി വായ്ക്കിലു—
മിളക്കമില്ലാതെ, യൊളിമങ്ങീടാതെ,
അഭൗമസൗന്ദര്യം നിറഞ്ഞുകാണുവോ—
ർക്കഖിലർക്കുംമനം മയങ്ങിടുംമട്ടിൽ
അവിടെ നിൽക്കുന്നുണ്ടൊരു തങ്കപ്പാവ,
അതുപോ,ലെൻനെഞ്ചിലിളക്കമില്ലാതെ,
ഒരു നിമിഷവുമൊഴിഞ്ഞുമാറാതെ—
യവളൊളിതൂകിവസിക്കയാണല്ലോ!

(മലംപ്രദേശത്തു വസിക്കുന്നവരാണ് കുറവർ. കുറവത്തലവന്റെ മകളെ പ്രണയിച്ച നായകനോട്, അലഭ്യയായ അവളെ മറന്നുകളയുവാൻ സ്നേഹിതൻ ഉപദേശിക്കുന്നു. സ്നേഹിതനോട് നായകന്റെ മറുപടിയാണ് പ്രകൃതം. കൊല്ലിമലയുടെ കൊടുമുടിയുടെ പടിഞ്ഞാറെ ചെരിവിൽ ദിവ്യശക്തിയുള്ള ഒരു പൊൻപാവ നിലകൊള്ളുന്നതായി പല പരാമർശങ്ങളും തമിഴ് സാഹിത്യത്തിലുണ്ട്. തുറന്ന ആകാശത്തിനു കീഴെ, മഞ്ഞും മഴയും വെയിലുമേററുനിൽക്കുന്ന ഈ പാവയെ കാണുന്നവർ അതിന്റെ സൗന്ദര്യത്താൽ ആകൃഷ്ടരായി അവിടത്തന്നെ നിന്നുപോവുന്നു. കൊല്ലിപ്പാവപോലെ തന്റെ ഉള്ളിൽ നായിക പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു എന്നു നായകൻ സ്നേഹിതനോടു പറയുന്നു. അഭിലാഷവിപ്രലംഭം പ്രതിപാദ്യമാകയാൽ ഇതു ''കുറിഞ്ചിത്തിണ''യിൽപ്പെടുന്നു. ''നററിണൈ'' എന്ന സമാഹാരത്തിൽ 201—ാമതായി ചേർത്ത ഇതിന്റെ കർത്താവായ പരണർ ജാതിയിൽ പാണനും ബ്രാഹ്മണ

നായ കപിലരുടെ മിത്രവുമാണ്. ചേരൻ ചെങ്കുട്ടവനെ വാഴ്ത്തുന്ന ''പതിററുപ്പത്തി''ലെ അഞ്ചാംപത്തും വേറെ 57 പാട്ടുകളും (നററിണൈ 13, അകനാനൂറ് 32, പുറനാനൂറ് 13) പരണരുടേതായുണ്ട്.)

11 ജൂലായ്, 1977

ഐങ്കൂർ മുടവനാർ

## 14. അമ്മയുടെ ഉദ്ദേശം

നാരുകൾതലപ്പത്തുനീണ്ടുള്ളോരിളംകതിർ
പാൽമുററി, മൂപ്പേപോലെ പൊളിഞ്ഞും, തലചാഞ്ഞും
കാണുന്നു തിനവിള, അതുകൊയ്യുവാനതാ—
പ്പാറകൾക്കുമേൽക്കൂട്ടംകൂട്ടമായ്ച്ചേക്കേറുന്നു
വായ്ചോന്നമെയ്പച്ചച്ചതത്തകൾ; അവ വിള—
വാകവേ കവരുംമുമ്പവയെത്തുരത്താനായ്
വയലിൽത്തട്ടുകൊട്ടിശ്ശബ്ദമുണ്ടാക്കാൻ, ചുഴ—
ക്കവണക്കല്ലാലെറിഞ്ഞീടുവാ,നാംപോകണം''
അച്ഛനിന്നലെയന്തിക്കിങ്ങനെ വന്നോതവേ
''പുത്തിടുമിനിവേളിനാൾകാട്ടും പൂവേങ്ങകൾ''
എന്നോതിനി,ന്നെൻമുഖത്തുന്നിനോക്കിനാളമ്മ:
എന്തിതിന്നർത്ഥംതോഴീ? അമ്മയെന്തുദ്ദേശിപ്പൂ?
''പോകനീ തിനവയൽ കാക്കുവാൻ'' എന്നാകുമോ?
''പോകായ്ക; വീടിന്നുള്ളിലടച്ച വാഴ്കെ''ന്നാമോ?
എന്നോടാമലനാടനടുപ്പംകാട്ടുംകഥ—
യെന്നമ്മകേട്ടെന്നാമോ? ഞാനറിവീലെൻതോഴി!

(തിനയുടെ കതിരുകളുടെ തുമ്പിൽ നീണ്ട നാരുകളുണ്ട്. ഈ കതിരുകളിൽ പാലുറച്ചു; അവ മൂടിയ പോള പൊളിഞ്ഞു; അവയുടെ കനത്താൽ തിനച്ചെടികളുടെ തലചാഞ്ഞു. തിനക്കതിർ കൊത്താൻ കൂട്ടമായിവന്ന തത്തകൾ വയൽവക്കത്തുള്ള ഉയർന്നപാറകളിൽ ഇരിപ്പായി. നിലത്ത് അടിച്ചാൽ വലിയ ശബ്ദമുണ്ടാക്കുന്ന ''തട്ട'' എന്ന ഉപകരണവും കവണയും ഉപയോഗിച്ച് അവയെ ഓടിക്കുവാൻ ആളുകൾ വയലിൽ കാവലിരിക്കണമെന്ന് അച്ഛൻ വീട്ടിൽ വന്നുപറഞ്ഞു. ഇതുകേട്ട അമ്മയുടെ പ്രതികരണം, ''കല്യാണങ്ങൾ നടത്താനുള്ള കാലമായെന്നറിയിക്കുന്ന വേങ്ങ പൂക്കാറായി'' എന്നായിരുന്നു. കഴിഞ്ഞതവണ വയലിൽ കാവലിരുന്ന (അതിനാൽ ഇത്തവണയും പോകേണ്ട) മകൾക്ക വിവാഹപ്രായമായി എന്നാണ് അമ്മപറഞ്ഞതിന്നർത്ഥം. വേങ്ങ പൂക്കുന്ന കാലത്താണ് കല്യാണങ്ങൾ നടത്താറ്. പക്ഷേ, മകൾക്ക സംശയമായി. മലനാട്ടുകാരനായ ഒരു യുവാവ് അവളുമായി അടുപ്പത്തിലാണ്. വയലിൽവെച്ച് അവർ കാണാറുണ്ട്. ഇത്തവണ അതിന്ന സാധിക്കാതിരിക്കുമോ?



അവളെ സന്ദർശിക്കാൻവന്ന യുവാവ് വേലിക്കുപ്പുറത്തുനിൽക്കേ, അയാളെ കണ്ടില്ലെന്നുനടിച്ചും, എന്നാൽ അയാൾ കേൾക്കുവാൻവേണ്ടിയും ആണത്രേ നായിക തോഴിയോട് ഇതുപറയുന്നത്. സ്വൈരസന്ദർശനത്തിന്നുള്ള തടസ്സത്തെപ്പററിയറിഞ്ഞ് അയാൾ വേഗം കല്യാണമാലോചിക്കണമെന്നാണ് അവളുദ്ദേശിക്കുന്നത്. ''കറിഞ്ചിത്തിണ''യിൽപ്പെട്ട ഈ പാട്ട് നററിണൈയിൽ 206—ാമതായി ചേർത്തിരിക്കുന്നു. മധുരയ്ക്കടുത്തുള്ള ഒരു ഗ്രാമമാണത്രേ ഐങ്കൂർ. മുടവൻ എന്നാൽ മുടന്തൻ എന്നർത്ഥം. പല സമാഹാരങ്ങളിലായി ഈ കവിയുടെ പതിമൂന്നുപാട്ടുകൾ കിട്ടിയിട്ടുണ്ട്.)

12 ജൂലൈ, 1977

വെമ്പററൂർ കണ്ണൻകൂത്തൻ

## 15. വെറിയാട്ട്

വെറിയാട്ടുചെയ്തു മുരുകനെപ്പൂജിക്കാൻ
വിരവിൽവന്നുള്ള മുതുക്കൻവേല!
ഒരുചോദ്യമുണ്ടെനിക്കുായതുകേൾക്ക നീ;
അരുതുകോപിക്കാൻ, ഇരന്നിടുന്നേൻ.
പലചോററുപട പട,ച്ചാട്ടിൻകിടാവിന്റെ
തലവെട്ടിനീ വെറിയാട്ടുചെയ്കേ,
ഇവളുടെ നറുന്തൽത്തൊട്ടുസങ്കല്പിച്ച
മുരുകന്നതുനിവേദിച്ചിട്ടുമ്പോൾ,
ഇവളെയാവേശിച്ച ബാധയായുള്ളവൻ,
മുകിൽതൊട്ട വൻമലതന്റെനാഥൻ—
അവനുടെവെണ്മലർമാലയണിഞ്ഞുള്ള
വിരിമാറാണ്ടലിയുണ്ട തൃപ്തനാമോ?

(കാമുകന്റെ വേർപാടിൽ സന്തപിക്കുന്ന മകളെക്കണ്ട് അമ്മ, അവൾക്ക് എന്തോ ബാധയാണെന്ന കരുതി, അതു് ഒഴിക്കാനായി ''വെറിയാട്ട്'' നടത്താൻ വൃദ്ധനും മന്ത്രവാദിയുമായ വേലനെ വരുത്തി. സത്യം വെളിപ്പെടുത്താൻ സമയമായി എന്ന കരുതിയ തോഴി അമ്മകേൾക്കാൻ വേണ്ടി വേലനോട പറയുന്നതാണ് സന്ദർഭം. വെറിയാട്ട്—മുരുകപൂജ. നറുന്തൽ—വാസനയുള്ള നെററി. തോഴി ഇങ്ങനെ സത്യം വെളിപ്പെടുത്തുന്നതിനെ ''അറത്തോടുനിററൽ'' എന്ന പറയുന്നു. പാണ്ടിനാട്ടിലെ ഒരു ഗ്രാമമാണ് വെമ്പററൂർ. കൂത്തൻ എന്നാൽ നർത്തകൻ. കുറുന്തൊകൈയിൽ 362—ാമതായി ചേർത്താണ് ഈ ഗാനം.)

8 ആഗസ്റ്റ് 1977

കുൻറിൻകട് പാലി ആതനാർ

## 16. മടൽക്കുതിര

നിരനിരയായ്ക്കൂടരുകളിൽച്ചെറുമണി കോർത്തുണ്ടാക്കിയ
വലിയൊരരക്കച്ചവലിച്ചരയിൽക്കെട്ടി,
തലയി ലെരുക്കിൻറയുരുണ്ടൊരുമൊട്ടുകൾ
കൊണ്ടഴകിൽ
വിരചിച്ചതാം മലർമാലചൂടി,
പനമടലാൽനിർമ്മിച്ചൊരുപുല്ലുണ്ണാപ്പെരുകുതിരയി–
ലതിഗൗരവമാർന്നേറി ഞാനിരിപ്പൂ,
തെരുവുകളിലതിനെയിഴച്ചാർത്തുവിളിച്ചലയുമേ
ചെറുപിള്ളേർ, എത്രയും ജ്ഞാനമുള്ളോർ!
മൃദുവാം കിടാത്തോലാൽബ്ബലമായ്പ്പൊതിഞ്ഞുള്ള
മുഖമാർന്നതാം വൻമിഴാവുനീളെ
ഇടവിടാതൊഴമൊലിയാ,ലുത്സവം ഗ്രാമത്തിൽ
കൊടികയറിയെന്നുവിളിച്ചുചൊൽകേ,
''ഇവിടെയീയൂരിലുള്ളോർതന്നെഞങ്ങൾ,'' എ–
ന്നതിരസത്തോടും പറഞ്ഞാപ്പിള്ളേർ
തുടരുമേ: ''കയലെതിർമഷിയണികരിമിഴി–
മടുമൊഴിയാകുമക്കൊച്ചുപെണ്ണിൻ
അയൽപക്കക്കാരിയിവൾ'' എന്നുനിന്നേച്ചൂണ്ടി–
യഖിലജനങ്ങളും കേൾക്കവോനായ്!
അറിയാമേനാട്ടുനടപ്പീച്ചെറുപിള്ളേ;–
ക്കവരെൻറമോഹം വിളിച്ചുചൊല്ലും!

(പ്രണയനൈരാശ്യംവന്ന യുവാക്കൾ ''മടലേറുന്ന'' സമ്പ്രദായം പഴയ തമിഴ്നാട്ടിലുണ്ടായിരുന്നു. കരിമ്പനപ്പട്ടത്തണ്ടുകൊണ്ട് വലിയ കുതിരപോലെ കെട്ടിയുണ്ടാക്കിയ കോലമാണ് ''മടൽ''. അരയിൽ കച്ചകെട്ടി, തലയിൽ എരുക്കിൻമൊട്ടുമാലചൂടി, പ്രണയിനിയുടെയും തൻെറയും ചിത്രങ്ങൾ വരച്ച ഒരു തുണി കയ്യിൽപ്പിടിച്ച്, നായകൻ ഒരു കിറുക്കനെപ്പോലെ ഈ മടൽക്കുതിരയിൽക്കയറി ഗ്രാമമധ്യത്തിൽ പ്രത്യക്ഷപ്പെടുന്നു. തെരുവുപിള്ളേർ ഈ കുതിരസ്സവാരിക്കാരനെ തെരുവുതോറും വലിച്ച് ആർത്തുകൂവി നടക്കുന്നു. പട്ടയുടെ മുള്ളുകൾ മേലിൽത്തറച്ച് ചോരയൊലിക്കുന്ന യുവാവിനെക്കണ്ട് ഗ്രാമീണർ കാര്യം മനസ്സിലാക്കുന്നു. അയാളുടെ സങ്കടത്തിൽ അലിവുതോന്നിയ നാട്ടുപ്രമാണിമാർ പെണ്ണിൻെറ രക്ഷിതാക്കളെക്കണ്ട് കല്യാണം നടത്തിച്ചുകൊടുക്കാൻ പിന്നീട് അധികം താമസമില്ല. അതിനാൽ, പ്രണയം നിരസിക്കപ്പെടുന്ന അവസരങ്ങളിൽ ''ഞാൻപോയി മടൽ ഏറിക്കളയും'' എന്ന് കാമുകന്മാർ ഭീഷണിപ്പെടുത്തുന്നത് സംഘസാഹിത്യത്തിൽ അപൂർവ്വമല്ല. നായകൻ നായികയോടു



സങ്കേതത്തിൽ വരാൻ അഭ്യർത്ഥിക്കുന്നത് തോഴിമുഖേനവേണമെന്നാണ് തമിഴ് സാഹിത്യസങ്കേതം. നായകൻെറ സന്ദേശം നായികയെ അറിയിക്കാൻ വിസമ്മതിച്ച തോഴിയോട് നായകൻെറ ഭീഷണിയാണ് ഈ പാട്ടിൽ അടങ്ങിയിട്ടുള്ളത്.

തുടര്=ചങ്ങല. അരക്കച്ച=അരയിൽ കെട്ടാനുള്ള കച്ച; അരപ്പട്ട. ഭദ്രകാളിക്ഷേത്രങ്ങളിലെ വെളിച്ചപ്പാടന്മാരുടെ അരമണിയെ ഇതു് ഓർമ്മിപ്പിക്കുന്നു. പുല്ലുണ്ണാപ്പെരുകുതിര=ജീവനില്ലാത്തതിനാൽ പുല്ലു തിന്നാത്തവലിയ കുതിരക്കോലം. ഇഴച്ച്=വലിച്ച്. ജ്ഞാനവാന്മാർ=പിള്ളേർക്ക് ഈവക കാര്യങ്ങളിൽ നല്ല പരിജ്ഞാനമാണ്! കിടാത്തോൽ=പശുവിൻെറ ചർമ്മം. മിഴാവിൻെറ മുഖം (കണ്ണ്) പൊതിയുന്നതു് ഇതുകൊണ്ടാണ്. മിഴാവ്=വലിയ കുടം. ഇത് മണ്ണുകൊണ്ടോ ചെമ്പുകൊണ്ടോ ഉണ്ടാക്കാം. കേരളക്ഷേത്രങ്ങളിലെ കൂത്തമ്പലങ്ങളിൽ ഇപ്പോഴും മിഴാവുവാദ്യം കാണുന്നു. ഗ്രാമത്തിൽ ഉത്സവം കൊടിയേറിയെന്ന് മിഴാവുകൊട്ടിഅറിയിച്ചിരുന്നു. ഉത്സവം കാണാൻവന്ന അന്യഗ്രാമക്കാരുടെ മുന്നിലാണ് നായകൻെറ മടലോട്ടം. അവരോടു തെരുവുപിള്ളേർ കാമുകൻെറ പ്രണയകഥ വിവരിക്കുന്നു. ശ്രോതാക്കൾക്കു വിശ്വാസംവരാൻ, തങ്ങൾ ഈ ഗ്രാമക്കാർ തന്നെയാണെന്നുകൂടി അവർ പറയുന്നു. ''സുന്ദരിയായ ആ പെണ്ണിൻെറ അയൽക്കാരിയാണ് ഇവൾ'' എന്ന നായികയുടെ സഖിയെ അവർ സന്ദർശകർക്കു ചൂണ്ടിക്കാട്ടിക്കൊടുക്കുന്നു. കയൽ=ഒരുതരം മത്സ്യം; കണ്ണിൻെറ ഉപമാനം. മടുമൊഴി=തേൻവാണി. ഇതൊക്കെ നാട്ടുനടപ്പാണ്. ''ഈ അത്യാഹിതം സംഭവിക്കാതിരിക്കണമെങ്കിൽ, എൻെറ സന്ദേശം നീ നായികയ്ക്കു നൽകുക.'' എന്നു നായകൻ തോഴിയെ ധരിപ്പിക്കുന്നു. കുൻറിൻകട് (കുന്നങ്ങൽ) പാലി ആതനാർ എന്ന കവി ചെൽവക്കടുങ്കോ വാഴിയാതൻ എന്ന ചേരരാജാവിൻെറ ആശ്രിതനായിരുന്നു എന്ന് പുറനാനൂറിൽ അദ്ദേഹം എഴുതിയ ഒരു പാട്ടിൽനിന്നറിയാം. ''കുൻറിൻകട് പാലി''യാണ് പാലക്കുന്ന് (കണ്ണൂരിലെ പള്ളിക്കുന്ന്) ആയതെന്നും, ഈ കവി ആ പ്രദേശത്തുകാരനാണെന്നും ചിലർ കരുതുന്നു. കൊങ്ങുനാട്ടിൽ ഇപ്പോഴത്തെ ധാരാപുരമാണത്രേ പണ്ടത്തെ കൊങ്ങുവഞ്ചി അഥവാ കരൂർ. വാഴിയാതൻ വാണിരുന്നതും ഈ വഞ്ചിയിലാണത്രേ. വാഴിയാതൻ എന്ന പേരു് ''പാഴിയാതൻ'' എന്നു മാറിയതാണെന്നും ചിലർക്ക് അഭിപ്രായമുണ്ട്. അതെന്തായാലും, ചേരനാട്ടുകാരനായിരുന്നു ഈ കവി. നററിണൈയിൽ 220–ാമത്തേതായിച്ചേർത്ത ഈ പാട്ട് അഭിലാഷവിപ്രലംഭത്തെ പ്രതിപാദിക്കുന്നതിനാൽ കുറിഞ്ചിത്തിണയിൽപ്പെടുന്നു.)

21 ആഗസ്റ്റ്, 1977

കപിലർ

## 17. ഊഞ്ഞാലാട്ടം

കറുത്തതടിയാർന്നോരീവേങ്ങമരം കാൺക:
ത്തുടുത്തപൂതിങ്ങിയോരിതിൻെറ വളർകൊമ്പിൽ
വട്ടവീഴുംപോൽക്കയർമുറുക്കിക്കെട്ടിത്തീർത്ത
നെട്ടതാമൂഞ്ഞാലിൻെറ കൊച്ചുഴിപ്പടിയിന്മേൽ

നീയിരിക്കുക തോഴി! വാനത്തിൽപ്പറക്കുന്ന
പീലിവാർമയിൽപോലെയാടുവാൻ പാകത്തിലായ്
ഇങ്ങുനിന്നുഞാൻ, പച്ചമണികോർത്തുണ്ടാക്കിയ
നിന്നരഞ്ഞാണിൽപ്പിടിച്ചുയർത്തിത്തലയ്ക്കുമേൽ
നിന്നെവിട്ടീടാം; പ്ലാവും വാഴയും പുന്നാഗവും
തിങ്ങിനിന്നീടുംപക്കമലയിൽപ്പനിക്കോട–
മഞ്ഞുപൊങ്ങവേ, ചാരേനിന്നിടും പിടിയാന–
യെങ്ങെന്നുകാണാനാകാ, ഞെല്ലലേററവുംമുററി
ക്കുററനാംകൊമ്പൻ ചിന്നംവിളിച്ചു തിരയുന്ന
പച്ചിലപ്പൊഴിലെങ്ങുംപരന്നു, പാരംപൊന്തി,
നിൻപ്രിയൻ വാണീടുമാനീണ്ടകുന്നിനെയെനി–
ക്കങ്ങിനെയൂഞ്ഞാലുയർന്നീടവേ, കാണാമല്ലോ,

(അനുരാഗവൃത്താന്തം അപവാദമായപ്പോൾ നായികയെ അമ്മ വീട്ടിൽ നിന്നു പുറത്തുവിടാതായി. അവളെ കാണാൻവന്ന്, വേലിക്കുപുറത്തുനിൽക്കുന്ന കാമുകൻ കേൾക്കാൻവേണ്ടി, അവളോടെന്ന വ്യാജേന തോഴി പറയുന്നതാണ് ഈ പാട്ടിന്റെ സന്ദർഭം.

വളർകൊമ്പ്=വളഞ്ഞകൊമ്പ്. അതിൽ കയർ മുറുക്കിക്കെട്ടുമ്പോൾ തൊലി ഉരഞ്ഞ് വടു (പാട്) ഉണ്ടാകുന്നു. പീലിവാർമയിൽ=പീലി നീണ്ടമയിൽ. സുന്ദരിമാരുടെ അംഗലാവണ്യത്തെ മയിലിനോടുപമിക്കുക സംഘസാഹിത്യത്തിലെ ഒരു സങ്കേതമാണ്. നായിക ഊഞ്ഞാലിലാടുന്നതു മയിൽ ആകാശത്തിൽ പറക്കുംപോലെയാണെന്നു തോഴി പറയുന്നു. ഊഞ്ഞാൽ തലയ്ക്കുമേലെ വിടുന്നതു് അതു് ഉയരത്തിൽ ആടുവാൻ വേണ്ടിയാണ്. പച്ചമണി=പച്ചക്കല്ല്. പക്കമല=വലിയമലയ്ക്കടുത്തുള്ള ചെറിയമല. പനിക്കോടമഞ്ഞ്=കാർമേഘംകൊണ്ടുണ്ടാകുന്ന മൂടൽമഞ്ഞ്. ചിന്നംവിളിക്കുക=അലറുക. പൊഴിൽ=കാവ്, മരക്കൂട്ടം. പ്രിയന്റെ കുന്നുകാണുന്നതു് നായികയ്ക്കു് അയാളെ കാണുന്നതുപോലെ സന്തോഷപ്രദമാണ്.

സംഘസാഹിത്യത്തിൽ ഏററവും പ്രസിദ്ധനായ കവിയാണ് ബ്രാഹ്മണനായ കപിലർ. നററിണൈയിൽ 222–ാമതായി ചേർത്ത ഈ ഗാനം അഭിലാഷ വിപ്രലംഭവ്യഞ്ജകമാകയാൽ കുറിഞ്ചിത്തിണയിൽപ്പെടുന്നു.)

11 സപ്തംബർ, 1977

നമ്പികുട്ടുവനാർ

## 18. വിരഹതാപം

കൈകടന്നു പെരുകുന്ന വേദന;
തിയ്യുപോലുടൽ ചുട്ടു പൊള്ളിടുന്നു;
വീട്ടുമുന്നിൽ പുറത്തിണ്ണമേലെന്നെ
യൊട്ടുയർത്തിയെടുത്തുകിടത്തുകിൽ



അഴലിതെത്രയുമാശ്വാസമാമെന്നെൻ
നരകനെഞ്ചെഴ മമ്മയോടോതുക!
അതുകൊണ്ടില്ലൊരു ദോഷവും; തോഴി കാൺ–
ക,തു ചെയ്യാൽ നിനക്കായുസ്സുനീളുമേ!
എന്റെ കൈകളിൽ മിന്നും വളകളി–
ന്നൂർന്നുപോകുവാൻ കാരണമായവൻ
മേവും കുന്നിന്റെ നീണ്ടകൊടുമുടി
മേൽ,പ്പരന്നു കുളിർത്ത ശിലകളിൽ
ചെന്നു തട്ടി മടങ്ങുന്ന കാററവ–
ന്നെൻ വിളർപ്പാർന്ന മാറിൽത്തലോടട്ടെ!

(കുട്ടനാട്ടിൽ ജീവിച്ചിരുന്ന നമ്പികുട്ടുവനാർ ചേരരാജവംശ്യനായിരുന്നുവത്രേ. ''കുറുന്തൊകൈ''യിൽ രണ്ടും ''നററിണൈ''യിൽ മൂന്നും പാട്ടുകൾ ഇദ്ദേഹത്തിന്റെ വകയായി ഉണ്ടു്. നററിണൈയിൽ 236–ാമത്തെ പാട്ടിന്റെ വിവർത്തനമാണ് മേൽച്ചേർത്തതു്. നായികയുടെ അനുരാഗവൃത്താന്തം അപവാദമായിപ്പരന്നപ്പോൾ അമ്മ അവളെ വീട്ടിൽ അടച്ചിട്ടു, അവൾക്കു് ആധിമൂലം പനിവന്നു, ദേഹം വിളർത്തു; മെലിഞ്ഞു് വളകൾ ഊരിവീണു. വീട്ടിന്റെ മുന്നിലുള്ള ഉയർന്ന പുറത്തിണ്ണയിൽ കിടന്നാൽ കാണാവുന്ന കുന്നിന്റെ അധിപനാണ് അവളുടെ കാമുകൻ. അയാളുടെ കുന്നിൽത്തട്ടിവരുന്ന കാററ് തന്റെ നെഞ്ചിൽ ഏല്ക്കുമാറ് വീടിന്റെ പുറത്തിണ്ണയിൽ തന്നെ കൊണ്ടുകിടത്തുവാൻ, നരകംപോലെ ക്രൂരമായ ഹൃദയമുള്ള കാമുകന്റെ അമ്മയോടു പറയണമെന്ന് നായിക തോഴിയോട് അപേക്ഷിക്കുന്നു. വേലിക്കുപ്പുറത്തു നിൽക്കുന്ന കാമുകൻ ഇതുകേട്ടു്, ബന്ധുക്കളുമായി വന്നു് വിവാഹാഭ്യർത്ഥന ചെയ്യണമെന്നതാണ് അവൾ പറയുന്നതിന്റെ നിഗൂഢോദ്ദേശ്യമെന്ന് വ്യാഖ്യാതാക്കൾ. അഭിലാഷവിപ്രലംഭ പ്രതിപാദകമാകയാൽ ഈ പാട്ട് ''കുറിഞ്ചിത്തിണ''യിൽപെടുന്നു.)

19 സപ്തംബർ, 1977

ആലമ്പേരി ചാത്തനാർ

## 19. വരാതിരുന്നെങ്കിൽ

മുററുമുറങ്ങിയീഗ്രാമം; കൊടുതായ
കാററിൽപ്പിശാചിന്നലർച്ച കേൾപ്പൂ.
കേൾക്കവോർക്കുള്ളിൽക്കിടിലം വളർത്തുമാ–
റുഗ്രമായുള്ള കുറിഞ്ചിപാടി
ആഢ്യൻ മനകളിൽക്കാവലിരിക്കവോർ
മാത്രമുറക്കമിളച്ചിടുന്നു.
ചട്ടററ നൽക്കൊമ്പനാനയോടേററു പോ–
രിട്ടു വരിയൻ പുലി, മലയിൽ

പാറപ്പിളപ്പിൻ ഗുഹയ്ക്കകം പാഞ്ഞെത്തി—
യേറിക്കഠോര മലറിടുന്നു.
പൊങ്ങും മലയുടെ പള്ളയിൽ, കണ്ണഞ്ചി
മിന്നലെരിഞ്ഞും മഴചൊരിഞ്ഞും
കാററു തകർത്താഞ്ഞു വീശിയും നില്ക്കവേ
വേട്ടയ്ക്കിറങ്ങിയ വൃദ്ധനാഗം
എങ്ങോണ്ടു വായിലെ മാണിക്യം കക്കിയ—
തെന്നറിയാതെയുഴന്നിടുന്നു.
കാന്തൻ പിരിഞ്ഞു ചുമൽമെലിവാന്ന ഞാൻ
സന്താപമേതും സഹിച്ചു കൊള്ളാം;
പേടിപ്പെടുത്തുമിപ്പാതിര വേളയിൽ
പാരമിടികൾ മുഴങ്ങിടുമ്പോൾ
ഇമ്മലമേട്ടു വഴിയിലൂടെ പ്രിയ—
നിന്നു വരാതെയിരുന്നുവെങ്കിൽ !

(ആലമ്പേരി ചാത്തനാരുടെ നാലു പാട്ടുകൾ ''നററിണൈയി''ലും രണ്ടു പാട്ടുകൾ ''അകനാനൂറി''ലും കാണുന്നു. നററിണൈയിൽ 255–ാമതായി ചേർത്ത ഈ പാട്ട് വിവാഹപൂർവ്വപ്രണയം സംബന്ധിച്ചതാകയാൽ കുറിഞ്ചിത്തിണൈയിൽപ്പെടുന്നു. രാത്രിയിൽ സങ്കേതത്തിൽ വരാമെന്ന് ഏററിരുന്ന നായകൻ, ഭയങ്കരമായ ഈ പാതിരയിൽ വരരുതേ എന്ന്, പ്രേമപരിവശയെങ്കിലും നായകന്റെ സുരക്ഷിതത്വത്തിൽ ആശങ്കാകുലയായ നായിക പ്രാർത്ഥിക്കുന്നതാണ് സന്ദർഭം: പിശാച്=''കഴുതു'' എന്നു മൂലം. കുറിഞ്ചി=ഒരു രാഗം. വേട്ടയ്ക്കും യുദ്ധത്തിനും മററും പോകുമ്പോൾ കുറവർ പാടാറുള്ളതിനാലാണ് ഈ രാഗം 'ഉഗ്ര' മായത്. ആഢ്യൻ മനകൾ=പണക്കാരുടെ വീടുകൾ. പുലിയും കൊമ്പനാനയും തമ്മിലുള്ള യുദ്ധത്തിൽ പുലിയാണ് സാധാരണ തോല്ക്കാറ്. തോററപുലി ഗുഹയിൽക്കയറി ഒളിച്ച് കോപം തീരാതെ അലറുന്നു. വൃദ്ധനാഗം=പ്രായം ചെന്ന നാഗങ്ങളുടെ വായിൽ മാണിക്യക്കല്ലുണ്ടാവും. ഭക്ഷണം തേടുമ്പോൾ അവ ഒരിടത്തു് ഈ കല്ല് കക്കിവെക്കുന്നു. ഭക്ഷണംകഴിഞ്ഞ് എടുത്തു വീണ്ടും വായിലാക്കുന്നു. ഇവിടെ, മിന്നലിന്റെ തിളക്കത്തിൽ മാണിക്യം വേറെ കാണാതെ നാഗം ഉഴന്നുനടക്കുന്നു. ചുമൽമെലിവ്=വിരഹംകൊണ്ടുണ്ടായ കാർശ്യം) മലമേട്ടുവഴി–ഉയർന്ന മലയിലൂടെയുള്ള വഴി.)

2, ഡിസംബർ, 1977

പരണർ

## 20. തലമുടിയുടെ ഉടമ

പച്ചതിങ്ങും മലപ്പള്ളത്തിൽ മേയ്കയാൽ
പൊട്ടിച്ചിനച്ചു കറുത്തുനീളും



കൊമ്പുകൾ ചേർന്നും, ചളിമണ്ണിലാറാടി—
പ്പുള്ളികൾ നീളേ വരികളായും
എത്തും കലപ്പുള്ളിമാനെപ്പിട ഭയ—
പ്പെട്ടു പായുന്ന പുനപ്പുറമ്പിൽ,
ചീറുമമ്പാന്ന വില്ലാളികൾക്കൊക്കെയും
നായകൻ, പൊൻതോൾ വളയണിഞ്ഞോൻ,
വീരൻ മിഞിലി കാക്കുന്ന നഗരമാം
''പാരം'' കണക്കെസ്സമൃദ്ധി വായ്ച്ചും,
നീണ്ടിടംപെട്ടും, കുളിർമഴ പെയ്യുന്ന
കൊണ്ടൽപോ, ലുള്ളിൽക്കളിമ്പമാന്നും,
തമ്മിൽപ്പൊരുതിയും റത്തിയ്ക്കും കൺകളാൽ
നമ്മിൽക്കനിവു വിളങ്ങും വണ്ണം,
തന്റെ സാമന്തർ തൻ നേർക്ക്, ചെങ്കോലെഴും
ചെന്നിയാം ചോഴനൃപാലൻ പോലെ
പിന്നെയും പിന്നെയും നോക്കുന്നതുണ്ടിവൾ
ഇ; ന്നതു കാരണ, മെന്റെ നെഞ്ചേ !
മാരിപോൽക്കള്ളു പകർന്നു തരും മന്ന—
നോരി തൻ കൊല്ലി മലഞ്ചെരുവിൽ
ആടുംമയിലിൻ തഴച്ചുള്ളപീലി പോ—
ലീടുമഴകുമിയന്നു നീളും
ഇപ്പെണ്ണിൻ കുന്തലൊരുനാളിൽ നമ്മുടെ—
തായ്ത്തീരുമെന്നു നീയാശ്വസിയ്ക്കൂ !

(പ്രസിദ്ധനായ പരണരുടെ ഈ ഗാനം ''നററിണൈ''യിൽ 265–ാമതായി ചേർത്തിരിക്കുന്നു. അഭിലാഷവിപ്രലംഭമാണ് പ്രതിപാദ്യമെന്നതിനാൽ ഇതു് കുറിഞ്ചിത്തിണയിൽപ്പെടുന്നു. കാലവർഷാരംഭമാണ്. പുതുതായി പുല്ലു വളർന്ന മലഞ്ചെരുവിൽ വേണ്ടുവോളം മേഞ്ഞ പുള്ളിക്കലമാനിന്റെ കൊമ്പുകളിൽ കറുത്ത കവരങ്ങൾ പൊട്ടിമുളച്ചിരിക്കുന്നു. ചളിയിൽ കിടന്ന് ദേഹത്തിലെ പുള്ളികൾ വരികളായി നീണ്ട അതിനെ കണ്ടു് തിരിച്ചറിയാതെ പേടമാൻ ഭയപ്പെട്ടു് ഓടിയകലുന്നു. അങ്ങിനെയുള്ള പുനപ്പുറമ്പിൽ (കുന്നിൻ ചെരുവിലെ വയലിൽ)വെച്ച് നായിക, ഒന്നും സംസാരിച്ചില്ലെങ്കിലും, അനുരാഗത്തോടെ നായകനെ വീണ്ടും വീണ്ടും നോക്കി. മഞിലിയുടെ നഗരമായ ''പാരം'' പോലെ സമൃദ്ധവും നീണ്ടിടംപ്പെട്ടതും, മഴമേഘംപോലെ കുളുർമയുള്ളതും, ഉള്ളിൽ കളിമ്പമുള്ളതും, തങ്ങളിൽപ്പൊരുതുന്നതും ആണ് അവളുടെ കണ്ണുകൾ. കരികാലചോളന്റെ പിതാവായിരുന്ന ഇളഞ്ചോട്ചെന്നി തന്റെ സാമന്തരെ നോക്കിയിരുന്നതുപോലെയാണ് അവൾ നായകനെ നോക്കുന്നത്! അതിനാൽ ഒരു കാലത്തു് അവൾ തന്റെ പത്നിയായിത്തീരുമെന്ന് നായകനു് ഉറപ്പുണ്ട്. അതിഥികൾക്ക് മഴപോലെ കള്ളു മുക്കികൊടുത്തിരുന്ന ഓരി എന്ന ദാനവീരന്റെ വകയായ കൊല്ലിമലയിൽ ഉള്ള മയിലിന്റെ പീ

ലിപോലെ നീണ്ടു തഴച്ച് അഴകാർന്ന അവളുടെ തലമുടി ഒരുകാലത്തു് തന്റേതുമാത്രമായിത്തീരും എന്നു് നായകൻ നെഞ്ചിനെ ആശ്വസിപ്പിക്കുന്നു.

പടിഞ്ഞാറെ കടൽവക്കിൽ, കൊൺകാനദേശത്തു്, ഏഴിമലയ്ക്കധിപനായിരുന്ന നന്നന്റെ സാമന്തനായിരുന്ന മിഞിലി. ഇദ്ദേഹം ആയ് എയിനനെ പടയിൽ തോല്പിക്കുകയുണ്ടായി.

സുന്ദരിമാരുടെ തലമുടിയുടെ ഉടമ അവരുടെ ഭർത്താക്കന്മാരാണ്. അതുകൊണ്ടാണത്രെ ഭർത്താക്കന്മാർ മരിച്ചാലുടൻ, വൈധവ്യചിഹ്നമായി, പത്നിമാർ മുടിവടിച്ചു കളയുന്നതു്! നായികയുടെ സൗന്ദര്യത്തെ നഗരത്തിന്റെ സമൃദ്ധിയോടുപമിക്കുന്നതു് തമിഴ്സാഹിത്യത്തിലെ ഒരു വഴക്കമാണ്. പരസ്പരതുല്യങ്ങളായ കണ്ണുകൾ തമ്മിൽ പൊരുതുന്നു; അതിനു് മറെറാരു ഉപമാനമില്ല!)

13 ജനുവരി, 1978

## II പാലത്തിണ

വേനലിന്റെ ശക്തിമൂലം വരണ്ടു് മണൽക്കാടായിത്തീർന്ന കുറിഞ്ചി–മുല്ല–നിലങ്ങൾകൂടുന്ന മലമ്പ്രദേശങ്ങളും മററുമാണ് പാലനിലം. കൊള്ളയും പിടിച്ചുപറിയും നടത്തുന്ന മറവർ, എയിനർ മുതലായവർ ഇവിടെ പാർക്കുന്നു. ഇവർ പറയും തുടിയുമടിച്ചു് വഴിയാത്രക്കാരെ കൊള്ളയിടുന്നു; അയൽഗ്രാമങ്ങളിൽച്ചെന്നു പശുക്കളെ മോഷ്ടിക്കുന്നു. വെയിൽകൊണ്ടു് പാറപൊളിഞ്ഞ ഈ പ്രദേശത്തു് ക്ഷീണിച്ച ആനകൾ ചെളിവെള്ളമന്വേഷിച്ചു് അലയുന്നു. വിവാഹത്തിന്നു് ആവശ്യമായ പണം സമ്പാദിക്കാൻ നായകനും, പിറന്ന വീട്ടിൽനിന്നു് നായകനോടൊത്തു് ഒളിച്ചോടിപ്പോകുന്ന നായികയും പാലനിലത്തിലൂടെയാണ് യാത്രചെയ്യുന്നതു്. വിരഹമാണ് പാലത്തിണയുടെ അടിസ്ഥാനഭാവം.

വെൺപൂതി

## 21. പൊരുളും അരുളും

മഴ വീഴാതേ ചൂടാൽപ്പൊരിയും മരുനിലം;
കവരക്കൂർ മുൾക്കള്ളിക്കായ് പൊട്ടും കടുംശബ്ദം

മിനുത്തചിറകുകളരുമ്മുമിണപ്പിറാ—
വിനത്തെപ്പറപ്പിച്ചു പൊങ്ങുന്നി; താമാർഗ്ഗങ്ങൾ

ദുർഗ്ഗമങ്ങളെന്നെണ്ണാതെൻ തോഴീ, പണം നേടാൻ
ദുഃഖിതർ നമ്മെപ്പിരിഞ്ഞദ്ദേഹം പൊമെന്നാകിൽ

പൊരുൾ മാത്രമേ പാരിൽപ്പൊരുളായുള്ളു സത്യം!
അരുളിന്നാധാരമായതുമി, ല്ലതും സത്യം!

(വെള്ളൂർ കിഴാരുടെ മകൻ വെൺപൂതി രചിച്ചതും ''കുറുന്തൊകൈ''യിൽ 174–ാമത്തേതായി ചേർത്തതുമാണ് ഈ ഗാനം. വിവാഹത്തിനു മുൻപ് പണംതേടി നായകൻ പരദേശത്തു പോകുമെന്നറിഞ്ഞ് നായികയ്ക്കുണ്ടാകുന്ന വിരഹദുഃഖമാണ് പ്രതിപാദ്യം എന്നതിനാൽ ഈ കവിത പാലത്തിണയിൽപ്പെടുന്നു. മരുഭൂമിയും വേനൽക്കാലവും ഈ വിരഹവേദനക്ക് പറ്റിയ പശ്ചാത്തലം നൽകുന്നു. കാമുകന്റെ പ്രവാസനിശ്ചയമറിഞ്ഞ നായിക തോഴിയോടു പറയുന്നതാണ് സന്ദർഭം. കവരക്കൂർ മുൾക്കള്ളി–കവരങ്ങളും കൂർത്തമുള്ളുകളുമുള്ള ചെടി. കള്ളിക്കായ പൊട്ടുന്ന ശബ്ദം കേട്ടയെന്ന് ഇണപ്രാവുകൾ പറന്നു പോകുന്നു. പൊരുൾ–പണം; സർവ്വപ്രധാനമായ വസ്തു എന്നും. അരുൾ–കരുണ)

4 ഏപ്രിൽ, 1976

കയമനാർ

## 22. ഒളിച്ചുപോകുമ്പോൾ

വെയിൽകാണാതേ മൂടിനില്ക്കുക നീളേ നിഴൽ,
മലയിൽച്ചരൽപ്പാത മണലാൽ നിറയുക,

മഴയും തണുപ്പാർന്നു പെയ്യുക, തിളങ്ങുന്ന
നെടുവേലേന്തും യുവാവൊത്തു ഞങ്ങളെ വിട്ടു

മാന്തളിരെതിർ നിറം മുഗ്ദ്ധഭാവവും പൂണ്ട
പെൺകിടാവൊളിച്ചു പൊയീടുമച്ചുരത്തിങ്കൽ!



(മാതാപിതാക്കൾ അറിയാതെ പ്രണയബദ്ധയായിത്തീർന്ന നായിക നായകനുമൊന്നിച്ച് ഒളിച്ചുപോയി. കടുത്ത വേനലിൽ മലഞ്ചുരത്തിലൂടെയുള്ള വഴിയിൽ അവൾക്കു നേരിടാവുന്ന ക്ലേശങ്ങളെപ്പറ്റി ചിന്തിക്കുന്ന വളർത്തമ്മ (ചെവിലിത്തായ്) യുടെ പ്രാർത്ഥനയാണ് മേൽച്ചേർത്ത കവിതയിൽ. മാന്തളിരിന്റെ കരിഞ്ഞുകപ്പു നിറത്തെ (മാമൈ) സംഘകവികൾ സ്ത്രീ സൗന്ദര്യലക്ഷണമായി വാഴ്ത്തിയിരുന്നു. വഴിയവിവരം ഇല്ലാതിരിക്കലും (മടമൈ) സ്ത്രീകൾക്ക് അലങ്കാരംതന്നെ. വഴിയിലുണ്ടാകാവുന്ന കാട്ടുമൃഗങ്ങളിൽ നിന്നും പിടിച്ചുപറിക്കാരിൽനിന്നും നായികയെ രക്ഷിക്കുന്നതിനുള്ളതാണ് കാമുകന്റെ കൈയിലെ നെടിയ വേൽ. ''കയമനാർ'' എന്നതു കവിയുടെ ബിരുദനാമമാകുന്നു. തണ്ടുനീണ്ട നെയ്തൽപ്പൂ കുളകയത്തിൽ മുങ്ങുന്ന സ്ത്രീകളുടെ കണ്ണുകളോട് ഉപമിച്ചതിൽനിന്നാണ് ഈ പേരിന്റെ ഉത്ഭവം. യഥാർത്ഥനാമം എന്തെന്നറിവില്ല. ''കുറുന്തൊകൈ''യിൽ 378–ാമതായി ഈ കവിത ചേർത്തിരിക്കുന്നു.)

2 മെയ്, 1979

പെരുംകടുംകോ

## 23. നെഞ്ചിൽ ഒരഗ്നികുണ്ഡം

നായിക:

ക്രൂരം ഹലായുധമേന്തുന്ന രാമന്റെ
മാറിൽ വനമാലയെന്നപോലെ

വെള്ളക്കടമ്പിൻ മുകളിലഴകാർന്ന്
പുള്ളിമയിലുകളാടിടുന്നു.

കമ്പി മുറുകിയ വീണ പോലാർക്കുന്നു
തുമ്പികൾ നീളേ വനാന്തരത്തിൽ,

മൂളുന്ന വണ്ടുകൾ, കൈവളയേന്തിയ
പാണക്കിടാത്തികളെന്നപോലെ.

ഏതോ മധുരമാം സംഗീതധാരയി—
ലൂഴി മുഴുവൻ മുഴുകിടുന്നു.

തോപ്പിൻകുളക്കരെ തോറും ''മണംവായ്ച്ച
പൂക്കളിൽപ്പൈന്തേൻ നുകരു''കെന്നായ്

ആടുന്നചില്ലകൾ കൊണ്ടു തേനീച്ചക—
ളോടു മരങ്ങൾ വിളിച്ചു ചൊൽവൂ.

താരം കരിങ്കുയിൽ കൂകുന്നു; വൻതുറ—
നീരിലഴകു വിരിഞ്ഞുനിൽപ്പൂ.

എത്തിക്കഴിഞ്ഞു വസന്തോത്സവത്തിന്റെ
മൊത്തം മനോജ്ഞതയാർന്നകാലം.

എങ്കിലും തോഴീ, തിരിച്ചുവരാഞ്ഞതെ-
ന്തെൻ പ്രിയ, നെന്നെ വെടിഞ്ഞുപോയോൻ?
എത്രവിളർത്തുപോയ്, ഈ വിരഹംമൂല-
മെത്ര വിളർത്തുപോ,യെൻെറ നെററി!

എത്രമെലിഞ്ഞുപോയ്, ഏററം തളർച്ചയാ-
ണെത്ര മെലിഞ്ഞുപോ യെൻെറ തോൾകൾ!
''കാലമല്ലോമഴ'' 'യ്യെന്നു കണ്ണീർച്ചുട-
മാറിയെൻ കൺകൾ ചൊരിഞ്ഞിടുന്നു.

അങ്ങു മലകൾ കടന്നുപോയോൻ തിരി-
ച്ചിങ്ങു വരും വഴി കാട്ടുവാനോ
പൊങ്ങും മുലകൾക്കിടയിൽക്കനലുമി-
ട്ടെൻ കരളുന്നിദ്രമായിരിപ്പൂ?

കാതൽ മറന്നുവോ കാന്തൻ? എന്താണൊരു
ദൂതനെപ്പോലുമയച്ചിടായ്‌വാൻ?
കാന്തനെക്കാണുമോ വീണ്ടും? അതോ, നൊന്തു
നൊന്തു മരിയ്ക്കുവാൻ യോഗമെന്നോ?

നമ്മെ വെടിഞ്ഞു വിദേശമുഠപ്പുക്കവ-
നങ്ങു താൻ പാർക്കാനുറച്ചതാമോ?

തോഴി:

എത്രയോ കാലം പിരിഞ്ഞു വസിക്കവാ-
നദ്ദേഹമോർക്കുകി, ല്ലായിടട്ടേ;
അററം മുറി,ച്ചഴകാന്ന നിൻ കുന്തലി-
ലേററം ജടകെട്ടിയെങ്കിലാട്ടേ;

സ്നേഹത്തൊടൊപ്പം വിരഹവു മുണ്ടതു
ലോകസ്വഭാവമാ;ണെന്നിരിയ്ക്കേ,
നിന്നെയിമ്മാതിരി കാണുന്നനേരത്തി-
ലെന്തിനെന്നുള്ളം ജ്വലിച്ചിടുന്നു,

നാന്മറ കേട്ടവ, രന്തണർ തൻ യാഗ-
ശാലയിൽ,ക്കുണ്ഡത്തി,ലഗ്നിപോലെ?

(ചേരരാജവംശത്തിൽപ്പിറന്ന പെരുംകടുംകോ പാലത്തിണയിൽപ്പെട്ട കൃതികൾ രചിക്കുന്നതിലുള്ള വൈദഗ്ധ്യംമൂലം ''പാലൈ പാടിയ പെരുങ്കടുംകോ'' എന്ന പേർ നേടി. ''അകനാനൂറി''ൽ പന്ത്രണ്ടും ''പുറനാനൂറി''ൽ ഒന്നും ''നററിണൈയ''യിൽ പത്തും കലിത്തൊകൈയിൽ മുപ്പത്തഞ്ചും പാട്ടുകൾ ഇദ്ദേഹം നിർമ്മിച്ചതായി കാണുന്നു. പുറനാനൂറിൽ ''പേയ്മകൾ ഇളവെയിനി'' എന്ന കവയിത്രി രചിച്ച ഒരു ഗാനത്തിൽ നിന്ന്, ധർമ്മിഷ്ഠനും ദാനശീലനുമായ കടുങ്കോ വഞ്ചിനഗര



ത്തിലിരുന്നു രാജ്യം ഭരിച്ചതായി അറിയാം. ഈ വഞ്ചിനഗരം തിരുവഞ്ചിക്കുളമായിരിക്കാം.

''കലിത്തൊകൈ'' പാലക്കലിയിലെ മുപ്പത്തഞ്ചാമത്തെ പാട്ടാണ് ഇവിടെ വിവർത്തനം ചെയ്ത് ചേർത്തിട്ടുള്ളതു്. വിരഹമാണ് പാലത്തിണയുടെ വിഷയം. വിരഹം വിവാഹത്തിനു മുൻപോ പിൻപോ ആവാം. വിദേശത്തു പോയ നായകൻ വസന്തകാലമായിട്ടും തിരിച്ചുവരാത്തതിൽ വിലപിക്കുന്ന നായികയോടു തോഴി സഹതപിക്കുന്നതാണ് ഈ കവിതയുടെ സന്ദർഭം. ഹലായുധം=ബലഭദ്രൻെറ ആയുധമായ കലപ്പ. തുമ്പി=കരിവണ്ട്, താരം=ഉറക്കെ. തുറന്ന പൊയ്കയിലെ ജലം. ''എത്ര വിളർത്തു പോയ്''......''വിരഹത്തിൽ നായികയുടെ നെററി (നുതൽ) വിളർക്കുകയും തോൾ മെലിഞ്ഞുതളരുകയും ചെയ്യുമെന്നു് സംഘകാവ്യസങ്കേതം. ''അങ്ങു മലകൾ'' വഴിയില്ലാത്ത മലകൾക്കിടയിലൂടെ തിരിച്ചുവരുന്നവർക്ക് ദൂരെക്കാണുന്ന തീയും പുകയും മാർഗ്ഗനിർണ്ണയനത്തിന് ഉപകരിക്കുമല്ലോ. ഉറക്കമിളക്കുമ്പോൾ കനലിന്നുതീരുന്നു് തീകായുകയും ആവാം. ഉന്നിദ്രം=ഉറങ്ങാത്തതു്. കാതൽ=പ്രേമം. നാന്മറ=വേദങ്ങൾ. ശ്രുതികൾ കേൾക്കുകയാണല്ലോ വേണ്ടതു്. ''നിൻെറ ദുഃഖത്തിൽ ഞാൻ എന്തിന് ഇത്ര എരിപൊരികൊള്ളണം?'' എന്നു് തോഴി നായികയോടു ചോദിച്ചു.)

27 ജൂൺ, 1976

കൂവൻ മൈന്തൻ

## 24. മൂകവേദന

മരുനിലം; വേനൽ; വരണ്ടതാംപാത
പിരിവുകൾ പിണഞ്ഞകന്നു പോകുന്നു.

അതിലൂടെ നിന്നെ വെടിഞ്ഞുപോയി നിൻ
പതി; അവൻെറയിക്കൊടുമ നിൻകരൾ-

ക്കരുളിയ നോവാലുറങ്ങാതായി നീ;
അതുകണ്ടെൻ കരള,തിലും നോവുന്നു,

കിണററിൽ വീണ ചെങ്കുരാലിപ്പയ്യിൻെറ
കടുത്ത നോവുകളിരവിൽക്കാണുമ്പോ-

ളൊരുമൂകനുണ്ടാം കൊടിയനോവുപോൽ;
അഴലിതെങ്ങിനെ പൊറുക്കും തോഴി, ഞാൻ?

(കുറുന്തൊകൈയിൽ 224-ാമതായി ചേർത്തതാണു് ഈ പാട്ട്. വിരഹവേദനയാണു് പ്രതിപാദ്യം. മരുഭൂമിയും വേനലും ഈ വികാരത്തിനു പററിയ പശ്ചാത്തലം നൽകുന്നു. വിരഹിണിയായ നായികയെ തോഴിആശ്വസിപ്പിക്കുന്നതാണ് സന്ദർഭം. പിരിവുകൾപിണഞ്ഞു്..''= മരുഭൂമിയിലെ ഒററയടിപ്പാതകൾ തമ്മിൽപ്പിണഞ്ഞു നീളുന്നതിനാൽ വഴിയറിയുക പ്രയാസമാണു്. ''എൻകരളിലും..''=എൻെറ ഹൃദയത്തിൻെറ

വേദന നിന്റെ വേദനയേക്കാൾ വലുതാണ്. ചെങ്കുരലി—ചുമന്ന അഗ്നിവർണ്ണമുള്ള പശു. പഴയ മലയാളത്തിൽ ''കിരാലി'' എന്നും പറഞ്ഞിരുന്നു. രാത്രിയിൽ കിണററിൽ വീണ പശുവിനെ കാണുമ്പോൾ ഒരു ഊമക്ക് നിസ്സഹായതമൂലമുണ്ടാവുന്ന ഹൃദയവേദനയോട് നായികയുടെ ദുഃഖം കണ്ട് ഉണ്ടാവുന്ന തന്റെ ദുഃഖത്തെ തോഴി ഉപമിക്കുന്നു. കൂവൽ എന്നാൽ കിണർ. ''കിണററിൽ വീണ പശുവിന്റെ വേദന കാണുന്ന ഊമയുടെ വേദന'' എന്ന അപൂർവ്വമായ സങ്കല്പത്തെ അടിസ്ഥാനമാക്കി സഹൃദയന്മാർ കവിക്കു നൽകിയ ബിരുദനാമമാണ് ''കൂവൻ മൈന്തൻ'' (കൂപപുത്രൻ)എന്നതു്. കവിയുടെ ശരിയായ പേരു മറന്നു പോയിരിക്കുന്നു.)

18 ജൂലൈ, 1976

പെരുംകടുംകോ

## 25. യാത്രാമംഗളം

ഊരിൽ നീളെയപവാദ മുയരട്ടേ; തെരുവെങ്ങു—
മാരവാരം മുഴങ്ങട്ടേ, ധർമ്മമോരാതെ.
ഒന്നിനും സമ്മതിയ്ക്കാതെ, നിന്നെയിമ്മട്ടലട്ടുന്നോ—
രമ്മ താനേ തന്റെ വീട്ടിലിരുന്നീടട്ടേ:
ദൂരെയേതോ നാട്ടിൽ, വാനിലുരുമ്മുന്ന മലയുടെ
ചാരെ, നീളും കാട്ടുപാത താണ്ടിടും നേരം
കരിമ്പിൻ തൈ നടാനുള്ള തടമൊത്ത കാട്ടാനതൻ
കഴിഞ്ഞ കാലടിപ്പാടിലുറന്നവെള്ളം
കാട്ടുനെല്ലിക്കനി തിന്ന കൂർത്തപല്ലുമധുരിയ്ക്കേ
കാന്തനൊത്തു വേണ്ടുവോളം കുടിച്ചാലും നീ!

(''പാലൈ പാടിയ പെരും കടുംകോ'' എന്ന ചേരരാജാവ് നിർമ്മിച്ചതും ''കുറുന്തൊകൈ''യിൽ 262-ാമതായി ചേർത്തതുമാണ് ഈ പാട്ട്. കാമുകനൊത്ത് ഒളിച്ചോടിപ്പോകുവാൻ നായികയെ തോഴി ഉപദേശിക്കുന്നതാണ് സന്ദർഭം. നായിക ഒളിച്ചോടിയാൽ അപവാദമുണ്ടാവും; തെരുവിൽ ബഹളമാവും; വീട്ടിൽ അമ്മ തനിച്ചാവും; സാരമില്ല. കാട്ടുപാതയിലൂടെ പോകുമ്പോൾ ആനയുടെ കാല്പാടുകളിൽ ഊറിയ ചളിവെള്ളം, കാട്ടുനെല്ലിയ്ക്കു തിന്നു ചവച്ചാൽ പല്ലുകൾ മധുരിയ്ക്കേ, കാമുകനൊത്ത് നീ കുടിക്കുമാറാകട്ടെ എന്നു തോഴി നായികയെ അനുഗ്രഹിക്കുന്നു. പുത്രിയെ യോഗ്യനായ കാമുകനു വേളി കഴിച്ചുകൊടുക്കുന്നതാണ് അമ്മയുടെ ധർമ്മം. അതുചെയ്യാൻ ശ്രമിക്കാത്ത അമ്മ ധർമ്മം ഓർക്കാത്തവരാം അത്രേ.)

18 ആഗസ്റ്റ്, 1976

പെരുംകടുംകോ

## 26. യാത്രാവിഘ്നം

''ആദിയിലാത്മഭൂവായിപ്പിറന്ന നാന്മുഖൻ മുമ്പാ—
മാദിതേയരടിമപ്പിശ്ശത്രു സംഹാരമർത്ഥിയ്ക്കേ,
യമൻപോൽ ക്രുദ്ധനായ് മായാവികളാം ദാനവന്മാരെ—
യിടഞ്ഞു ഭസ്മമാക്കാനായ് മുതിർന്നോൻ, മൂന്നു—
കണ്ണാർന്നോൻ,
മഴവേന്തും മഹാദേവൻ മുപ്പുരങ്ങൾ തകർക്കുമ്പോൾ
അവിടത്തെ മുഖംപോൽ തീക്കനൽ വർഷിക്കവേ
സൂര്യൻ
ശിവകോപാഗ്നിയിൽ മൂന്നു പുരങ്ങൾ ചാമ്പലായെങ്ങു—
മുതിർന്നപോൽഗ്ഗിരിശൃംഗം പിളർന്ന കാൽനടപ്പാത—
യടഞ്ഞു കാട്ടുതീയെങ്ങും പടർന്നുള്ള ചുരംകേറി,
പ്രിയംനിന്നിൽപ്പെരുത്തുള്ളോളിവളെയിങ്ങുകൈവിട്ടു
പരദേശം പൂകുവാനായ് തുനിയും നീയിതു കേൾക്ക:
വലയുന്നോർക്കു നൽകായ്കയപമാനമെന്നുറച്ചും
മലകേറിച്ചെന്നു നേടും ധനമോർത്താൽ ധനമാമോ?
ധനമെന്നാൽ, നീയകന്നാലുയിർപോകിസ്സതി തന്റെ
മുലതിങ്ങും മാറിടത്തെപ്പിരിയാതെ വാഴ്‌വതല്ലോ.
ഇരപ്പോർക്കൊന്നുമേകായ്കയപമാനമെന്നുറച്ചു
ചുരമേറിച്ചെന്നു നേടും ധന, മോർത്താൽ, ധനമാമോ?
ധനമെന്നാൽ, സ്സതീധർമ്മവ്രതയാം നിൻ പ്രിയതന്റെ
പുണരേണ്ടും മാറിടത്തെപ്പിരിയാതെ വാഴ്‌വതല്ലോ''.
അഗതികൾക്കു നൽകായ്കയപമാനമെന്നുറച്ചു
വനം താണ്ടിച്ചെന്നുനേടും ധന,മോർത്താൽ, ധനമാമോ?
ധനമീ യുത്തരതാരാവന്ദ്യചാരിത്രയാം തന്റെ
മൃദുവാം തോൾപ്പുറപ്പെന്നും പിരിയാതെ വാഴ്‌വതല്ലോ.

ഇങ്ങനെ,
''ഇവർ ദുഃഖിയ്ക്കവേ ദ്രവ്യം തേടുവാൻ നാടുവിട്ടെന്നാ—
ലതു കാരുണ്യമല്ലെ''ന്നായ്പ്പലതും ഞാൻ പറഞ്ഞ—
പ്പോൾ,
കുത്തിടും മുൾമുനക്കുന്നത്തിന്നടങ്ങാക്കൊലയാന—
ക്കൂററനേതോ വീണമീട്ടും സ്വരം കേട്ടിട്ടടങ്ങുംപോൽ,
ദയകൊണ്ടും നിൻനിസർഗ്ഗ സൗഭഗം ചോർന്നുപോമെന്ന
ഭയംകൊണ്ടും യാത്ര നിർത്തിവെച്ചു നിൻ വല്ലഭൻ, തോഴി!

(പാലൈ പാടിയ പെരുംകടുംകോ ആണ് ''കലിത്തൊകൈ'' എന്ന സമാഹാരത്തിലെ പാലത്തിണൈയിൽപ്പെട്ട മുപ്പത്തഞ്ചു ഗാനങ്ങളുടെ കർത്താവ്. മററു സമാഹാരങ്ങളിലും ഇദ്ദേഹത്തിൻെറ കൃതികൾ കാണാം.

പാലക്കലിയിലെ ആദ്യത്തെ ഗാനത്തിൻെറ വിവർത്തനമാണ് മേൽച്ചേർത്തതു്. ദരിദ്രരായ യാചകർക്ക് നൽകുന്നതിനു വേണ്ടി പണം സമ്പാദിക്കാനായി മല കടന്നു പോകാൻ മുതിരുന്ന നായകനെ, നായികയുടെ വിരഹദുഃഖം ചൂണ്ടിക്കാട്ടിയും അവളെ പിരിയാതെ ജീവിക്കുന്നതാണ് നായകനെ സംബന്ധിച്ചിടത്തോളം യഥാർഥധനം എന്നു് ഉദ്ബോധിപ്പിച്ചും യാത്രയിൽ നിന്നു താൻ തടുത്തതായി തോഴി നായികയോടു പറയുന്നതാണ് സന്ദർഭം. വിരഹം വിഷയമാകയാൽ ഇതു പാലത്തിണൈയാണ്. ആദിയിൽ=ലോകാരംഭത്തിൽ. ആത്മഭൂവ്—സ്വയംഭൂ; മറെറാരാളാൽ സൃഷ്ടിക്കപ്പെടാത്തവൻ. നാന്മുഖൻ=ബ്രഹ്മാവ്. ആദിതേയർ=ദേവന്മാർ. മുപ്പുരങ്ങൾ എരിക്കുന്ന സമയത്തു് ശിവൻെറ ക്രുദ്ധമായ മുഖംപോലെയാണ് ചുരത്തിലെ സൂര്യൻ. വെയിലേററു പാറകൾ പൊളിഞ്ഞുവീണ് വഴി മുടങ്ങിയിരിക്കുന്നു; കാട്ടു തീ പരന്നിരിക്കുന്നു. ഉത്തരതാരാവന്ദ്യ ചാരിത്ര്യയാം=വടക്കു ഭാഗത്തുള്ള നക്ഷത്രമായ അരുന്ധതിയെപ്പോലെ വാഴ്ത്തപ്പെടേണ്ട പാതിവ്രത്യമുള്ള നായിക. വരൻ വധുവിന്നു് അരുന്ധതിയെ കാണിച്ചുകൊടുക്കുന്നതു് വൈദികവിവാഹത്തിലെ ഒരു മുഖ്യ ചടങ്ങാണ്. തോൾപ്പരപ്പ്=പരന്നതോൾ.

കലിപ്പാട്ടുകൾ എഴുതിയിട്ടുള്ളതു് ''കലിപ്പാ'' എന്ന വൃത്തത്തിലാണ്. ആദ്യം ''തരവ്'' എന്ന ഉപക്രമം, പിന്നീട് ''താഴിസൈ'' എന്ന, ഏറക്കുറെ സമാനാർത്ഥങ്ങളായ മൂന്നു ഖണ്ഡികകൾ, ഒററവാക്കിൽ ഒരു ''തനിച്ചൊല്ല്'', ''ഒടുവിൽ ചുരിതകം'' എന്ന ഒരു ഉപസംഹാരം എന്നിവ ഓരോ കലിപ്പാവിന്നും ഉണ്ടായിരിക്കണം. ഇതിൽത്തന്നെ അല്പസ്വല്പം വ്യത്യാസങ്ങളും കാണാം. ഈ വിവർത്തനത്തിൽ ആദ്യത്തെ പതിനൊന്നു വരി തരവ്; പിന്നീട് ഓരോന്നും നാലുവരി വീതം മൂന്നു താഴിസൈ; ''ഇങ്ങിനെ'' എന്ന തനിച്ചൊല്ല്, തുടർന്ന് ആറു വരികളുള്ള ചുരിതകം എന്നിവ കാണുക.)

15 ആഗസ്റ്റ്, 1976

കയമനാർ

## 27. അടിച്ച കയ്യിൻെറ വേദന

വേർ മുതല്ലുണങ്ങി നിന്നീടുന്നു വററൽമരം:
പൂതലിച്ചതാമതിൻ തടിയിൽത്തുളകളിൽ
തേർമണി മുഴങ്ങുംപോലാക്കുന്നു ചീവീടുകൾ;
വേനൽച്ചൂടിനാൽ തളർന്നുള്ള പൊൻതലയോന്തോ,
ഈ മരത്തടി വെടിഞ്ഞിറങ്ങി, തലയാട്ടി
വെൺഞെമരക്കാട്ടിൽപ്പോയ് മെല്ലെമറയുന്നു.
വാൾപ്പല്ലും വരിത്തോലുമാർന്നവൻ പുലിയോടു
നേർത്തു മെയ് മുറിപ്പെട്ട കാട്ടാനക്കൊമ്പൻ, നൊറി—



ച്ചോരയാൽ മദകരിപ്പുള്ളികൾ മാഞ്ഞീടവേ
പാഞ്ഞുപോയ് മലയ്ക്കുമേലിടിപോൽഗ്ഗർജ്ജിക്കുന്നു.
വിജനംമാർഗ്ഗം; ചുരംദുർഗ്ഗമം; അവൾ, പാവ,—
മവനൊത്തിതു വഴി പോയെന്നല്ലയോ കേൾപ്പൂ ?

ആനതൻ രവമനുകരിക്കും കിളികളും
ആടുന്ന കളിമയിൽക്കൂട്ടവും നിറഞ്ഞതായ്,
വിശന്നെത്തുവോർക്കേറ്റം നേരത്തും ചോറുള്ളതായ്,
മിഴാവിൻ നാദം സദാ കേൾപ്പതായ്, സമ്പന്നമാം
അച്ഛൻെറ വിശാലമാം മേടയിൽ നടക്കേ, ക്കാ—
ലല്പമൊന്നിടറിയാൽ നൊന്തേറെക്കരയുവോൾ,
മല്പനേത്രയാൾ, ളെൻെറ മകൾ തൻ ഗൂഢപ്രേമം
വല്ലാത്തോരപവാദമായ്ക്കാതിൽപ്പതിയ്ക്കവേ,
അവൾ തൻ മെടഞ്ഞിട്ടതായ്പ്പിന്നിയ മുടി, മാല—
യടക്കമിടം കയ്യാൽ വലിച്ചു ചുററിപ്പൊക്കി,
വലംകയ്യിലെ വടി ചതയുന്നതുവരെ—
യലിവെന്നിയേ ഞാനന്നവളെ തല്ലീലയോ?
എന്തൊരു ധൈര്യം! മിണ്ടീലക്ഷരമൊന്നും, തേങ്ങീ,—
''ലെൻേറതാണമ്മേ, പുറം'' എന്നവൾ പറഞ്ഞീല!

അന്നിയാം വീരൻ മുന്നം കുറുക്കൈപ്പടമന്നിൽ
മന്നവൻ തിതിയനെക്കീഴടക്കിയശേഷം,
അവൻെറ കാവൽപ്പുന്നമരത്തെവീഴ്ത്തി, ക്കൊമ്പും
തടിയും വേരും കൊത്തിനുറുക്കിക്കളഞ്ഞപ്പോൾ,
ഏതു നോവനുഭവിച്ചിരിക്കാം പൂങ്കൊത്തുകൾ
ആമൂലം നിറ, ഞൊറെ പ്രായമായൊരാവൃക്ഷം,
കൊട്ടതാമതേ നോവാൽ വിങ്ങുന്നു മകളെയ—
ന്നതുപോൽ തല്ലിച്ചതച്ചുള്ളൊരെൻ കൈയിക്കാലം!

(പതിമൂന്നു മുതൽ മുപ്പത്തൊമ്പതുവരെ വരികളുള്ള നാനൂറ് പാട്ടുകളുടെ സമാഹാരമാണ് ''നെടുംതൊകൈ'' എന്നുകൂടി വിളിക്കപ്പെടുന്ന ''അകനാനൂറ്''. കളിററിയാനൈനിരൈ, മണിമിടൈപവളം, നിത്തിലക്കോവൈ എന്ന് യഥാക്രമം പേരുള്ള മൂന്നു ഭാഗങ്ങളായി ഇതു വിഭജിക്കപ്പെട്ടിരിക്കുന്നു. ഇതിൽ മണിമിടൈപവളത്തിലെ ഇരുപത്തഞ്ചാം പാട്ടിൻെറ വിവർത്തനമാണ് മേൽച്ചേർത്തതു്. കയത്തിൽ മുഴുകുന്ന കാമിനിയുടെ കണ്ണിനോട് നെയ്തൽപ്പൂവിനെ ഉപമിച്ചതുമൂലം ''കയമനാർ'' എന്ന ബിരുദപ്പേർ നേടിയ ഒരു കവിയുടേതാണ് ഈ പാട്ട്. പല സമാഹാരങ്ങളിലായി ഇദ്ദേഹത്തിൻെറ ഇരുപത്തിമൂന്നു പാട്ടുകൾ കിട്ടിയിട്ടുണ്ട്.

രഹസ്യാനുരാഗം പരസ്യമായതിനെത്തുടർന്ന് വീട്ടുതടങ്ങലിൽവയ്ക്കപ്പെട്ട മകൾ തരം കിട്ടിയപ്പോൾ കാമുകനോടൊത്ത് ചാടിപ്പോയി. അവളെ അന്വേഷിച്ച് മലച്ചുരംവരെ ചെന്ന വളർത്തമ്മയുടെ വിലാപമാണ് പ്രസ്തുതം. (സംഘസാഹിത്യത്തിൽ സാധാരണയായി പെററമ്മമാർ സംസാരിക്കാറില്ല; ''ചെവിലിത്തായ്'' (വളർത്തമ്മ)മാരാണ് ആ കാര്യം നിർവ്വഹിക്കുന്നത്.) ചുരത്തിലൂടെയുള്ള ഒളിച്ചോട്ടത്തെ വർണ്ണിക്കുന്നതിനാൽ ഈ കവിത പാലത്തിണയിൽപ്പെടുന്നു.

''കുറുക്കൈ'' എന്ന സ്ഥലത്തു നടന്ന യുദ്ധത്തിൽ അഴുന്തൂർ തിതിയൻ എന്ന നാടുവാഴിയെ അന്നി എന്ന ഒരുവൻ തോല്പിച്ചു. തിതിയന്റെ രാജാധികാരത്തിന്റെ ചിഹ്നമായിരുന്ന പഴയ പുന്നമരത്തെ—ഇത്തരം രാജകീയ വൃക്ഷങ്ങളെ ''കാവൽമരം'' എന്നു വിളിക്കുന്നു—അന്നിവെട്ടി വീഴ്ത്തി കഷണങ്ങളായി നുറുക്കിക്കളഞ്ഞു. പിന്നീട് തിതിയൻ അന്നിയെ കൊന്നുവെന്ന് ഒരു പാട്ടിൽ നക്കീരർ എന്ന കവി പറയുന്നുണ്ട്. മകളുടെ അനുരാഗാപവാദം ആദ്യം അറിഞ്ഞപ്പോൾ വളർത്തമ്മ അവളെ വടിചതയും വരെ അടിക്കുകയുണ്ടായി. അങ്ങിനെ അടിച്ച തന്റെ കയ്യിനു്, പണ്ട് അന്നി വെട്ടിനുറുക്കുമ്പോൾ തിതിയന്റെ പുന്നമരത്തിനുണ്ടായ അതേവേദന ഇപ്പോൾ വന്നുചേർന്നിരിക്കുന്നതായി, പുത്രീവിരഹം നിമിത്തം തപിക്കുന്ന ആ വളർത്തമ്മ വിലപിക്കുന്നു. വററൽ, ഞെമ എന്നിവ വരണ്ട നിലത്തു വളരുന്ന രണ്ടുതരം മരങ്ങൾ. തേർമണി=തേരിൽ കെട്ടിയമണി. പൊൻ തലയോന്ത്=സ്വർണ്ണനിറമുള്ള തലയോടുകൂടിയഓന്ത്. നേർത്ത്=എതിർത്ത്. രവം=ശബ്ദം. കിളികൾ=തത്തകൾ. അവ വീട്ടിൽ വളർത്തുന്ന ആനകളുടെ ശബ്ദംകേട്ട്, അതു അനുകരിക്കുന്നു. മിഴാവ്=വാദ്യവിശേഷം; നൃത്തത്തിനും സംഗീതത്തിനും മററും ഉപയോഗിച്ചിരുന്നു. മല്ലനേത്ര=തമ്മിൽത്തമ്മിൽ സ്പർദ്ധിക്കുന്ന കണ്ണുകൾ ഉള്ളവൾ. ആമൂലം=പേരു മുതൽ മുകളിലേക്ക്.)

22 ആഗസ്റ്റ്, 1976

ഗൗതമൻ സഹദേവനാർ

## 28. ആമൂർ സ്വന്തമായാൽപ്പോലും

തെളിനീർക്കഴിസ്ഥലങ്ങളിൽ വിളഞ്ഞ വെൺകല്ലുപ്പു
പറഞ്ഞവിലയ്ക്കുവിററെത്തുവോർ ഉമണന്മാർ,
വളഞ്ഞ നുകത്തിൽ നിന്നഴിച്ചു,മേയാൻ, തോളു—
ക്കിയന്ന വണ്ടിക്കാളകളെവിട്ടതിൻശേഷം,
പാതവക്കത്തുണ്ടാക്കിത്തീകൂട്ടിപ്പാകംചെയ്തു
പോയതാമുരുംപ്പാറക്കല്ലടുപ്പുകൾമീതേ,
കൂർത്തബാണവും നീണ്ടുവളഞ്ഞുനോവേകുന്നോ—
രുഗ്രമാംകുലവില്ലുമേന്തുവോർ മറവന്മാർ,
എതിരാളികളുടെ പോർമുനയ്ക്കാൽത്തക—
ർത്തവർതൻപശുക്കളെക്കട്ടുകൊണ്ടുപോംനേരം,



ഇറച്ചിപ്പുഴുക്കവെ,ച്ചൊച്ചയേറീടും കടും—
തുടിമേൽത്താളംകൊട്ടി തളിർമാലകൾചൂടി,
ഇരുന്നുണ്ടാർക്കും ചുരക്കവലകടന്നുനിൻ
ഹൃദയേശ്വരൻ പോയെന്നെൻതോഴീ, കേഴായ്കനീ!

വാനിലെക്കാളക്കൂററരമറും ശൃംഗങ്ങളും
പൂനിറമണക്കുന്നപർവ്വതസാനുക്കളും
ഇയലും കുറുമ്പൊറ നാടിനുകിഴക്കല്ലോ
വിലസീടുന്നുഖ്യാത,മാമൂരാംപുരംരമ്യം.

പോരിൽവെല്ലുവോൻ, തടക്കൈയ്യിൽ വില്ലേന്തുന്നവൻ
ചേരമന്നവനപരോധിക്കാനെത്തീടവേ,
അവന്റെ വണ്ടാർക്കുന്ന കവിളും ചെറുകണ്ണു—
മിയന്നപോരാനതൻകിമ്പുരിവളചേരും
കൊമ്പുകളൊടിച്ചോരുവീരനാം ''കൊട്ടുമുടി''—
യെന്നവനാണീയാമൂർപ്പട്ടണം പാലിക്കുന്നു.

കൊത്തളങ്ങളും കുററൻമതിലും ചൂഴ്ന്നുള്ളോരീ—
പ്പട്ടണം തന്റേതായികിട്ടിയാൽപ്പോലും, തോഴി,
നിന്നണിമാറിൽച്ചേർന്നുവാഴുവാൻമറവിപ്പൂ—
ണ്ടങ്ങെതാനുറച്ചിരിക്കില്ലനിൻപ്രാണപ്രിയൻ.

(''അകനാനൂറ്'' എന്ന സമാഹാരത്തിന്റെ മൂന്നുഭാഗങ്ങളിൽ രണ്ടാമത്തേതായ ''മണിമിടൈപവള''ത്തിൽ മുപ്പത്തൊമ്പതാമത്തേതായി ചേർത്ത ഈ പാട്ട് പാലത്തിണയിൽ പെടുന്നു. മറുനാട്ടിൽപ്പോയ ഭർത്താവു തിരിച്ചുവരാൻ അമാന്തിക്കുന്നതിൽ ഖേദിക്കുന്ന നായികയെ തോഴി ആശ്വസിപ്പിക്കുന്നതാണ് സന്ദർഭം. കഴി=ഉപ്പുവെള്ളക്കുഴി. ഉമണന്മാർ=ഉപ്പുവാണിയന്മാർ. അവർ ഉപ്പുവിററു വരുംവഴി ചുരത്തിൽ വണ്ടിക്കാളകളെ അഴിച്ചു മേയാൻവിട്ട് വഴിവക്കിൽകല്ലടുപ്പുകൂട്ടി ഭക്ഷണം പാകംചെയ്യുക പതിവാണ്. ഉമണന്മാർ ഉപേക്ഷിച്ചുപോയ അടുപ്പുകളിൽ പിന്നീടു ശത്രുക്കളുടെ രാജ്യങ്ങൾ ആക്രമിച്ച് അവരുടെ പശുക്കളെ കട്ടുകൊണ്ടുവരുന്ന മറവന്മാർ ഇറച്ചിപ്പുഴുക്കുവെച്ച് ഇരുന്ന് ഉണ്ണുകയും കടുംതുടികൊട്ടി ആർക്കുകയും ചെയ്യുന്നു. കവലകളായി വഴികൾപിരിഞ്ഞുപോകുന്ന ഇത്തരം ആപൽക്കരങ്ങളായ ചുരങ്ങൾ കടന്നാണ് നായകൻ മറുനാട്ടിൽപ്പോയിട്ടുള്ളത്. പോർമുന=പടയുടെ മുൻഭാഗം. ഇവിടെയുള്ളവരാണ് പശുക്കളെ രക്ഷിക്കാൻ ചുമതലപ്പെട്ടവർ. ചുരക്കവല=ചുരത്തിൽ വഴികൾ പിരിയുന്ന ഇടം.

വാനിലെ കാളക്കൂററർ=മേഘങ്ങൾ. അമറും=ഗർജ്ജിക്കുന്ന. ശൃംഗങ്ങൾ=കൊടുമുടികൾ. കുറുമ്പൊറൈനാട്=കോഴിക്കോടിനടുക്കുള്ള കുറുമ്പനാട്; അവിടെ കിഴക്കനിഞ്ഞി ''ആമൂർ'' എന്ന ഒരു പട്ടണമുണ്ടായിരുന്നുവത്രെ. ''കൊട്ടുമുടി'' എന്നു പേരായ ഒരു സാമന്തനാണ് ഈ പട്ടണം ഭരിച്ചിരുന്നത്. ചേരരാജാവ് (ഏതു ചേരരാജാവെന്നു പറഞ്ഞിട്ടില്ല) ഈ പട്ടണം ആക്രമിച്ചു പരാജയമടഞ്ഞു. അദ്ദേഹം കയറി

യിരുന്ന ആനയുടെ കൊമ്പുകൾ കൊട്ടുമുടി ഒടിച്ചുവിട്ടു. തടക്കൈ=തടിച്ചകൈ. ഉപരോധിക്കുവാൻ-വളഞ്ഞ് ആക്രമിക്കുവാൻ. വണ്ടാർക്കുന്ന=മദം ഒലിക്കുന്നതിനാൽ വണ്ടുകൾ പാറിയെത്തി മൂളുന്ന. പോരാന=യുദ്ധഗജം. കിമ്പുരിവള=ആനയുടെ കൊമ്പുകളിൽ അലങ്കാരമായി അണിയുന്നവള.

''സമ്പന്നമായ ആമൂർനഗരം സ്വന്തമായി കിട്ടിയാൽപ്പോലും നായകൻനിന്നെ മറന്ന് അവിടെ സ്ഥിരമായി പാർക്കുകയില്ല'' എന്നു തോഴി നായികയെ ആശ്വസിപ്പിക്കുന്നു. അണിമാറ്=ആഭരണങ്ങൾ അണിഞ്ഞ മാറിടം.

ആമൂർഗൗതമൻ സഹദേവനാർ(ചാത്തേവനാർ) എഴുതിയ ഒരു പാട്ട് ''നററിണൈ'' എന്ന സമാഹാരത്തിലുമുണ്ട്. ഗൗതമകുലത്തിൽപ്പിറന്ന ബ്രാഹ്മണനാണത്രെ സഹദേവനാർ.)

29 ആഗസ്റ്റ്, 1976

ഔവൈയാർ

## 29. നെഞ്ചിനോട്

പലഭംഗികൾതികഞ്ഞുള്ളതായ്, സ്സുഖദുഃഖങ്ങളാം
പലഭാവങ്ങളൊത്തുചേർന്നതാം പ്രേമത്തിനെ
എൻനെഞ്ചേ, രഹസ്യംപോൽ, പ്പേക്കിനാവുപോൽ, ഇട-
ക്കന്യന്മാരറിയായ്‌വാനെത്രയും മറച്ചുനാം.

വിജയംനൽകും വേലേന്തുന്നവൻ പടയാളും
പച്ചുംപൂൺപൊറയനാൽപ്പാലിക്കപ്പെടുന്നതായ്
മുകിൽചൂഴ്ന്നതാംകൊല്ലിമലതൻപരപ്പാർന്ന
മുകളിൽനിറഞ്ഞുക്കിൽഗ്ഗർജ്ജിച്ചുതാഴോട്ടേക്കായ്
ഒഴുകും നീർച്ചാട്ടത്തിന്നിന്നാരവംപോലുച്ചത്തി-
ലപവാദമായ്പ്പക്ഷേ: പ്രിയനോപിരിഞ്ഞുപോയ് !

ജ്ഞാനികൾ ധനം യാചിച്ചെത്തവേ, കുന്നോടൊക്കു-
മാനക, ളണികളുംദാനമായ്നൽകുന്നവൻ,
നിറവെൺപുകളാർന്നപാരിയെന്നവൻകാക്കും
പറമ്പുമലയ്ക്കുമേൽപ്പാക്കുന്നുകുരുവികൾ
വളഞ്ഞചെന്നെൽക്കതിർക്കുലകൊത്തുവാനവ
വരിയായ്പ്പറന്നുപോകാറില്ലേ പ്രഭാതത്തിൽ?
വെയിൽചായവേകൂട്ടിലോരോന്നും തിരിച്ചെത്തും;
അതുപോൽ, സ്സമയമാകുമ്പോഴെൻ പ്രാണപ്രിയൻ
മാഴ്കുമെന്നടുത്തേക്കുപിന്നെയുംവരുമെന്നെൻ
മൂഢമാംനെഞ്ചേ, നിനച്ചല്ലിനീവാണീടുന്നു?



അവസാനിപ്പിച്ചാലുമിപ്പോൾനീയിച്ചാഞ്ചല്യം;
അഖിലംചിന്തിച്ചുനീചെയ്യാലും നിൻകർത്തവ്യം !

ഉണങ്ങിനിൽക്കുംമരത്തടിയിൽത്തുളകളി-
ലിരുന്നുചീവീടുക, ളുപ്പുവാണിയരുടെ
കാളവണ്ടികൾക്കെഴുമച്ചാണിമണികൾപോൽ
നീളെയാർത്തിടുംചുരമതിദുസ്തരംതാണ്ടി,
വററിയകുളത്തിലെ മീനുക, ളുടുത്തുനീർ
മുററിയ തോടെത്തുവാൻ പിടഞ്ഞുചാടുംപോലെ,
അന്നവൻപോയുള്ളൊരാവഴിയേപോയ്നാമെത്താ-
മി, ന്നവന്നടു;ത്തതിന്നായ്ത്തുനിഞ്ഞാലുംനെഞ്ചേ !

(വിവാഹത്തിനുമുമ്പ് അന്യർ അറിയരുതെന്നുവെച്ച് കാമിനീകാമുകർ അവരുടെ അനുരാഗവൃത്താന്തം ഏറ്റവും ഗൂഢമാക്കിവെച്ചു. എങ്കിലും സംഗതി പുറത്തായി. വലിയ അപവാദം പരന്നു. അതോടെ കാമുകൻ നാടുവിട്ട് പരദേശത്തിൽപോയി. കുറെനാൾ കാത്തിരുന്നിട്ടും അയാൾ തിരിച്ചുവരുന്നില്ലെന്നുകണ്ട്, പരദേശത്തിലേക്ക് അയാളെ അനുഗമിക്കാൻ തീർച്ചയാക്കുന്ന നായിക തനിക്കു വിശ്വാസം അർപ്പിക്കാവുന്ന ഏക മിത്രമായ സ്വന്തം ഹൃദയത്തോടു പറയുന്നതാണ് സന്ദർഭം.

സംഘസാഹിത്യത്തിൽ ''പച്ചുംപൂൺ'' എന്നപേരുള്ള രണ്ടുരാജാക്കന്മാരെ—ഒരു പാണ്ഡ്യരാജാവിനേയും ഒരു ചേരരാജാവിനേയും—പററി പ്രസ്താവിച്ചു കാണുന്നു. ഈ പാട്ടിൽ പ്രകീർത്തിക്കപ്പെടുന്ന ''പച്ചുംപൂൺ'' പൊറയൻ (ചേരൻ)ആണ്. ഇരുമ്പൊറൈ എന്ന ചേരന്റെ വംശത്തിൽപിറന്നവർ കൊല്ലിമലയുടെ അധിപന്മാരായിരുന്നു. ''പച്ചുംപൂൺ'' എന്നതു് ''ചേരമാൻ തകൂർ എറിന്ത പെരുഞ്ചേരൽ ഇരുമ്പൊറൈ'' എന്ന രാജാവിന്റെ മറെറാരുപേരു് ആയിരിക്കാമെന്നു വ്യാഖ്യാതാക്കൾ കരുതുന്നു. നായികാനായകന്മാരുടെ പ്രണയം സംബന്ധിച്ച് നാട്ടുകാർക്കിടയിൽ പരന്ന അപവാദം കൊല്ലിമലയിൽനിന്നു കീഴ്പോട്ടൊഴുകുന്ന വെള്ളച്ചാട്ടത്തിന്റെ ഇരമ്പൽ പോലെയായിരുന്നുവത്രെ !

പറമ്പുമലയുടെ ഉടമയായ പാരി തമിഴ്സ്സാഹിത്യത്തിൽ ഏററവും പുകഴ്ത്തപ്പെട്ട ദാതാവ് (വള്ളൽ) ആണ്. കപിലരുടെ സുഹൃത്തായിരുന്ന പാരിയെ ചേര—ചോള—പാണ്ഡ്യ—രാജാക്കന്മാർ ചേർന്ന് യുദ്ധംചെയ്തുകൊന്നു. മൂവേന്തർ ഉപരോധിച്ചു കാലത്തു് പറമ്പുമലയിലെ കിളികൾ നെൽക്കതിരുകൾ കൊത്തിക്കൊണ്ടുവന്നുകൊടുത്തു് കോട്ടയ്ക്കുള്ളിൽ ഞെരുങ്ങിപ്പാർക്കുന്ന പാരിയേയും സൈന്യത്തെയും ഊട്ടിയിരുന്നുവെന്നകഥ ഈ പാട്ടിൽ ഔവൈയാർ സൂചിപ്പിക്കുന്നു. കോളത്തിലെ പറമ്പിക്കുളമാണത്രെ പറമ്പുമല. പറമ്പുമലയിലെ കിളികൾ സന്ധ്യയ്ക്കു കൂട്ടിൽ തിരിച്ചെത്തും പോലെ, സമയമാകുമ്പോൾ കാമുകനും തിരിച്ചെത്തുമെന്നാണ് നായികയുടെ ഹൃദയം കരുതിയിരുന്നതു്. എന്തായാലും ഈ കാര്യത്തിൽ സംശയംതീർക്കാൻ കാലമായി എന്ന് നായിക ഹൃദയത്തെ ഉപദേശിക്കുന്നു. അണികൾ—ആഭരണങ്ങൾ.

പരദേശത്തിലേക്കു പോകുവാനുള്ള വഴി മലച്ചുരത്തിലൂടെയാണ്. ചുരത്തിൽ ഉപ്പുവാണിയരുടെ (ഉമണരുടെ) കാളവണ്ടികൾ സംഘംചേ

ന്നനീങ്ങുന്നു. അവയുടെ അച്ചാണികളിൽ കൊരുത്തിട്ട മണികളുടെ ഒച്ച പോലെ, ഉണങ്ങിയ മരത്തടികളുടെ തുളകളിലിരിയ്ക്കുന്ന ചീവീടുകളുടെ ശബ്ദം മുഴങ്ങുന്നു., ഈ വഴിയിലൂടെ നമുക്ക പരദേശത്തുപോയി കാമുകനെ കാണാമെന്ന് നായിക നെഞ്ചിനോടു പറയുന്നു. അങ്ങിനെ പോകണമോ എന്നു തീരുമാനിക്കേണ്ടതു് നെഞ്ചു് ആണ്. കുളം വററുമ്പോൾ അടുത്തുള്ള വെള്ളംനിറഞ്ഞ. തോട്ടിലേയ്ക്കു കരയിലൂടെ പിടഞ്ഞുചാടിപ്പോകുന്ന മീനുകളുടെ യാത്രയോടു് തൻെറ യാത്രയെ നായിക ഉപമിക്കുന്നു.

പാണജാതിയിൽപ്പെട്ട ഒരു കവയിത്രിയാണ് ഔവൈയാർ. അതിയമാൻ നെടുമാനഞ്ചി, നാഞ്ചിൽ വള്ളുവൻ,, തൊണ്ടൈമാൻ. ചേരമാൻ മാരിവെൺകോ, പാണ്ഡ്യൻ ഉഗ്രപ്പെരുവഴുതി, ചോഴൻ രാജസൂയം ചെയ്തപെരുനർക്കിള്ളി മുതലായവരെ സ്വന്തം കവിതകളിൽ ഔവൈ സൂചിപ്പിച്ചിട്ടുണ്ട്. ''ആത്തിച്ചൂടി'' എന്ന ഉപദേശകൃതി എഴുതിയ ഔവൈ വേറെയാണ്. കമ്പരുടെ കാലത്തും ഒരു ഔവൈ ഉണ്ടായിരുന്നുവത്രേ.

അകനാനൂറ് എന്ന സമാഹാരത്തിൻെറ മൂന്നാംഭാഗമായ ''നിത്തിലക്കോവൈ''യിലെ മൂന്നാമത്തെ പാട്ടാണിതു്. വിരഹത്തേയും ചുരത്തേയുംപററി പറയുന്നതിനാൽ ഈ പാട്ട് പാലത്തിണയിൽ പെടുന്നു.)

5 സെപ്റ്റംബർ 1976

മാമൂലനാർ

## 30. നന്ദ ചക്രവർത്തിയുടെ സ്വത്ത്

ദൂതുപോയ്, ഇനിത്തോൾവളപാകമാ—
യീട്ടമാറുതടിയ്ക്കും നിൻതോളുകൾ
നീൾക്കുറുനിരചൂഴ്ന്നുവിളങ്ങുന്ന
നെററിചേരുംവിളർപ്പിതുമാഞ്ഞുപോം !'

മിന്നുമാഭരണങ്ങളൂറ്നീട്ടമാ—
റിന്നുനീമെലി,ഞ്ഞത്രയുമാത്തയായ്, .
ആധിപൂണ്ടുതപിയ്ക്കുന്ന ദുസ്സഹ—
മായവൃത്താന്തം കേൾക്കുന്ന മാത്രയിൽ,
നന്ദസമ്രാട്ടിൻസ്വത്തെല്ലാംതൻകൈയിൽ
വന്നുചേരുമെന്നാലും, മറുനാട്ടിൽ
തങ്ങുകയില്ല നിൻപ്രിയൻ; വാഴ്കനീ
തുംഗസൗഭാഗ്യമാന്നെൻ പ്രിയതോഴി !

മാരുതവേഗമാന്ന ജയക്കൊടി
പാറിടുമണിത്തേരുകളേറുവോർ



കോശരെന്നുപുകഴ്ന്നപോരാളികൾ
രോഷമാർ,ന്നുരിലൊക്കെയുംപാഞ്ഞെത്തി,
പ്രായമേറിയോരാൽമരത്തിൻനിഴ—
ല്പാടിലായ്ച്ചേരുംനാട്ടുകൂട്ടങ്ങളിൽ
പോർമുരശ്ശുകറുവടികൊണ്ടടി—
ച്ചാരവാരമുയർത്തഘോരമായ്,
പോർമുനകൾതകർത്തവർമുന്നേറി—
പ്പോകെ. മോക്കൂർപ്പഴയൻ മഹാബലൻ
കീഴടങ്ങാ,തവെരെച്ചെറുത്തീലേ?
ക്രോധമായതിലെത്രയുമാന്നവർ
വമ്പമോരിയർവൻസേനകളുമാ—
യന്നവൻമേൽപ്പടയെടുത്തത്തവേ,
കെട്ടറപ്പാൽക്കനെത്തതേർച്ചക്രങ്ങൾ
കോട്ടംകൂടാതുരുളുവാൻപാകത്തിൽ
പർവ്വതങ്ങൾതൻവക്കകിളച്ചിടി—
ച്ചങ്ങവർതീർത്തപാതകൾക്കപ്പുറം,
വെണ്മയേറുമരുവികളുന്നിറ—
ങ്ങുന്ന പാറപ്പിളർപ്പുകൾക്കപ്പുറം,
കററമററവെൺകൊമ്പാന്ന കാട്ടാന—
ക്കൂററ,നെഞ്ചിനയോ കടിപററാതെ,
തോൽതിളങ്ങും വരയൻകടുവയെ—
ത്താഴെയുഴിപിളരുംവിധംകുത്തി,
ഉഗ്രമൂർത്തിയാ, യാരെയും കൂസാതെ
തേക്കിൻതോട്ടത്തിൽനിന്നുതിമക്കുന്നു.

അത്തരംമലമ്പാതകടന്നല്ലീ
അന്യദേശത്തുപോയിനിൻവല്ലഭൻ?
വാളരങ്ങളാൽ വെൺശംഖുകളറു—
ത്തേറെഭംഗിയിൽത്തീർത്തവലയങ്ങൾ
ഊരിവീഴുംവിധം നീമെലിയുവാൻ
കാരണ,മവൻപോയൊരപ്പോക്കല്ലീ?

(നായകൻ മറുനാട്ടിൽപ്പോയപ്പോൾ വിരഹദു:ഖം മൂലം നായികമെലിഞ്ഞു. അവളുടെ ആഭരണങ്ങൾ ഊരിവീണു. ഇതുകണ്ട തോഴി, നായികയുടെ ദയനീയസ്ഥിതി അറിയിക്കുവാൻ നായകൻെറ അടുത്തേയ്ക്കു് ദൂതയെവിട്ടു. അതിനുശേഷം അവൾ നായികയെ ആശ്വസിപ്പിക്കുന്നതാണ് പ്രകൃതം. വിരഹത്തെ വർണ്ണിക്കുന്നതിനാൽ ഈ പാട്ടു പാലത്തിണയിൽപ്പെടുന്നു.

പാണ്ഡ്യരുടെ സാമന്തനായിരുന്ന മോഹൂർ പഴയൻ കോശരേയും അവരുടെ സഹായത്തിന്നുവന്ന വമ്പമോരിയരെയും (വമ്പ=പുതിയ) എതിർത്തുനിന്നകഥ ഇതിൽ സൂചിപ്പിക്കുന്നു. ''കോശർ'' എന്ന പേരിൽ നിന്നാവാം ''കോയമ്പത്തൂർ'' എന്ന സ്ഥലനാമം ഉണ്ടായതു്. വമ്പമോരിയർ മൗര്യരാണെന്നു് പറയപ്പെടുന്നു. മൈസൂർപ്രദേശത്തുണ്ടായിരുന്ന ഒരു വർഗ്ഗക്കാരാവാനാണ്‌ സാധ്യത.

''ദൂതുപോയ്...''=നായകന്റെ അടുത്തേയ്ക്കു് ദൂതർ പോയ്ക്കഴിഞ്ഞു. ഇനിനിന്റെ വിരഹദുഃഖം അവസാനിയ്ക്കും. നിന്റെ തോളുകൾ തടിക്കുകയും നെററിയിലെ വിളർപ്പു് മായുകയും ചെയ്യും. നന്ദസമ്രാട്ടിന്റെ സമ്പത്തു്=മഹാ പദ്മനന്ദന്റെ പ്രസിദ്ധമായ സമ്പത്തുമുഴുവൻ കിട്ടുമെങ്കിൽക്കൂടി നായകൻ ഇനി മറുനാട്ടിൽ പാർക്കുകയില്ല. നാട്ടുകൂട്ടങ്ങൾ=ഗ്രാമപ്പഞ്ചായത്തുകൾ. പണ്ടു് മോരിയർ പടയോട്ടത്തിന്നു് നിർമ്മിച്ച മലമ്പാതകൾക്കപ്പുറം, കാട്ടാനയും പുലിയുമുള്ള നാടുകടന്നു് നിന്റെ പ്രിയൻ പോയതിനാലാണല്ലോ നീ മെലിഞ്ഞതു്. അവൻ തിരിച്ചുവരുമ്പോൾ നീ തടിയ്ക്കാതിരിക്കയില്ല. വാളരങ്ങൾ=ശംഖ് ഈർന്നുമുറിക്കുന്ന ആയുധങ്ങൾ.

ത്രികാലജ്ഞനായ ഒരു ബ്രാഹ്മണനായിരുന്നുവത്രേ മാമൂലനാർ. അകനാനൂറിൽ ഇരുപത്തേഴും കുറുന്തൊകൈയിൽ ഒന്നും നററിണൈയിൽ രണ്ടും പാട്ടുകൾ ഇദ്ദേഹത്തിന്റേതായി കാണുന്നു. ഇമയവരമ്പൻ നെടുംചേരലാതൻ, ഉതിയൻചേരലാതൻ മുതലായവരെ ഇദ്ദേഹം അനുസ്മരിക്കുന്നു. അകനാനൂറിലെ 251-ാം പാട്ടിന്റെ വിവർത്തനമാണ്‌ മേൽചേർത്തതു്.

19 ഏപ്രിൽ, 1977

മീളിപ്പെരും പതുമനാർ

## 31 കുട്ടിപ്പശു

'''നമ്മൾതൻപ്രേമമനേകജന്മാർജ്ജിതം,
നമ്മൾക്കുവാഴ്‌വിനിയൊന്നിച്ചുമാത്രമാം'
എന്നാണയിട്ടുപറയുമാറുള്ളവൻ
നിന്നെപ്പിരിഞ്ഞുപോയ് വല്ലഭൻ; ആകയാൽ
ഏററവുമുള്ളം കലങ്ങി മയങ്ങി, യെ—
ന്തിട്ടോ നറുനുതലാളേ! വസിപ്പുനീ?''
എന്നുചോദിക്കുന്നതോഴി! നീ; ചൊല്ലുവ—
തെങ്ങിനെയെന്റെമനസ്സിലെയാധി ഞാൻ?

ചുററിയിരച്ചു വാടക്കാററടിയ്ക്കവേ
തെററെന്നിരുട്ടു കുത്തീടുന്ന സന്ധ്യയിൽ
ഊത്താലടിയ്ക്കും തൊഴുത്തിന്റെയോരത്തു
കെട്ടുകയറിൽക്കുരുങ്ങി, ച്ചുളിയ്ക്കും



രക്ഷകനെക്കാത്തുകാണാതെ കേഴുന്ന
കുട്ടിപ്പശുക്കണെ, ക്കൊററയ്ക്കിരുന്നുഞാൻ
ചിന്തയിലാഴത്തിലാഴ്കേ, പകൽപോകും;
അന്തിയും പിന്നെപ്പതുക്കെയെലിഞ്ഞുപോം!

(''നററിണൈ'' എന്ന സമാഹാരത്തിൽ 109-ാമത്തേതായിച്ചേർത്ത ഈ പാട്ടു് വിരഹത്തെ വർണ്ണിക്കുന്നതാകയാൽ ''പാലത്തിണ''യിൽപ്പെടുന്നു. കവിയുടെ പേരല്ലാതെ മററു വിവരങ്ങളൊന്നും അറിഞ്ഞുകൂട. വിരഹിണിയായ നായികയുടെ സ്ഥിതി എന്തെന്നു് അന്വേഷിക്കാൻ വന്ന തോഴിയോടു നായിക പറയുന്നതാണ്‌ സന്ദർഭം. പകലും സന്ധ്യയും വല്ലപാടും കഴിയും; പക്ഷെ രാത്രി കഴിച്ചുകൂട്ടാൻ തനിയ്ക്കു സാധിക്കുമോ എന്നു് നായിക സംശയിക്കുന്നു. നറുനുതലാൾ=സുഗന്ധമുള്ള നെററിയോടു കൂടിയവൾ. വാടക്കാററു്=വടക്കുനിന്നടിയ്ക്കുന്ന മഴക്കാററു്. ഊത്താൽ=പുരയ്ക്കകത്തേയ്ക്കു് ചരിഞ്ഞുവീഴുന്ന മഴ.)

മാമൂലനാർ

## 32 നിദ്രാസൗഖ്യം

കലങ്ങുംമഴക്കണ്ണിൽ നീർവാർന്നു, തടമുല
കുതിർന്നീടവേ, കഷ്ടം! കരയായ്ക നീ, തോഴീ!

കാർമുകിൽവളമാർന്ന മാറിടം നോക്കിപ്പോകെ—
ത്തീപടർന്നാകെക്കരിഞ്ഞുള്ളതാം വൻപാടത്തിൽ
തീററയില്ലാതെ ചട, ച്ചെല്ലുപൊന്തിയോരാന
ക്കൂററനെത്രയും കഷ്ടപ്പെടുമീ വേനൽച്ചൂടിൽ,

അഴിവററതാംകീർത്തിയാർജ്ജിച്ചു വീരസ്വർഗ്ഗ—
മണഞ്ഞപിതൃക്കൾക്കുസംതൃപ്തിചേർക്കാൻവേണ്ടി,
ധീരസാഹസികരാമശ്വസൈനികന്മാരും
പോർമന്നിൽപ്പിൻമാറാത്തവീര്യവുമെഴുന്നവൻ
ഉതിയൻചേരലെന്ന മന്നവൻ പെരുഞ്ചോറു
നിറയെക്കൊടുത്തനാ, ളെത്രയുമിരുണ്ടുള്ള
കൂളികളുടെ പലകൂട്ടങ്ങ.ളുച്ചോറുണ്ണാൻ
കൂടിയപോലെ, പൊക്കമേറെയും കറുപ്പുമായ്
കുന്നുകളങ്ങിങ്ങെഴും ദുർഗമാംചുരംതാണ്ടി—
ച്ചെന്നുനിൻപ്രിയൻപരദേശം; എന്നിരിയ്ക്കിലും
നിറയെപ്പണംനേടാനാശയും, പരാജയ—
മറിയാത്തതാം നെഞ്ചിൽപ്പടരും മയക്കവും

അവനുണ്ടെന്നാൽപ്പോലു, മഞ്ചായിപ്പകത്തനി—
ന്നണിവാർകരിങ്കുന്തൽപ്പൂമ്പട്ട വിരിപ്പിന്മേൽ
ഉറങ്ങുംസുഖംമറന്നോനനാം വിദേശത്തിൽ—
ക്കറങ്ങാൻ കരുത്തവനുണ്ടാകയില്ലെൻ തോഴി !

(അകനാനൂറിലെ ''മണിമിടൈപവളം'' എന്ന രണ്ടാം ഭാഗത്തിൽ 213—ാം പദ്യം. വിരഹത്തെ പ്രതിപാദിക്കുകയാൽ ഇതു് പാലത്തിണയിൽപ്പെടുന്നു. മഴക്കണ്ണു്=മേഘംപോലെ കുളിർമയുള്ള കണ്ണു്. തടമുല=വിസ്താരമുള്ള മുല.

മേഘം മഴപെയ്യാതെ മററു സ്ഥലത്തേയ്ക്കുപോയി. പാടം തീപ്പിടിച്ചുകരിഞ്ഞു. അതിൽ പട്ടിണികിടന്നു മെലിഞ്ഞ ആന കഷ്ടപ്പെട്ടുനിൽക്കുന്നു. അത്രകഠോരമാണു് വേനൽ. അക്കാലത്താണു് നായകൻ പണംമോഹിച്ചു ചുരംകടന്നു് പരദേശത്തേയ്ക്കുപോയതു്.

ഉതിയൻചേരൽ=ചേരമാൻ പെരുഞ്ചോററു് ഉതിയൻ ചേരലാതൻ എന്ന പ്രസിദ്ധനായ ചേരരാജാവു്. ഭാരതയുദ്ധത്തിൽ കൗരവന്മാർക്കും പാണ്ഡവന്മാർക്കും ചോറുകൊടുത്തതിനാൽ ഈ രാജാവിന്നു് ആ പേർ വന്നതായി പറയാറുണ്ടു്. എന്നാൽ പിതൃപ്രീതിയ്ക്കായി ഉതിയൻ ചോറു ബലി നൽകിയതായി ഈ പാട്ടിൽ വ്യക്തമായി പറഞ്ഞിരിയ്ക്കുന്നു. ഉതിയന്റെ പത്നിയുടെ പേർ നല്ലിനി എന്നായിരുന്നു. ഈ ദമ്പതികളുടെ പുത്രന്മാരാണു് ചെങ്കുട്ടുവന്റെ പിതാവായ ഇമയവരമ്പനും പൽയാനൈ ചെൽകെഴുകുട്ടുവനും. ഉതിയൻചേരലിന്റെ പിതൃബലിയിലെ ചോറു് (പെരുംചോറു്) ഉണ്ണാൻവന്ന കൂളികളെ (പിശാചുക്കളെ)പ്പോലെയാണത്രേ ചുരത്തിലെ പൊക്കം ഏറിയും കറുത്തുമുള്ള കുന്നുകൾ.

മയക്കം=വ്യാമോഹം, ധനതൃഷ്ണ. അഞ്ചായിപ്പകുത്ത=തലമുടി അഞ്ചായി പിന്നിയിടുന്നതിനെപ്പററി തമിഴ് സാഹിത്യത്തിൽ വളരെ പ്രസ്താവങ്ങളുണ്ടു്; നായികയുടെ മുടിയിൽ നായകൻ കിടന്നുറങ്ങുന്നതിനെപ്പററിയും.)

26 സെപ്തംബർ, 1976

കരുവൂർ കണ്ണൻ പാളനാർ

## 33 അമ്മയുടെ പശ്ചാത്താപം

ഓളമിളകും മഹാസമുദ്രത്തിലീ
ലോകംതൊഴുമാറുദിച്ചപൊങ്ങി,
ചുററുംനിറകതിർ വീശി, എതിർപ്പടർമങ്ങും
മുററുംവിടർത്തിയ സൂര്യബിംബം
ആഴക്കുളങ്ങളും വററുമാ,റത്യുഗ്ര—
മായിക്കുടുത്തുജ്ജ്വലിച്ചുനിൽക്കേ,
നല്ലവയലുകളെല്ലാം കരിഞ്ഞു, നീ—
രില്ലാതെ വിണ്ടുകിടന്നിടുമ്പോൾ.



പച്ചയെന്നുള്ളപേർക്കുടിയും കേൾക്കാതെ
മൂർച്ഛിച്ചവേനലിൻ തീക്ഷ്ണതയിൽ,
കാലടിപ്പാതക്കവലകൾ ചിന്നിയ
ഭീതിദമായ വനാന്തരത്തിൽ.
ദൂരേപ്പുതുവഴിപോക്കർ വരുന്നതു
കാണുവാൻയാമരക്കൊമ്പിലേറി,
മേലേവഴിപറിക്കൊള്ളക്കാർ വില്ലാളി—
വീരരൊളിച്ചിരിയ്ക്കുന്നിടത്തിൽ,
ദുർഗ്ഗമമായചുരത്തി, ലെൻപുത്രിയെ—
ക്കൂട്ടൊളിച്ചോടിപ്പോയേതുദുഷ്ടൻ,
കല്ലൊത്തനെഞ്ചുഴമച്ചെറുക്കനുഞാൻ,
എന്തുകൾ തന്നുള്ളറിഞ്ഞിരുന്നാൽ,
കുത്തുവേലേന്തുവോൻ കോതയാംമന്നവൻ
കാക്കുന്നവഞ്ചിനഗരിപോലെ
സമ്പത്സമൃദ്ധമാമെൻ വീടലങ്കരി,—
ച്ചുള്ളത്തിലേതും വെറുപ്പെഴാതെ,
സന്തോഷമാന്യവിവാഹോത്സവം രചി—
ച്ചന്നേകരംപിടിച്ചേകിയേനെ.
നെററിയിൽശ്രീയുമകത്തവിവേകവും
മുററിനിറഞ്ഞൊരെൻപുത്രിയാളെ,
പൊങ്ങുമിളമുല വിങ്ങുന്ന മാറത്തു
ചേർന്നുസുഖപൂർണ്ണുറങ്ങുവാനായു്.

(കരുവൂർ കണ്ണൻപാളനാർ രചിച്ച രണ്ടു പാട്ടുകൾ ''അകനാനൂറി''ലും ഒരു പാട്ടു് ''നററിണൈ''യിലുമുണ്ടു്. അകനാനൂറിലെ 263—ാംപാട്ടാണിതു്. കോതകാക്കുന്ന വഞ്ചിനഗരത്തെപ്പററി ഈ പാട്ടിൽ പറയുന്നു. കോത എന്നതു് ചേരരാജാക്കന്മാരുടെ പൊതുപ്പേരാണു്. ചേരരുടെ പടത്തലവനായ വില്ലവൻകോത, തൊണ്ടിപട്ടണം വാണിരുന്ന ചേരമാൻ കോക്കോതൈ മാർപൻ എന്നിവരെപ്പററി പ്രസ്താവങ്ങളുണ്ടു്. അതിനാൽ ഈ കോത ആരെന്നു തീർത്തുപറഞ്ഞുകൂടാ. കരുവൂർ (കരൂർ) ചേരരാജധാനിയായിരുന്നു. സൂര്യൻ കടലിൽ ഉദിയ്ക്കുന്നതായി ഈ പാട്ടിൽ പറഞ്ഞിരിക്കയാൽ കരുവൂർ കിഴക്കേ സമുദ്രതീരത്തിലാവാനാണു് സാദ്ധ്യത.

മകൾ കാമുകനുമൊത്തു് ഒളിച്ചോടിപ്പോയി. അവളുടെ ആഗ്രഹം നേരത്തെ അറിഞ്ഞിരുന്നെങ്കിൽ താൻതന്നെ അവളുടെ കാമുകന്നു് അവളെ മര്യാദക്കു് കല്യാണംകഴിച്ചു കൊടുക്കാമായിരുന്നല്ലോ എന്നു അമ്മ വിലപിയ്ക്കുന്നു. ചുരത്തെയും ഒളിച്ചോട്ടത്തേയും പററി പ്രതിപാദിയ്ക്കുയാൽ ഈ പാട്ടു് പാലത്തിണയിൽപ്പെടുന്നു. പുതുവഴിപോക്കർ=സ്ഥലപരിചയമില്ലാത്ത യാത്രക്കാർ. അവരെ പിടിച്ചുപറിക്കാൻ സൗകര്യം

ളുടയല്ലോ. യാമരം = കൊമ്പുനീണ്ട ഒരു മരം. ചുരം = മലയിടുക്ക്. ദുഷ്ടൻ = മകളെ മോഷ്ടിച്ചവൻ ദുഷ്ടനാകണമല്ലോ. ഏകിയേനേ = കൊടുത്തേനേ. ശ്രീ = സൗഭാഗ്യലക്ഷ്മി )

29 മെയ്, 1977

എരുക്കാട്ടൂർ തായൻകണ്ണനാർ

## 34 കൊടുങ്ങല്ലൂരിലെ പ്രതിമ

ചെറുവെൺചിതലേറെയധ്വാനിച്ചുയർത്തിയ
നെടുചെമ്പുററിന്നുള്ളിൽമറഞ്ഞോരിരകളെ
തിന്നുവായ്ചെടിയ്ക്കവേ, തടിയെത്രയുംമെലി—
ഞ്ഞുള്ളതാമിരിപ്പതൻതുളപെട്ടതാംവെള്ള—
പ്പൂക്കളെ, പ്പെരും കൈകളാന്നുള്ള കരടികൾ
പറിച്ചുചേർന്നെത്തിക്കവരുന്നതാം ചുരംതന്നിൽ
ദീർഘടവഴിയൂടെ ദൂരെപ്പോയ്, ദുർലഭ്യമായ്
ശ്ലാഘ്യമായ്സ്പൃഹണീയമാംധനമെളുപ്പത്തിൽ
നേടിടാമെന്നാൽപ്പോലും ഞാൻവരുന്നി,ല്ലെൻനെഞ്ചേ!
നീ നിൻെറ പാട്ടുംനോക്കിയിങ്ങെങ്ങാനിരുന്നാലും!

ചേരലർപാലിപ്പതാ,യഴകാന്നതായുള്ള
ചുള്ളിയാംപെരിയാററിൻ വെൺനുരകലങ്ങവേ
യവനർനയിപ്പതായ്,ക്കടൽയാത്രയ്ക്കുത്യന്ത—
മുതകുന്നതായ് ഭംഗിചേർന്നതാം കപ്പൽക്കൂട്ടം
പൊന്നുമായിങ്ങോട്ടെത്തി മുളകും വാങ്ങിപ്പോയീ—
ടുന്നതായ്സ്സമൃദ്ധമായുള്ളൊരാ ''മുചിറി''യെ
ആർപ്പുകളുയർത്തി വന്നെമ്പാടുംവളഞ്ഞൊററ—
യുഗ്രമാം പോരിൽജ്ജയി,ച്ചങ്ങെഴും പ്രതിമയെ
കവർന്നീലയോ കൊമ്പനാനകൾ ചൂഴ്ന്നോൻ യുദ്ധ—
കലയിൽപ്പാരംഗതൻ, ചെഴിയൻ മന്നോർമന്നൻ?
അവൻെറകൊടിപൊങ്ങിയാടുന്ന തെരുവുക—
ളിയന്നമധുരയാം പട്ടണം വിളങ്ങുന്നു.

അതിന്നുപടിഞ്ഞാററായ്പ്പലപുള്ളികൾമിന്നും
മയിലിൻവെന്നിക്കൊടിയുയർന്നു കാണാകുന്നു,
പുണ്യമുത്സവനിത്യമുഖരം, തിരുപ്പരം—
കുൻറ; മങ്ങല്ലോ ദേവൻ നെടിയോൻ വാണീടുന്നു.
അക്കുന്നിൻതാഴ,ത്തത്യഗാധമാം തടാകമു;—
ണ്ടതിൽവണ്ടുകളാക്കെ, ത്തേൻമുററിവിടർന്നതായ്



കണ്ടിടാം നീലോല്പലപ്പൂവുകൾ; അവയുടെ
നീണ്ടിടും പെടുന്നതാം രണ്ടിതളുകൾപോലെ
വെണ്മയിൽച്ചുവന്നുള്ള രേഖകൾ പടർന്നവ,
ഗർവ്വിയന്നവ, മഴമുകിൽ പോൽകുളിർത്തവ—
അങ്ങിനെ വിളങ്ങുമെൻ പ്രിയയാമിവളുടെ
കൺകളിൽതെളിമഞ്ഞുതുള്ളികൾ തുളുമ്പവേ,
നേടുവാൻപണ,മെങ്ങും പോവില്ലുഞാൻ; എൻനെഞ്ചേ!
നീ നിൻെറപാട്ടുംനോക്കിയിങ്ങെങ്ങാനിരുന്നാലും!

(തഞ്ചാവൂരിനടുത്തുള്ള ഒരു ഗ്രാമമാണത്രേ എരുക്കാട്ടൂർ. അവിടെ പിറന്ന ''തായൻ'' എന്നവൻെറ പുത്രനാണ് കണ്ണനാർ. അകനാനൂറിൽ നാലും, കുറുന്തൊകൈ, നററിണൈ, പുറനാനൂറ് എന്നിവയിൽ ഓരോന്നുമായി ഏഴുകവിതകൾ ഇദ്ദേഹത്തിൻെറതായി കാണുന്നു. നിഷേധരൂപത്തിലെങ്കിലും പ്രവാസത്തെ പരാമർശിക്കുന്നതിനാൽ ഇക്കവിത പാലത്തിണയിൽ പെടുന്നു. മറുനാട്ടിൽ പോയി പണംനേടാൻ ശക്തിയായ പ്രേരണയുള്ളപ്പോൾ നായകൻ തൻെറ നെഞ്ചിനെ സംബോധനചെയ്തു പറയുന്നതാണ് സന്ദർഭം. പ്രിയതമയുടെ കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞുനിൽക്കേ താൻ മറുനാട്ടിലേയ്ക്കില്ലെന്ന് നായകൻ നെഞ്ചിനോടു തീർത്തുപറയുന്നു. നെടുചെമ്പുററ് = നീണ്ട ചുവന്ന പുററ്. അതിനുള്ളിലെ ഇരകൾ ചിതലുറുമ്പുകളാണ്. ഇതിനെ ''പുററാഞ്ചോററ്'' എന്ന് വ്യാഖ്യാതാക്കൾ വിളിയ്ക്കുന്നു. ഉറുമ്പിനെതിന്ന ഉടനെ കരടികൾ തടിമെലിഞ്ഞ ഇരിപ്പമരത്തിൻെറ തുളയുള്ള വെള്ളപ്പൂവ് പറിച്ചുതിന്നുന്നു. അങ്ങനെ ചുരത്തിലൂടെ മറുനാട്ടിൽപ്പോയാൽ, അന്യഥാ ദുർലഭവും കാമ്യവുമായ പണം എളുപ്പത്തിൽ നേടാം. എന്നിലും പ്രവാസത്തിനു നായകൻ തയ്യാറല്ല. ചേരലർ = ചേരരാജാക്കൾ. ചുള്ളി = പെരിയാറിൻെറ (ആലുവാപ്പുഴയുടെ) ഒരു പേര്. ''ചൂർണ്ണി'' എന്ന് സംസ്കൃതം. ചൂർണ്ണിക്കര എന്ന സ്ഥലനാമം ഓർക്കുക. പെരിയാർ കടലിൽചേരുന്ന സ്ഥലത്താണ് ''മുചിറി''. ഈ തുറമുഖത്തെ ഗ്രീക്കുകാർ ''സിരിസ്'', എന്നുവിളിച്ചു. ഇതു കൊടുങ്ങല്ലൂരാണെന്നു കരുതപ്പെടുന്നു. ഇവിടെ യവനർ (ഗ്രീക്കുകാർ) കപ്പലിൽ സ്വർണ്ണംകൊണ്ടുവന്ന് കുരുമുളകു വാങ്ങിപ്പോവുക പതിവായിരുന്നു. സമൃദ്ധമായ ഈ തുറമുഖപട്ടണത്തെ ഒരു ചെഴിയൻ (പാണ്ഡ്യരാജാവ്) ആനപ്പടകളുമായിവന്നു വളഞ്ഞു കീഴടക്കുകയും അവിടെയുള്ള പ്രതിമയെ (പൊൻപാവയെ എന്നു വ്യാഖ്യാതാക്കൾ. എന്തെങ്കിലും ക്ഷേത്രത്തിലെ ബിംബമായിരിക്കണം ഇതിപ്പോൾ) കവർന്നുകൊണ്ടു പോവുകയും ചെയ്തു.

ചെഴിയൻെറ രാജധാനിയാണ് മധുര അഥവാ കൂടൽ. ആ പട്ടണത്തിൻെറ പടിഞ്ഞാറുഭാഗത്താണ് പ്രസിദ്ധമായ സുബ്രഹ്മണ്യക്ഷേത്രമുള്ള തിരുപ്പരം കുൻറം എന്ന കുന്ന്. നെടിയോൻ = സുബ്രഹ്മണ്യൻ. ആ കുന്നിൻെറ അടിയിൽ വളരെ ആഴമുള്ള തടാകത്തിൽ വിടർന്ന നീലോല്പലപ്പൂക്കൾ പോലെ അഴകാർന്നവയാണ് നായികയുടെ കണ്ണുകൾ. ഇടംപെടുന്ന = വീതിയുള്ള.

തെളിമഞ്ഞുതുള്ളികൾ (ഇവിടെ) അശ്രുബിന്ദുക്കൾ.)

9 നവംബർ, 1977

വെള്ളിവീതിയാർ

## 35. എവിടെപ്പോവാൻ?

മണ്ണിനുള്ളിൽ താഴുകില്ലാ;
വിണ്ണിലേറിപ്പോവില്ലാ;
കാൽനടയായ് കടൽതാണ്ടി
പ്പോകുവാനും പോരല്ലോ;
നാട്ടിൽ നാട്ടി, ലൂരിലൂരിൽ
വീട്ടിൽവീട്ടിൽത്തേടിയാൽ
കണ്ടുകിട്ടാതെങ്ങു മുങ്ങാൻ
നമ്മുടെ യാകാമുകൻ?

(വെള്ളിവീതിയാർ എന്ന കവയിത്രിയുടെ എട്ടു പാട്ടുകൾ ''കുറുന്തൊകൈ''യിലും മൂന്നു പാട്ടുകൾ ''നററിണൈ''യിലും രണ്ടു പാട്ടുകൾ ''അകനാനൂ''റിലും കാണുന്നു. കുറുന്തൊകൈയിൽ നൂററിമുപ്പതാമത്തേതായി ചേർത്ത പാട്ടിന്റെ വിവർത്തനമാണിതു്. കാമുകൻ ഒളിച്ചുപോയി; തന്മൂലം വ്യസനിക്കുന്ന നായികയെ തോഴി ആശ്വസിപ്പിക്കുന്നതാണു് പ്രകൃതം. മണ്ണിൽ താഴാനോ ആകാശത്തു പറക്കാനോ കാൽനടയായി കടൽ കടക്കാനോ വേണ്ട സിദ്ധികളൊന്നും കാമുകനില്ല. അതിനാൽ അന്വേഷിച്ചാൽ അവനെ കണ്ടുപിടിക്കാൻ കഴിയും എന്നു് തോഴി ഉറപ്പിച്ചു പറയുന്നു. കവയിത്രിയുടെ സ്വന്തം അനുഭവമാണു് ഈ കവിതയിലുള്ളതെന്നു് വ്യാഖ്യാതാക്കൾ. വിരഹം പ്രതിപാദ്യമാകയാൽ ഇതു് പാലത്തിണയിൽപ്പെടുന്നു.)

2 ജൂലായ്, 1977

ഓരേരുഴവനാർ

## 36. ഹൃദയവ്യഥ

ആട്ടം മുളപോലഴകും പരപ്പുമാ-
ർന്നീടുററ തോളുകളും, തമ്മിൽത്തമ്മിൽ
പോരടിക്കുന്ന വലിയമസ്തുൺകളും
ചേരുവോ, ളെൻപ്രാണ നായികയാം,
മേവുമാഗ്രാമമകലെയാ; ണങ്ങോട്ടു
പോവാനുമിപ്പോളസാധ്യമത്രേ.
പാടം പുതുമഴ പെയ്തു കുതിർന്നാലും
പൂട്ടിപ്പണിയുവാനായിടാതെ
ഒററമൂരി കർഷകന്റെ നെഞ്ചെന്നപോ-
ലേററം പിടയ്ക്കുയാണെന്റെ നെഞ്ചും !



എന്തൊരു വേദനയാണതിന്നുള്ളതെ-
ന്നെങ്ങിനെ ഹാ, ഞാനുരച്ചിടുന്നു!

(പുതുമഴ പെയ്യുമ്പോഴേയ്ക്കു് തിരിച്ചു വരാമെന്നു പറഞ്ഞാണു് നായകൻ പരദേശത്തു പോയതു്. പോയ കാര്യം പൂർത്തിയാകായ്കയാൽ, പുതുമഴ പെയ്തിട്ടും തിരികെപ്പോരുവാൻ അയാൾക്കു കഴിഞ്ഞില്ല. വയൽ മഴ പെയ്തു് കുതിർന്നിട്ടും, കൈവശം ഒരൊററ മൂരി (കാള) മാത്രം ഉള്ളതിനാൽ പൂട്ടിപ്പണിയാൻ കഴിയാത്ത കർഷകന്റെ മാനസികാവസ്ഥയോടു് തന്റെ ഹൃദയവേദനയെ നായകൻ ഉപമിക്കുന്നു. വിരഹമാണു് വിഷയമെന്നതിനാൽ ഇതു് പാലത്തിണയിൽപ്പെടുന്നു. കവിയുടെ പേർ അറിഞ്ഞുകൂട. ഈ പദ്യത്തിലെ ഹൃദ്യമായ ഉപമയെ ആധാരമാക്കി സഹൃദയർ നൽകിയതാണു് ''ഒററമൂരി മാത്രമുള്ള കർഷകൻ'' എന്ന അർത്ഥത്തിലുള്ള ''ഓരേരുഴവനാർ'' എന്ന പേരു്. ''കുറുന്തൊകൈ'' എന്ന സമാഹാരത്തിൽ 131–ാമതായി ചേർത്തതാണു് ഇതിന്റെ മൂലം).

22, ജൂൺ, 1977

പെരുംകടുംകോ

## 37. എന്തു പറയാൻ

പ്രേമവാ, നെത്രയും യോഗ്യനാണെൻ പ്രിയൻ;
ആകിലും, പിൻമഞ്ഞുകാലം വരുന്നെന്നു
മുൻമഞ്ഞുകാലത്തു തന്നേ തളിർത്തു നൽ-
ച്ചെമ്മൊട്ടു കൂമ്പിനിൽക്കുന്നു കുരവകം;
പൂങ്കൊത്തുതിങ്ങും മരച്ചില്ലകൾക്കുമേൽ-
ച്ചെങ്കണ്ണെഴുന്ന കറുത്ത കുയിലുകൾ
''പ്രേമമാർന്നോരേ, പുണരുവിൻ നിങ്ങൾ!'' എ-
ന്നാമന്ത്രണം ചെയ്‌വതെന്നോ പരസ്പരം,
ഇമ്പം തരുമാ വസന്തം വരാറുമായ്;
''നിന്നെപ്പിരിഞ്ഞു ഞാൻ പോവില്ലൊരിക്കലും''
എന്നു പലപ്പോഴുമാണയിട്ടുള്ളോനൊ-
ടെന്തു ചൊല്ലേണ്ടു ഞാൻ? പച്ചനിറം മാഞ്ഞു
കൊമ്പുകളെല്ലാമുണങ്ങിക്കരിഞ്ഞുള്ള
വന്മരക്കാട്ടിൽ വളഞ്ഞുപോം പാതയിൽ
വില്ലേന്തുവോർ വഴിക്കൊള്ള നടത്തുവോർ
വാഴും കവലകളപ്പുറമിപ്പുറം
കൂട്ടം പകയും പുകഞ്ഞിടു മൂരുകൾ
ചേരും ചുരത്തിലല്ലീ തന്മനോരഥം?

(ചേരവംശത്തിൽപ്പിറന്ന ഒരു കവിയാണു് ''പാല പാടിയ പെരുംകടുംകോ. ''കലിത്തൊകൈ''യിലെ പാലക്കലി, അകനാനൂറിൽ പന്ത്ര

ണ്ടും പുറനാനൂറിൽ ഒന്നും, നററിണൈയിൽ പത്തും പാട്ടുകൾ എന്നിവയാണ് ഇദ്ദേഹത്തിൻെറ കൃതികൾ. പേയ്മകൾ ഇളവെയിനി എന്ന കവയിത്രി പുറനാനൂറിലെ പതിനൊന്നാം പാട്ടിൽ പെരുംകടുംകോവിനെ പ്രകീർത്തിച്ചിട്ടുണ്ട്. നററിണൈയിൽ 224–ാമതായി ചേർത്ത ഈ ഗാനം പാലത്തിണയിൽപെടുന്നു.

മഞ്ഞുകാലത്തിൻെറ ആരംഭത്തിൽ നായകൻ നായികയെ വിട്ട് പരദേശത്തേയ്ക്കു പോകാൻ തുടങ്ങുന്നു. ഈ വിവരം അറിഞ്ഞ നായിക തോഴിയോടു ആവലാതി പറയുന്നതാണ് സന്ദർഭം. കരവകം=ചെങ്കുറിഞ്ഞിമരം. ശിശിരത്തിൽ പൂക്കേണ്ട അതു് മുൻകൂട്ടി ഹേമന്തത്തിൽ തന്നെ മൊട്ടിട്ടിരിക്കുന്നു. വിരഹം മുൻമഞ്ഞുകാലത്തു (ഹേമന്തത്തിൽ) തന്നെ അസഹ്യമാണു്; തുടർന്നു വരുന്ന പിൻമഞ്ഞു്(ശിശിര) കാലത്തും വസന്തത്തിലും അതെത്രമാത്രം ദുസ്സഹമായിരിക്കുമെന്ന് പറയേണ്ടതില്ല. എങ്കിലും നായകനോടു പരാതി പറയുവാൻ നായിക ഉദ്ദേശിക്കുന്നില്ല. ഒരിക്കലും പിരിഞ്ഞുപോവുകയില്ലെന്ന പ്രതിജ്ഞ ലംഘിച്ച്, കൊമ്പുണങ്ങിക്കരിഞ്ഞ മരങ്ങളും പകനിറഞ്ഞ പിടിച്ചുപറിക്കാരുടെ ഗ്രാമങ്ങളുമുള്ള ചുരം കടന്നുപോകാനാണല്ലോ ഇപ്പോൾ, പ്രേമദാനം യോഗ്യനമായ അദ്ദേഹം ആഗ്രഹിക്കുന്നതു്!)

11 സപ്തംബർ, 1977

കടവായിൽ കീരത്തനാർ

## 38. സമാശ്വാസനം

വല വെയ്ക്കുവാൻ കേമൻ വേട്ടവൻ വേട്ടയ്ക്കായി
വളർത്തും പാവ്വപ്പുള്ളിൻ പിടിയിൽക്കുടുങ്ങാതെ,
കാൽനീണ്ടോരൊററക്കണ്ണന്തുരപ്പക്ഷി, തെളിഞ്ഞുള്ള
കൂവലാൽ, ചുരമാദ്യം കേറുവോരുടെ നെഞ്ചിൽ

ഭീതിയെത്രയും ചേർപ്പൂ ; ദുർഗ്ഗമാ മാർഗ്ഗത്തൂടെ—
യാ നാളിൽ നമ്മെ വിട്ടുപോയവർ, കഠോരമാം
നാദമുള്ളൊരു പമ്പപ്പറയും കോപംമൂത്ത
നായ്ക്കളുമെഴും വമ്പർ വടുകർ നിറഞ്ഞതായ്

നെടുതായ്പ്പെരുതായ കുന്നുകൾകട, ന്നേറെ—
യിനിവൈകില്ലാ, തിരിച്ചെത്തിപ്പോയ്, തോഴീ,
കാൺക !

കയ്യിലെച്ചൊമ്പൊൻ വളയൂർന്നുപോവതുംനോക്കി
''എന്തിതിങ്ങിനെ?'' യെന്നു തഴകിപ്പുത്രൻ ചൊൽകേ

അവൻെറ മധുരമാ മച്ചോദ്യം കേൾക്കുംതോറു—
മവനോട്, വൻെറയച്ഛനൊടും സ്നേഹംപൊന്തി
നിറയും മനമാന്ന നമ്മുടെയുൾക്കലേ—
യ്ക്കിനി വൈകില്ലാ, തിരിച്ചെത്തിപ്പോയ,വർ തോഴീ !



(ധനസമ്പാദനത്തിന്നായി പത്നിയേയും പുത്രനേയും വിട്ട നായകൻ മലകയറി മറുനാട്ടിൽപ്പോയി. വിരഹത്താൽ മെലിഞ്ഞ നായികയുടെ കൈകളിൽനിന്ന് വള ഊൺ വീഴുന്നതു കണ്ടു് മകൻ ഇടയ്ക്കിടെ ''അമ്മേ ഇതെന്താ ഇങ്ങിനെ?'' എന്ന് ചോദിക്കും. അതു കേൾക്കുമ്പോഴൊക്കെ അവനോടും അവൻെറ അച്ഛനോടുമുള്ള സ്നേഹം അവളുടെ മനസ്സിൽനിറയും. ഒടുവിൽ അവധി പറഞ്ഞ കാലത്തു് നായകൻ തിരിച്ചു വരുന്നതായി ദൂതരിൽ നിന്നറിഞ്ഞ തോഴി നായികയെ ആശ്വസിപ്പിക്കുന്നതാണ് പ്രകൃതം. പക്ഷികളെ പിടിക്കാൻ വേട്ടവർ ചുരത്തിൽ വലവെയ്ക്കുന്നു. ''പാവ്വപ്പുള്ള്'' എന്ന ഒരുതരം കഴുകനെ ഇണക്കിവളർത്തി അവർ അതിനെക്കൊണ്ടു് പക്ഷികളെ വേട്ടയാടുന്നു. ''കണന്തുരം'' എന്നുപേരുള്ള പക്ഷികളിലൊന്നു് ഈ വേട്ടയിൽനിന്നു രക്ഷപ്പെട്ടെങ്കിലും, കൂട്ടംതെററി ഒററയ്ക്കായതിനാൽ ദയനീയമായി, ഉറക്കെ കരയുന്നു. ഈ കരച്ചിൽകേട്ട്, പുതിയ വഴിയാത്രക്കാർ ഭയപ്പെടുന്നു. അത്തരം ചുരങ്ങൾക്കപ്പുറത്തു്, ക്രൂരരായവടുകർ പാർക്കുന്നു. അവർ ''പമ്പപ്പറ'' എന്ന ചെണ്ട കൊട്ടി, ഭയങ്കരരായ നായ്ക്കളെക്കൊണ്ടു് നായാടുന്നവരും വഴിക്കൊള്ളക്കാരുമാണ്. ഈ അപകടങ്ങളൊക്കെയും കടന്നു നായകൻ തിരിച്ചെത്താറായി എന്ന് തോഴി നായികയെ സമാധാനിപ്പിക്കുന്നു. ''നററിണൈ'' എന്ന സമാഹാരത്തിൽ 212–ാമതായിച്ചേർത്ത ഈ ഗീതം രചിച്ച കീരത്തനാർ ചോഴനാട്ടിൽ ''കടവായിൽ'' എന്ന സ്ഥലത്തു ജനിച്ചു, മൂവരശരുടേയും ആദരവിന്നു പാത്രമായി. ''അകനാനൂറു്'' ''നററിണൈ'' ''പുറനാനൂറു്'', ''കുറുന്തൊകൈ'' എന്നീ സമാഹാരങ്ങളിൽ കീരത്തനാരുടെ പതിനേഴുപാട്ടുകൾ കാണുന്നു. വിരഹദുഃഖത്തെ വർണ്ണിക്കയാൽ ഈ പാട്ട് പാലത്തിണയിൽപ്പെടുന്നു.

8 ആഗസ്റ്റ്, 1977

കയമനാർ

## 39. കാലന്നു് ശാപം

പെററുപുലപോയിടാത്തോരെരുമതൻ
കൂററൻചെവിയാന്ന കന്നുകുട്ടി

വയ്ക്കോൽപ്പൊടിച്ചെളിച്ചാണകപ്പുൽക്കപ്പ—
യുൾപ്പൂക്കുറങ്ങിക്കിടപ്പതായി,

ശ്രീയുംകുളുർമ്മയും വായ്ക്കുമീ വീടിനെ,
ഈയെന്നെയുമൊപ്പം കൈവെടിഞ്ഞു്,

ചെക്കനൊരുവൻ പറയും മിരട്ടുകേ—
ട്ടെത്രയും ദൂരത്തിലുള്ളനാട്ടിൽ,

മുള്ളാൻപോകാനരുതാത്തചോലയിൽ
നെല്ലിതൻചോട്ടിൽക്കൊഴിഞ്ഞ കായ്കൾ

നന്നേചവർപ്പിയന്നാലു, മിരുവരും
ചേർന്നുപെറുക്കിയശിച്ചശേഷം

ആഴത്തിലൂറിലെ യല്പമാംനീർതെക്കി—
ദ്ദാഹമടക്കിനടന്നുപോയാൾ
എൻമകൾ നീലക്കുവലയമയ്യണി—
ക്കണ്ണിയാൾ, കാട്ടുവഴിയിലൂടെ.
മുഷ്കാർന്ന ശത്രുക്കൾവന്നു വിളവയ—
ലൊക്കെയും കൊയ്തു കവർന്നുപോകേ,
ദുഃഖാഗ്നിയിൽദ്ദഹി, ച്ചൊന്നുമേ ചെയ്യുവാ—
നൊക്കാതെ നിൽക്കുമുഴവൻപോലേ,
പോകുന്നവൾതൻ പുറംകണ്ടുനിൽക്കുവാൻ
പാവമാമെന്നെ വിധിച്ചതാരോ,
വേഗത്തിലെന്നുയിർ കൊണ്ടുപോയീടാതെ—
യേവംവലയ്ക്കുമാ ദുഷ്ടകാലൻ
മൂത്തുമുരച്ചുനന്നങ്ങാടിവെച്ചുമൺ—
ചോട്ടിൽക്കുഴിച്ചിടപ്പെട്ടുപോക !

(കയമനാരുടെ പതിനെട്ടു പാട്ടുകൾ ''നററിണൈ'' ''കുറുന്തൊകൈ'', ''അകനാനൂറ്'', ''പുറനാനൂറ്'', എന്നീ സമാഹാരങ്ങളിലായി കാണപ്പെടുന്നു. കാമുകനോടൊപ്പം ഓടിപ്പോയ മകളെച്ചൊല്ലി അമ്മ വിലപിക്കുന്നതാണ് ഇവയിലെ മുഖ്യ പ്രമേയം. നററിണൈയിൽ 271-ാമതായി ചേർത്ത ഈ പാട്ടിന്റെ സന്ദർഭവും അതുതന്നെ. എന്മകൾ ധാരാളമായി പെററുകിടക്കുന്നതും സമൃദ്ധിയും കുളിർമയുമുള്ളതുമായ വീടു വിട്ട് മകൾ, ഒരു ചെക്കന്റെ (‘കാളെ’ എന്ന തമിഴ്) ബഡായികൾ കേട്ട് അവന്റെകൂടെ ഓടിപ്പോയി. കാട്ടുവഴിയിലൂടെ പോകുന്ന അവർക്ക് ആഹാരം മരച്ചോലയിൽ വീണുകിടക്കുന്ന നെല്ലിക്കയും ഊററുവെള്ളവും മാത്രമാണ്. (ചോല=മരത്തണൽ) ശത്രുക്കൾ വന്നു വിളകൊയ്തു കൊണ്ടുപോകുമ്പോൾ നിസ്സഹായനായി നോക്കിനിൽക്കേണ്ടിവരുന്ന കർഷകന്റെ (ഉഴവൻ-കർഷകൻ) ദുസ്ഥിതിയാണ്, പോകുന്ന മകളുടെ പുറംകണ്ടുനിൽക്കേണ്ടിവന്ന തനിക്കു്. മരിച്ചാൽ ഈ വേദന താൻ അനുഭവിക്കേണ്ടിവരുമായിരുന്നില്ല. തന്റെ പ്രാണൻ കൊണ്ടുപോകാത്ത കാലൻ, മൂത്തുമുരച്ച് ഒന്നുംചെയ്യാൻ കെല്പില്ലാതെ, വലിയ മൺതാഴിയ്ക്കകത്തു് മണ്ണിൽ കുഴിച്ചിടപ്പെടട്ടെ എന്നു അമ്മ കാലനെ ശപിക്കുന്നു. നന്നങ്ങാടി=വലിയ മങ്ങലി. നിലത്തു കുഴിച്ചിടപ്പെട്ടതായി കാണുന്ന ഇവയിൽ, കാലനില്ലാത്തകാലത്തു് മൂത്തുനരച്ച കിഴവരെ കുഴിച്ചിട്ടിരുന്നു എന്ന വിശ്വാസം കേരളത്തിലുമുണ്ട്.)

21 ജനുവരി, 1978

അമ്മൈയ്യൻ നാകനാർ

## 40. വിഘ്നമല്ല

ചില്ലകൾകരി, ഞ്ഞോമവൃക്ഷങ്ങൾ മറുനാട്ടിൽ—
ച്ചെല്ലുന്നവഴിയുടെവക്കിലായ് നിന്നീടുന്നു;



അവയിൽച്ചെറുപൊത്തിലൊളിഞ്ഞു ചീവീടുകൾ
അലറീടുന്നു; നെഞ്ചിൽ ദൃഢനിശ്ചയത്തോടേ
ആ വഴി കടന്നുപോയീടാതേ, വീട്ടിൽത്തന്നെ
വാഴവോർനേടില്ലല്ലോ ദുർലഭം കാമ്യം ധനം.
ഇങ്ങനെയുറ, ച്ചന്യനാട്ടിൽപ്പോയധ്വാനിപ്പോ—
ക്കേണ്ടതെന്തൻകൃത്യത്തിൽ വിഘ്നമായ്ത്തീർന്നീടുന്നു,
ചുമരിൽ ചിത്രത്തിലെസ്സുന്ദരിക്കൊത്തുള്ള മെയ്—
വടിവും, പതുപ്പാർന്നപരക്കും നിതംബവും,
മാലയിൽപ്പുഷ്പങ്ങൾ പോലിമതങ്ങളിൽച്ചേർന്നു
നീലമേഘംപോൽക്കുളുത്തിരുണ്ട മയ്ക്കൺകളും,
മുയലിൻപിമ്പേപായും ക്രുദ്ധനാം വേട്ടപ്പട്ടി—
യുടെ നാവിനോടൊക്കും കൊച്ചുകാലടികളും
കട്ടിയായ്ത്തഴച്ചകാർക്കുന്തലുമാർന്നുള്ളോരീ
വേട്ടപെൺമണിയുടെ രൂപവും സൗശീല്യവും?

(''നററിണൈ'' എന്ന സമാഹാരത്തിലെ 252-ാം പാട്ടുമാത്രമേ അമ്മൈയ്യൻ നാകനാരുടേതായി ലഭിച്ചിട്ടുള്ളൂ. വിവാഹം കഴിഞ്ഞ് അധികം താമസിയാതെ നായകൻ പണം നേടാൻ പരദേശത്തേയ്ക്കു പോയി. നായികയുടെ സൗന്ദര്യ-സൗശീല്യങ്ങളേക്കാളേറെ നായകനെ ആകർഷിച്ചതു് മറുനാട്ടിൽമാത്രം നേടാൻ കഴിയുന്ന പണമാണ് എന്നു തോഴി നായികയോടു പരിഭവം പറയുന്നു. ഓമ=പാലനിലത്തിലെ ഒരുതരം മരം. പതുപ്പ്=മാർദ്ദവം. രൂപം=സൗന്ദര്യം. വിരഹം വർണ്ണിക്കുന്ന ഈ ഗാനം പാലത്തിണയിൽപ്പെടുന്നു.)

22 സപ്തംബർ, 1977

## III. മുല്ലത്തിണ

കാടും കാടുചേർന്ന ഇടവുമാണ് മുല്ലനിലം. ഇവിടെ ആടുകളേയും പശുക്കളേയും വളർത്തുന്ന ഇടയർ പാർക്കുന്നു. മദിച്ച കാളക്കൂറ്റന്മാരെ നേരിട്ട് പിടിച്ചുകെട്ടുന്നതു് ഇവരുടെ വിനോദമാണ്. ഈ സാഹസകൃത്യത്തിൽ വിജയിക്കുന്ന യുവാക്കളെ ഇടയയുവതികൾ മാലയിട്ടു് വരിക്കുന്നു. പിരിഞ്ഞ നായകൻ തിരിയെ വരുംവരെ നായിക കാത്തിരിക്കുന്നതു് മുല്ലനിലത്തിലാണ്. വിഷ്ണുവാണ് മുല്ലനിലത്തിന്റെ ദേവത. വർഷാരംഭവും സന്ധ്യയും ഈ തിണക്കു ചേർന്ന കാലങ്ങളാകുന്നു.

വായിലാൻ തേവൻ

## 41. മഴക്കാലസന്ധ്യ

കരിമുകിൽ കളിക്കുന്നു കുന്നിന്നുമേൽ;
ചെരുവിലെച്ചെറുവീട്ടുമുററങ്ങളിൽ
കറവുപൈക്കൾ കിടാങ്ങളെ യോർക്കയാൽ
അമറി, മേച്ചിൽപ്പുറമ്പുവിട്ടെത്തുന്നു.

ഇലകൾപച്ചച്ചമുല്ലതൻവെൺമല—
രിതൾകളന്തിച്ചുകപ്പിൽത്തുടക്കുന്നു.
പ്രിയനെവേർപിരി, ഞെങ്ങമ്മട്ടതോഴി, ഞാൻ
ഉയിർപുലർത്തുമിക്കാർകാലസന്ധ്യയിൽ?

(''കുറുന്തൊകൈ'' എന്ന സമാഹാരത്തിൽ 108—ാമതായി ചേർത്ത ഈ അഞ്ചുവരിക്കവിത ''മുല്ലത്തിണൈ''യിൽ ചേർന്നതാണ്. വിവാഹാനന്തരമുണ്ടാകുന്ന പ്രവാസവിപ്രലംഭമാണ് ഈ തിണയുടെ വിഷയം; കാട്ടുപ്രദേശത്തെ ഇടയരാണ് കഥാപാത്രങ്ങൾ. മഴക്കാലം വരുംമുമ്പു തിരികെ വരാമെന്നു് പ്രതിജ്ഞചെയ്തു വിദേശത്തുപോയ ഭർത്താവിനെ ഓർത്തു ദു:ഖിക്കുന്ന നായിക തോഴിയോടു പറയുന്നതാണ് സന്ദർഭം. കുന്നും കുന്നോടുചേർന്ന പ്രദേശവും മഴക്കാലവും സന്ധ്യയും ''മുല്ലൈത്തിണൈ''യ്ക്കു പറയപ്പെട്ട പശ്ചാത്തലങ്ങളത്രേ. ചെരിവ്—കുന്നിൻചെരിവ്.)

14 മാർച്ച്, 1976

നല്ലുരുത്തിരനാർ

## 42. ഏർതഴുവൽ

കരിഞ്ഞകൊമ്പിൽപ്പുതുമഴനീർ വീഴ്കേ, മൊട്ടു
നിറഞ്ഞുതിങ്ങും കാട്ടുമുല്ലപ്പിടവത്തിൻപൂവും
മുളയിൽക്കടഞ്ഞ തീ ചാഞ്ചാടിപ്പടരുംപോ—
ലിളകമിതൾ വീതിയാന്ന ചെങ്കാന്തൾപ്പൂവും
ഇന്ദ്രനീലത്തിൻ നിറമിയലും കായാമ്പൂവും
പിന്നെയും പുതുമഴക്കാലത്തിൻ പലപൂവും
മാലകളാക്കിച്ചാലേചൂടിയോരിടയന്മാർ
വീരസാഹസരസം നിലനിർത്തുവാനായി,

കല്പാന്തരുദ്രൻ കൈയിലേന്തിടും കോടാലിപോൽ
കൂർപ്പെഴുംകൊമ്പെതുയും മൂർച്ചയിൽച്ചെത്തിച്ചീകി,
കളത്തിൻ നടുവിലേയ്ക്കഴിച്ചുവിട്ടു, മദ–
പ്പുളപ്പാർന്നമറുന്ന പോർക്കാളക്കൂററന്മാരെ.

അവിടെ,

മഴപോ,ലിടിപോലെയാർപ്പുകൾ മുഴങ്ങവേ,
പൊടിയും ഗന്ധപ്പുകത്തിരളും പരക്കവേ,
ഇടയത്തരുണിമാർ നിരന്നു നില്ക്കേ, കാവിൽ
അരയാൽത്തറയിലും നീരെഴും തുറയിലും
വാഴുന്നകുലപരദേവതമാരെക്കൂപ്പി–
പ്പായുന്നുകൊലക്കാളകൾക്കുനേർക്കിടയന്മാർ.

കന്നിമേൽക്കാണും പട്ടുപുഴുവിൻ കരിംപുക–
പ്പാർന്നതാമിക്കൂററൻതൻ നോട്ടത്തെപ്പേടിയ്ക്കാതെ
പാഞ്ഞുനേർക്കണയുന്ന വീരനാമിടയനെ–
യാഞ്ഞുകൊല്ലുവാൻ കുത്തിക്കൊമ്പിന്മേലെടു,ത്തതാ,
കുടഞ്ഞീടുന്നു, പണ്ടുപാഞ്ചാലാത്മജയുടെ–
യഴകേറിയ വാർപൂങ്കുഴലിൽക്കൈവെച്ചോനെ
മാറുപിളർന്നരിപുസൈന്യമധ്യത്തിൽ
പോർകലിതുള്ളുന്നഭീമൻപോലെ!

നെററിയിൽച്ചന്ദ്രക്കലച്ചുട്ടാർന്ന കാരിക്കാള
കാട്ടുപൂമാലചാർത്തിയെത്തുന്നോരിടയനെ
കുത്തിക്കുടൽചാടിച്ചു കുടയുന്നതുകാൺകനീ,
പ്രളയത്തിൽപ്പോത്തേറിയ യമന്റെ നെഞ്ചൂററക്ക–
ത്തിനകീറി, ക്കൂളികളെക്കുടൽമാലവിരുന്നൂട്ടും
ശൂലധരൻ ഭഗവാൻശിവനമ്മചേരും മെയ്പ്പാതിയിൽ
നീലനിറംകലരും ഹരനെന്നപോലെ!
ചെവിമറുകും ചെംപുള്ളിയുമാർന്നുള്ളോരു വെള്ളെരുതിൻ
പകകരതാ, തതിനെപ്പോയ്ത്തഴുകുവോനെ
മുനക്കൂരിയകൊമ്പേററിക്കുടയുന്നതുകാൺകനീ,
ഇരുളെന്നായ്ക്കരുതാതെ പിതൃഘാതിയെ നടരാവിൽ
പൊരുതിത്തലവെട്ടി, ത്താൻ തോളേററിപ്പോകുന്നൊരു
ഗുരുപുത്രനശ്വത്ഥാമാവുപോലെ!

ഇങ്ങിനെയിരിക്കേ,

അണിമാലയണിയിക്കും കണവനെ നമ്മൾക്കു
മണിമാലതൂങ്ങി, യിടയർ വിളിയ്ക്കുമി–
ക്കുഴൽകൊണ്ടുവന്നു നൽകും.



കൊലയാനയെക്കാളും മുഷ്ക്കാർന്നകാളയെ
ബലമായടക്കും നീയെന്നാകി, ലിടയത്തി–
യുടെ തോളണിയും വിജയമാല്യം.

പകൽവിടരും മാലകളും കരളലിവും കുഴലൊലിയും
ചുമലിൽവെച്ചൊരു കോലിലിളകുന്ന കൈയുമെഴും
ഇടയനയലത്തെയീയെരുതിനെയടക്കിടുകി–
ലവനീയിടയത്തിസ്സുന്ദരിതൻ വാർകുന്തൽ–
വിരിയിൽക്കിടന്നാങ്ങീടുമല്ലോ.

എന്നെപ്പോലാരുള്ളു കൊലക്കാളയെനിർത്തുന്നതി–
നെന്നുപറഞ്ഞുശിർകാട്ടുമിടയച്ചെക്കൻ
എൻപ്രിയതമനായ്ക്കൂടെന്നില്ലൊരുനാളും, അവനെക്ക–
ണ്ടെന്നിടംകണ്ണുതുടിയ്ക്കുന്നല്ലോ!

അവിടെ,

കാളകൾ തളർന്നപോ, യിടയർ മുറിപ്പെട്ടാർ,
കാറെതിർക്കുഴലികളിടയത്തരുണിമാർ
കാമുകരോടൊന്നിച്ചുവിളയാടുവാൻ പോയാർ
പൂമല്ക്കുളിർ വല്ലിക്കുടിലുകളിൽ.

(കലിപ്പാ എന്ന വൃത്തത്തിൽ എഴുതിയ നൂററമ്പതുപാട്ടുകളുടെ സമാഹാരമാണ് ''കലിത്തൊകൈ'', ''തരവു'' എന്ന പേരിൽ ഒരു പ്രാരംഭം, ''താഴിശൈ'' എന്ന പേരിൽ ഏറെക്കുറെ സമാനാർത്ഥങ്ങളായ മൂന്നു ഖണ്ഡങ്ങൾ, ''അരാകം'' എന്നപേരിൽ ലഘുപ്രചുരങ്ങളായ ഏതാനും വരികൾ, ''അമ്പോതരങ്കം'' എന്നപേരിൽ നീളം ക്രമത്തിൽ ചുരുങ്ങിച്ചുരുങ്ങി വരുന്ന ചില വരികൾ, ഒന്നോ രണ്ടോ വാക്കുകൾ അടങ്ങുന്ന ''തനിച്ചൊല്ലുകൾ'', അവസാനത്തിൽ ''ചുരികം'' എന്ന പേരിൽ ഒരു ഉപസംഹാരം—ഇവ മുഴുവനുമോ ഏതാനുമോ അടങ്ങുന്ന ഒരു കാവ്യരൂപമാണ് കലിപ്പാ. ''കലിത്തൊകൈ''യിൽ ''മുല്ലൈത്തിണൈ''യിൽ ചേർന്ന പതിനേഴു പാട്ടുകളുണ്ട്. ചോഴൻ നല്ലുരുത്തിരനാർ എഴുതിയ ഈ പാട്ടുകളിൽ ആദ്യത്തേതിന്റെ വിവർത്തനമാണ് മേൽച്ചേർത്തതു്. മൂലത്തിലെ വൃത്തത്തെ തർജ്ജമയിലും ഏറെക്കുറെ അനുകരിച്ചിരിക്കുന്നു.

വിരളിയെടുത്ത കാളക്കൂററന്മാരെ നിരായുധരായിച്ചെന്ന് പിടിച്ചു നിർത്തുകയെന്നതു് തമിഴ്നാട്ടിലെ കർഷകരുടെ ഒരു വീരവിനോദമാകുന്നു. ''ജല്ലിക്കെട്ട്'' എന്നറിയപ്പെടുന്ന ഈ മത്സരത്തിൽ കാളകളുടെ കൊമ്പുകളിൽ കെട്ടിയ പണക്കിഴികളാണ് അവയെ അടക്കുന്ന വീരന്മാർക്ക് ഇപ്പോൾ കിട്ടുന്ന സമ്മാനം. പണ്ട് ഇത്തരം വീരന്മാർക്ക് തങ്ങളുടെ പുത്രിമാരെ വിവാഹംചെയ്തു കൊടുക്കാമെന്ന് ഇടയർ പ്രഖ്യാപിക്കുന്ന പതിവ് ഉണ്ടായിരുന്നു. കാളയുടെ പൂഞ്ഞിൽ പിടിച്ച്—ഇതിനു് ''ഏർതഴുവുക'' എന്നു പറയുന്നു—വേണം അതിനെ അടക്കാൻ. മിക്കപ്പോഴും ആപൽക്കരമാകാറുണ്ട് ഈ വിനോദം.

ഇത്തരമൊരു ''ഏർതഴുവൽ'' ആണ്‌ ഈ പാട്ടിന്റെ വിഷയം. ഏർതഴുവൽ കാണാനെത്തിയ ഇടയത്തികൾ പരസ്പരം പറയുന്ന രീതിയിലാണ്‌ രചന.

പിടവം — ഒരു തരം മുള്ളുള്ള മരം. ''മുളയിൽക്കടഞ്ഞതീ''....— തീ കടഞ്ഞുണ്ടാക്കാൻ അരണിയായി മുള ഉപയോഗപ്പെടുത്താറുണ്ട്‌. ''അവിടെ'', ''ഇങ്ങിനെയിരിക്കേ'' ''അവിടെ'' എന്നിവ മൂന്നും ''തനിച്ചൊല്ലുകൾ''. ഗന്ധപ്പുകത്തിരൾ — കാട്ടുകാർ സുഗന്ധങ്ങളുള്ളവ കത്തിച്ച്‌ പുകയുണ്ടാക്കുന്ന പതിവുണ്ടായിരുന്നു. കലിപരദേവതകൾ മരത്തോപ്പുകളിലും (കാവുകളിലും) ആൽത്തറയിലും ജലാശയങ്ങളിലും കുടികൊള്ളുന്നതായി വിശ്വസിക്കപ്പെട്ടിരുന്നു. കാരി = കറുത്ത കാള. കുളികൾ — ഒരു തരം പിശാചുക്കൾ. കാളയെ ശിവനോടു ഉപമിച്ചിരിക്കുന്നു. അർധനാരീശ്വരനായ ശിവന്റെ ഇടതു (പാർവ്വതി) ഭാഗം നീലനിറവും വലതു (ശിവ)ഭാഗം ചുകപ്പുമാണ്‌. എരുത്‌ — കാള. പിതൃഘാതി — ദ്രോണരെ കൊന്ന ധൃഷ്ടദ്യുമ്നൻ. ''മന്നിമാല തൂങ്ങി....'' — ഏർതഴുവലിന്റെ അവസാനത്തിൽ ഇടയൻ വിളിക്കുന്ന കഴലിൽ രത്നമാലകൾ തൂക്കിയിരിക്കുന്നു. കഴൽവിളി ഇടയപ്പെൺകിടാങ്ങളുടെ സ്വയംവരത്തിന്റെ നാന്ദി കുറിക്കുന്നു. വളരെ മുഷ്കുള്ള കാളയെ അടക്കിയവന്റെ പ്രിയതമക്ക്‌ ഇടയരുടെ ഇടയിൽ അന്തസ്സ്‌ വർധിക്കുന്നു. ''പൂമുല്ലകളിൽ...'' — ഏർതഴുവൽ കഴിഞ്ഞശേഷം കാമിനീകാമുകന്മാർ സന്ധ്യക്കു മുല്ലവള്ളിക്കുടിലുകളിൽച്ചെന്നു സൈ്വരവിഹാരങ്ങളിലേർപ്പെടുന്നു എന്ന്‌ കവിവാക്യം.)

16 മെയ്‌, 1976

കുറുങ്കുടിമരുതനാർ

## 43. വർഷാരംഭം

മുല്ലയിൽക്കൂർമൊട്ടുകൾകൂമ്പുന്നു; തേറാമര—
ച്ചില്ലയിൽ, ത്തടിപച്ചനിറമാം കൊന്നക്കൊമ്പിൽ,
മുദ്രബന്ധനമഴിച്ചിതൾനീർത്തുന്നുപൂക്കൾ;
ഇരുമ്പുപിരിച്ചതീർത്തുള്ളപോൽക്കറുത്തേറെ—
പ്പിരുതാംകൊമ്പാർന്നുള്ള കലമാനുകൾതുള്ളി—
പ്പുരന്നപള്ളങ്ങളിലൊക്കെയും പാഞ്ഞെത്തുന്നു.
മുകിൽമൂടിയമാനത്തിടിവെട്ടലും ചാററ—
മഴയും: വർഷാരംഭരമ്യമീവനപ്രാന്തം.

വെട്ടിനിത്തിയകഞ്ചിരോമങ്ങളെഴും കഴു—
ത്തെത്രയും വള,ച്ചാട്ടി, വലിയ്യേരഥാശ്വങ്ങൾ,
പൂത്തുചോലയി, ലിണയൊത്തുതേൻ നുകർന്നേറെ
മത്താർന്നുവീണയ്ക്കൊപ്പം മൂളലും കാർവണ്ടുകൾ



പേടിതേടായ്‌വാൻ മണിനാവുകളെല്ലാംകെട്ടി—
ത്തേരോടിപ്പവൻ, കുറുംപുറനാട്ടടയവൻ,
നിൻപ്രിയൻ, നിത്യോത്സവമിരമ്പുമുറയൂരാം
വൻനഗരത്തിൻകിഴക്കായതും നെടുംകുന്നിൽ
മലരും കാന്താൾപ്പൂവിൻ സൗരഭ്യം മുകരവേ,
മുതിരും നിൻസൗന്ദര്യസ്മൃതിയാൽ മനംവിങ്ങി,
എത്രയുംവേഗംതേരോടി, ച്ചതാ! വന്നെത്തുന്നു,
മെത്തിനവളകളാൽ വിളങ്ങും കൈയുള്ളോളേ!

(പാണ്ടിനാട്ടിൽ തിരുക്കുറുങ്കുടി എന്ന സ്ഥലത്തു പിറന്ന മരുതനാരുടെ ഓരോ പാട്ട്‌ ''അകനാനൂറി''ലും ''കുറുന്തൊകൈയി''ലും കാണുന്നു. അകനാനൂറിൽ, ''കളിററിയാനൈ നിരൈ'' എന്ന ഒന്നാം ഭാഗത്തിൽ നാലാമതായി ചേർത്ത ഈ പാട്ട്‌ വിരഹിണിയുടെ കാത്തിരിപ്പ്‌ വർണ്ണിക്കുന്നതിനാൽ മുല്ലത്തിണയിൽ പെട്ടതത്രേ. ധനസമ്പാദനത്തിനോ രാജ്യകാര്യനിർവ്വഹണത്തിനോ വേണ്ടി മറുനാട്ടിൽപോയ കാമുകൻ വരാമെന്നു പറഞ്ഞ വർഷക്കാലമായിട്ടും തിരിച്ചു വരാത്തതിൽ ഖേദിക്കുന്ന നായികയെ തോഴി ആശ്വസിപ്പിക്കുന്നതാണ്‌ സന്ദർഭം. കൂർമൊട്ട്‌ — കൂർത്തമൊട്ട്‌. തേററാമരം — ഒരു പൂമരം. ഇതിന്റെ കായയുടെ പൊടി (തേററാമ്പരൽ) ചേർത്താണ്‌ കലങ്ങിയവെള്ളം തെളിയിക്കുന്നത്‌. പള്ളം — താഴ്ന്ന നിലം. ചോല — മരക്കൂട്ടം. മണിനാവുകൾ — തേരിലെ മണികളുടെ നാവുകൾ. ഇണചേർന്നിരിക്കുന്ന വണ്ടുകൾ ഭയപ്പെടാതിരിക്കാൻവേണ്ടി തേരിലെ മണികളുടെ നാവുകൾ കെട്ടിയിടാൻ ശ്രദ്ധിക്കുന്ന നായകന്‌ നായികയുടെ വിരഹദുഃഖത്തിൽ അനുകമ്പയുണ്ടാകാതിരിക്കയില്ലെന്ന്‌ താൽപര്യം. ഉറയൂർ — ചോളരുടെ തലസ്ഥാനം. കുറുംപുറനാട്‌ കോഴിക്കോടിനു വടക്കുള്ള പ്രദേശം. ''ഉറന്തൈ'' എന്നും പേരുണ്ട്‌. നായകൻ താമസിക്കുന്ന വിദേശനഗരം ഇതാണ്‌. നെടുംകുന്ന്‌ — നീണ്ട ചിറാപ്പള്ളിമല. കാന്താൾപ്പൂവ്‌ വിടരുന്നത്‌ വർഷാരംഭത്തിലാണ്‌.)

24 ഒക്ടോബർ, 1976

ആവൂർ മൂലംകിഴാർ

## 44. കൈനീലയിൽ

വേദംവിധിച്ചതാം കർമ്മങ്ങൾചെയ്യാതെ
വേദിയനെന്നപേർമാത്രമെഴും ദ്വിജൻ
വാളരംകൊണ്ടുവളകൾമുറിക്കവേ
ദ്രവറിട്ടശംഖിൻതലച്ചുരുൾമാതിരി
അഗ്രംചുഴിഞ്ഞുമിതൾനിവരാതെയും
നിൽക്കുംകിലുകിലുപ്പച്ചെടിമൊട്ടുകൾ
പോകുംതുലാവർഷകാലത്തിലെക്കുളിർ—
ത്തൂമഴച്ചാറലിൽപ്പൊട്ടിവിരിയവേ,

മഞ്ഞുപുതപ്പിലൊളിക്കവേ തൈമാസ-
മുൻപനിക്കാലപ്പുലരിയിൽഭംബാനമാൻ
ആഞ്ഞുതണുത്തടിക്കുന്ന വാടക്കാററിൽ
വിണ്ണിൻതൊലിയുരിയുന്നതുമാതിരി
ഏററം കറുത്തുപെരുത്തമഴമുകിൽ-
പ്പററങ്ങൾതെക്കോട്ടുതെക്കോട്ടൊതുങ്ങവേ,
രാവിൻെറ മഞ്ഞിരുൾ വെള്ളത്തിലേകയായ്
പാവമെ! നീന്തിത്തുടിച്ചുതളർന്നവൾ
എന്നെപ്പിരി,ഞ്ഞകം നീറിയിരിക്കുന്നു
തന്നൂരി,ലെൻ പ്രാണവല്ലഭയാമവൾ.

ഞാനവളെപ്പിരിഞ്ഞിങ്ങു രാജാവിൻെറ
കൈനിലപൂകിയിരിപ്പുവിവശനായ്.
ശത്രുദുർഗ്ഗത്തിലെഗ്ഗോപുരവാതിലിൽ-
ക്കുത്തിയണിപ്പൊൻവളകൾ പിളർന്നപോയ്
അററംചതഞ്ഞുമൊട്ടച്ച വെൺകൊമ്പുകൾ,
ഏററംചെറിയതാം കൺകളും ചേർന്നുള്ള
യുദ്ധഗജങ്ങൾതൻകണ്ഠമണികളിൽ
ഞാത്തിയനീട്ടററനാക്കിൻനിനാദവും
തോൽകൊണ്ടുതീർത്ത കറുത്തപരിചയിൽ
കൂരമ്പുവീഴും കടകടനാദവും
പൊങ്ങിനിറഞ്ഞുവിങ്ങിപ്പടന്നെങ്ങുമേ
തിങ്ങും മുരശുവാദ്യത്തിൻ നിനാദവും
ഒത്തുമുഴങ്ങുന്ന പാതിരനേരത്തു
മെത്തുന്നകാളക്കഴുത്തുമായ് നില്പവൻ,
ഊരിയശേഷമുറയ്ക്കുകം പൂകാത്ത
ഘോരമാം ഖഡ്ഗം കരത്തിൽധരിപ്പവൻ,
രാവിൽത്തളർന്നുറങ്ങീടുന്നസേനകൾ-
ക്കൊധിപൻ മഹാക്രോധനൻ മന്നവൻ-
ആ മന്നവൻെറയിക്കൈനിലപൂക്കിരു-
ന്നാനറുനെററിയാളെക്കുറിച്ചോർപ്പുഞാൻ.

(ചോഴനാട്ടിലെ ആമൂർ തന്നെയാണത്രേ ആമൂർ. ഈ പ്രദേശത്തു് മൂലനക്ഷത്രത്തിൽ ജനിച്ച ഒരു കർഷകനായിരുന്നു മൂലംകിഴാർ. ''അകനാനൂറി''ലും ''പുറനാനൂ''റിലുമായി പതിനെട്ടുപാട്ടുകൾ മൂലംകിഴാരുടെതായുണ്ടു്. ചോഴൻ കളമുററത്തു മരിച്ചകിള്ളിവളവൻ, പാണ്ഡ്യൻ ഇലവന്തി കൈപ്പള്ളിയിൽ മരിച്ച നൻമാറൻ, പാണ്ഡ്യൻ കീരൻ ചാത്തൻ, മല്ലികിഴാൻ കാരി ആതി, ചോണാട്ടു് പുഞ്ചാററൂരിലെ ബ്രാഹ്മണനായ കവുണിയൻ വിഷ്ണുതായൻ എന്നിവരെ മൂലംകിഴാർ പേരെടുത്തു പറയുന്നുണ്ടു്. മൂലംകിഴാരുടെ ഈ പാട്ടു് അകനാനൂറിൽ ഇരുപത്തിനാലാമത്തേതാണ്.

വേദിയൻ=ബ്രാഹ്മണൻ. വാളാം=ശംഖ് മുറിക്കുന്ന അരം. വേദവിഹിതങ്ങളായ കർമ്മങ്ങൾ ചെയ്യാതെ ശംഖ് അറുത്തു് വളയുണ്ടാക്കി വിററു ജീവിച്ചിരുന്ന ''കീരർ'' എന്ന ബ്രാഹ്മണർ തമിഴ്നാട്ടിലുണ്ടായിരുന്നുവത്രേ. വളമുറിച്ചശേഷം അവശേഷിച്ച പുറത്തെ ശംഖിൻതല പോലെയാണ് പ്രദക്ഷിണാകൃതിയിൽ സംവിധാനംചെയ്ത (ചുഴിഞ്ഞ) ഇതളുകൾ നിവരാത്ത കിലുകിലുപ്പച്ചെടിയുടെ(കൊഴന്തിയുടെ) മൊട്ടുകൾ. തുലാവർഷം പോകുന്നപോക്കിൽ ചാറുന്ന മഴയേററ് ഈ മൊട്ടുകൾ വിരിയുന്നു. മുൻപനി=മഞ്ഞുകാലാരംഭം. വാടക്കാററ്=വടക്കൻകാററ്. മഞ്ഞിരുൾവെള്ളം=മഞ്ഞാകുന്ന കറുത്ത ജലപ്രവാഹം. തന്നൂരിൽ=തൻെറഗ്രാമത്തിൽ. കൈനില=സൈന്യപ്പാളയം. വളകൾ=ആനക്കൊമ്പിലണിഞ്ഞ കിമ്പുരിവളകൾ. നീട്ടററ=നീണ്ട. കാളക്കഴുത്തു്=കാളയുടേതുപോലെ തടിച്ച കഴുത്തു്. മഹാക്രോധനൻ=അത്യന്തം കോപമുള്ളവൻ. നറുനെററിയാൾ=സുഗന്ധമാർന്ന നെററിയുള്ളവൾ.

ശത്രുജയത്തിനു പുറപ്പെട്ട രാജാവിൻെറ സേവനത്തിന്ന് ഇറങ്ങിത്തിരിച്ച് മറുനാട്ടിലുള്ള സൈന്യപ്പാളയത്തിൽ ഉറക്കമിളച്ചിരിക്കുന്ന നായകൻ പ്രഭാതത്തിൽ തൻെറ വിരഹിണിയായ പത്നിയെ അനുസ്മരിക്കുന്നതാണ് പ്രകൃതം. കാത്തിരിപ്പ് പ്രതിപാദിക്കുന്നതിനാൽ ഇരുത്തൽ തിണയിൽ പെടുന്നു.)

21 നവംബർ, 1976



ഇടൈക്കാടനാർ

## 45. എന്തേവന്നില്ല?

പേമഴപെയ്തേപാരമിരുളും പുലർകാലം;
പൂഴികീഴ്മേലായ് രണ്ടുഭാഗത്തും മറിയവേ,
കാളയെപ്പൂട്ടിത്തയ്യാറാക്കിയചെമ്മൺമേട്ടിൽ
കീറിയേയൊരിറച്ചിപോൽ നീർവാലും കരിച്ചാലിൽ,
ഊന്നിയവിത്തൊക്കെയും മുളച്ചുപൊന്തീടുമ്പോൾ
തിന്മാൻ വന്നെത്തിയ കലമാൻപററംപോലെ,
പനയോലയാൽതീർത്തുകാൽനീണ്ടകുടചൂടി-
പ്പണിയാനുത്സാഹംപൂണ്ടെത്തിയ കൃഷീവലർ
പറകൊട്ടീടും താളമൊപ്പിച്ചു കൊത്തിക്കിള-
ച്ചുടിവേരോടേ കളക്കററികൾ പറിക്കുന്നു.

വിസ്തൃതംപുനം; അതിൽ വിളഞ്ഞുവരക്; ഇനി-
യെത്രയുംരുചിയെഴുമതിൻെറ കതിരുകൾ

ഉണ്ണുവാനിങ്ങെത്തീടും തലയിൽ കുടുമയും
വർണ്ണചിത്രമാംവാലുമിയലും മയിലുകൾ.
പുറമേകറുപ്പെഴും വരകിൻകതിർതിന്നി-
ട്ടുവപീലികൾ വിരി, ച്ചെത്തുയും പുളപ്പോടേ
കൊല്ലയിലുഴന്നവരുച്ചയ്ക്കുചോറുണ്ണുമ്പോൾ
തെല്ലൊരുതണൽകിട്ടാൻ വെട്ടാതെ നിർത്തീട്ടുള്ള
വലുതാമിലയെഴും കുരുന്തമരത്തിൻെറ
വളഞ്ഞകൊമ്പിൽക്കേറിയന്തസ്സാന്നിരുന്നീടും;
കിളിയാട്ടുവോർപെൺകൾ വിളിച്ചകൂവുംപോലെ
കളകൂജനങ്ങളാലിണയെപ്രീണിപ്പിയ്ക്കും.

ആവിധം മഴക്കാലമല്ലയോ വന്നു, തോഴീ?
ജീവനായകനെന്തേപിന്നെയും വന്നെത്തായ്‌വാൻ?
''പോരിൽപ്പാളത്യുഗ്രമായ്‌ മന്നവൻനടത്തുന്നു;
പോകണം പൊൻതാഴികതിളങ്ങും തേരേറിഞാൻ;
പോകിലും, മഴക്കാലമിങ്ങെത്തുംനേരം, നീളം
പാരമാർന്നെഴും കഞ്ചിരോമങ്ങൾ തുള്ളിത്തുള്ളി
കൊട്ടതാം വേഗത്തോടെ പാഞ്ഞിടുമശ്വങ്ങളെ
നെട്ടതാംതേരിൽക്കെട്ടിക്കാററുപോൽത്തെളിച്ചോട്ടി
എത്തും ഞാൻ'' എന്നദ്ദേഹമോതിയ മഴക്കാല-
മെത്തി; യെന്നിട്ടും, തോഴീ! പ്രിയനിങ്ങെത്തീലല്ലോ!

(കന്യാകുമാരിജില്ലയിലുള്ള ''ഇടൈക്കാട്‌'' എന്ന സ്ഥലത്തു ജനിച്ച ആളാണത്രേ ഇടൈക്കാടനാർ. ഇദ്ദേഹത്തിൻെറ പതിനൊന്നു പാട്ടുകൾ ലഭിച്ചിട്ടുണ്ട്‌. കുളമററത്തു മരിച്ച കിള്ളിവളവൻ എന്ന ചോഴരാജാവിനെ ഇടൈക്കാടനാർ അനുസ്മരിക്കുന്നുണ്ട്‌. ''അകനാനൂറിൻെറ'' രണ്ടാം ഭാഗമായ ''മണിമിടൈപവള''ത്തിൽ 74–ാമതായി ചേർത്തതാണ്‌ ഈ പാട്ട്‌. മേട്‌=കുന്നിൻപുറം. അവിടെ വർഷാരംഭത്തിൽ കർഷകൻ ഉഴുതു് വരക്‌ വിതയ്ക്കുന്നു. പണിയ്ക്ക്‌ ആക്കംകിട്ടാൻ അവർ ''പറ'' എന്ന വാദ്യം കൊട്ടുന്നു. പറയുടെ താളമൊപ്പിച്ച്‌ കിളച്ച്‌ കാട്ടുചെടികളുടെ കററികൾ വേരോടെ പറിച്ചുകളയുന്നു. പുനം=കുന്നിൻചെരുവിലെ കൃഷിയിടം. കൊല്ല=കൊല്ലി; കുന്നുകൾക്കിടയിലെ താഴ്‌ന്നയിടം. കുരുന്ത=കുരുന്തു് എന്ന മരം. ഓട്ടി=ഓടിച്ച്‌. കർഷകനായ നായകൻ, മറുനാട്ടിൽ യുദ്ധംചെയ്യുന്ന രാജാവിനെ സഹായിക്കാൻ തേരോടിച്ച്‌ പോയിരിയ്ക്കുകയാണ്‌. മഴക്കാലത്തു തിരിച്ചുവരാമെന്ന വാഗ്ദാനം അദ്ദേഹം ഇനിയും നിറവേററാത്തതിൽ വിഷാദിക്കുന്ന നായിക തോഴിയോടു പറയുന്നതാണ്‌ ഈ കവിതയുടെ സന്ദർഭം.)

28 നവംബർ, 1976

പെരുംകൗശികനാർ

## 46. രാത്രിയിലെ മഴ

ഉലകിനാണിയെന്നഖിലരും വാഴ്ത്തി-
വണങ്ങിടും പല മലമുടികളിൽ
അണഞ്ഞുലാവി നീററിലസുക നീണാൾ
ഉദഗ്രനിർഘോഷമുയർത്തും മേഘമേ!
കരിഞ്ചാന്തു തേച്ച മിഴാവിൻ കണ്ണിലെ-
ഴുമിധ്വനിയെയൊപ്പ മിടി മുഴക്കിനീ;
വലിഞ്ഞവീണയിൽ ''പ്പട്ടമല'' രാഗ-
മൊലിപ്പതുപോലെ മഴയും ചാറിനീ;

ഇരുണ്ടു നീണ്ടേറെത്തഴച്ച കുന്തലും
കരിഞ്ചെമ്മാന്തളിർ നിറമെഴും മെയ്യും
ഉടയവ, ളെൻെറ കരാംകവന്നവ-
ളിവളമായ്‌സുഖംനുകർന്നുഞാൻവാഴും
മലച്ചെരുവിലെ മനോഹരഗ്രാമം
പല്നിറംവായ്ക്കും മലരുകൾപൊട്ടി
വിരിഞ്ഞു സൗരഭം വഴിയുമാറാക്കി
ഇരവിലിന്നി നീയിരച്ചുപെയ്യാലും!

(ഈണ്യുട്ടുള്ള്‌ പെരുംകുൻറൂർ പെരും കൗശികനാരുടെ രണ്ടു പാട്ടുകൾ ''നററിണൈ''യിലുണ്ട്‌. അവയിൽ രണ്ടാമത്തേത്‌ (139–ാമത്തേത്‌) ആണിതു്. നായികയെ പിരിഞ്ഞുപോയി രാജസേവനം നിർവഹിച്ച്‌ മഴക്കാലത്തു വീട്ടിൽ തിരിച്ചെത്തിയ നായകൻ മേഘത്തെ സംബോധന ചെയ്ത്‌ പറയുന്നതാണ്‌ സന്ദർഭം. മഴക്കാലത്തെ വർണ്ണിക്കുന്നതിനാൽ മുല്ലത്തിണയിൽപ്പെടുന്നു. ആണി=ആധാരം. മലമുകളിലാണ്‌ തമിഴരുടെ മുഖ്യപുണ്യക്ഷേത്രങ്ങൾ. ഉലാവുക=ഘോഷയാത്ര പോവുക. ഉദഗ്രനിർഘോഷം=ഗംഭീരമായ ആരവാരം. കണ്ണ്‌=വാദ്യമുഖം. പട്ടമല=തമിഴ്‌ സാഹിത്യത്തിൽ പ്രസിദ്ധമായ ഒരു പൺ(രാഗം) പട്ടമലപ്പാല എന്നും പറയും. മഴച്ചാറലിൻെറ ശബ്ദം പട്ടമലപ്പൺ പോലെയാണത്രേ. ഒലിയുക=ശബ്ദിക്കുക. ഇരവിൽ=രാത്രിയിൽ. ഇരച്ച്‌=വലിയശബ്ദത്തോടെ.)

26 ഡിസംബർ, 1976

മധുരൈമള്ളനാർ

## 47. വീട്ടിലേക്ക്

പശ പററിയ തോലിൽ നെയ്തേച്ചപോലെ കരി–
ഞ്ചിറകാ,ന്നയന്നുള്ള ചില്ലയിൽത്തൂങ്ങും വാവൽ
പകൽപോവോളം വാണകിഴവൻ മരംവിട്ടു
പുറത്തേ,യ്ക്കിര തേടിച്ചിലച്ചു പാക്കുമ്പോൾ,
കല്ല്യാണപ്പെണ്ണിൻ കുന്തൽക്കെട്ടുപോൽ മണംചിന്തും
മുല്ലകൾ മലർമുകുളങ്ങളാൽ സ്മിതം തൂകി,
വിട്ടുപോകാതേ വണ്ടിനങ്ങളെത്തടുക്കുമ്പോൾ,
എത്രയും കളിത്തൊരിക്കാർക്കാല സായാഹ്നത്തിൽ,

''തിരികേ വന്നാൽ....വന്നീലെന്നാലു മദ്ദേഹമ–
ങ്ങിരിപ്പീലയോ തോഴീ, സുഖമായ്?'' എന്നോതവേ,
ഏടലർ മഴക്കണ്ണു കലങ്ങിച്ചെങ്ങുന്നക,–
ണ്ടാധിയാലകം നീറുമവളെക്കാക്കാനെണ്ണീ,
സ്വയമേ ദൗത്യം കൈയേ, ററിങ്ങു കൈനിലയിലെ
ന്നരികേ വന്നാനല്ലോ പാണൻ; ആകയാൽനീയും
പുല്ലുമേയുന്നോരശ്വങ്ങളെ വേഗത്തിൽപ്പൂട്ടി–
ത്തയ്യാറാക്കുക നെടുതാകുമെൻ രഥം സൂത!

ഏതിനായിറങ്ങി നാ,മക്കാര്യം സാധിച്ചല്ലോ;
തേർ തെളിയ്ക്കുക വീട്ടിലേയ്ക്കിനി വൈകീടാതെ!

(മധുരൈ തമിഴ്ക്കൂത്തൻ കടുവൻമള്ളനാരുടെ കൃതികൾ അകനാനൂറിലും കുറുന്തൊകൈയിലുമുണ്ട്. അകനാനൂറിൻെറ രണ്ടാംഭാഗമായ ''മണിമിടൈപവള''ത്തിലെ 124–ാം പാട്ടിൻെറ വിവർത്തനമാണ് മേൽച്ചേർത്തത്. നായകനെ വിരഹിണിയായ നായിക കാത്തിരിക്കുന്നതായി വർണ്ണിക്കുകയാൽ ഇതു് ''മുല്ലത്തിണ''യിൽപ്പെടുന്നു. ശത്രുക്കളുമായി പോരാടുന്ന രാജാവിനെ തുണയ്ക്കാൻ മറുനാട്ടിൽച്ചെന്ന നായകൻ യുദ്ധത്തിൽ വിജയം നേടിയശേഷം സന്ധ്യയ്ക്ക് കൈനിലയിൽ (പാളയത്തിൽ) ഇരിയ്ക്കുകയാണ്. നായികയുടെ വിരഹദുഃഖം കണ്ട്, അവളെ രക്ഷിയ്ക്കാൻ വേണ്ടി സ്വയം ദൗത്യം കൈയേററ ഒരു പാണൻ അവിടെ ചെന്നു അദ്ദേഹത്തെ സന്ദർശിച്ചു. അയാളിൽ നിന്നു നായികയുടെ ദയനീയാവസ്ഥ അറിഞ്ഞ നായകൻ വീട്ടിലേക്കു പോകാൻ തേര് തയ്യാറാക്കുന്നതിന്ന് തേരാളിയോട് പറയുന്നതാണ് സന്ദർഭം. മലർമുകുളങ്ങൾ–വിടരുന്ന മൊട്ടുകൾ. കാർക്കാലസായാഹ്നം–മഴക്കാലത്തിലെ സന്ധ്യ. ഈ സമയം വിശേഷിച്ചും വിരഹോദ്ദീപകമാണല്ലോ. ''തിരികേ വന്നാൽ.. സുഖമായ്'' –വീട്ടിലിരിയ്ക്കുന്ന നായിക തോഴിയോട് പറയുന്നതാണ് ഇതു്. ദുഃഖിതയായ നായികയ്ക്ക് ആദ്യകാവ്യം പൂർത്തിയാക്കാൻ കഴിയുന്നില്ല. അതിനുമുമ്പ്, നായകൻ സുഖമായിരിക്കുന്നുവെന്ന് തോഴിയോട് ചോ



ദിച്ച് ഉറപ്പു വരുത്താൻ ധൃതിയായി. ഏടലർമഴക്കണ്ണ്–താമരപ്പൂ പോലെയുള്ള കണ്ണുകൾ. ചെങ്ങുന്ന–ചുവക്കുന്നതു്. കൈനില–പട്ടാളപ്പാളയം. പാണൻെറ ജാതിത്തൊഴിലുകളിലൊന്ന് അനുരാഗ ദൗത്യമാണ്)

16 ജനുവരി, 1977

കാക്കൈപ്പാടിനിയാർ നച്ചെള്ളെയാർ

## 48. കാക്കയ്ക്കു ബലി

വലിയ തേരാന്ന പെരുനള്ളിയുടെ
വനങ്ങളിൽ വസിയ്ക്കുവോരിടയന്മാർ
വളർത്തുന്ന പല പശുക്കൾ തൻനെയ്യും,
പരന്നതൊണ്ടിയാം പുരിയെച്ചൂഴുന്ന
വയൽകളിൽ നീളേ വിളഞ്ഞ വെൺനെല്ലി–
ന്നരി വച്ചുണ്ടാക്കുമിളം ചുടുചോറും
കലത്തിയേഴുനൽക്കലങ്ങളിൽ നിറ–
ച്ചെടുക്കിലു, മെൻെറ പ്രിയസഖിയുടെ
തടിച്ച തോളുകൾ തുലോം മെലിയിച്ച
വിരഹദുഃഖത്തിന്നറുതി ചേർക്കുവാൻ
വിരുന്നുകാരനെ വിളിച്ച കാക്കയ്ക്കു
ബലിയിടാനതു മതിയാവില്ലല്ലോ!

(''കുറുന്തൊകൈ'' എന്ന സമാഹാരത്തിൽ 210–ാമതായി ചേർത്ത പാട്ടിൻെറ വിവർത്തനമാണിതു്. മൂലം ആറുവരിയേയുള്ളു; വിവർത്തനത്തിൽ പന്ത്രണ്ടു വരിവേണ്ടിവന്നു. പ്രതിപാദ്യം വിരഹദുഃഖമാകയാൽ ഇതു മുല്ലത്തിണയിൽപ്പെടുന്നു. കൊല്ലിമലയുടെ അധിപനായ സാമന്തരാജാവാണ് പെരുനള്ളി. ഇദ്ദേഹത്തെ ''കണ്ടീരക്കോപ്പെരുനള്ളി'' എന്നും വിളിക്കുന്നു. നള്ളിയുടെ മലയ്ക്കു ചുററുമുള്ള കാടുകളിൽ എത്രയോ പശുക്കൾ മേയുന്നു. പടിഞ്ഞാറെ കടല്ക്കരയിലുള്ള ഒരു പട്ടണമാണ് ''തൊണ്ടി''. കടലുണ്ടിയാണെന്നും ചിലർ പറയുന്നു. അതിനുചുററുമുള്ള വയലുകളിൽ വെളുത്ത നെല്ല് ധാരാളം വിളയുന്നു. ദേശാന്തരം പോയ നായകൻ തിരിച്ചുവരുന്നുണ്ടെന്ന് കരുകി അറിയിച്ച കാക്കയ്ക്ക് ബലികൊടുക്കാൻ ഏഴുകലം നിറയെ നെയ്ച്ചോർ മതിയാവില്ലെന്ന് വിരഹിണിയായ നായികയുടെ തോഴി പറയുന്നു. കാക്ക കരയുന്നതു് വിരുന്നുകാരൻ വരുമെന്നതിൻെറ സൂചനയാണെന്ന വിശ്വാസം ഇപ്പോഴുമുണ്ടല്ലോ. വിദേശവാസത്തിന്നിടയിൽ പിതൃകാര്യങ്ങൾ ചെയ്യാൻ മറന്ന നായകനെ അയാൾ തിരിച്ചെത്തിയ ഉടനെ അതോർമ്മിപ്പിക്കലാണ് തോഴിയുടെ ഉദ്ദേശമെന്ന് തൊൽകാപ്പിയ വ്യാഖ്യാതാവായ ഇളം പൂരണർ.

നച്ചെള്ളെ–ഒരു പാട്ടി (പാണസ്ത്രീ) ആണ്. കാക്കയെപ്പററിയുള്ള ഈ പാട്ടു രചിച്ചതുമൂലം കാക്കൈപ്പാടിനിയാർ എന്ന ബഹുമതിനച്ചെള്ളക്കു കിട്ടി. പതിററുപ്പത്തിലെ ആറാം പത്തു് നിർമ്മിച്ചു് ആടുകോട്

പ്പാട്ടുചേരലാതൻ എന്ന ചേരരാജാവിന്റെ കൈയിൽനിന്ന് നല്ലൊരു സമ്മാനം വാങ്ങിയിട്ടുണ്ട്.)

30 ജനുവരി, 1976

ഇളന്തിരൈയനാർ

## 49. മരങ്ങളുടെ മറയത്തരം

''നീരററു വരണ്ടേററമൽഖാതം ദീർഘമാമഗ്ഗം;
തോരുവാനിട്ട വെള്ളത്തുണി പോലതിൽ വെയിൽ;
യാത്രക്കാർ കൊടും ചൂടാൽപ്പേടിച്ചു പനിസ്ഥമാ–
റത്ര ദുർഗ്ഗമമാകമാ മലഞ്ചുരം താണ്ടി–
പ്പോയ വല്ലഭൻ തിരിച്ചെത്തുമെന്നുരചെയ്ത
കാലമായില്ലേ?'' എന്നു മുഗ്ധ നീ ചോദിക്കുന്നു.

വിഡ്ഢിയാം മേഘം, കാലമെത്തീടും മുമ്പേ കട–
ലത്രയും കുടിക്കയാൽ വയർവീർത്തവശമായ്,
താങ്ങുവാൻ കഴിയാത്തനീർച്ചുമടിറക്കിപോൽ
വനലക്ഷ്മേൽ; മഴക്കാലമായെന്നോർക്കയാൽ
പിടവം, പൂക്കൊന്നയും, കാന്തളും—അവയെപ്പോൽ
മായത്തരം വേറെയാർക്കുള്ളൂ ?—പൂത്തുംപോയി!

(കടിയലൂർ ഉരുത്തിരൻ കണ്ണനാർ പാടിയ ''പെരുമ്പാണാററുപ്പടൈ'' യിൽ പുകഴ്ത്തപ്പെടുന്ന ഇളന്തിരൈയനാർ പണ്ഡിതനും കവിയുമായ ഒരു സാമന്തരാജാവായിരുന്നു. ഇദ്ദേഹത്തിന്റെ മൂന്നു പാട്ടുകൾ ''നററിണൈ'' യിലും ഒരു പാട്ട് ''പുറനാനൂ''റിലുമുണ്ട്. നററിണൈയിലെ 99–ാം പാട്ടിന്റെ വിവർത്തനമാണിത്. മഴക്കാലത്തു തിരിച്ചുവരാമെന്നു പറഞ്ഞു പരദേശത്തുപോയ നായകനെ കാണാതെ ഖേദിക്കുന്ന നായികയെ ആശ്വസിപ്പിക്കാൻ തോഴി, കാലംതെററി വന്ന മഴയാണിതെന്നു സ്ഥാപിക്കുകയാണ് ഈ പാട്ടിൽ. വിഡ്ഢികളായ മഴക്കാലവൃക്ഷങ്ങൾ മഴകണ്ടു തെററിദ്ധരിച്ച് പൂത്തു. നായകൻ കുറിച്ചകാലം ഇനിയും ആയിട്ടില്ല; ആവുമ്പോൾ അദ്ദേഹം തിരിച്ചുവരാതിരിക്കയുമില്ല. വിരഹം സഹിച്ചിരിക്കുന്ന സ്ഥിതിയെ (ഇരുത്തൽ)പ്പററി പ്രതിപാദിക്കയാൽ ഈ പാട്ട് മുല്ലത്തിണൈയിൽപ്പെടുന്നു. ഉൽഖാതം = നിമ്നോന്നതം. തോരുവാൻ—ഉണക്കാൻ. പിടവം, കൊന്ന, കാന്തൾ = മഴക്കാലത്തു പൂക്കുന്ന മൂന്നു മരങ്ങൾ.)

വടമ വണ്ണക്കൻ പേരിചാത്തനാർ

## 50. സാന്ധ്യ സംഗീതം

അകലെക്കരിവാനിൽ പ്പാഞ്ഞെത്തി, ച്ചിത്രാംശുവാം
പകലോനെയും മൂടിപ്പൊങ്ങുന്നു കാർമേഘങ്ങൾ



പിടിയാനകൾ ചൂഴും കൊമ്പന്മാർക്കുള്ളും കളി–
ത്തിടമാ, റടമഴയെങ്ങുമേ തകർക്കുന്നു.

നൃപനോ, ശത്രുക്കളിൽപ്പകയാ, ലിലപര–
ന്നൊളിചിന്തീടും നെടുംവേൽ തിങ്ങും കൂടാരത്തിൽ
പോരിട്ടുനേടും പുകളൊന്നിലാഗ്രഹം വെച്ചു
രാവിലും കൺചിമ്മാതെയുഗ്രമൂർത്തിയായ് വാഴ്‌വൂ.

പോരിതിൻചുമതലക്കാരൻ ഞാൻ; ഉള്ളംതെളി–
ഞ്ഞാരെന്നെ ''യിവനെന്റെതാ''ണെന്നായ്‌കൈക്കൊ–
ണ്ടുവോ,

വാർമലർക്കരികുഴലാളാമെൻ പ്രാണപ്രിയ,
ഈ മഴക്കാലത്തവളെന്മട്ടായ്‌ത്തീർന്നീടുമോ?

പൊക്കമേറിയ കാളച്ചുമലിൽത്തൂങ്ങുന്ന വായ്–
വട്ടമേറിയ മണികൾക്കൊഴും കുവാണങ്ങളും,
പൈക്കളെത്തെളിക്കുന്നോരിടയന്മാരൂതുന്ന
നൽക്കുരലെഴുമാമ്പൽക്കുഴലിന്നീണങ്ങളും,
വീണയിൽത്തേങ്ങിപ്പൊങ്ങും ചെവ്വഴിരാഗക്കുറും–
പ്രാണവേദനയേകാൻ പോരുമിസ്സംഗീതകം
എങ്ങിനെ മഴക്കാലസന്ധ്യയിലൊററയ്ക്കിരു–
ന്നെൻ പ്രാണപ്രിയതമ കേ,ട്ടയ്യോ! പൊറുക്കുന്നു?

(വിരഹിണിയായ നായികയുടെ കാത്തിരിപ്പ് വർണ്ണിക്കുന്നതിനാൽ ഈ ഗാനം മുല്ലത്തിണയിൽപ്പെടുന്നു. ''അകനാനൂ''റിൽ 214–ാമതായി ചേർത്ത ഇതിന്റെ കർത്താവായ വടമവണ്ണക്കൻ പേരിചാത്തനാർ, ''ഇലവന്തിക''പ്പള്ളിയിൽ മരിച്ച പാണ്ഡ്യൻ നൻമാറനെപ്പററി പാടിയിട്ടുണ്ട്. അകനാനൂറിൽ ചാത്തനാരുടെ മൂന്നു ഗാനങ്ങളുണ്ട്. യുദ്ധത്തിന്റെ ചുമതലവഹിച്ച് കൈനിലയിൽ പാർക്കുന്ന നായകൻ വർഷാരംഭത്തിൽ വിരഹിണിയായ നായികയുടെ നില എന്താകുമെന്നാലോചിച്ച് സ്വന്തം ഹൃദയത്തോടു പറയുന്നതാണ് സന്ദർഭം. ചിത്രാംശു = പലനിറത്തിൽ രശ്മികളുള്ളവൻ. അടമഴ – കനത്തമഴ. ഇല – വേലിന്റെ അലക്. ചിന്തുക = പൊരിയുക. പുകൾ = കീർത്തി. വാർമലർക്കരികുഴലാൾ = നീണ്ട, പൂവണിഞ്ഞ, കറുത്ത, തലമുടിയുള്ളവൾ. കുവാണം = ശബ്ദം. കുരൽ = ശബ്ദം. ആമ്പൽക്കുഴൽ = ഒരുതരം കുഴൽ വാദ്യം. ഈണങ്ങൾ = രാഗങ്ങൾ. ചെവ്വഴി രാഗക്കുറ് = വിരഹദുഃഖദ്യോതകമായ ''ചെവ്വഴി'' എന്ന രാഗത്തിന്റെ (പണ്ണിന്റെ വിസ്താരം)

17 മാർച്ച്, 1977

ഉരോടകത്ത് കന്തരത്തനാർ

## 51. വരാത്ത വാർത്ത

ആർത്തുവന്നെത്തിപ്പുനം കൊത്തിയോരുഴവുകാർ
വിത്തുവട്ടിയിൽ മുല്ലമൊട്ടുകൾ നിറയ്ക്കുന്ന
പൊഴുതെത്തിപ്പോയ്; പ്പക്ഷേ മെഴുകാൽക്കരുമെന-
ഞ്ഞുലയിലൂതിപ്പുകന്നോടിനാൽ വാർത്തുള്ളതായ്,
വായ്പിളർന്നതായ്, ത്തെളിനാദമാർന്നതാം മണി
മാമരം തിങ്ങും പൊന്തക്കാടിനെ മുഴക്കവേ
ചുരവും കട,ന്നന്തിനൽവിരുന്നുണ്ണാനായി
വരുന്നു തേരെന്നുള്ള വാർത്തവന്നെത്തീലിന്നും!

(ചെങ്കൽപ്പേട്ട് ജില്ലയിൽ ''ഒരകടം'' എന്ന ഒരു സ്ഥലമുണ്ട്. അവിടെ പിറന്ന ആളാണത്രേ ഉരോടകത്തു് കന്തരത്തനാർ. ''അകനാനൂ''റിൽ മൂന്നും നററിണൈയിൽ നാലും പാട്ടുകൾ കന്തരത്തനാരുടേതായി കാണുന്നു. കുറുന്തൊകൈയിൽ 155-ാമതായി ചേർത്ത പാട്ടിന്റെ വിവർത്തനമാണിതു്. വിരഹിണിയുടെ കാത്തിരിപ്പു വർണ്ണിക്കുന്ന ഇതു് മുല്ലത്തിണയിൽപ്പെടുന്നു. മഴക്കാലത്തു് മടങ്ങിവരാമെന്നു പറഞ്ഞാണു് കാമുകൻ മറുനാട്ടിൽ പോയതു്. ഇപ്പോൾ പുതുമഴപെയ്തു് ഉഴവുകാർ കൂട്ടമായി ആർപ്പു്വിളിച്ചുചെന്നു് ഉയർന്ന കുന്നിൻ പുറങ്ങളിൽ കൃഷിയാരംഭിച്ചു. വിത്തു വിതച്ചു് ഒഴിഞ്ഞവട്ടിയിൽ മുല്ലമൊട്ടുകൾ നിറച്ചു് അവർ സന്ധ്യക്കു വീടുകളിലേക്കു മടങ്ങുന്നു. എന്നാൽ ഓട്ടുമണികളുടെ ഒച്ച പൊന്തക്കാട്ടിൽ മുഴങ്ങുമാറു് ചുരത്തിലൂടെ തേരോടിച്ചു് കാമുകൻ വരുന്നു എന്ന വർത്തമാനം ഇനിയും കേട്ടു തുടങ്ങിയിട്ടില്ല. അന്തിവിരുന്നു തയ്യാറാക്കി വൃഥാ കാത്തിരിക്കുന്ന നായികയുടെ വിലാപമാണിതു്. പുനംകൊത്തുക= മേടു കിളയ്ക്കുക. പൊഴുതു=സമയം. കരുമെനയുക=മൂശയുണ്ടാക്കുക.)

28 ഏപ്രിൽ, 1977

മധുരൈ കൂത്തനാർ

## 52. യുദ്ധാനന്തരം

പിന്തിരിഞ്ഞോടാതക്കൊലക്കാളതൻതോലാൽപ്പോർത്ത
ദുന്ദുഭി ജയം വാഴ്ത്തിയീണത്തിൽ ധ്വനിയ്ക്കവേ,
ശത്രുരാജ്യത്തിൻ കപ്പം വാങ്ങിനാം; ഇപ്പോൾ, സൂത!
ക്രുദ്ധമാം കടലിൽനിന്നുയർന്നു, ഘോഷം കൂട്ടി,
ഇരുണ്ട പിടിയാന കൂട്ടംപോൽ വാനിൽത്തിങ്ങി;
പ്പെരുതാം തുമ്പിക്കൈകളൊത്തധാരകൾ നീട്ടി
മുഴങ്ങി വളഞ്ഞപെൺകുട്ടികൾ കളിയ്ക്കുന്ന
കഴഞ്ചിക്കുരു കണക്കുരുണ്ടോരാലിപ്പഴം



ഉതിർത്തും വേഗാൽത്തുള്ളികുത്തിയും, മഴമുകി-
ലുരത്തുപെയ്തീടുന്നു; വിളങ്ങും ചിറകാർന്നു
നിരയായ്പ്പറക്കു മന്നങ്ങൾപോൽ, ക്കാററിനൊത്തു
വിരവിൽപ്പായുംനാലശ്വങ്ങളെ നേരേപൂട്ടി,
താമരപ്പൂമൊട്ടുപോൽക്കാളാഞ്ചിയുള്ളതും നെടും-
തേരിതിൻ വേഗം തെല്ലുംതാഴാതെ, മയിലുകൾ
പററമായ്ക്കൂവുന്നതായ്, മഴക്കാലത്തിൻ ഭംഗി
മുററിയതാമീ മലയോരത്തിൻ പരപ്പിൽ നീ
വലുതാംപട്ടയിട്ട കനത്തതേർച്ചക്രങ്ങൾ
കുതിർന്നമണ്ണിൽച്ചാലുകീറവേ, തെളിച്ചാലും!

അഴകം നിറഞ്ഞോർതൻ മാൺപുമാ, ന്നാഹാ! തമ്മിൽ-
പ്പൊരുത്തും മയ്യുൺകളും, പലതായ്മെടഞ്ഞിട്ട
തഴച്ച വാർകുന്തലും, ചെറുതാംനെററിക്കീറു-
മെഴുമെൻ പ്രാണേശിയെയടുത്തുകാണട്ടേ ഞാൻ!

(യുദ്ധത്തിൽ രാജാവിനെ സഹായിക്കാൻ മറുനാട്ടിൽ പോകുമ്പോൾ നായകൻ, മഴക്കാലത്തു മടങ്ങിവരാമെന്നു് നായികയോടു പ്രതിജ്ഞചെയ്തിരുന്നു. യുദ്ധം തീർന്നു; ശത്രു കീഴടങ്ങി കപ്പം കൊടുത്തു. മഴക്കാലമായി. നായകനു വീട്ടിലെത്താൻ ധൃതിയായി. നാലു കുതിരകളെപ്പൂട്ടിയ തേരു് വേഗത്തിൽ തെളിച്ചു് തന്റെ വീട്ടിലെത്തിയ്ക്കുവാൻ അയാൾ തേരാളിയോടു പറയുന്നു. ഇതാണു് അകനാനൂറിൽ 334-ാമത്തേതായി ചേർത്ത ഈ പാട്ടിന്റെ സന്ദർഭം. വിരഹിണിയുടെ കാത്തിരുപ്പു് പ്രതിപാദ്യമാകയാൽ ഇതു് മുല്ലത്തിണയിൽപ്പെടുന്നു. കവിയെപ്പററി ഒന്നും അറിഞ്ഞുകൂട. ''കൂത്തനാർ'' എന്ന വാക്കിന്നു് നർത്തകൻ എന്നാണു് അർത്ഥം.

കൊലക്കാള = കുത്തിക്കൊല്ലുന്ന കാള. പോർത്ത = പൊതിഞ്ഞ. ദുന്ദുഭി-മുരശു്. ഈണത്തിൽ = 'ഇഴം' 'ഇഴം' എന്ന ശബ്ദമുണ്ടാക്കിക്കൊണ്ടു് എന്നു് മൂലം. കഴഞ്ചിക്കുരു-കഴഞ്ചി എന്ന മുൾച്ചെടിയുടെ ഉരുണ്ടുവെളുത്തു ഗോട്ടിപോലുള്ളകായ. ഇതു് കളിയ്ക്കാനും, കവിടിപോലെ രാശിവെയ്ക്കാനും ഉപയോഗിച്ചിരുന്നു. ഉരത്തു്=കോപിച്ചു്. വിരവിൽ=വേഗത്തിൽ. കാളാഞ്ചി=തേരിന്റെ അലങ്കാരമായ പൊട്ടു്. 'കൊടിഞ്ചി' എന്നു തമിഴ്. മാൺപ്=ഭംഗി. മയ്യുൺകൾ=മഷി എഴുതിയ കണ്ണുകൾ. പലതായ് = തലമുടി അഞ്ചുവേണികളായി മെടഞ്ഞിടുക പതിവായിരുന്നു.)

1 മെയ്, 1977

കൊല്ലൻ അഴിചി

## 53. മുങ്ങുന്ന കപ്പൽ

കുളമ്പയെത്രയും കലർന്ന പൊന്തയിൽ-
പ്പടർന്ന പച്ചത്തണ്ടെഴുമവരയിൽ

കിളിച്ചുണ്ടു പോലെയൊളി വാളുംപല
മലരുകൾ തിങ്ങി വിടർന്നു നില്ക്കുന്നു.
മുളച്ചു പൊങ്ങുന്ന വെരുകിൻപല്ലൊത്ത
മുകുളങ്ങൾ മുല്ലക്കൊടികളിൽ നീളെ.
ഇവയിൽത്തട്ടിക്കൊണ്ടടിക്കുന്ന വട-
ക്കെവിടെയോനിന്നു വരും മഴക്കാററും.

ഇതും പോരാഞ്ഞാവാം, കരളിൽ നോവേററം
കടുക്കമാറിതാ, സഖി ! നീ കണ്ടാലും,
തിരയുയരുന്ന കടലി ലാഴ്ന്നുപോ-
മൊരു പായ്ക്കപ്പൽപോൽ ച്ചെറുതിടതോന്നി,
മറകയാണന്തിയിരുട്ടി, ലെൻ പ്രിയൻ
മരുവിടുന്നതാം മണിനെടുംകുന്നും !

(അഴിചി എന്ന പേരുള്ള ഒരു കൊല്ലൻ രചിച്ച നാലുപാട്ടുകൾ ''കുറുന്തൊകൈ'' എന്ന സമാഹാരത്തിലുണ്ടു്. അവയിലൊന്നാണിതു്. (കുറു. 240) വിരഹിണിയുടെ കാത്തിരിപ്പു വർണ്ണിക്കുന്ന ഇതു് മുല്ലത്തിണയിൽപ്പെടുന്നു. തോന്നി = പ്രത്യക്ഷപ്പെട്ടു. മണിനെടുംകുന്നു് = രത്നങ്ങൾ വിളയുന്ന നീണ്ടകുന്നു്. പ്രിയൻ പാർക്കുന്ന കുന്നു് അകലെ കണ്ടു് വിരഹദുഃഖം പൊറുത്തിരുന്ന നായികയ്ക്കു്, ആ കുന്നു് സന്ധ്യയിലെ ഇരുട്ടിൽ അദൃശ്യമായിത്തീരുന്നതോടെ വിരഹതാപം അസഹ്യമായിത്തീരുന്നു. നായിക സഖിയോടു പറയുന്നതാണു് സന്ദർഭം.)

3 ജൂൺ, 1977

മധുരൈ പെരുമരുതനാർ

## 54. ഓർക്കുമോ?

ഓർക്കുമോ തോഴീ, വളഞ്ഞചിറകാർന്ന
നീർപ്പക്ഷികളുടെ കാലടിപ്പാടുകൾ
ആററിൽ, നീർവററിയ വക്കിൽ, വരികളായ്
മുററുമുണങ്ങിപ്പതിഞ്ഞുകിടക്കവേ,
നീരൊഴുക്കിന്റെ നടുവിലതാതിടം
പാരം നനുത്ത കുളുർമണൽ പൊങ്ങവേ
പൊന്തകൾ പോലവേ രണ്ടു പള്ളങ്ങളിൽ
പൊന്തിനില്ക്കും കരിമ്പിന്റെ വെൺപൂവുകൾ
മന്നന്റെ ചാമരംപോലെ വാടക്കാററിൽ
മന്ദമിതംവിരിഞ്ഞാടിയുലയവേ
നീങ്ങവേ പെയ്തൊഴിഞ്ഞുള്ള വെൺമേഘങ്ങൾ
കൺകൾ തുറന്നിമയ്ക്കുന്നതു മാതിരി



മൂടിയും പിന്നെത്തെളിഞ്ഞും പടിഞ്ഞാറു
ചായുന്ന സൂര്യൻ ചൊരിയവേ ചെങ്കതിർ,
പിന്നെപ്പതുക്കെയിരുട്ടു പരക്കവേ,
മഞ്ഞിററു വീഴുന്ന പാതിരയാകവേ;
എത്തിടും മുമ്പേ നശിക്കും ധനത്തിങ്ക-
ലുൾത്തടം ചെന്നു കുടുങ്ങുക കാരണം
നമ്മെവെടിഞ്ഞു മറുനാടുപൂകിയോൻ
നിർമ്മലസ്നേഹം മറന്നവ, നോർക്കുമോ
തൂമഞ്ഞുകണ്ണുനീർ തൂകുന്ന താമര-
ത്താരുപോൽ ചെങ്ങിക്കലങ്ങുമെൻ കണ്ണുകൾ?

(മധുരൈ പെരുമരുതനാരുടെ വകയായി ''നററിണ''യിലെ 241-ാം പാട്ടു മാത്രമേ ലഭിച്ചിട്ടുള്ളൂ. മഞ്ഞുകാലത്തു തിരിച്ചുവരാമെന്നു പ്രതിജ്ഞ ചെയ്തു് നായകൻ പണംനേടാൻ നാടുവിട്ടു. ഇപ്പോൾ മഴ മാറി, മഞ്ഞുതുടങ്ങി. നായകൻ ഇനിയും തിരിച്ചെത്തിയില്ല. അർധരാത്രിയിലെ ഏകാന്തതയിലെങ്കിലും ഭർത്താവ് തന്നെ ഓർക്കുന്നുണ്ടാവുമോ എന്നു വിരഹവ്യാകുലയായ നായിക തോഴിയോട് ചോദിക്കുന്നു. പള്ളങ്ങൾ = പുഴയിറമ്പുകൾ. മന്നന്റെ ചാമരം = രാജചിഹ്നമായ വെഞ്ചാമരം. വാടക്കാററ് = വടക്കൻ കാററ്. എത്തിടുംമുമ്പേ നശിക്കും ധനം = നിൽക്കാപ്പൊരുൾ എന്നു മൂലം. ചെങ്ങി = ചുകന്നു്. നായികയുടെ കാത്തിരിപ്പു് പ്രതിപാദിക്കുന്ന ഈ ഗാനം മുല്ലത്തിണയിൽപ്പെടുന്നു.)

26 സപ്തംബർ, 1977

പേയനാർ

## 55. ദാമ്പത്യസൗഭാഗ്യം

1

കുട്ടിയെ മധ്യേകിടത്തി, കലമാനു-
മൊത്തുമാൻപേട കിടക്കുന്നമാതിരി,
പുത്രൻനടു, ക്കൊരു ഭാഗത്തയാ, ളുവൾ
മറേറപ്പുറത്തും കിടക്കുംകിടപ്പുപോൽ,
വിസ്തൃതനീലമാം വാനം പ്രണയമാ-
ർന്നെപ്പൊഴും പുൽകുമീ ഭൂവിലു,മാവിധം
മേലെയദ്ദേവലോകത്തിലു, മത്രമേൽ
മാധുര്യമാർന്നൊരു കാഴ്ച കാണാവതോ?

2

പുത്രനെക്കെട്ടിപ്പുണർന്നു കിടക്കുന്ന
പതിതൻ പിൻപുറം കെട്ടിപ്പുണർന്നയാൾ

മേന്മേൽ മനസ്സിൽപ്രിയം പെരുത്തങ്ങിനെ
ചെമ്മേ ചെരിഞ്ഞുകിടക്കും കിടപ്പതിൽ,
വീണതൻ കമ്പിയിൽപ്പാണർ മീട്ടീടവേ
പേണാർന്നുയർന്നിടും നാദത്തിലുള്ളതാം
മാധുര്യസാരവും, മാനുഷർ തേടേണ്ട
മാണ്ടെഴും സർവ്വഗുണങ്ങളുമില്ലയോ?

3

പ്രേമത്തിനാൽത്താൻപുണർന്നുള്ള പത്നിയി—
ലാമഗ്നമായോരയാളുടെ മാനസം,
കീർത്തിപെരുത്തപിതാവിൻ്റെ പേർ നില—
നിർത്താൻ പിറന്ന പിഞ്ചോമനയാം മകൻ
പല്ലുമുളക്കാത്ത വായാൽച്ചിരിച്ചു, തൻ
കയ്യാൽച്ചെറുതേരുരുട്ടി വന്നെത്തവേ
പിച്ചനടക്കുമവനെയുമുറംകൊണ്ടു
പൊട്ടിവിരിയുന്ന പുഷ്പം കണക്കിനേ.

4

ഉമയേറും നെററിയാർന്ന തൻ പ്രേയസി
പാൽമുല പുത്രനെയൂട്ടി നിന്നീടവേ,
പിൻപിൽവ,ന്നെത്രയുമുറംപ്രിയമാ,ർന്നവൻ
തൻപുറ മാകെ, തഴുകിരസിക്കുന്നു,
പൊക്കം കുറഞ്ഞുള്ളകുന്നുക,ളേററവും
ശൈത്യം കലർന്ന പറമ്പുക, ളെങ്ങുമേ
അത്യന്ത സൗരഭ്യമാർന്ന പുഷ്പങ്ങളും
മെത്തുന്ന നാടിന്നുടമയായുള്ളവൻ.

5

തേച്ചുവെളുപ്പിച്ചു വെച്ചനിലവിള—
ക്കുകൾചേർന്ന ചെന്നിറത്തീജ്വാലപോലവേ
തൻപ്രിയവല്ലഭൻ തൻ്റെ വീട്ടിന്നൊരു
പൊൻവിളക്കായ്പ്പരം ശോഭിച്ചിടുന്നിതേ,
എത്രയോപൂക്കളും വിരിഞ്ഞു നിൽക്കുന്നതായ്,
വിസ്താരമേലും പറമ്പുകളാർന്നതായ്,
കുന്നുകൾ ചേർന്നതാം നാടിൻ്റെ നാഥൻ്റെ
പൊന്നോമനമകനമ്മയായുള്ളവൾ.

6

മയ്യെഴുതിത്തുലോംമാൺപുററകണ്ണെഴും
തന്മകൻ ചാരേകളിച്ചു നിന്നീടവേ,



പ്രേമസർവ്വസ്വമാം പ്രേയസിയെപ്പുണ—
ർന്നാനന്ദസാഗരമഗ്നനായ് വാഴ്കയാം,
തേൻ തിരഞ്ഞെത്തുന്ന വണ്ടുകളെത്രയും
കൗതുകമാർന്നു ചുഴന്നുമൂളീടുന്ന
താരുകൾതിങ്ങി നിറഞ്ഞപറമ്പുകൾ
ചേരുന്ന നാടിൻ്റെ നായകനായവൻ.

7

തന്നിൽ പ്രണയം തഴച്ചെഴും പ്രേയസി
തന്നെത്തഴുകിയും, പാണരാം ഗായകർ
രാഗം വളർത്തിടും രാഗങ്ങൾ വീണയിൽ—
പ്പാടുന്നതിൻ രസം പാരം സ്വദിച്ചുമേ,
സുന്ദരദാമ്പത്യജീവിതസൗഖ്യങ്ങ—
ളൊന്നൊഴിയാതെ നുകരുകയല്ലയോ,
പൂട്ടിയുലർന്നപരന്നവയലുകൾ
മുററി, സമൃദ്ധമാം നാടിന്നധീശ്വരൻ?

8

പാണർ വായിക്കവേ വീണയിൽ ''മുല്ല''യാം
രാഗം, വിളങ്ങുന്ന ഭ്രൂക്കളാർന്നവൾ
നെററിമിന്നുന്നവൾ തൻപത്നി, സൗരഭം
മുററിയ വെൺമുല്ലമാല ചൂടീടവേ,
ആണിൻ ഗുണങ്ങളഖിലവും ചേർന്നവൻ
ആനന്ദമോടേ വസിക്കുകയാണവൻ,
ഏതുമൊരു കുറവില്ലാത്ത തന്മക—
നോടുചേ,ർന്നുദ്വേലവാത്സല്യപൂർണ്ണനായ്.

9

പുത്രനെപ്പുൽക്കിടക്കുകയാണച്ഛൻ;
എത്രയും മാർദ്ദവം വാക്കിന്നെഴുന്നവൾ
പുത്രൻ്റെയമ്മ,യിരുവരേയും പ്രേമ—
പൂർത്തിയാലൊപ്പം തഴുകിക്കിടക്കയാം.
എത്രമാധുര്യമിയന്നതാണാമുവ—
രൊത്തുകിടക്കും കിടപ്പ്! ചിന്തിക്കുകിൽ
അത്രപരപ്പെഴും ലോകങ്ങളൊക്കെയു—
മക്കിടപ്പിങ്കലുൾക്കൊള്ളുന്നതില്ലയോ?

10

അന്തിനേരത്തു തൻ വീട്ടിൽ നിലാമുററ—
മാർന്നു, കാൽപ്പൊക്കം കുറഞ്ഞതാം കട്ടിലിൽ,

പതിതുണക്കായടത്തിരുന്നീടവേ,
പുത്രനണഞ്ഞു തൻനെഞ്ചിൽത്തഴുകിയും
വിട്ടുംകളിക്കേ, ചിരിച്ചുമാനന്ദിച്ചു-
മുൾത്തടം സ്നേഹാമൃതത്താൽ നിറയവേ,
ഏതോ ഉദ്ദശോകമൂറുന്ന പാണന്റെ
വീണയാനേരത്തിനൊട്ടുമേ ചേർന്നിടാ.

(പേയനാരുടെ ഒരു പാട്ട് ''അകനാനൂറിലും'' മൂന്നു പാട്ടുകൾ ''കുറുന്തൊകൈ'' യിലുമുണ്ട്. ''ഐങ്കുറുനൂറ്'' എന്ന സമാഹാരത്തിൽ മുല്ലത്തിണയിലെ നൂറു ഗാനങ്ങളും രചിച്ചതു് പേയനാരാണ്. ഐങ്കുറുനൂറിൽ ഓരോ തിണയിലും പത്തു പാട്ടുകൾ വീതമടങ്ങിയ പത്തു ദശകങ്ങൾ ആണുള്ളത്. മുല്ലത്തിണയിലെ ആദ്യത്തെ ദശകത്തിന്റെ വിവർത്തനം ഇവിടെ ചേർത്തിരിക്കുന്നു. വിവാഹിതയായി ഭർത്തൃഗൃഹത്തിൽ പാർക്കുന്ന മകളെ സന്ദർശിച്ചു മടങ്ങിവന്ന പോററമ്മ അവളുടെ പെററമ്മയോട് പറയുന്നതാണ് പ്രകൃതം. കാടും കാടുംചേർന്ന പ്രദേശവുമാണ് മുല്ലനിലം. ഈ പ്രദേശത്തിന്റെ ഉടമയാണ് നായകൻ. വർഷകാലസന്ധ്യയാണ് ഈ തിണയ്ക്കു ചേർന്ന കാലം. ''മുല്ല'' എന്ന പൺ(രാഗം) ഈ തിണയ്ക്ക് അനുയോജ്യമത്രേ. അല്പാ ശോകച്ഛായ കലർന്ന പാണന്റെ മധുരമായ വീണാഗാനം പോലും ദാമ്പത്യസൗഖ്യാനുഭവത്തിനു തടസ്സമാണെന്ന് ഇതിൽ പത്താം പാട്ടിൽ പറയുന്നു.)

14 ഫെബ്രുവരി, 1978

ഇടൈക്കാടനാർ

## 56. ഇടയഗ്രാമം

മാനംവിറക്കവേ, നാഗംനടുങ്ങവേ,
മേഘം കഠോരമിടിമുഴക്കി
''എത്തീമഴക്കാല'' മെന്നുപേമാരിയാൽ
പേർത്തുമുരക്കുന്ന പാതിരാവിൽ,
ആടുംതലയെഴുമാട്ടുപററങ്ങൾഗൈാ-
രാപത്തുമേൽക്കാതെ കാക്കവാനായ്
കോലാൽക്കടെഞ്ഞുനിർമ്മിച്ച ചെറിയതീ-
നാളംവളർത്തിവിറകുകൂട്ടി,
നീളും കയർകൊണ്ടുറിയും കലങ്ങളും
തോലിൻ കിടക്കയും കയ്യിലുള്ളോൻ
ഊത്താലടിച്ചുതൻ മെയ്യിന്നൊരുവശ-
മേററംനനഞ്ഞുകുളിരുകിലും
ചോടുറപ്പിച്ചു തനിച്ചുനിവർന്നുനി-
ന്നീടുമിടയ,നുറക്കമെന്യേ



ചൂളമടിപ്പതുച്ചത്തിൽ മുഴങ്ങവേ,
ചാടുംകിടാങ്ങളെയെത്തുവാനായ്
എത്തിപ്പതുങ്ങും കുറുനരിപേടിച്ചു
മുൾച്ചെടിപ്പൊന്തപ്പടർപ്പിലൂടെ
മണ്ടുന്നി; താമട്ടിലീർപ്പവും ഗന്ധവും
ചിന്നുന്നകുന്നിൻപുറത്തിലല്ലോ
ഹൃദ്യംമണമെഴും മുല്ലമലർകളും
ശുദ്ധചാരിത്രവും ഭൂഷണമായ്
ഏററമെലിഞ്ഞതൻമെയ്യിലണിഞ്ഞീടു-
മെൻപ്രാണവല്ലഭവാഴുംഗ്രാമം.

(''നററിണൈ'', ''പുറനാനൂറ്'', ''കുറുന്തൊകൈ'', ''അകനാനൂറ്'', എന്നീ സമാഹാരങ്ങളിൽ ഇടൈക്കാടനാരുടെ പതിനൊന്നു പാട്ടുകൾ കാണുന്നു. കുളമുററത്തുമരിച്ച കിള്ളിവളവൻ എന്ന ചോഴരാജാവിനെ ഇദ്ദേഹം വാഴ്ത്തിയിട്ടുണ്ട്. അകനാനൂറിൽ 274-ാം ഗാനത്തിന്റെ വിവർത്തനമാണിതു്. വിരഹം സഹിച്ച് നായകനെ കാത്തിരിക്കുന്ന നായികയെ പരാമർശിക്കുകയാൽ ഇതു് മുല്ലത്തിണയിൽപ്പെടുന്നു. നാഗം നടുങ്ങവേ-ഇടിവെട്ടുകേട്ടാൽ പാമ്പുകൾ നടുങ്ങുമെന്ന് പ്രസിദ്ധി. ഉറി-പാലുംമററും വെയ്ക്കാനുള്ളതു്. കടകൾ എന്ന വ്യാഖ്യാതാക്കൾ. ആ വാക്കിന്നു മലയാളത്തിലുള്ള അർത്ഥമാണ് ഇവിടെ കൂടുതൽ പ്രസക്തം. വിദേശത്തുചെന്ന് പണംസമ്പാദിക്കുന്ന നായകൻ തന്റെ തോഴിയോടു പറയുന്നതാണ് സന്ദർഭമെന്ന് വ്യാഖ്യാനങ്ങളിൽ കാണുന്നു.)

16 മാർച്ച്, 1978

മധുരൈ തമിഴ്ക്കൂത്തൻ കടുവൻ മള്ളനാർ

## 57. തിരിച്ചുവരവ്

മദമാർന്നപോർഗ്ഗജങ്ങൾ കൈനിലപൂകമെറുന്നു;
മുരജങ്ങൾപോർക്കളത്തിലിടിപോലെ മുഴങ്ങുന്നു;
പോരിൽവെന്നുകൊടിപൊക്കിനമ്മുടെമന്നവൻ;
കുന്നിൻ
മേട്ടുതാറുംമേഞ്ഞിടുന്ന മാടുകൾ കന്നുകൾക്കൊപ്പം;
വായിൽവീണ്ടും കുഴൽചേർത്താരിടയർ;
നിൻയുവയോധർ
വേഗമോടേ വീടുപൂകാൻ മുന്നിൽമണ്ടിത്തിരിക്കുന്നു;
കുഞ്ചിരോമംനീണ്ടചിന്നികുതിച്ചു നിന്റെയശ്വങ്ങൾ
പാഞ്ഞിടുമ്പോൾ,കടിവാളും വലിച്ചു നേർവഴിചേർത്തു
നിന്റെ സൂതൻ തേർതെളിപ്പൂ; കവികൾവാഴ്ത്തി
ടേണ്ടും ചെം-
പുണ്ടുകൾ പൊൻമാലയും പൂണ്ടുനിന്റെമാറിൽത്തങ്ങുമുള്ള

ചന്ദനച്ചാറുണങ്ങിപ്പൈമ്പൊടിയാകെ, ജയാരവാദം
ചേർന്നുനീ വീടണയുമ്പോ, ളെവിടെപ്പോയൊളിക്കേണ്ടു
അഴകേലുംകവളപ്പുവിതളൊത്തു മഷിയുണ്ട—
മിഴിയാളാംനിൻപ്രിയതൻ നെററിയാർന്ന
വിളർപ്പെല്ലാം?

(മധുരൈ തമിഴ്ക്കൂത്തൻ കടുവൻ മള്ളനാർ എഴുതിയ നാലു ഗാനങ്ങൾ ലഭിച്ചിട്ടുണ്ട്. ആര്യക്കൂത്ത്, തമിഴ്ക്കൂത്ത് എന്ന രണ്ടുതരം നൃത്യപ്രഭേദങ്ങൾ ദക്ഷിണേന്ത്യയിൽ നിലവിലിരുന്നു. മള്ളനാർ തമിഴ്ക്കൂത്തിൽ നിപുണനായിരുന്നിരിക്കാം. അകനാനൂറിൽ 354-ാമതായി ചേർത്തതാണ് ഈ പാട്ട്. പ്രതിപാദ്യം വിരഹിണിയുടെ കാത്തിരിപ്പാകയാൽ ഇതു മുല്ലത്തിണയിൽപ്പെടുന്നു. യുദ്ധത്തിൽ രാജാവിനെ തുണച്ചശേഷം വീട്ടിലേക്കുതിരിച്ച നാട്ടുപ്രമാണിയായ നായകനോട് അടുത്തു നിൽക്കുന്ന നാട്ടുകാർ പറയുന്നതാണ് സന്ദർഭം. കൈനില—പാളയം. യുദ്ധം കഴിഞ്ഞതിൽ ആനകൾക്കു അതൃപ്തിയുണ്ട്. അവ പാളയത്തിൽ നിന്നലറുന്നു. മുരജങ്ങൾ—ഭേരികൾ. മാട്ടുകൾ—കാവലുഗണങ്ങൾ. യുദ്ധകാലത്ത് തൊഴുത്തിൽ അടച്ചിട്ടിരുന്ന അവയെ ഇപ്പോൾ മൈതാനത്തിൽ മേയാൻവിട്ടിരിക്കുന്നു. യുവയോധർ— 'ഇളയർ' എന്ന് മൂലം. ചെംപുൺകൾ—മഹോരക്കറയുണങ്ങാത്ത വീരവ്രണങ്ങൾ. പൈമ്പൊടി—നനുത്ത പൊടി. മാറിലെ പൂടിനാൽ കളഭം ഉണങ്ങി പൊടിയാകുന്നു. മഷിയുണ്ടമിഴിയാൾ—മഷിയണിഞ്ഞ കണ്ണുകളുള്ളവൾ. വിളർപ്പ്—വിരഹജന്യമായ വെണ്മ; ''പചല'' എന്ന് മൂലം. നായകസമാഗമത്തിൽ നായികയുടെ വിരഹദു:ഖം ഉടൻ അവസാനിക്കുമെന്ന് വ്യംഗ്യം.)

12 മെയ്, 1978

മാചാത്തിയാർ

## 58. ഒരു യാത്ര

''കൈനിലയ്ക്കുള്ളിലിരുന്നരാജാവിന്റെ
കാര്യങ്ങളൊക്കെക്കലാശിച്ചുഭംഗിയിൽ;
പ്രേമംകരളിൽനിറയവേ,വന്നുനിൻ
തേരേറിയെന്നതുമാത്രമറിഞ്ഞുഞാൻ;

എങ്ങിനെതാണ്ടികടന്നുവഴിയെന്നു—
മെങ്ങിനെയിങ്ങെത്തിയെന്നുമറിഞ്ഞീല!
കുന്നിൻചെരുവിൽച്ചെറുമുയൽക്കുഞ്ഞുങ്ങൾ
നിന്നുതുള്ളുന്നവരകപാടങ്ങളിൽ

പൊട്ടിച്ചിനച്ചകതിരുകൾ പാടത്തു
നൃത്തമാടുന്നൊരീകുഗ്രാമസീമയിൽ,
എൻപ്രിയതൻവീട്ടുമുററത്തു തേർനിർത്തി
'ഇങ്ങിറങ്ങിക്കൊൾക' യെന്നുനീചൊൽകവേ,



സൂത! ഞാനേറെപ്പരിഭ്രമിച്ചീടിനേൻ;
ഓതുകതേരിൽനീപൂട്ടിയതെന്തെടോ?
വാനിൽവീശുന്നവൻകാററിനെപ്പൂട്ടിയോ?
വേഗമേറുംനിൻമനസ്സിനെപ്പൂട്ടിയോ?
എന്നുമേവാഴ്കനീ!'' എന്നുവാഴ്ത്തിത്തന്റെ
കണ്ണൊത്തതാംവിരിമാറോടണച്ചുടൻ
ഗാഢംപുണർന്നുതേരാളിയേയുംകൊണ്ടു
വീടിന്നുള്ളിൽക്കടന്നുയുവഭടൻ,
മിന്നുന്നാഭൂഷകളാർന്നപെണ്ണൊളിവ—
ളിന്നിവന്നർഹിപ്പതാംവിരുന്നേകവേ!

(നൃത്തമതക്കാരിയായിരുന്നുവത്രേ മാചാത്തിയാർ. മാചാത്തിയാരുടെ രണ്ടു ഗാനങ്ങൾ ''അകനാനൂറി''ലുള്ളതിൽ 384—ാമതായി ചേർത്ത ഗാനത്തിന്റെ വിവർത്തനമാണിത്. യുദ്ധം കഴിഞ്ഞു തിരിച്ചുവരുന്ന നായകൻ തേരാളിയേയും കൂട്ടി വീട്ടിനുള്ളിലേക്കു കയറുന്ന രംഗം കണ്ടുനിൽക്കുന്ന അയൽക്കാർ പറയുന്ന മട്ടിലാണിതിന്റെ രചന. തേരാളിയോടു കാട്ടിയ ഔദാര്യം, വിരുന്നിനുള്ള നായകന്റെ അർഹത വർദ്ധിപ്പിച്ചിരിക്കുന്നു എന്നു വ്യംഗ്യം. വിരഹാവസാനം വർണ്ണിക്കുന്നതിനാൽ ഇതു മുല്ലത്തിണയിൽപ്പെടുന്നു.)

14 മെയ്, 1978

ഇടൈക്കാടനാർ

## 59. മണിപ്രവാളം

വൻകടൽമോന്തി, വലംചേർന്നേറി,പാ—
രമ്പേ മറ,ച്ചീതുടേററിട്ടിശകളിൽ,
തിങ്ങിക്കൊഴുത്ത പല മഴക്കാറുകൾ
തങ്ങടെ ഭാരംപൊറാ,ഞങ്ങലുൽവാസ്സുയാൽ,
വിണ്ണുപിളർന്നപോൽമാറു മിന്നൽപ്പിണർ
ചിന്നി,യെന്നാലിടിവെട്ടാ,തണിചേർന്നു,
ചോരുന്നപോൽ നീർചൊരിഞ്ഞു, പാണൻവലി—
ച്ചീടുന്ന വീണഞരമ്പു മുളംപോലെ
ഏററം മധുരസ്വരത്തിൽ, വൻതുള്ളികൾ
എത്രയോവട്ടം പൊഴിക്കുകകാരണം
പൂക്കൾവിരിഞ്ഞു മണക്കുന്ന സന്ധ്യയിൽ,
പെയ്ത്തുവെള്ളം പാഞ്ഞ കാട്ടുവഴികളിൽ,
നേർത്തുകറുത്ത മണൽപരന്നുള്ളതിൽ
വീർത്ത വയറാർന്നതമ്പലപ്പുച്ചികൾ,

വാടിക്കൊഴിഞ്ഞു പരന്ന കായാവിൻെറ
പൂവുകൾക്കുള്ളിൽ, മണിയൻപ്രവാളമെ–
ന്നോണം, മറഞ്ഞും തെളിഞ്ഞു, മിണ്ണചേർന്ന
മേളംതിരണ്ടു കളിച്ചു പുളയ്ക്കവേ,
ഇമ്മഴക്കാല മനോഹരാരംഭത്തിൽ
നമ്മുടെ തേർ, സൂത ! വീട്ടിലെത്തിയ്ക്കു നീ,
വീങ്ങിയ തോളും മെലിഞ്ഞുള്ള മധ്യവു–
മാർന്നവൾ, മിന്നുന്നഭൂഷകൾ ചാർത്തുവോൾ
എൻമാനസേശ്വരി, യേററം സമൃദ്ധമായ്
നിർമ്മിച്ചുനൽകുന്ന നൽവിരുന്നുണ്ണുവാൻ !

(ഇടൈക്കാടനാരുടെ രണ്ടുപാട്ടുകൾ ''അകനാനൂറി''ലുണ്ടു്. 374–ാമത്തേതായി ചേർത്തപാട്ടിൻെറ വിവർത്തനമാണിതു്. വിരഹാന്ത്യത്തെ കുറിക്കുന്ന ഇതു് മുല്ലത്തിണയിൽപ്പെടുന്നു. മഴക്കാലം തുടങ്ങിയതിനാൽ പോർക്കളംവിട്ട വീട്ടിലേക്കു പോകുന്ന നായകൻെറ തേരാളിയോടു പറയുന്നതാണു് സന്ദർഭം. പാരു്=ലോകം. അമ്പേ=മുഴുവൻ. അണിചേർന്നു്=നിരനിരയായിനിന്നു്. തമ്പലപ്പൂച്ചി=ഇന്ദ്രഗോപകീടം. മരോട്ടിച്ചാത്തൻ, മാനത്തെപ്പയ്യു് എന്നെല്ലാം പേരുകളുണ്ടു്. മണി=ഇന്ദ്രനീലക്കല്ലു്. പ്രവാളം=പവിഴം. മണിയെ ''മാണിക്യ''മെന്നു വ്യാഖ്യാനിയ്ക്കുന്ന ലീലാതിലകവുമായി ഇതു് യോജിക്കുന്നില്ല. വീങ്ങിയ=തടിച്ച.)

14 മെയ്, 1978

ഒക്കൂർ മാചാത്തിയാർ

## 60. വിരുന്നു്

ഇന്നു വിരുന്നുണ്ണുമല്ലോ, തിരഞ്ഞെടു–
ത്തുള്ള പണ്ടങ്ങളണിയുവോൾ, മാർദ്ദവം
ചേർന്നുപരന്ന മുളയൊത്ത തോളുക–
ളാർന്നവൾ, തേന്മൊഴിയാ, ളൊരു നാരിയാൾ.

പച്ചത്തളിരൊത്ത തത്തക്കിടാവിൻെറ
ചൊറും വളച്ചയെത്തീടാത്ത ചുവൽപോൽ
പെയ്യുംമഴയേററിലനിവത്തും പയർ
തിങ്ങിപ്പരന്നുള്ള കുന്നിൻപുറങ്ങളിൽ
വൻമിഴാവിൻകണ്ണിനൊത്തുകാണാകുന്ന
തണ്ണീർതിളയ്ക്കുമുറവുകൾതോറുമേ
വെൺമഴത്തുള്ളികളേററു, പൂമൊട്ടുകൾ
തുള്ളിത്തുളുമ്പിക്കളിയ്ക്കുന്നമാതിരി,



ചേററുനീപ്പോളകൾ പൊങ്ങിമാഞ്ഞീടവേ,
കാററു മരച്ചില്ലയാട്ടിയുതിക്കയാൽ
പൊന്മച്ചിറകിൻ നിറംചേർന്നതാംമണൽ
തന്മേൽച്ചിതറിക്കിടന്നു മണംചിന്തി
വണ്ടുകളുമ്മവെയ്ക്കുന്നതാം പൂക്കളെ
മേന്മേൽച്ചതച്ചരുളുന്ന ചക്രങ്ങളാൽ
ഈറൻനിലത്തു കീറുന്നതാം ചാൽകളിൽ–
പ്പാരംനിറ, ഞ്ഞീററുപാമ്പുകൾപോലൊലി–
ച്ചീടവേ മാരിനീർ, വീര നീ യോധൻെറ
തേ, രന്തിനേരം നഗരത്തിലെത്തുവാൻ
ഓടിക്കിതച്ചിതാ പോകുവതില്ലയോ,
വാടിയിൽ മുല്ലപ്പൂക്കളെ മലരവേ?

(മാചാത്തിയാരുടെ രണ്ടുപാട്ടുകൾ ''അകനാനൂറി''ലുണ്ടു്. 324–ാം പാട്ടിൻെറ വിവർത്തനമാണിതു്. വിരഹാനന്തര സമാഗമത്തെക്കുറിയ്ക്കുന്ന ഇതു് മുല്ലത്തിണയിൽപ്പെടുന്നു. മഴക്കാലം തുടങ്ങുകയാൽ വിദേശത്തു് യുദ്ധംനിർത്തി തേരിൽ നാട്ടിലേക്കു മടങ്ങുന്ന നായകനെ കണ്ട നാട്ടുകാർ പറയുന്നതാണു് സന്ദർഭം. സന്ധ്യക്കു മുമ്പു് നഗരത്തിലെത്തുവാൻ അയാൾ തിടുക്കപ്പെട്ടു പോവുകയാണു്; അയാളുടെ പത്നിയ്ക്കു് ഇന്നു് നല്ലൊരു വിരുന്നായിരിക്കും എന്നു് അവർ ഫലിതം പറയുന്നു. പണ്ടങ്ങൾ=ആഭരണങ്ങൾ. പയർ=വിള. പറമ്പുകളിൽ ഉറവുകൾ [illegible] മിഴാവിൻ കണ്ണുകൾ (വാദ്യമുഖങ്ങൾ) പോലെ കാണപ്പെടുന്നു. അവയിൽ വെള്ളത്തുള്ളികൾ വീഴുമ്പോൾ ഉയർന്നുമായുന്ന കുമിളകൾ പൂമൊട്ടുകൾപോലെയുണ്ടു്; പൊന്മച്ചിറകിൻനിറം=കറുപ്പു് എന്നു വ്യാഖ്യാതാക്കൾ.)

6 മെയ്, 1978

# IV. മരുതത്തിണ

വയലും വയൽ ചേർന്ന ഇടവുമാണ് മരുതനിലം. കർഷകരാണ് ഇവിടെ വസിക്കുന്നത്. അവർ നെൽകൃഷിചെയ്തു പുലരുന്നു. പത്നിയെ വിട്ട് നായകൻ വേശ്യയെ സ്വീകരിക്കുന്നതു നിമിത്തം ഉണ്ടാകുന്ന പ്രണയകലഹമാണ് ഈ തിണയിലെ പ്രധാന പ്രതിപാദ്യം.

നക്കീരർ

## 61. തലയാലങ്കാനത്തെ യുദ്ധം

വരിയൻകരിവരാലാൺമീൻ വായ്പിളർന്നെത്തി
ഇരുമ്പുകൊക്കിൽത്തുണ്ടം തന്റെ മൃത്യുവെക്കൊത്തി
പിടഞ്ഞുംപാഞ്ഞു, മാമ്പൽത്തുമ്പില കീറീടവേ,
വിടരും കുവളപ്പൂമൊട്ടുകൾ മുറിയവേ,
നീളംവള്ളച്ചെടിപ്പടർപ്പൊടിഞ്ഞുതൂങ്ങീടവേ,
കോപത്താൽക്കയററുക്കുന്ന കാളയെപ്പോലെ,
വേട്ടുവൻ വലിയ്ക്കുന്ന ചൂണ്ടലിലടങ്ങാതെ,
മത്താടി, പ്പുലരിയിൽക്കലക്കും കുളങ്ങളും
എത്രയും മണംമുറ്റും പൂക്കളും നിറഞ്ഞുള്ള
വിസ്തൃത വയലുകൾചേർന്ന നാട്ടുടയോനേ !

നീർനിറഞ്ഞൊരു വൈഗയാറിന്റെ വിരിമണ—
ലാർന്നേറെപ്പരന്നതാം കടവിന്നടുത്തായി
അഴകോടുയർന്നുള്ള മരുതുമരങ്ങളും
പല പൂച്ചെടികളും തിങ്ങീടുമുദ്യാനത്തിൽ,
മണമുററതായ്, പ്പല വേണിയായ് മെടഞ്ഞിട്ടു
മുടിയും വളയണിക്കൈകളുമിയന്നോളെ
ഒരു വേശ്യയെത്താലികെട്ടി നീ യെന്നീയൂരിൽ
മരുവുന്നവർ പറഞ്ഞുയർത്തുമപവാദം,

വെട്ടിനിർത്തിയ സടചേർന്നെഴുമശ്വങ്ങളെ—
പ്പൂട്ടിയ മത്സ്യക്കൊടിത്തേരേറിപ്പോരാടുവോൻ
പാണ്ഡ്യമന്നവൻ നെടുഞ്ചെഴിയൻ തലയാല—
ങ്കാനമാംപടനിലം ചോരയാൽച്ചുകക്കവേ,
ചേരൽ, ചെമ്പിയൻ, മഹാക്രോധനാം തിതിയനും,
പോരാനയേറിപ്പൊന്നണിഞ്ഞെത്തുമെഴിനിയും,
വെൺകള്ളകോഞ്ഞാടകൊണ്ടരിശ്ശുമെരിമയൂർ
വാഴ്വോനും, വിരിമാറിൽച്ചന്ദനഗന്ധംചേരും
ഇരുങ്കോ വേൺമാൻ, മഹാരഥനാം പൊരുനനും—
ഇവരേഴരചർതൻ വൻബലമടങ്ങവേ,

പകലൊന്നിൽത്തൻപുകൾ പാരെങ്ങും പരക്കവേ,
അവർതൻ മുരശ്ശുകൾ വെൺകററക്കുടകളും
കൈയടക്കിയും കൊന്നും പോർക്കളമഹായാഗം
ചെയ്യുന്നാൾ, വിജയത്തിന്നാഹ്ലാദപ്പുളപ്പിനാൽ
അവൻെറ പോർവീരന്മാരാർപ്പിട്ടതില്ലേ മുന്നം ?
അതിനേക്കാളെത്രയുമുച്ചത്തിലല്ലോ കേൾപ്പൂ !

(പത്തുപ്പാട്ടിൽച്ചേർന്ന ''തിരുമുരുകാററുപ്പടൈ'' ''നെടുനൽവാടൈ'' എന്ന രണ്ടു ദീർഘകാവ്യങ്ങളും ''അകനാനൂറ്'' ''കുറുന്തൊകൈ'' ''നററിണൈ'' എന്നീ സമാഹാരങ്ങളിലെ പല പാട്ടുകളും ''ഇറൈയനാർ കളവിയൽ'' എന്ന സാഹിത്യലക്ഷണഗ്രന്ഥത്തിൻെറ വ്യാഖ്യാനവും നക്കീരർ രചിച്ചിട്ടുണ്ട്. അകനാനൂറിൻെറ ആദ്യഭാഗമായ ''കളിററിയാനൈനിരൈ'' യിലെ 36-ാം പാട്ടിൻെറ വിവർത്തനമാണ് മേൽച്ചേർത്തത്. നായകൻെറ വേശ്യാസംസർഗ്ഗമൂലമുണ്ടാകുന്ന പ്രണയകലഹം (ഊടൽ) പ്രതിപാദ്യമാകയാൽ ഇതു് മരുതത്തിണയിൽപ്പെടുന്നു. വേശ്യയുടെ അടുത്തുനിന്ന് വീട്ടിലേയ്ക്കു വന്ന നായകനോട് നായിക പരിഭവം പറയുന്നതാണ് ഈ പാട്ടിൻെറ സന്ദർഭം. വയലുകൾനിറഞ്ഞ മരുതനിലത്തിൻെറ അധിപതിയാണ് നായകൻ. അയാൾ വേശ്യയെ പരിണയിച്ചതുമൂലം നാട്ടിലുണ്ടായ അപവാദം (അലർ) തലയാലങ്കാനത്തു് യുദ്ധം ജയിച്ച പാണ്ഡ്യൻ നെടുഞ്ചെഴിയൻെറ പടയാളികളുടെ ആർപ്പുവിളിയേക്കാൾ ഉച്ചത്തിൽ കേൾക്കുന്നുണ്ടെന്ന് നായിക പരാതിപ്പെടുന്നു. തമിഴ് സാഹിത്യത്തിൽ പ്രസിദ്ധമായ ഈ യുദ്ധത്തിൽ ചേരൽ (ചേരരാജാവ്), ചെമ്പിയൻ (ചോഴരാജാവ്), തിതിയൻ (പൊതിയിൽ മലയുടെ അധിപതി), എഴിനി (ചോഴസാമന്തൻ), എരുമൈയൂരൻ (മൈസൂർ പ്രദേശം വാണിരുന്ന ഒരു ചോഴസാമന്തൻ), ഇരുങ്കോവേൺമാൻ (മറെറാരു ചോഴസാമന്തൻ), പൊരുനൻ (ചേരസാമന്തൻ) എന്ന ഏഴു രാജാക്കന്മാരെ പാണ്ഡ്യൻ നെടുഞ്ചെഴിയൻ തോല്പിക്കുകയുണ്ടായി. യുദ്ധത്തിൽ ജയിച്ച നെടുഞ്ചെഴിയനെയെന്നപോലെ തോററ ഏഴ് അരചന്മാരെയും നക്കീരർ ഈ പാട്ടിൽ പുകഴ്ത്തിയിരിക്കുകയാണെന്നത്രേ തമിഴ് പണ്ഡിതന്മാരുടെ അഭിപ്രായം. ''പാടൽ പെററ''ന്നതു്, ഏതുനിലയ്ക്കായാലും, വലിയ പ്രശംസയായി തമിഴർ കരുതിയിരുന്നു. വരിയൻ...മീൻ—ശരീരത്തിൽ വരികളുള്ള കറുത്ത ആൺവരാൽ മത്സ്യം. ഇരുമ്പുകൊക്ക്—ചൂണ്ടൽ. വള്ള—ഒരു ജലസസ്യം. വൈഗ—മധുരയിലൂടെ ഒഴുകുന്ന പുഴ. കോഞ്ഞാട—തെങ്ങിലെ അരിപ്പ. പോർക്കളമഹായാഗം—വിജേതാക്കൾ പടക്കളത്തിൽ നടത്താറുള്ള ''കളവേൾവി'' എന്ന യാഗം. അപവാദം... ഉച്ചത്തിൽ കേൾക്കുന്നു'' എന്ന് അന്വയം.

6 ജൂൺ 1976

പരണർ

## 62. വിളർപ്പ്

ഊരിലുള്ളോർ കുടിത്തണ്ണീർ
കോരിടുന്ന കുളമാർന്ന



പായൽപോലുള്ളതാണെൻെറ
വിളർപ്പെൻകാമുകനെത്തി
തൊടുംതോറും തൊടുംതോറു—
മതുനീങ്ങിയകലുന്നു,
വിടുംതോറും വിടുംതോറു—
മതുവീണ്ടും പരക്കുന്നു !

(നായിക തോഴിയോടു പറയുന്നതാണ് സന്ദർഭം. വിരഹംകൊണ്ടു നായികയുടെ ദേഹം വല്ലാതെ വിളർത്തിരിക്കുന്നു. വെള്ളം മുക്കിയെടുക്കുമ്പോൾ കുളക്കടവിലെ പായൽ അകന്നുപോകും പോലെ, നായകൻ വന്നുതൊടുമ്പോൾ തൊടുന്ന സ്ഥലത്തുനിന്ന് വിളർപ്പ് അകന്നു പോകുന്നു. പക്ഷേ കൈയെടുത്താൽ വിളർപ്പ് വീണ്ടും വന്നെത്തുന്നു എന്നു നായിക പറയുന്നു. ''കുറുന്തൊകൈ'' എന്ന സമാഹാരത്തിലെ 399-ാം പദ്യമാണിതു്, പ്രണയകലഹജന്യമാണ് വിരഹമെന്നതിനാൽ ഇതു മരുതത്തിണയിൽപ്പെടുന്നു.

30 മെയ്, 1976

മരുതൻ ഇളനാകനാർ

## 63. പരിത്യക്ത

മാറട്ടെ നിന്നിൽ സ്നേഹമില്ലാതെ മാറിപ്പോയോർ;
മാറാത്തതാണെന്നെന്നും നിന്നിലമ്മതൻസ്നേഹം !

പവിഴംകൊണ്ടുണ്ടാക്കി മുത്തുകൊണ്ടരിനുവെ—
ച്ചൊരു ചാടിന്മേൽത്തച്ചൻ തീർത്തതാം ശില്പത്തിനെ,
ഉരുളവിഴുങ്ങാത്തോരാനയെ,പ്പിരിച്ചപൂ—
ങ്കയറാൽപ്പയ്യെപ്പയ്യേ വലിച്ചും, തറിത്തങ്ക—
ത്തളകൾ കിലുങ്ങിയും പിച്ചവെ,ച്ചെൻചാരത്തു
വരിക വരികെൻെറ മക,നെന്നാനപ്പാപ്പാൻ !
കൺകുളക്കെ നിന്നമ്മ കാണട്ടേ, ഇഴമൂന്നായ്
നിൻകുഞ്ഞിത്തലയ്ക്കുമേൽത്തിളങ്ങും മുത്തിൻവടം.

ആർത്തിരമ്പവേ തങ്കക്കിങ്ങിണി, തേങ്ങിത്തേങ്ങി—
യെത്തുംനിൻതളർനട കാണുന്നതെന്നാനന്ദം;
നിൻെറയച്ഛനെക്കാമി,ച്ചുല്ലലാൽ മുൻകൈവള—
യുന്തു,മെയ്മെലിഞ്ഞോരെക്കാണുന്നതാണെൻ ദുഃഖം.

ഓമനേ,
പ്രിയദർശനനാംനീ ''അത്തത്താ !'' എന്നായ്ക്കൊഞ്ചും
മൊഴിയാം കണ്ണാമൃതം കേൾക്കുന്നതെന്നാനന്ദം;

അഴകും താരുണ്യവും നിന്നച്ഛൻ നക,ന്നിപ്പോ–
ഴവലാൽ വേവുന്നോരെക്കാണുന്നതാണെൻദുഃഖം.

ഓമനേ,
''അമ്പിളിക്കുഞ്ഞേ, വരു''കെന്നോതി നിനക്കു വാർ–
തിങ്കളെ വാനിൽച്ചൂണ്ടിക്കാട്ടുന്നതെന്നാനന്ദം;
അലിവെന്യേ നിന്നച്ഛൻ കൈവെടി, ഞുള്ളംതക–
ർന്നവർതൻവിളർത്തമെയ് കാണുന്നതാണെൻ ദുഃഖം.

ഓമനേ,
കാതിലെക്കട്ടിത്തോട വീഴവേ, പൂചൂടാത്ത
ചായലിൽ, വരുംനിന്നെച്ചേർക്കുന്നേൻ ;എന്തിന്നെന്നോ?
എൻ സപത്നികളുടെ ദൃഷ്ടിതാണപോംമട്ടിൽ
നിൻെറയച്ഛൻെറമേറെപ്പരപ്പാർന്നതാം നെഞ്ചിൽ
തേൻതേടും വണ്ടാക്കുംമാറിളകും പൂമാലകൾ
നീയവുത്തെങ്ങും ചീന്തിക്കളിക്കുന്നതായ്ക്കാണ്മാൻ!

(''കലിത്തൊകൈ'' എന്ന സമാഹാരത്തിലെ മരുതത്തിണയിൽപ്പെട്ട മുപ്പത്തു പാട്ടുകൾ രചിച്ചതു് മധുരൈമരുതൻ ഇളനാകനാർ ആണ്. മററു സമാഹാരങ്ങളിലും കാണാം ഇളനാകനാരുടെ കൃതികൾ. കൂടകാരത്തിൽ വെച്ചു മരിച്ച പാണ്ഡ്യൻ മാറൻവഴുതി, ഇലവന്തിക്കൈപ്പള്ളിയിൽവെച്ചുമരിച്ച നൻമാറൻ, നാഞ്ചിൽ വള്ളുവൻ മുതലായവരെപ്പററി ഇളനാകനാർ പ്രസ്താവിച്ചിട്ടുണ്ട്. കലിത്തൊകൈയിലെ മരുതക്കലിയിൽ പതിനഞ്ചാമത്തെ പാട്ടാണ് ഇവിടെ വിവർത്തനംചെയ്തു ചേർത്തിട്ടുള്ളതു്. പല വേശ്യ (പരത്ത) മാരെ മാറിമാറി പരിഗ്രഹിച്ചു് ഉപേക്ഷിച്ച നായകനെപ്പററി തൻെറ കുഞ്ഞുമകനോടു നായിക പരാതി പറയുന്നതാണ് ഈ കവിതയുടെ സന്ദർഭം. അവനോ, മരംകൊണ്ടുണ്ടാക്കിയ ഒരാനയുടെ പാപ്പാനായി അഭിനയിക്കുകയുമാണ്! ''മറെറ്റു....''=നിൻെറ അച്ഛൻ നിന്നെ വിട്ടുപോയാൽ പോയ്ക്കൊള്ളട്ടെ. ''ഉരുള വിഴുങ്ങാത്ത'' മരംകൊണ്ടുള്ള ആനയ്ക്കു് ചോറുരുള കൊടുത്ത് കുട്ടി നിരാശപ്പെട്ടിരിക്കണം. മുത്തിൻവടം = മുത്തുമാല. അടുത്തുവന്നാലാണല്ലോ അതു് നല്ലപോലെ കാണുക. തളർന്ന=പിച്ചുവെച്ചു്. ''നിൻെറയച്ഛനെ....=''നായകൻ ഉപേക്ഷിക്കുകമൂലം ഖേദിക്കുന്ന സപത്നിമാരോട് നായികക്കു സഹതാപമുണ്ട്; കാരണം, അവരും സമദുഃഖിതരാണല്ലോ. കട്ടിത്തോട=കനത്ത കർണ്ണാഭരണം. മകനെ ശിരസ്സിലേററി ലാളിക്കുമ്പോൾ അമ്മയുടെ തോട ഊരി വീഴുന്നു. ചായൽ=തലമുടി. ''എൻ സപത്നികളുടെ....'' നായകൻ മകനെവേണ്ടിയെങ്കിലും തിരിച്ചുവരുമെന്നും, അദ്ദേഹത്തെ ഇപ്പോൾ വശപ്പെടുത്തിവെച്ചിരിക്കുന്ന സപത്നികളുടെ ഗർവ്വ് അപ്പോൾ ശമിക്കുമെന്നും നായിക സമാധാനിക്കുന്നു. ''തരവ'' എന്ന ഉപക്രമവും ഏതാണ്ട് ഒരേ അർത്ഥമുള്ള മൂന്ന് ''താഴിചൈ'' കളും ഒററവാക്കിലുള്ള ''തനിച്ചൊല്ല്'' കളും ''ചുരിതകം'' എന്ന ഉപസംഹാരവും കലിപ്പാ ഖണ്ഡികയുടെ സവിശേഷതകളാണ്.

13 ജൂൺ, 1976

ഇളംകടുംകോ

## 64. കടപ്പെടാത്തവൾ

ആഴിപോൽപ്പരപ്പേറിക്കാണുന്നു പുഞ്ചപ്പാടം;
ആഴത്തിൽത്തുളച്ചിറങ്ങുന്ന വേർക്കിഴങ്ങാൻം
മുളപോൽത്തടിച്ചുള്ളപൊള്ളയാംതണ്ടാർന്നും താ–
മരയുണ്ടതിൽ; ആനച്ചെവിപോലതിൻപച്ച–
യിലകൾക്കിടയ്ക്കിടെ നീട്ടിയ ശൂലങ്ങൾപോൽ–
പ്പല മൊട്ടുകൾ കൊഴുത്തുയർന്നുനിന്നീടുന്നു.
ഇടയിൽപ്പുഞ്ചിരിയും മുഖംപോൽപ്പലപൂക്കൾ
വിടർന്നു വിലസുന്നു; പല നീർപ്പറവകൾ
ചിറകിട്ടടിച്ചാർത്തുകൂവിയും കലഹിച്ചും
ചെറുതോ കോലാഹലമവിടെക്കൂട്ടീടുന്നു?
വേപ്പിളംതളിർനെടുംകണ്ണെഴും നീർഞണ്ടുകൾ
സാപ്പാടുതേടും ഞാറപ്പക്ഷിയെപ്പേടിക്കയാൽ
അരികേക്കിലുകിലുപ്പച്ചെടി തഴച്ചെഴ–
മിതുണ്ടു ചേറാർന്നുള്ള പള്ളയാലിൻവക്കിൽക്കൂടെ
നിലത്തു ചുണങ്ങുപോൽ വരിവീഴുമാറോടി–
യകന്നു നീരാൻ മണ്ണുളപ്പുകെയൊളിക്കുന്നു.
ഈവിധം വയലുകളെമ്പാടും നിറഞ്ഞതാ–
മൂരിൻെറയുടമയായുള്ളോനേ, കേട്ടാലും നീ!

വീട്ടിലെ വളപ്പിൽ വൻമരത്തിൽപ്പടർന്നേറു–
മെത്രയും കൊഴുപ്പാർന്ന വയലക്കൊടിത്തണ്ടും
വിളങ്ങും മലരെഴുമാമ്പൽവള്ളിയും കൂട്ടി
ഇളകീടവേ ശബ്ദമുയർത്തും തഴകെട്ടി
അരയിൽധരി, ച്ചുത്സവത്തിങ്കൽ നൃത്തംചെയ്യു–
ന്നൊരു പെണ്ണുങ്ങൾക്കൊപ്പം, വെൺതൻദേഹംപുൽകി,
ആടുവോൾ, കുവളപ്പൂമയ്യണിക്കണ്ണാർന്നവൾ,
കേടററ പൊന്നാൽത്തീർത്ത ഭൂഷകളണിഞ്ഞവൾ,
വളകളിറുകിയ മുൻകൈകൾനീട്ടിത്തീർത്ത
ദൃഢബന്ധനം വിട്ടുവിച്ചു നീ വരികയാൽ
എത്രയും കോപിച്ചുപോൽ നിൻെറ കാമുകിയായ
വേശ്യയാൾ; മുഖത്തെഴുതീടിന പത്രാവലി

കഴകിപ്പോകേ കണ്ണുനീരൊലി,ച്ചവളേറെ—
ക്കരഞ്ഞീടിനാളേങ്ങലടിച്ചും വിതുമ്മിയും.
പൊന്നൊളിമെയ്യിൽച്ചുണങ്ങുള്ളവ,ളവൾ പിന്നെ
ത്തൻവിരൽ വീണ്ടുംവീണ്ടും ഞൊടിച്ചുചുകപ്പിച്ചും,
ഇറമ്പിപ്പുല്ലിൻകൂർമ്മനീങ്ങിയും, നിന്നെത്തേടി—
യലഞ്ഞുനടക്കയാണൂരിൽ, നീ പോയ്കണ്ടാലും!

നെല്ലിനാൽപ്പത്തായങ്ങൾ നിറഞ്ഞു, നെടുതാമീ—
യില്ലത്തിൽ നീയില്ലാതെയൊററയ്ക്കു വാണീടാനും,
കുറിയ കുടുമയാർന്നുള്ള പുത്രനെപ്പെററു
ചെറുനാൾമുതൽക്കേറെ ക്ലേശിച്ചു വളർത്താനും
ഞങ്ങളെപ്പോലേ കടപ്പാടവൾക്കെന്തുണ്ടാം?
ഞങ്ങൾ ഹാ, കുലസ്ത്രീകൾ; അവളോ പരസ്ത്രീയും!

(മരുതത്തിണയിൽച്ചേർന്ന മൂന്നു പാട്ടുകൾ—ഒന്ന് ''നററിണൈയിലും'' രണ്ടെണ്ണം അകനാനൂറിലും—രചിച്ചതിനാൽ ''മരുതം പാടിയ ഇളംകടുംകോ എന്നു വാഴ്ത്തപ്പെടുന്ന ഈ കവി ചേരകുലത്തിൽ പിറന്നയാളാണ്. ''പാലപാടിയ പെരുങ്കടുങ്കോവിൻെറ'' അനുജനായിരിയ്ക്കാമെന്നു കരുതപ്പെടുന്നു. ''അകനാനൂറി''ൻെറ രണ്ടാംഭാഗമായ ''മണിമിടൈപവള''ത്തിൽ 56—ാമത്തേതായി ഉൾപ്പെടുത്തിയതാണ് ഈ ഗാനം. അന്യജാതിക്കാരിയെ സംബന്ധംചെയ്ത ഭർത്താവിനെച്ചൊല്ലി ഒരന്തർജ്ജനത്തിൻെറ വിലാപംപോലെ തോന്നുന്ന ഇത്. വേശ്യാസംസർഗ്ഗത്തെത്തുടർന്നുണ്ടായ ജനാപവാദം ഭയന്ന് തിരികെ വീട്ടിൽവന്ന നായകനോടു നായികയുടെ തോഴി പരിഭവം പറയുന്നതാണ് ഈ പാട്ടിൻെറ സന്ദർഭം. കലീനയായ നായിക ഇങ്ങനെയൊന്നും പറഞ്ഞുകൂട. അവൾക്കുവേണ്ടി തോഴി സംസാരിക്കണമെന്നത്രേ സംഘസാഹിത്യ സങ്കേതം.

വേർക്കിഴങ്ങ്=വേർ മുതിർന്നുണ്ടായ കിഴങ്ങ്. വേപ്പിളം.... =ഞണ്ടുകളുടെ കണ്ണുകൾ വേപ്പിൻെറ ഇളംതളിർപോലെ നീണ്ടിരിക്കുന്നു. കിലുകിലുപ്പച്ചെടി = പകൻറ (പകന്ന) എന്നുകൂടി പേരുള്ള ഒരു വയൽച്ചെടി. പള്ള്യാല്പ്=പാടത്തിൻെറ വക്കത്തു് സ്വല്പം ഉയർന്ന നിലം. ''നിലത്തു ചുണങ്ങുപോൽ....''=ഞണ്ട് ഓടുമ്പോൾ നനഞ്ഞനിലത്തു ചുണങ്ങുപോലെ വരിവീഴുന്നു. മണ്ണുള—മണ്ണിലെ ഭാരം. വയലക്കൊടി=ഒരുതരം വള്ളി, ''വയറ'' എന്നും പറയാറുണ്ട്. തഴ=തളിർകൊണ്ട് ഉണ്ടാക്കുന്ന ഒരു നൃത്താവസ്ത്രം. കുരുത്തോലകൊണ്ട് ഇത്തരം തഴകൾ ഉണ്ടാക്കി പറയൻ തുള്ളലിലും മററും അരയിൽ ധരിക്കാറുണ്ടല്ലോ. ഉത്സവത്തിങ്കൽ—ജലോത്സവത്തിൽ എന്നു വ്യാഖ്യാതാക്കൾ. നൃത്തംചെയ്യുന്ന പെണ്ണുങ്ങളോടുചേർന്ന്, അവരുടെ ശരീരം തഴുകി നൃത്തംചെയ്യാറുണ്ട്. നായകൻെറ കാമുകിയായ പരത്ത (പരസ്ത്രീ). പത്രാവലി=മുഖത്ത് ചന്ദനം കൊണ്ടുംമററും വരയ്ക്കുന്ന കുറി. പൊന്നൊളി... =ചുണങ്ങ് സൗന്ദര്യലക്ഷണമാണ് തമിഴ്കവിതയിൽ.)

3 ഒക്ടോബർ, 1976

ഇളംകടുംകോ

## 65. വലുപ്പത്തിൻെറ ചെറുപ്പം

അറിയായ്കയാൽച്ചെന്നേൻ, ചെന്നപ്പോൾ
നടുങ്ങിനേൻ;
ചെവിയിൽക്കഴയാർന്നോൻ; മുടിയിൽപ്പൂചൂടിയോൻ,
കൈകളിൽച്ചെറുവളയണിഞ്ഞോൻ, ഗ്രാമോത്സവ—
രംഗത്തിൽപ്പെണ്ണുങ്ങൾതൻകൈകോർത്തു നൃത്തംചെയ്‌വൂ!
തിരികെപ്പോന്നേൻ; അപ്പോൾ നെടുതായ് നിവന്നുള്ള
തെരുവിൻവളവി,ലങ്ങോട്ടുമിങ്ങോട്ടും പോകേ
നെഞ്ചിൽ നെഞ്ചിടിയ്ക്കുമാ മൂലയി,ലയൽപക്ക—
ത്തുള്ളവനവനെൻെറ മെയ്യിൽവ,ന്നയ്യോ! മുട്ടി.
''കേൾക്കവോരില്ലെന്നായോ, കേൾവിയും?''
കോപിച്ചേൻ ഞാൻ;
''എത്രയും മനോഹരം നിൻവിളി''യെന്നാനവൻ.
''നാണമില്ലയോ തോഴ!'' ഞാനോതിയോടി—
പ്പോന്നേൻ;
സ്നേഹമാണത്രേ ശത്രുക്കൾക്കുമെപ്പയ്യൻെറ മേൽ!
എന്നാലും നറുന്തലാന്ന തോഴി, നീ കേൾക്ക:
നന്നോ നാം വലുപ്പത്തിൻ ചെറുപ്പം കണ്ടീലെന്നാൽ?

(ചോഴവംശത്തിൽപ്പിറന്ന ഇളംകടുംകോവിൻെറ ഒരുപാട്ട് ''നററിണൈ''യിലും രണ്ടുപാട്ടുകൾ ''അകനാനൂറി''ലുമുണ്ട്. നററിണൈയിലെ പാട്ടാണിത്. മരുതമാണ് തിണ; പ്രണയകലഹമാണ് വിഷയം.

ഉത്സവസ്ഥലത്ത് പെൺവേഷംകെട്ടി വേശ്യകളോന്നിച്ച് നൃത്തം ചെയ്യുന്ന കാമുകനെക്കണ്ടു കോപിച്ച നായിക തിരികെപ്പോന്നു. അതറിഞ്ഞ നായകൻ എതിർവശത്തുകൂടെ വന്ന്, തെരുവിൻെറ വളവിൽ വെച്ച് അറിയാത്തതുപോലെ അവളുടെ ദേഹത്തിൽ മുട്ടി. നായിക കോപിച്ചപ്പോൾ നായകൻ, ഭയംകൊണ്ടുണ്ടായ അവളുടെ വിളർപ്പിൻെറ ഭംഗിയെപ്പററി പറഞ്ഞു. വലിയ വീട്ടിൽ പിറന്നവനെങ്കിലും ഇമ്മാതിരി ചെറുപ്പം—ചാപല്യം—കാട്ടുന്ന അവനെ താനെങ്ങനെ സ്നേഹിക്കാനാണ് എന്ന് നായിക തോഴിയോടു പറയുന്നു. അങ്ങിനെ വിവാഹത്തിനു മുമ്പുള്ള (പിൻപ് എന്ന് വ്യാഖ്യാതാക്കൾ) ഒരു ചെറിയ സൗന്ദര്യപ്പിണക്കമാണ് ഈ പാട്ടിൻെറ വിഷയം. കഴ=കല്ലുവാരണം. നറുന്തൽ=വാസനയുള്ള നെററി.)

. 10 ഒക്ടോബർ, 1976

ഇളംകടുംകോ

## 66. പരുവൂർയുദ്ധം

കള്ളുകുടിയ്ക്കുന്ന മൊന്തകൾ പൊയ്കയിൽ—
ക്കൊണ്ടുപോയ് മോറി മെഴക്കകയാൽ
ഏററം ലഹരിപിടി, ച്ചിറാൽമീനുകൾ
പൂട്ടിയ ഞാണററ വില്ലുപോലെ
ചാടി, ക്കരെയ്ക്കുഴം നെല്ലുവല്ലങ്ങൾതൻ
ചോടേ കിടന്നു പിടഞ്ഞിടുന്നു.
പാടത്തിലെക്കളവക്കിൽ മുളംക്കു, ത്തരം
പോലുള്ള ചൂരൽക്കൊടിത്തലകൾ
ആമ്പലിൻ വിസ്തൃതമാമില ചുററിനി—
ന്നാടുന്നു; ദൂരെ വടക്കുനിന്നും
എത്തുന്ന കാററത്തു കൊല്ലൻെറ തോലുല—
യ്ക്കൊപ്പമിലയത്തുയർന്നുതാഴ്വൂ.
ആവിധം പാടവും പൂവരശാർന്നുള്ള
മേട്ടമെഴമൂരിൻ നായകനേ!
പൊൻവളയിട്ടൊരു വേശക്കിടാത്തിയെ
പ്രേമിച്ച വേട്ട നീയെന്തു കേമംപ്പൂ!

ചെമ്പൊൽച്ചിലമ്പും തടിച്ച തുടകളും
ചെംകരിമാന്തളിർമെയ്നിറവും
ആന്നവ''ളത്ത''യാം സുന്ദരിതൻ പിതാ—
വാനപ്പടച്ചൂഴം ചോഴൻ വീരൻ
വെൺനെൽ വിളയും പരുവൂർപ്പടനിലം
തന്നിലിരുപെരുമന്നരേയും
നേരിട്ടുചെന്നു തിളങ്ങുന്ന വാളിനാൽ
പോരിട്ടു വെട്ടി വധിച്ച നാളിൽ,
ചോഴൻെറ സൈനികർ ശത്രുസൈന്യത്തിലെ—
യാനപ്പടകളെക്കെയടക്കേ
പൊന്തിയോരാർപ്പുവിളികൾപോലല്ലയോ
നിൻപേരിലിന്നപവാദഘോഷം!

(മരുതം പാടിയ ഇളംകടുംകോ ആണ് കവി. അകനാനൂറിൻെറ ആദ്യഭാഗമായ ''കളിററിയാനൈനിരൈ''യിൽ 96–ാമതായി ചേർത്ത ഈ പാട്ടിൻെറ ആദ്യത്തെ പകുതിയിൽ, വയൽനിറഞ്ഞ മരുതനിലത്തിൻെറ സമൃദ്ധി വർണ്ണിയ്ക്കപ്പെട്ടിരിയ്ക്കുന്നു. കള്ളുമൊന്ത കഴുകിയ പൊയ്കയിലെ വെള്ളത്തിലുള്ള ഇറാൽമത്സ്യങ്ങൾ ലഹരികയറി കരയ്ക്കു ചാടി വീഴുന്നു. കരയിൽ നെല്ലു നിറച്ച വല്ലങ്ങൾ ഉയർത്തിവെച്ചിട്ടു



ള്ളതിൻെറ അടിയിൽക്കിടന്നു അവ പിടയുന്നു. (''ഇറാൽമീൻ'' കൊഞ്ചോ ചെമ്മീനോ ആണെന്നു് മലയാളം ലെക്സിക്കൺ. ഇതു ശരിയാണെന്നു തോന്നുന്നില്ല. (വലിയ ഏതോ മത്സ്യം ആയിരിക്കണം.) ചൂരൽവള്ളിത്തലപ്പുകൾ ചുററിയ ആമ്പലിലകളിൽ വടക്കൻ കാററ് (വാടക്കാററ്) തട്ടുമ്പോൾ ആ ഇലകൾ കൊല്ലൻെറ ആലയിലെ ഉലകൾ പോലെ ഉയർന്നു താഴുന്നു. ആ വിധം പാടങ്ങളും പൂവരശു (കാഞ്ചി മരങ്ങൾ നിറഞ്ഞ മേട്ടകളുമുള്ള മരുതനിലത്തിൻെറ നായകൻ, വേട്ടുപത്നി വീട്ടിലിരിയ്ക്കേ ഒരു തേവിടിശ്ശിപ്പെൺകിടാവിനെ പ്രേമിച്ചു പരിഗ്രഹിച്ചതുമൂലമുണ്ടായ അപവാദമാണ് രണ്ടാമത്തെ പകുതിയിൽ വർണ്ണിക്കുന്നതു്. പ്രസിദ്ധയായ ഒരു ചോഴരാജകുമാരിയാണ് അത്ത. അവളുടെ പിതാവായ ചോഴൻ ''പരുവൂർ'' എന്ന സ്ഥലത്തു നടന്ന യുദ്ധത്തിൽ ഇരുപെരുവേന്തരെ (ചേരനേയും പാണ്ഡ്യനേയും എന്നു വ്യാഖ്യാതാക്കൾ) വെട്ടിക്കൊല്ലുകയുണ്ടായി. ഇവരുടെ ആനപ്പടകളെ ചോഴസൈന്യം കവർന്നെടുത്തു. ആ സമയത്തുണ്ടായ ലഹളപോലെയാണ്, പലവായകൾ പകർന്നുവരുന്ന, നായകനെസ്സംബന്ധിച്ച, അപവാദം (അലർ). വേശ്യാസംസർഗ്ഗത്തിനുശേഷം വീട്ടിൽ തിരിച്ചെത്തി, നായികയുമായിലോഹ്യം കൂടാൻശ്രമിക്കുന്ന നായകനോട്ട് തോഴി പറയുന്നതാണിതെന്നു് വ്യാഖ്യാതാക്കൾ. അത്തയുടെ പിതാവ് ആരെന്നോ, അയാൾ കൊന്ന ചേരപാണ്ഡ്യ രാജാക്കന്മാർ ആരെന്നോ, പരുവൂർ എവിടെയെന്നോ അറിഞ്ഞുകൂട.)

17 ഒക്ടോബർ, 1976

പരണർ

## 67. മകൻെറ അമ്മ

തരികിലുങ്ങും ചിലമ്പുകൾ ചാർത്തിയോൾ
വിരിയും നീരാമ്പൽമാലയണിഞ്ഞവൾ
അരമറുത്ത വെൺശംഖിൻവളകളാൽ
അഴകുമുൻകൈയിനെത്രയുമാന്നവൾ
അണികൾമിന്നും തടിച്ച തോളുള്ളവൾ
അരചനന്ദിനി ''ഐയൈ'' ജയിക്കുന്നു!

അവളുടെ പിതാവായ ''തിത്തൻ'', മഴ—
മുകിൽകണക്കെ കണക്കററുനൽകുവോൻ,
നിറഞ്ഞ നെല്ലുകുമിയു''മുറന്ത''യാം
നഗരിയെക്കാത്തുരക്ഷിച്ചുപോരുന്നു.

അവിടെ, വെള്ളംപെരുകി, മുളംകഴ—
യടിതൊടാത്തതാം കാവേരിയാററിൽ നീ
അഴകെഴംപൊന്നണികളും, കാതിൽപ്പൊൽ—
ക്കുഴകളുമാന്ന കാമുകിയോടൊപ്പം,
അരിയ ചേരനാട്ടിൽക്കളംനോക്കിപ്പോം
കരിവരൻെറ മുഖപ്രസാദത്തോടേ,

മുളകൾചേർത്തു ചമച്ച വെൺതെപ്പത്തിൽ—
ത്തഴകി നെഞ്ചണിപ്പൂമാല ഞെരിഞ്ഞുവോ,
മതിവരുവോളം നീരാട്ടുകേളിയിൽ
മതിമയങ്ങി രസിച്ചുപോലിന്നലെ.

. ഇവിടെയിന്നെന്റെ മുമ്പിലെത്തുന്ന നീ,
വെറുതെയോതുന്ന ചക്രവാക്കുകൾ.
''കനമുലയാളേ, നെഞ്ചിൽച്ചുണങ്ങിനാ—
ലഴകെഴുന്നോളേ. ചാരിത്ര്യദേവതേ,
പ്രിയമെഴുമെൻ മകന്റെയമ്മേ'', എന്നു
വിനയനമ്രനായ് സ്തോത്രപറയുന്നു.
ശരി,യെനിക്കു വയസ്സായ്; അതിൻപേരിൽ
പഴതെയെന്നെപ്പരിഹസിക്കായ്ക നീ !

എരിയുമഗ്നിനാളങ്ങൾപോൽ,ത്താമര—
മലർമലന്നനീർവാഴ്വും വയൽകളിൽ
പടരും പൊള്ളയാം വള്ളക്കൊടികൾത—
ന്നിടയിൽ,ക്കൂർപ്പല്ലെഴുന്ന നീർനായകൾ
വയർനിറവോളം വാളമീൻശാപ്പിട്ടു
വലിയമുള്ളെഴും ചൂരലിൻപൊന്തയിൽ
കയറി വിശ്രമംകൊള്ളും ''കഴാർ'' എന്ന
വളമിയന്ന നാടേററം വിളങ്ങുന്നു.
പെരിയ വേൽപ്പട ചൂഴ്ന്നവൻ, ''മത്തി''യാ—
മരചനത്രേ ''കഴാറി''ൽ വാണീടുന്നു.
ചില ദിനങ്ങൾമു,മ്പ''ക്കഴാർ'' നാടുപോൽ
വിലസിനിന്നതാണെൻ നവയൗവനം.
ഇനി തിരിച്ചുവരാത്തമ,ട്ടെന്നെവി—
ട്ടിളമ പോയ്പ്പോകി,ലത്ഭുതമെന്തതിൽ?
മധുരമായെന്റെ കാതിന്നു നിന്റെയി—
ക്കപടവാക്കിനിയെങ്ങട്ടു തോന്നുവാൻ?

(കപിലരുടേയും കടൽപിറക്കോട്ടിയ ചെങ്കുട്ടുവൻ, ചേരമാൻ കടലോട്ടിയ വേൽകെഴുകുട്ടുവൻ; കുടക്കോ നെടുഞ്ചേരലാതൻ എന്നീ ചേരരാജക്കന്മാരുടേയും സ്നേഹിതനായ് പരണർ സംഘസാഹിത്യത്തിൽ അതിപ്രസിദ്ധനാണ്. പരണരുടെ പതിനേഴ് പാട്ടുകൾ ''കുറുന്തൊകൈ''യിലും പന്ത്രണ്ടുപാട്ടുകൾ ''നററിണൈയിലും'' മുപ്പത്തിരണ്ടു പാട്ടുകൾ ''അകനാനൂറിലും'' പതിനെട്ടുപാട്ടുകൾ ''പുറനാനൂറിലും'' കാണുന്നു. പതിററുപ്പത്തിലെ അഞ്ചാംപത്തു് പരണരുടേതാണ്. അകനാനൂറിന്റെ ആദ്യഭാഗമായ ''കളിററിയാനൈനിരൈ''യിൽ ആറാമതായിച്ചേർത്ത പാട്ടിന്റെ വിവർത്തനമാണിതു്. (ഉറൈന്തെ)ഉറയൂരിൽ ഭരിച്ചിരുന്ന ചോഴൻ



''തിത്തൻ'', അദ്ദേഹത്തിന്റെ പുത്രി ''ഐയൈ'', കഴാർ എന്ന നാടു ഭരിച്ചിരുന്ന ''മത്തി'' എന്നിവരെ ഈ പാട്ടിൽ പരണർ പരാമർശിക്കുന്നു.

ഉറയൂരിലൂടെ ഒഴുകുന്ന കാവേരിയിൽ ''ആടിപ്പെരുക്ക്'' (ആഷാഢമാസത്തിലെ വെള്ളപ്പൊക്കം) ഇന്നും തമിഴ്നാട്ടിൽ ഒരു ഉത്സവമാണ്. ഈ ഉത്സവക്കാലത്തു് നായകൻ ഒരു വേശ്യ (പരത്ത) യുമൊന്നിച്ച് കാവേരിയിൽ മുളകൊണ്ടുള്ള തെപ്പത്തിൽ പിടിച്ചു് നീന്തിക്കളിച്ചു. പിറേറന്നു വീട്ടിൽ തിരിച്ചെത്തിയ അയാളോടു് പ്രൗഢയായ നായിക പറയുന്നതാണ് ഈ പാട്ടിന്റെ സന്ദർഭം.

തരി=ചിലമ്പിലിട്ട പരലുകൾ. അരമറുത്ത=അരംകൊണ്ടു രാകി മുറിച്ച. അരച നന്ദിനി=രാജപുത്രി. മഴമുകിൽ കണക്കേ=മേഘം കയ്യച്ചു ദാനംചെയ്യും പോലെ തിത്തനും ദാനം ചെയ്യുന്നു. ഉറന്ത=ഉറയൂർ. കഴകൾ=പൊൻതോടകൾ. തെപ്പം=പൊങ്ങുതടി. വെള്ളത്തിൽ താണുപോകാതിരിക്കാൻ ഇതുപിടിച്ചു നീന്തുന്നു. നീരാട്ടുകേളി=ജലക്രീഡ. പുതുപ്പുനൽ വിളയാട്ടു്. ''ശരി, യെനിക്കു വയസ്സായ്''=''മകന്റെ അമ്മേ'' എന്ന സംബോധന, തന്റെ പ്രായക്കൂടുതൽ ചൂണ്ടി പരിഹസിക്കുകയാണെന്നു് നായിക കരുതുന്നു. വള്ളക്കൊടികൾ=ഒരുതരം ജലസസ്യങ്ങൾ. കൂർപ്പല്ലു്=കൂർത്ത പല്ലു്. കഴാർ നാടുപോൽ=സ്ത്രീസൗന്ദര്യത്തെ സമൃദ്ധങ്ങളായ നഗരങ്ങളോടും നാടുകളോടും ഉപമിക്കുന്നതു് സംഘകവികളുടെ ഒരു സങ്കേതം ആണ്. ഇളമ=യൗവനം.

31 ഒക്ടോബർ, 1976

ചാകലാചനാർ

## 68. രണ്ടാം അമ്മ

പൊയ്കയിൽ നീർനായ് നീന്തിയുലയും ചെന്താരിന്റെ
പൂമ്പൊടിത്തേനല്ലിയെപ്പൊതിയും ദളംപോലെ
അഴകാർന്നതാമുള്ളംകൈകളും, പവിഴവായ്—
മലരും, തിരിയാത്തമഴലത്തേൻ കൊഞ്ചലും,
കൈകളിൽക്കിലുങ്ങുന്ന പൊൻവളകളും: ആരും
കാണുകിൽക്കൊതിച്ചുപോം നമ്മുടെയോമൽപ്പുത്രൻ
തെരുവിൽക്കളിത്തേരുമോടിച്ചു നിന്നാനൊററ;—
യ്ക്കുരികത്തൊരു യുവസുന്ദരി വന്നാളപ്പോൾ;
കാണുവാനിപ്പുറ,മെന്നെട്ടത്താൾ: പൊന്മാലകൾ
പൂണ്ടുന്നോരിളമുലകൾക്കുമേലമർത്തിനാൾ.
''വരികെന്നായിരേ! എന്നോമനേ !'' എന്നാൾ''
പിന്നെ—
പ്പെരുതാം പ്രേമത്തൊടും പുൽകിയേനിലകൊണ്ടാൾ.

അങ്ങിനെയവൾ നില്ക്കുന്നതുഞാൻ കണ്ടേൻ, മെല്ലെ—
ച്ചെന്നവൾക്കടുത്തുഞാ,നവളോടോതീടിനേൻ;

''യുവസുന്ദരി, മുല്ലമൊട്ടൊളിപ്പല്ലാളേ! നീ—
യിവന്നു രണ്ടാമമ്മയാണല്ലോ; ശങ്കിക്കൊല്ല!''
കളവിൽപ്പിടിക്കപ്പെട്ടവരാം പോ,ലപ്പെണ്ണാൾ, തൻ
തലയും താഴ്ത്തി,ക്കാലിൻ വിരലാൽ നിലംകീറി
അങ്ങിനെ നാണംപൂണ്ടു നിന്നുപോയ്, വാനിൻവക്കിൽ
മംഗലപാതിവ്രത്യ ദേവിയാമരുന്ധതി
വിളങ്ങുന്നില്ലേ നിത്യ,മതുപോൽ; അവളെയാ—
നിലയിൽച്ചിരംനോക്കിനില്ക്കവേ, പ്രാണേശ്വര!
നിന്മകന്നമ്മയാവാനവളെത്രയും ചേരു—
മെന്നു കാൺകയാൽ ഞാനുമവളെക്കൊണ്ടാടിനേൻ.

(പാകലാപനാരുടെ രണ്ടു പാട്ടുകൾ ''അകനാനൂറി''ലുണ്ട്, അകനാനൂറിന്റെ ആദ്യഭാഗമായ ''കളിററിയാനൈനിര''യിലെ പതിനാറാമത്തെ പാട്ടാണ് മേൽച്ചേർത്തതു്. തേവിടിശ്ശിത്തെരുവിൽനിന്നു വന്ന നായകൻ തന്റെ അപരാധം നിഷേധിക്കുന്നു. അയാളോടു നായിക പറയുന്നതാണ് സന്ദർഭം. നായകന്റെ ഛായയുള്ള തന്റെ മകനെ ആലിംഗനം ചെയ്ത വേശ്യയെ മകന്റെ രണ്ടാമമ്മയുടെ സ്ഥാനത്തു് പ്രതിഷ്ഠിക്കാൻ താൻ തയ്യാറാണെന്നു പറയുന്ന നായികയുടെ പ്രകടമായ ദാക്ഷിണ്യം അവളുടെ നിഗൂഢമായ അസഹിഷ്ണുതയെ ധ്വനിപ്പിക്കുന്നു എന്നു വ്യാഖ്യാതാക്കൾ പറയുന്നു. സപ്തർഷികൾക്ക് അടുത്തു നിൽക്കുന്ന അരുന്ധതീനക്ഷത്രത്തെ പാതിവ്രത്യദേവതയായി സങ്കല്പിച്ച് പതിയ്ക്ക് കാണിച്ചുകൊടുക്കുന്നത് വൈദികവിവാഹത്തിലെ ഒരു ചടങ്ങാണ്. അഗ്നിസാക്ഷിയായി പരിണയിച്ച തന്നെ വെടിഞ്ഞ് വേശ്യയെ കാമിക്കുന്നതു് തെററാണെന്ന സൂചനയാവാം വേശ്യയെ അരുന്ധതിയോടുപമിക്കുന്നതുകൊണ്ട് നായിക ഉദ്ദേശിച്ചതു്. മഴല= കുട്ടികളുടെ കൊഞ്ചൽ.)

7 നവംബർ, 1976

ഐയ്യൂർ മുടവനാർ

## 69. ഭീഷണി

നേർത്തകോലിന്മേൽ നെടിയ ചരടിന്റെ
യററത്തു കൂർത്തതാം ചൂണ്ടൽകെട്ടി
പാണക്കിടാത്തി വരാൽമീൻ പിടി,ച്ചുററു—
നീരിൻകരയിലടുപ്പുകൂട്ടി,
വഞ്ചിവിറകെരിച്ചുണ്ടായ തീക്കനൽ
തന്നിൽച്ചിതംപോലെ ചുട്ടെടുത്തു്,
കോഞ്ഞാടകൊണ്ടരിച്ചുള്ള തെങ്ങിൻകള്ളു
മോന്തി,ച്ചൊരുക്കിൽച്ചുടഞ്ഞിരിക്കും
തന്തതൻ വായിൽക്കുറേശ്ശയായ്ത്തീററുന്ന
തൺതുറനാടിന്നുടമയായോൻ



കെട്ടിക്കുടിവെച്ച പെണ്ണുങ്ങളെത്രയോ
ചേട്ടത്തമെന്നെക്കുറിച്ചു ചൊൽവൂ.
അപ്പുലഭ്യം കേട്ടടങ്ങുകിൽപ്പിന്നെഞാ—
നിപ്പാരിലെന്തിന്നായിത്തിരിപ്പൂ?

പെണ്ണുങ്ങളാഴിനീരാടിവരും വഴി
ചെന്നറുത്തുള്ളതാം ഞാഴൽപ്പൂവും,
പാടത്തുഴുന്ന കൃഷകർ പറിച്ചു സ—
മ്മാനിച്ച നീലക്കുവളപ്പൂവും
നാടിന്നതിർത്തിയിൽക്കാവൽ വനങ്ങളിൽ
നീളെവിരിഞ്ഞ വെൺമുല്ലപ്പൂവും
ചേർത്തുനിർമ്മിച്ചുള്ള മാലകൾ ചൂടുവോർ
യുദ്ധപ്രിയന്മാർ തരുണർ കോശർ
മത്താടിമേവുന്ന ചെല്ലൂരിൽ വാഴുവോൻ
ഉദ്ധത,നാതനെഴിനി മന്നൻ
ഊന്നിയെറിഞ്ഞാൽക്കുറിപിഴയ്ക്കാത്ത കൂർ—
വെന്നി വെൺവേൽകൊണ്ടെറിഞ്ഞനേരം
മാറിലതാഴ്ന്നു പുൺപെട്ട മദഗജം
നോവിനാൽച്ചിന്നംവിളിച്ചതില്ലേ?
ആ നോവുകൊണ്ടു പുളയുമപ്പെണ്ണുങ്ങൾ
ഞാ,നവർ പാക്കമിടത്തു ചെന്നാൽ!

(ഐയ്യൂർ മുടവനാരുടെ കൃതികൾ ''അകനാനൂറ്'', ''കുറുന്തൊകൈ'', ''നാററിണൈ'', ''പുറനാനൂറ്'' എന്നീ സമാഹാരങ്ങളിൽ കാണാം. പാണ്ടിനാട്ടിലെ ഒരു സ്ഥലമാണ് ഐയ്യൂർ. മുടന്തനായതുകൊണ്ട് കവിയ്ക്കു വന്നുകൂടിയ പേരാവാം ''മുടവനാർ'' എന്നതു്. പാണ്ഡ്യൻ കൂടകാരത്തിൽ മരിച്ചവഴുതി, കുളമുററത്തിൽ മരിച്ച കിള്ളിവളവൻ ആതൻ എഴിനി മുതലായവരെ മുടവനാർ അനുസ്മരിക്കുന്നു.

കോശർ എന്ന വർഗ്ഗക്കാരുടേതായിരുന്ന ചെല്ലൂർ പട്ടണം കിഴക്കെ കടൽക്കരയിലായിരുന്നുവത്രേ. ഈ നഗരത്തിലെ രാജാവായിരുന്നു ആതൻ എഴിനി. ചെല്ലൂരിന്ന് ''ചെല്ലി'' എന്നും പേരുണ്ട്. വേലെറിയുന്നതിൽ എഴിനി വിദഗ്ദ്ധനായിരുന്നു. അദ്ദേഹം എറിഞ്ഞ വേലേററ്, മുറിപ്പെട്ട ആനയുടെ കഥ ഒരു ഐതിഹ്യംപോലെ അക്കാലത്തു് പ്രചരിച്ചിരിക്കണം. കോശർ എന്ന വർഗ്ഗക്കാരിൽനിന്നാണ് കോയമ്പത്തൂർ എന്ന പേരിന്റെ ഉത്ഭവം എന്നു കരുതപ്പെടുന്നു.

അകനാനൂറിൽ 216—ാം പാട്ടിന്റെ വിവർത്തനമാണ് മേൽച്ചേർത്തതു്. ഇടപ്രഭുവായ നായകൻ വേട്ട പത്നിയെവിട്ട് ഒരു വേശ്യയുമായി പ്രണയംപുലർത്തി. തന്നെപ്പററി നായകന്റെ പത്നി എന്തോ അപവാദം പറഞ്ഞു എന്നു കേട്ട വേശ്യ അവളെ ഭീഷണിപ്പെടുത്തിക്കൊണ്ട് അയൽക്കാരുമായി സംസാരിക്കുന്നതാണ് സന്ദർഭം. വഞ്ചി=ആററുവഞ്ചി എന്നമരം. ''പാണക്കിടാത്തി തന്തതൻ വായിൽ ചുട്ട മീൻ തീററുന്ന നാടിന്റെ ഉടമ

യായവൻ കെട്ടിയ പെണ്ണുങ്ങൾ'' എന്നു് അന്വയം. തൺ തുറനാട്=തണുത്ത തുറകൾ (ജലാശയങ്ങൾ) ഉള്ളനാട്ടു്. അതിന്റെ ഉടമയാണു് നായകൻ. ആഴിനീരാടി=കടലിൽ കളിച്ചു്. കാവൽവനം=രണ്ടു രാജ്യങ്ങളുടെ ഇടയ്ക്കുള്ള കാടു്. ഇവിടെ അതിർത്തിപ്പടയാളികൾ കാവൽ നില്ക്കുന്നു. കൂർവെൺനിറവേൽ=കൂർത്ത, ജ്വലിക്കുന്ന, വെളുത്ത വേൽ. ആനക്കു് വേലേററപ്പോഴുണ്ടായ നോവു്, തന്റെ കാമുകന്റെ പത്നിയുടെ വീട്ടിന്നടുത്തു താൻ ചെന്നാൽ അവൾക്കുണ്ടാകുമെന്നു്, വേശ്യ ഭീഷണിപ്പെടുത്തുന്നു.)

9 ജനവരി, 1977

മരുതൻ ഇളനാകനാർ

## 70. കണ്ണിലെ വടു

സുരയുണ്ണുവോർ സുര,രുണ്ണാത്തോരസുര;രീ—
യിരുവർക്കാചാര്യന്മാർ വ്യാഴശുക്രന്മാർ വിപ്രർ
രാജനീതികൾ തീർത്താർ വെവ്വേറെ;യവതെററാ—
തീജഗത്തിനെ,യമ്മ കുഞ്ഞിനെപ്പോൽ,ക്കാപ്പോനേ!
മഴപോൽദ്ദയചൊരിയുന്നോനേ! മാല്യങ്ങളാ—
ലഴകേറിയതേരാർന്നുള്ളോനേ! കേട്ടാലും നീ!

നിൻ കുടനിഴലിലൂഴിൽത്തഴച്ചീടുന്നു ധർമ്മം;
എങ്കിലെ,ന്തിവൾക്കില്ലാ നിഴലിൽ സ്ഥലമെന്നോ?
പിറപോലഴകാർന്നെററിയിൽ വിളർപ്പേറി—
പ്പെരുതാമഴലേന്തുമിവളെക്കണ്ടാലും നീ!

ന്യായദീക്ഷിതം സത്യനിഷ്ഠം നിൻചെങ്കോലെന്നും;
ആകിലെ,ന്തിവൾക്കില്ലാച്ചെങ്കോലിൻ സംരക്ഷണം?
മദനോഷ്മാവാൽത്തപിച്ചുയിർ നാളുകൾ വെറു—
ത്തതിശോച്യയായ്ക്കേഴുമിവളെക്കണ്ടാലും നീ!

കാവലീ മന്നിന്നു നിൻമുഴങ്ങും മുര;ശെന്നാൽ
കാവലിന്നതിർത്തിക്കുമിവളപ്പുറത്തെന്നോ?
മുളപോൽ വിളങ്ങിയ തോളുകൾ നലംകെട്ടു—
മൊളിമങ്ങിയും മാഴ്കുമിവളെക്കണ്ടാലും നീ!

ദൂരെയുള്ളതുകാണും ക;ണ്ണെന്നാലതിന്നുള്ളിൽ—
ച്ചേരുന്നവടുവതു കാണുകയി;ല്ലമ്മാതിരി
നിന്നെവി,ട്ടണി വളയൂർന്നു വാടുമെൻ തോഴി
തന്നോടു നിൻ ക്രൗര്യം നീയറിയുന്നില്ലെന്നാമോ?

(''കലിത്തൊകൈ'' എന്ന സമാഹാരത്തിൽ മരുതത്തിണയിലെ മുപ്പത്തഞ്ചു് പാട്ടുകളും രചിച്ചതു് മരുതൻ ഇളനാകനാർ ആകുന്നു. മുപ്പത്തിനാലാമത്തെ പാട്ടിന്റെ വിവർത്തനമാണു് മേൽച്ചേർത്തതു്. ഒരു രാജകുമാരൻ തന്റെ പത്നിയെ വിട്ടുപോയി. അവളുടെ തോഴി രാജകുമാരനോടു് തന്റെ സഖിയുടെ വിരഹതാപം അറിയിക്കുന്നതാണു് സന്ദർഭം. സുര=മദ്യം, സോമരസം. സുരകുടിക്കുന്നവർ സുരർ (ദേവന്മാർ): കുടിക്കാത്തവർ അസുരർ. സുരഗുരുവായ ബൃഹസ്പതിയും (വ്യാഴവും) അസുരഗുരുവായ ശുക്രനും (വെള്ളിയും) രാജനീതികൾ രചിച്ചിട്ടുണ്ടു്. ഈ നീതികൾ രണ്ടും തെററാതെ ഭൂമിയെ സംരക്ഷിക്കുന്നവനാണു് നായകൻ. പിറ=ചന്ദ്രക്കല. ചെങ്കോൽ=സദ്ഭരണം. മുരശ്=പെരുമ്പറ. നലം=ഭംഗി. കണ്ണു് അതിന്നുള്ളിലെ വടു (പാടു്) കാണാത്തതുപോലെ അന്യരുടെ അധർമ്മം കാണുന്ന രാജകുമാരൻ തന്റെ പാവപ്പെട്ട പത്നിയോടു താൻ ചെയ്യുന്ന കൊടുംക്രൂരത കാണുന്നില്ലല്ലോ എന്നു സഖി നായകനെ ആക്ഷേപിക്കുന്നു.

''തരവു്'' എന്ന പ്രാരംഭവും ''താഴിശൈ'' എന്ന, ഏറക്കുറെ തുല്യാർത്ഥകങ്ങളായ മൂന്നു ഖണ്ഡികകളുടങ്ങുന്ന മധ്യഭാഗവും, ''ചുരിതകം'' എന്ന ഉപസംഹാരവും ഈ ''കലിപ്പാ''വിലുണ്ടു്.

2 ജനവരി, 1977



അഞ്ചിൽ അഞ്ചിയാർ

## 71. ഊഞ്ഞാലുത്സവം

ഊരിലൂഞ്ഞാലുത്സവത്തിന്റെ ഘോഷമാ;—
ണേറെയിടപ്പാട്ടുകാരുമു;ണ്ടാകയാൽ
പാവമാം തണ്ണാത്തി കൈയൊഴിവില്ലാതെ
രാവിലലക്കിപ്പശയിട്ടു പൂക്കളാൽ
ചുട്ടിപൂവപ്പിച്ചെടുത്ത കലിംഗനൽ—
പ്പട്ടുപുടവയുടുത്തു വാടാമല
നെഞ്ചിലാടീടമാറോടി വന്നഞ്ജസാ
നല്ല കരിമ്പനപ്പട്ടചത,ച്ചതിൽ
നീൾക്കയർ ഞാന്നെഴുമൂഞ്ഞാലിൽ, മയ്യണി—
ച്ചുകണ്ണിമാർ കൂട്ടുകാരിക,ളാട്ടുവാൻ
നില്ക്കിലു,മേറാതെ നിന്നു ചുഴലവും
നോക്കി,പ്പരുങ്ങി,യെന്തിന്നോ വിതുമ്പിനാൾ.
പിന്നെക്കരഞ്ഞവിടന്നു പിന്മാറിനാൾ,
പിന്നിപ്പുല്ലവേണിയായു് മുടിയിട്ടവൾ,
ഏതാൻ വളകൾതൻകൈകളിൽച്ചേർന്നവൾ
പതിത്യമാർന്നൊരു പെണ്ണിൻ ചെറുമകൾ.

ആട്ടത്തിലിങ്ങനെ ശങ്കവരാതെക—
ണ്ടേററം നയത്തോടുകൂടി വേണ്ടുംകാര്യ—

മൊക്കയും ചെയ്തിടേണ്ടോ, ഒത്തു ചെയ്യാത്ത
മൂർഖരുദ്യോഗസ്ഥരേറെ മൂലമായ്,
നമ്മുടെ മന്നന്റെ നാട്ടുസഭക്കൂട്ട-
മെങ്ങിനെ നിഷ്ഫലമായി, കഷ്ടം, സഖി!

(സ്ത്രീയാണ് അഞ്ചിൽ അഞ്ചിയാർ. "അഞ്ചിൽ" എന്നതു് സ്ഥലനാമമായിരിക്കാം. തകടൂർനാട്ടുവാഴിയായിരുന്ന "അതിയമാൻ നെടുമാൻ അഞ്ചി"യുമായി അഞ്ചിയാക്ക് എന്തെങ്കിലും ബന്ധമുണ്ടായിരുന്നുവോ എന്നറിഞ്ഞുകൂട. "നററിണൈ" എന്ന സമാഹാരത്തിൽ 90-ാമതായി ചേർത്ത ഈ പാട്ട് പ്രണയകലഹത്തെ കുറിക്കുന്നതിനാൽ മരുതത്തിണയിൽപെടുന്നു. വേശ്യാസ്ത്രീയിൽ ഭ്രമിച്ച് വീടുവിട്ടുപോയ നായകൻ കുറെക്കാലംകഴിഞ്ഞ് തിരിച്ചു വരാനാഗ്രഹിച്ച് തന്റെ പത്നിയായ നായികയുടെ അടുത്തേക്ക് ഒരു പാണനെ ദൂതനായി അയച്ചു. ആ പാണൻ കേൾക്കെ തോഴി നായികയോട് പറയുന്നതാണ് ഇതിന്റെ സന്ദർഭമെന്ന് വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.

മധ്യകേരളത്തിലെ തിരുവാതിരയാഘോഷത്തോട് ഏതാണ്ടൊ തുല്യമായ ഒരു ഊഞ്ഞാലുത്സവം മുൻകാലത്തു് തമിഴകത്തുണ്ടായിരുന്നു. നായികയുടെ ഗ്രാമത്തിലെ ഊഞ്ഞാലുത്സവത്തിൽ ആടുവാൻ പതിതയായ ഒരു സ്ത്രീയുടെ മകൾ ചെന്നു. ജോലിത്തിരക്കുള്ള മുറ്റാത്തി രാത്രിയിൽ അലക്കികഞ്ഞിപ്പശയിട്ട്, പൂക്കൾകൊണ്ട് ചുട്ടി (കുറ) ചുവപ്പിച്ചുകൊടുത്ത, കലിംഗദേശത്തു നിർമ്മിച്ച ഒരു പട്ടു പുടവ അവൾ ഉടുത്തിരുന്നു. വാടാത്ത ഒരു മാല (സ്വർണ്ണമാല) അവളുടെ മാറിൽ ആടിയിരുന്നു. കരിമ്പനപ്പട്ട ചതച്ച് വളച്ചു മരക്കൊമ്പിലിട്ട്, അതിൽ നീണ്ടകയർകെട്ടി ഉണ്ടാക്കിയതായിരുന്നു ഊഞ്ഞാൽ (കേരളത്തിൽ ഇപ്പോഴും ഇങ്ങിനെ ഊഞ്ഞാൽ ഉണ്ടാക്കാറുണ്ട്). ഊഞ്ഞാലിലേറുന്നവരെ ആട്ടുവാനും ചുററും കൂട്ടുകാരികൾ നിന്നിരുന്നു. പക്ഷെ തന്നെ നായകൻ വന്ന് ആട്ടിക്കുമെന്ന് അവൾ പ്രതീക്ഷിച്ചിരുന്നു. അയാളെ കാണായ്കയാൽ ഭഗ്നാശയായ അവൾ കരഞ്ഞുകൊണ്ട് അവിടെനിന്നുപോയി. ഊരിലെ ഉത്സവത്തിൽ തകരാറില്ലാതെ നോക്കേണ്ടതു് ഊരു് ഭരിക്കുവാൻ രാജാവു നിയമിച്ച ഗ്രാമസഭയിലെ ഉദ്യോഗസ്ഥന്മാരാണ്. അവരുടെ അശ്രദ്ധമൂലം ഉത്സവത്തിൽ മേല്പറഞ്ഞ കുഴപ്പമുണ്ടായി. ഗ്രാമമൊന്നം തന്നെ മോശമായിപ്പോയി, എന്നു തോഴി നായികയോട് പറയുന്നു. നായകന്റെ വേശ്യാസംസർഗ്ഗകഥ ഞങ്ങൾ അറിഞ്ഞു എന്ന്, ഇതുകേൾക്കുന്ന ദൂതൻ മനസ്സിലാക്കിക്കൊള്ളുമല്ലോ. നായകൻ എന്തു അന്യായം പറഞ്ഞാലും വഴങ്ങരുതെന്ന് നായികക്കു ഒരുപദേശംകൂടി ഇതിൽ അടങ്ങുന്നു.)

4 മെയ്, 1977

നക്കീരർ

## 72. നെഞ്ചിനോട്

ചിന്തിച്ചു പലതും നീ ബന്ധമില്ലാ, തെൻ നെഞ്ചേ!
ചിന്തകളെല്ലാം സത്യമെന്നും നീ നിനയ്ക്കുന്നു!



ചെറുതും വലുതുമായ്പ്പല നാവുകളേററു
വെററമാഴ്കുന്നു നീ; മാത്രമോ? മലകളിൽ
മഴപെ, യ്തീടിലൂടിപ്പാഞ്ഞുപോം വെള്ളക്കത്തിൽ—
ത്തലേന്നാൾവിരിഞ്ഞുള്ള പൂവുകളൊലിച്ചെത്തി
തണുത്ത തുറമുഖത്തെങ്ങുമേ പരക്കുന്ന
സമുദ്രക്കരെനകം കാവേരിപ്പേരിയാററിൻ
കറുത്തമണലെഴുമഗാധക്കയങ്ങളിൽ
കലക്കം പരക്കുമാ, റിതുണ്ടേ നടുരാവിൽ
പിടിച്ചു വെളുപ്പിനു ചേട്ടന്മാർ കൊടുത്തുള്ള
തടിച്ചു പള്ളയാന്ന് വാളയ്ക്കുവിലയായി,
അഴകിൽക്കഴിഞ്ഞുള്ള പൊക്കിളും മധുരമാം
മൊഴിയുമിയന്നവളാകിയ പാണപ്പെണ്ണാൾ;
നെടിയ കൊടികളാടുന്നതാ, യെങ്ങും കള്ളു
നിറഞ്ഞുള്ളതാം നഗരത്തിലെത്തെരുവുകൾ,
പഴയ ചെന്നെല്ലുളന്നേകിയാൽ വാങ്ങിടാതെ
കഴഞ്ചിക്കൊരുവൊത്ത വലിയ വെൺമുത്തുകൾ,
കനകാഭരണങ്ങളെന്നിവ മാത്രം വാങ്ങും
ധനപുഷ്ടമാ മൂരിൽ വാഴുവോൻ, വേലേന്തുന്ന
പടയാളികൾ ചൂഴ്വോൻ, "എവ്വി" എന്നവൻ, നയം
പെട്ടമാറോതും നല്വാക്കുകൾക്കടങ്ങാതെ,
പൊൻനിറം നറുമണമിവചേർന്നെഴും പൂങ്കൊ—
ത്താന്ന പുന്നയാം മരംമുറിയ്ക്കാൻ കൊതിയ്ക്കയാൽ
പടയിൽ "തിതിയ"നെനേത്തൊ "രന്നി"പോൽ
നീയും

തുതിപൂകുവാനല്ലോ സംഗതി കണ്ടീടുന്നു,
തത്തരൻ ചുണ്ടൊത്തതായ്, ച്ചെറുതായ്,
കൊഞ്ചികൊഞ്ചി—

യെത്രയും മധുരമായ് മൊഴിയുകീടും വായും
കയൽപോൽ നീ, ണ്ടന്യോന്യം പൊരുതും മയ്ക്കണ്കളും
മഴമേഘംപോൽപ്പിന്നിലിരുണ്ടതാ, ഴ്ന്നമായി—
പിരിഞ്ഞുതിളങ്ങുന്ന കുന്തലം, മിന്നല്ലോടി—
യിമയ മിയന്നവളാകുമിപ്പെൺകുട്ടിതൻ
പുറകേ, നിമിഷവും വിടാതേ കൂടുന്നതായ്,
ചെറുതുമടക്കമില്ലാത്തതായൊരെൻ നെഞ്ചേ!

(നായിക നായകനോട് പിണങ്ങി. എന്നിട്ടും അവളെപ്പററിയല്ലാതെ മറെറാരു ചിന്തയുമില്ലാത്ത തന്റെ ഹൃദയത്തോട് നായകൻ പറയുന്നതാണിതു്. അഴുന്നൂർ തിതിയനെ തോല്പിച്ച് അയാളുടെ കാവൽമരമായ പുന്നവെട്ടിവീഴ്ത്തുവാൻ അന്നി എന്ന ഒരുവൻ പടയെടുത്തുചെന്നു.

കുറുക്കെപ്പ്രാന്തലൈ എന്ന സ്ഥലത്തുനടന്ന പോരിൽ തിതിയന്റെ പുന്നമരം അന്നി മുറിക്കുകയും ചെയ്തു. പക്ഷേ, തുടർന്നു നടന്ന യുദ്ധത്തിൽ അന്നി മരിച്ചു. സമൃദ്ധങ്ങളായ കാവേരിതീരഗ്രാമങ്ങളുടെ അധിപതിയായിരുന്ന എവ്വി എന്നവന്റെ ഉപദേശം വകവെയ്ക്കാതെയാണ് അന്നി തിതിയനോടെതിർത്തത്. അന്നിയ്ക്കു നേരിട്ട അകാലമരണം, നായികയെ ചൊല്ലികേഴുന്ന തന്റെ ഹൃദയത്തിന്നും നേരിട്ടേയ്ക്കാമെന്ന് നായകൻ ആശങ്കിക്കുന്നു. മഴപെയ്തുണ്ടാകുന്ന മലവെള്ളത്തിൽ തലേന്നാൾ മലകളിൽ വിടർന്ന പൂക്കൾ പിറേറന്ന് കവേരിത്തുറമുഖത്തെത്തുന്നു. കാവേരിയുടെ കയങ്ങൾ കലക്കി പാണന്മാർ രാത്രിയിൽ മീൻ പിടിക്കുന്നു. അവരുടെ സുന്ദരിയായ പെണ്ണുങ്ങൾ ഈ മത്സ്യം പിറേറന്നു രാവിലെ നഗരത്തിൽ വിററ് വിലയായി നെല്ലുവാങ്ങാതെ മുത്തും ആഭരണങ്ങളുംമാത്രം വാങ്ങുന്നു. അത്രയ്ക്കു ധനപുഷ്ടിയുള്ളവയാണ് എവ്വിയുടെ ഗ്രാമങ്ങൾ. ആ എവ്വിയുടെ ഉപദേശം ചെവിക്കൊള്ളാതെയാണ് അന്നി തിതിയന്റെ കാവൽമരം മുറിയ്ക്കാൻ ചെന്നത്. അന്നിക്കു നേരിട്ട സ്വയംകൃതാനർത്ഥം തന്റെ ഹൃദയത്തിന്നും നേരിടാനാണ് സാധ്യത; കാരണം നായിക തന്നോട് യാതൊരു കാരുണ്യവും കാട്ടുമെന്ന ആശ നായകന്നില്ല. വാള, കയൽ– ചിലതരം മത്സ്യങ്ങൾ. അന്യോന്യം പൊരുതും–കണ്ണുകൾ പരസ്പരസ്പർദ്ധികളാണെന്നതു് സംഘസാഹിത്യത്തിലെ ഒരു സാമാന്യസങ്കേതമാണ്. ഇട–മധ്യം.

പ്രണയകലഹം വിഷയമാകയാൽ ഈ പാട്ട് മരുതത്തിണയിൽപ്പെടുന്നു. ''തിരുമുരുകാററുപ്പടൈ'', ''നെടുനൽവാടൈ'' എന്ന ദീർഘകൃതികളുടേയും ''അകനാനൂറു'', ''പുറനാനൂറു'', ''കുറുന്തൊകൈ'', ''നററിണൈ'' എന്നീ സമാഹാരങ്ങളിലുള്ള മുപ്പത്തിനാലു ലഘുകൃതികളുടേയും കർത്താവാണ് മധുരൈ കണക്കായനാർ മകനാർ നക്കീരനാർ. ''ഇറൈയനാർ അകപ്പൊരുൾ'' എന്ന സംഘസാഹിത്യ ലക്ഷണകൃതിയുടെ വ്യാഖ്യാതാവും നക്കീരർതന്നെ. അകനാനൂറിൽ 126–ാമതായി ചേർത്ത പാട്ടിന്റെ വിവർത്തനമാണിതു്.

14 ജൂൺ, 1977

മരുതൻ ഇളനാകനാർ

## 73. തിരുമാമണ്ണി

എന്നെ വെറുക്കുന്ന കൂട്ടംവെടി, ഞാവ–
നെന്നരികത്തുവരികയി; ല്ലെങ്കിലും
കണ്ടിരിയ്ക്കുന്നതാനന്ദമാണെത്രയും;
കണ്ണിനാപത്തുവരുമ്പോൾത്തുടുക്കുന്ന
കയ്യുകണ, ക്കെന്റെയല്ലലകററുവാൻ
വന്നിടാറില്ലവൻ; എങ്കിലു, മില്ലവ–
നെന്നാകിലീഗ്രാമമെത്ര നിർജ്ജീവമാം!

തീയൊത്ത പൂക്കൾ വിരിഞ്ഞുള്ള വേങ്ങയിൽ
ദൈവമെഴുന്നള്ളി വാണുകാക്കുന്നതായ്,



ഞാറകൾ തിങ്ങുന്നതായ പാടത്തിലെ–
യേറുമാടത്തിലിരിയ്ക്കുമയല്ക്കാര–
നേറെ മന:ക്ലേശമേകുക കാരണം
തന്മുലയൊന്നറുത്തോരു മാമണ്ണിതൻ
സങ്കടം കേട്ടവരെത്രപേർ! എങ്കിലും
വേട്ടവൻ തന്നെയൊഴിച്ചുമററാരെയും
ഹൃത്തിൽ നിനച്ചവോ ധന്യയപ്പെൺകൊടി?

(ഭർത്താവ് ചീത്ത കൂട്ടുകെട്ടിൽപ്പെട്ടു; ഭാര്യയുടെ അടുത്തു ചെല്ലാതായി. എങ്കിലും അയാൾ അതേഗ്രാമത്തിൽത്തന്നെയുണ്ട്; അയാളെ കണ്ടുകൊണ്ടിരിക്കുന്നതിൽ ഭാര്യ സന്തുഷ്ടയാണ്. അവൻ മാമണ്ണി (തിരുമാമണ്ണി) എന്ന സാധ്വിയുടെ ഉദാഹരണം ചൂണ്ടിക്കാട്ടുന്നു. അയൽപക്കത്തെ പാടത്തു് വിളകാക്കുന്ന കർഷകൻ മാമണ്ണിയെ രഹസ്യമായി വിവാഹം ചെയ്തു. പിന്നീട് അവൻ അവളെ തള്ളിപ്പറഞ്ഞു. അവളാകട്ടെ നാട്ടുകാരുടെ മുമ്പിൽ തന്റെ ഒരു മുല അറുത്തെറിഞ്ഞു് സത്യം പ്രഖ്യാപിച്ചു. അപ്പോഴും തന്റെ ആവലാതികൾ കേട്ട് സഹതപിച്ചവരിലായിരുന്നില്ല, മറിച്ച് തന്നെ അത്രയും ദ്രോഹിച്ച ഭർത്താവിലായിരുന്നു മാമണ്ണിയുടെ ഹൃദയം. തീയിന്റെ നിറമാണ് വേങ്ങയുടെ പൂക്കൾക്ക്. പൂത്ത വേങ്ങയിൽ ദൈവസാന്നിധ്യമുണ്ടാകുമെന്ന് വിശ്വസിയ്ക്കപ്പെടുന്നു. ഞാറ–ഒരു ജലപക്ഷി.

''നററിണൈ''യിൽ 216–ാമതായി ചേർത്ത ഈ ഗാനം പ്രണയകലഹത്തെ പ്രതിപാദിക്കുന്നതിനാൽ മരുതത്തിണയിൽപ്പെടുന്നു.

കണ്ണകിയെപ്പോലെ സ്വന്തം മുലപറിച്ചെറിഞ്ഞ മാമണ്ണിയെപ്പററി വേറൊന്നും അറിഞ്ഞുകൂട.

21 ആഗസ്റ്റ്, 1977

അള്ളൂർനൻമുല്ലൈ

## 74. വാൾ

കോഴികൂവുന്നു: ''കുക്കൂ!'' കേൾക്കെയെൻ–
പാവം നെഞ്ചം
കേഴുന്നു ''ദു:ഖം, ദു:ഖ''മെന്നുരുൻമിടിപ്പിനാൽ,
തോൾപുൽകിവാഴും കാമിമാർകളെപ്പിരിയ്ക്കുന്ന
വാൾപോലെ പുലർകാലം വന്നുപോയെന്നോർക്കയാൽ.

(അള്ളൂർ നൻമുല്ലൈയാർ എന്ന കവയിത്രിയുടെ ഒമ്പതു പാട്ടുകൾ ''കുറുന്തൊകൈ''യിലും ഓരോ പാട്ടുവീതം ''അകനാനൂറി''ലും ''പുറനാനൂറി''ലും കാണുന്നു. കുറുന്തൊകൈയിൽ 157–ാമതായി ചേർത്ത പാട്ടിന്റെ വിവർത്തനമാണിതു്. പ്രഭാതകാലമാണ് പ്രതിപാദ്യമെന്നതിനാൽ ഇതു് മരുതത്തിണയിൽപ്പെടുന്നു.)

2 ജൂലായ്, 1977

മരുതൻ ഇളനാകനാർ

## 75. പരിഭവം

വയൽനീർപ്പൊയ്കയിൽച്ചെന്നു മലർകൊയ്തു പട്ടണത്തി–
ലുവിൽക്കുന്നവരെത്തിച്ചൊരു നീലാമ്പലിൽത്തങ്ങി
നഗരവീഥിയാംപ്പക്കം വരിവണ്ടു, ഞ്ഞെയന്നേററ–
മഴകാർന്ന കൊമ്പനാനക്കവിളം ചോർന്നുപൊരിയുന്ന
മദനീരിൻമണം മോഹിച്ചവിടെപ്പോയ് വിരുന്നുണ്ടു
പകൽപോലെപോലവും പാർത്തു, നിശവന്നെത്തിയനേരം,
തടിച്ചുള്ള മുഴങ്കയ്യിൻവട്ട മെയ്യിൽപ്പതിയ്ക്കുംമാ–
റെടുത്തു കാമുകർ കെട്ടിപ്പിടിയ്ക്കും കാന്തമാർ തൻെറ
മധുഗന്ധമാർന്ന കുന്തൽക്കെട്ടിൽ മൊട്ടുവിരിയുന്ന
നറുമുല്ലമലരിൽച്ചെന്നണഞ്ഞു വട്ടമിട്ടാർത്തു,
പണ്ടുതാൻ വാണ പൂമ്പൊയ്ക മറക്കുന്നൂപാടെ; യമ്മ–
ട്ടുള്ളതായ് നീർവളമേറം ചേർന്നതാം നാട്ടുടയോനേ!

മെത്തപോൽ മാർദ്ദവംവായ്ച്ചോരെൻ ചുമൽ–
വാടവേ, നീ പോ–
യെത്രയും കാമമാർന്നേതോ പരസ്ത്രീയെപ്പുണർന്നത്രേ!
അവൾതൻ മെയ്മണം മെയ്യിൽക്കലർന്നു,
രാവിലെയെത്തി–
യിവിടെ, ''പേട്ട പെണ്ണാളേ!'' എന്നു കൊഞ്ചി
വിളിയ്ക്കുന്നു!
ലോകരെല്ലാമപവാദം ചൊൽവതു കേൾക്കിലും, നാണ–
മേതുമില്ലാ നിന; ക്കെല്ലാമെത്രയും യോഗ്യതതന്നെ!

കനൽപോലെപനിച്ചു ഞാനിവിടെ വാഴവേ, നീയാ–
ക്കനമാർന്ന തോടയിട്ട പെണ്ണുമായ് നീരാടിയത്രേ!
അവളും നിൻമാറിലെമാല്യമെടുത്തു, തൻകുന്തൽചേർന്നൊ–
രലർമാല്യം നിനക്കേകി; യതല്ലീനീയണിയുന്നു!
ജലകേളിയ്ക്കുചേരുന്ന വേഷമാ, ർന്നെൻവീട്ടിൽ വന്നു
പുലർകാലത്തു നീ; യേതും നിനക്കു യോഗ്യതതന്നെ!

എന്നെ വിട്ടുപോയശേഷം ദുർന്നടപ്പുകാരിയാമ–
പ്പെണ്ണുമൊത്തു നീ ''തുണങ്ക''നൃത്തമാടിരസിച്ചത്രേ!
ഒളിചേർന്ന നതലാളാമവളോടൊത്തണിഞ്ഞുള്ളോ–
രണികളല്ലയോ നിൻെറ മെയ്യിലിപ്പോഴും വിളങ്ങുന്നു?



പലമട്ടിൽപ്പലരോതുമപവാദം കേൾക്കിലുമി–
ല്ലൊരു കൂസൽ നിന; ക്കെന്തുമെത്രയും യോഗ്യതതന്നെ!

ഇങ്ങിനെ ഇരുന്നിട്ടും,

ഞങ്ങളിലെത്രയും കാരുണ്യമാർന്നനീ–
യിങ്ങുവന്നു; നിൻദയയ്ക്കെൻെറ വന്ദനം!
നീയിങ്ങിരുന്നുവൈകിയ്ക്കിൽ, നിന്നാത്മാർത്ഥ–
തോഴനാം തേരാളി, കാത്തുമടുക്കയാൽ
നിന്നെ വിളിയ്ക്കാതെ തേരുമായ് നിൻപ്രിയ
തൻവീട്ടിലേയ്ക്കു തിരിച്ചുപോവില്ലയോ?
''പോകൊല്ല, വേഗംവരുന്നു''വെന്നായ് പ്രിയ–
സൂതനെച്ചെന്നു തടഞ്ഞുനിർത്തു!

(മധുരൈ മരുതൻ ഇളനാകനാരുടെ ഏഴുപത്തൊമ്പതു പാട്ടുകൾ പല സമാഹാരങ്ങളിലായി കാണുന്നു. "കലിത്തൊകൈ" എന്ന സമാഹാരത്തിൽ മരുതത്തിണയിൽപ്പെട്ട മുപ്പത്തഞ്ച് പാട്ടുകളും ഇദ്ദേഹം രചിച്ചവയാണ്. ഇവയിൽ ആദ്യത്തെ പാട്ടിൻെറ വിവർത്തനമാണ് മേൽച്ചേർത്തത്. നാടുവാഴിയായ നായകൻ പരസ്ത്രീയുമായി പ്രണയത്തിലായി; ധർമ്മപത്നിയെ വിട്ട് അവളുടെ വീട്ടിലേക്കുപോയി. അവിടെനിന്ന് ഒരു ദിവസം രാവിലെ സ്വന്തം വീട്ടിൽ വന്ന നായകനോടു പത്നി പറയുന്നതാണ് സന്ദർഭം. വയലിലെ പൊയ്കയിലെ നീലോൽപലത്തിൽനിന്ന് നഗരത്തിലെ ആനയുടെ മദനീരൊഴുകുന്ന കവിളിലും, നാഗരികസ്ത്രീകളുടെ തലമുടിയിലെ മുല്ലപ്പൂവിലും മാറിമാറി ചെന്ന് അണയുന്ന വണ്ടുകൾ നിറഞ്ഞ, നീർവളം (ജലസമൃദ്ധി) ഉള്ള മരുതനിലങ്ങളുടെ നാഥനായ നായകന് പരസ്ത്രീകളിൽ ആസക്തി ഉചിതം തന്നെ! വരിവണ്ട് = ദേഹത്തിൽ വരികൾ ഉള്ള വണ്ട്. കാമുകിയുടെ "ചുമൽ തഴകി" ആണ് കാമുകന്മാർ ഉറങ്ങുന്നത്. ചുമലിൻെറ മാർദ്ദവത്തെ മെത്തയോടു ഉപമിക്കുക തമിഴ് കവിതയിൽ സാധാരണയാണ്. വിരഹതാപംനിമിത്തം ചുമൽ വാടുന്നു. പനിച്ച് = വിരഹംനിമിത്തം തപിച്ച്. തോട = കർണ്ണാഭരണം. "കനംകുഴൈ" എന്നു തമിഴ്. കാമുകിമാരൊത്തുള്ള ജലക്രീഡ തമിഴ് ശൃംഗാരകവിതയിലെ ഒരു പ്രമുഖ പ്രതിപാദ്യമാണ്. തുണങ്ക = സ്ത്രീപുരുഷന്മാർ കൈകോർത്തുപിടിച്ചു ചെയ്യുന്ന ഒരു നൃത്തം. നതലാൾ = നെററിയുള്ളവൾ. കാമുകനോടു ചേരുമ്പോൾ കാമുകിയുടെ നെററി തിളങ്ങുന്നു, പിരിയുമ്പോൾ വിളർക്കുന്നു.

"തരവ്" എന്ന അവതരണം, മൂന്ന് "താഴിസൈ"കൾ, ഒരു "തനിച്ചൊല്ല്" "ചുരിതകം" എന്ന സമാപനം എന്നിവയാണ് ഈ കലിപ്പാവിൽ കാണുക. ഇവയ്ക്കുപുറമെ, അരാകം, അമ്പോതരങ്കം എന്നീ ഘടകങ്ങളും ചില കലിപ്പാക്കളിൽ കാണാം.)

30 ജനുവരി, 1978

ഓരം പോകിയാർ

## 76. എരുമപ്പത്ത്

1

അററംപിരിഞ്ഞ കൊമ്പാർന്നോരെരുമതൻ
കൂററനായേററം കറുത്ത കുട്ടി
തേമ്പും മണമെഴും പൊയ്കയിൽപ്പോയ്ച്ചാടി—
യാമ്പൽച്ചെടികൾ ചതച്ചിടുന്നു.
അത്തരം പാടങ്ങളുള്ളൊരീയൂരിന്റെ
മൂപ്പന്റെയിക്കൊച്ചുപെണ്മകളോ,
ചാലേ വയൽക്കരിമ്പിൽപൂക്കളാൽ നീണ്ട
മാലകൾകെട്ടിയണിഞ്ഞിരിപ്പൂ.

2

പൊന്തിപ്പിരിഞ്ഞു കറുത്തുള്ളതാം കൊമ്പു—
മുന്തിച്ചമന്നുള്ള കണ്ണുമായി,
പെററിട്ടധികമാകാത്തോരെരുമ,തൻ
കുട്ടിയെപ്പാൽചുരന്നൂട്ടിനില്ക്കും
നിങ്ങടെ നല്ലൂരിൽ നിങ്ങടെയച്ഛന്റെ
നല്ലൊരു വീട്ടിൽ ഞാൻ വന്നിടാമേ,
നിന്നെ ലഭിക്കുമെന്നാകിൽ,ത്തിളങ്ങുന്ന
പൊന്നിൻവളയിട്ട പെൺകിടാവേ!

3

നല്ലോരെരുമക്കിടാങ്ങൾ മേ,ഞ്ഞൊക്കെയും
തിന്നുകഴിച്ചുള്ളകാരണത്താൽ
പച്ചയാം ചെങ്കരുങ്ങാലിമലർകളും
മെച്ചമോടാമ്പൽമലരുകളും
ഇല്ലാതെയായ്ത്തീർന്ന കാവിൽ മധുവുണ്ണാൻ
വല്ലാതെ വണ്ടുകൾ കൂട്ടമായി
മൊട്ടവിടരുമിപ്പെണ്ണിൻതലമുടി
ചുററിപ്പറന്നിതാ മൂളിടുന്നു!

4

പോർവീരർപോലെ പകയെഴും പോത്തുകൾ
പാരംപരന്നുള്ള കൊമ്പുമായി
നല്ലോരെരുമകളാകും ഗൃഹിണിമാർ
നൽകും തുണയോടുചേർന്നു വാഴും



ഏറെത്തണലെഴും പൊയ്കകൾമുററുമാ,—
ന്നേടലർ പൂത്തുനില്ക്കുന്നതത്രേ
മിന്നുന്ന നെററിയെഴുന്നൊരിസ്സുന്ദരി
തന്നുടെ താതൻ വസിക്കും ഗ്രാമം.

5

കൊമ്പുകറുത്തോരെരുമ കയർമുറി—
ച്ചന്നോടുപാഞ്ഞു, പുലർന്നിടുമ്പോൾ
മുത്തുകതിർചാഞ്ഞെഴുന്ന നെല്പാടത്തി—
ലെത്തി നൽപ്രാതൽ കഴിച്ചുനില്ക്കും
നീരം സമൃദ്ധിയായുള്ളൊരീയൂരിന്റെ
നാഥൻ പകൽസ്സമയത്തുപോലും
നീറിപ്പടരുന്ന നോവും വിഷാദവും
പാവ,മെനിക്കു തരുന്നുവല്ലോ!

6

മന്ദ,മണികളായ് നീങ്ങുമെരുമകൾ
ചെന്നു കിടക്കും ചളിക്കുളത്തിൽ
നീലനിറമെഴും നെയ്തലുമാമ്പലും
നേരേ വിരിഞ്ഞു നിറഞ്ഞുനില്പൂ.
ആവിധം പാടങ്ങളുള്ളവൻതൻ മക—
ളാമിവളെത്രയും ചേരുമല്ലോ!
ഊരിന്നു നായകനാമീ യുവാവിന്റെ
പായിൽത്തുണയായ്ക്കിടന്നിടുവാൻ.

7

തള്ളയെരുമതൻ കൊമ്പിൽപ്പിണഞ്ഞുള്ള
വെൺപൂപ്പുകന്നക്കൊടികൾ കാണ്കെ
പാദം കറുത്ത കററക്കിടാവെത്രയും
പേടിച്ചലറിക്കുതിച്ചുപായും
പൊയ്കകൾ വായ്ക്കുമീയൂരിന്നധിപന്റെ
പൊന്മകളിപ്പെൺകിടാവി,നോർത്താൽ
പൊയ്കയിൽപ്പൂത്ത പൂവേക്കാൾക്കളിമ്മയും
മെയ്യിൽസ്സുഗന്ധവുമേറുമല്ലോ.

8

വീതികൂടും കൊമ്പിയന്നോരെരുമകൾ
നീരാടിനില്ക്കും ചിറകൾതോറും

പോവാതെ കെട്ടിയ തോണികളായ്ത്തോന്നും;
ആവിധം ഗ്രാമത്തിൻ നായകനേ!
മിന്നും വളകളും മുഗ്ദ്ധഭാവങ്ങളു-
മാർന്നുള്ളൊരിക്കൊച്ചുപെണ്ണിനേക്കാൾ
കഷ്ടം നിന്നോട്ട കാട്ടുവാൻ നിന്നുടെ-
യച്ഛനമമ്മയ്ക്കുമാവതാണോ?

9

പാടവിളുമ്പിൽപ്പടപ്പിൽ മിശിറുകൾ
കൂട്ടുകൾ കെട്ടിച്ചമച്ചതെല്ലാം
പാടത്തെ നെൽക്കതിരോട്ട,മെരുമകൾ
പാടേ ചവിട്ടിമെതിച്ചിടുന്നു.
ആവിധമുള്ളതായ്, പ്പുനിറഞ്ഞുള്ളതാ-
മൂരിന്റെ നാഥന്റെ പുത്രിയല്ലോ
പൊൻമുളത്തോളി, യെൻ നെഞ്ചിന്റെ നോവിനു
നന്മരുന്നേന്തിയിരുന്നിടുന്നു.

10

നീരാടിടുന്നവർ പെണ്ണുങ്ങൾ പൊയ്കതൻ
തീരേ മണൽക്കുന തീർത്തതിങ്കൽ
വെച്ചുമറന്ന പൊൻപണ്ടങ്ങൾ കാൽകൊണ്ടു
ചിക്കിയെരുമ പുറത്തിടുന്നു.
അത്തരം സമ്പൽസമൃദ്ധമാമൂരിന്റെ
മൂപ്പന്റെയീമകൾതന്നൊഴിയോ,
പാണർ മീട്ടിടുന്ന വീണതൻ കമ്പിയേ-
ക്കാളും മധുരിമയാർന്നതത്രേ.

(''ഐങ്കുറുനൂറ്'' എന്ന സമാഹാരത്തിലെ മരുതത്തിണയിലെ നൂറുഗിനങ്ങളും രചിച്ചത് ഓരംപോകിയാർ ആണ്. ഇവയ്ക്കുപുറമെ ''നറ്റിണൈ''(2) ''കുറുന്തൊകൈ''(4) ''അകനാനൂറ്''(2) ''പുറനാനൂറ്''(1) എന്നീ സമാഹാരങ്ങളിലും ഈ കവിയുടെ ഗാനങ്ങൾ കാണാം. ആതൻ, അവിനി എന്നീചേരരാജാക്കന്മാരെ പുകഴ്ത്തിയിട്ടുള്ള ഓരംപോകിയാർ ചേരനാട്ടുകാരനായിരിക്കാം. തേനൂർ, തിരുപ്പൈയൂർ, ആമൂർ, കഴാഅര് എന്നീ നഗരങ്ങളെ ഇദ്ദേഹം പരാമർശിക്കുന്നുണ്ട്. ഐങ്കുറുനൂറിലെ മരുതത്തിണയിലെ അവസാനത്തെ ഗാനങ്ങൾ ചേർന്നതാണ് എരുമപ്പത്ത്. നെൽവയലുകളിൽ ചേർന്ന സമതലമാണ് മരുതനിലം. പ്രണയകലഹമാണ് മരുതത്തിണയുടെ പ്രതിപാദ്യം. പക്ഷേ ഈ പാട്ടുകളിൽ പ്രണയപശ്ചാത്തലം കല്പിക്കാൻ പ്രയാസമുണ്ട്.

1. നായികയെ കാണാൻ തനിക്ക് അവസരമുണ്ടാക്കിത്തരണമെന്നഭ്യർത്ഥിക്കുന്ന നായകനെ അവൾക്ക് പ്രേമം ജനിക്കാൻ വേണ്ട പ്രായമായിട്ടില്ലെന്നു പറഞ്ഞു തോഴി നിരാകരിക്കുന്നതാണതിന്റെ സന്ദർഭമെന്ന് വ്യാഖ്യാതാക്കൾ. വാസനയില്ലാത്ത കരിമ്പിൻപൂവുകൊണ്ട് മാലയുണ്ടാക്കിധരിച്ചിരിക്കുന്നത് അവളുടെ ബാല്യത്തെ സൂചിപ്പിക്കുന്നു. തേന്വക–പൊങ്ങിപ്പറക്കുക.

2. ''നായികയെ വിവാഹം ചെയ്യാൻ താൽപര്യമുണ്ടെങ്കിൽ അക്കാര്യം സംസാരിക്കാൻ ബന്ധുക്കളെ അയയ്ക്കുക'' എന്ന് തോഴി പറഞ്ഞപ്പോൾ കല്യാണക്കാര്യം സംസാരിക്കാൻ താൻ വരാമെന്ന് നായകൻ നായികയോട്ട പറയുന്നു.

3. നായകൻ ആലിംഗനം ചെയ്യതിനാൽ നായികയുടെ ശരീരത്തിൽ പുതിയ ഒരു വാസന പുരണ്ടതിൽ സംശയം തോന്നിയ വളർത്തമ്മയോട്ട സഖി പറയുന്നു. ചെങ്കരുങ്ങാലി–മോരോടം എന്നും ഇതിനു പേരുണ്ട്. കാവ്–മരച്ചോല. വല്ലാതെ–കഴിയാതെ.

4. നായികയെ വിവാഹം ചെയ്യാൻ വേണ്ട ധനംസമ്പാദിച്ചു തിരിച്ചു വരുന്ന നായകന്റെ ആത്മഗതം. ഏടലർ–താമര.

5. പരസ്ത്രീയിൽ ഭ്രമിച്ച നായകൻ ഉച്ചക്ക് ഉണ്ണാൻ കൂടി വീട്ടിൽ വരുന്നില്ലെന്ന് നായിക പരാതിപറയുന്നു. നീരം–വെള്ളം.

6. പരസ്ത്രീസക്തനായ നായകൻ വീട്ടിൽവന്നപ്പോൾ പ്രണയകലഹം മറന്ന നായികയെക്കണ്ട് നായകന്റെ അനുയായികൾ പുകഴ്ത്തുന്നു.

7. പ്രണയകലഹം തീർന്നു പ്രസാദിച്ച നായികയെപ്പറ്റി അപരാധിയല്ലാതിരുന്ന നായകൻ പറയുന്നത്. പകന്ന–ചിവന്തെപ്പ്രവ്.

8. നായകന്റെ സ്വഭാവദൂഷ്യം അകററാൻ ഇടയ്ക്കിടെ കലഹിക്കുകതന്നെ വേണമെന്ന് തോഴി നായകനോട്ട പറയുന്നു.

9. തന്നെ കണ്ടതോടെ പ്രണയകലഹം തീർന്ന നായികയെപ്പറ്റി നായകന്റെ ആത്മഗതം. തന്റെ ഹൃദയവേദന അവളുടെ തോളു ആലിംഗനം ചെയ്താലേ മാറൂ എന്ന് സൂചന. തോളിനെ ആലിംഗനം ചെയ്യുക തമിഴ് കാവ്യസങ്കേതം; തോളിനെ മുളയോട് ഉപമിയ്ക്കുക. പടപ്പ്–ചെടിപ്പടപ്പ്. മിശിറ്–പുളിയുറുമ്പ്, നീറ്.

10. നായകന്റെ പക്ഷംപിടിച്ചു സംസാരിച്ച നായികയെപ്പറ്റി ദൂതി നായകനോട്ട പറയുന്നു. സ്ത്രീകൾ കുളിക്കുമ്പോൾ ഊരിവെച്ച ആഭരണങ്ങൾക്കു മീതേ മണൽക്കുന കൂട്ടുന്നു. പിന്നീട് അവർ അതു് മറന്നുപോകുന്നു. എരുമകൾ ഈ കുനകളിൽ ചവിട്ടുമ്പോൾ ഈ ആഭരണങ്ങൾ പുറത്തുവരുന്നു.)

23 ഫെബ്രുവരി, 1978

പരണർ

## 77. ആതിമന്തിയും ആട്ടൻ അത്തിയും

ഇന്ദ്രനീലക്കല്ലിനൊക്കും മലരുകൾ
പൊങ്ങുന്ന നീർമുള്ളി തിങ്ങും കുളങ്ങളിൽ
ചെന്നുപിടിച്ച വരിയൻ വരാലിന്റെ
നന്നേക്കൊഴുപ്പാർന്ന മിന്നുന്ന തുണ്ടുകൾ

കുട്ടിസ്സുണം കഴിച്ചെത്തുന്ന കൊയ്ത്തുകാ—
രേററം കതിർനീണ്ട വെള്ളനെൽക്കററകൾ
ഇല്ലിട,മെങ്കിലും തിക്കിയടുക്കുന്നു
നല്ല കളങ്ങളിൽ; മഞ്ഞുപൊഴികയാൽ
മേലേ നനഞ്ഞു ചെരിഞ്ഞൊരക്കണ്ടകൾ
മൂട്ടംവിധം വയൽവക്കിൽ നിരന്നുനി—
ന്നാടുന്ന തായ്ത്തടി പാരം കറുത്തതാം
മാവുകൾതോറും മലർന്നുള്ള പൂവുകൾ
ചാറുംമഴത്തുള്ളുവൽപോലുതിർന്നെങ്ങുമേ
പാറിക്കിടക്കയൊ;ണാവിധമുള്ളതാം
ഊരിന്നുടമയായുള്ളവൻതൻ പ്രേമ—
മേതുവിധമെന്നറിയുവോളല്ല ഞാൻ.
ഏതുവിധമെന്നറിയുവോളല്ല ഞാ—
നെന്തവനുള്ളോരു യോഗ്യതയെന്നതും.

ചന്ദനം മേനിയിൽപ്പൂശിയും പട്ടാട
ചെമ്മേ ധരിച്ചുമണ,ഞ്ഞൊരുനാളവൻ
കാതിൽ വളഞ്ഞുള്ള തോടകളാടുന്ന
മാതർപോൽ നാണിച്ചു മിണ്ടാതെ ദീനനായ്
വീട്ടിലിരിപ്പതായ്ക്കണ്ടു ഞാൻ; എന്മന—
മെത്രയുമാർദ്രമായ് മൂഢതകാരണം.
എന്നിട്ടവനിൽക്കനിവിയന്നേൻ; തോഴി!
ഇ,ന്നതിനെന്തായ് ഫല,മറിയുന്നുവോ?

''കാളയെപ്പോലെ നടത്തയിൽഗ്ഗാംഭീര്യ—
മേലുവോൻ, തോളിൽബ്ബലംപെരുത്തുള്ളവൻ,
ഏറെക്കറുത്തുചുരുണ്ടു സുരഭില—
മാ,യിഴതുന്ന തലമുടിയുള്ളവൻ,
എന്നാട്ടനത്തിയെക്കണ്ടുവോ നിങ്ങൾ?'' എ—
ന്നെങ്ങു,മോരോ നാട്ടി,ലൂരിൽ,ക്കുടിയിലും
ചെന്നാതിമന്തി തിരക്കീലയോ പണ്ട്?
പിന്നീടവനെയൊരേടവും കാണാതെ,
''കൊണ്ടുപോയ്പ്പോലും കടൽ'', ''പുതുവെള്ളത്തി—
ലാണ്ടുമറഞ്ഞുപോയ്പ്പോലും'' എന്നിങ്ങിനെ
കണ്ണുകലങ്ങിക്കരഞ്ഞുപറഞ്ഞു മയ്—
ക്കണ്ണിയാളെങ്ങും നടന്നലഞ്ഞീലയോ!

എന്മനോദുഃഖമന്യർക്കു ചൊല്ലി, ക്കര—
ഞ്ഞമ്മട്ടു ഞാനുമലഞ്ഞിടാറായ്, സഖി!



(ചെങ്കുട്ടവൻ എന്ന ചേരരാജാവിനെ പതിററുപ്പത്തിലെ അഞ്ചാംപത്തു പാടി സ്തുതിച്ച് സമ്മാനം വാങ്ങിയ പരണരുടെ എഴുപത്തിരണ്ടു പാട്ടുകൾ ''അകനാനൂറ്'', ''നററിണൈ'', ''കുറുന്തൊകൈ'',''പുറനാനൂറ്'' എന്നീ സമാഹാരങ്ങളിൽ കാണുന്നു. അകനാനൂറിലെ 236-ാം ഗാനത്തിൻെറ വിവർത്തനമാണിതു്. പ്രണയകലഹമാണ് വിഷയമെന്നതിനാൽ ഇതു് മരുതത്തിണയിൽപെടുന്നു.

പരസ്ത്രീസംസർഗ്ഗത്തിൽ താൽപര്യം മൂലം ഒരിക്കൽ നായകൻ നായികയെ ഉപേക്ഷിച്ചുപോയി. പിന്നീട് അയാൾ പശ്ചാത്തപിച്ചു തിരിച്ചുവന്നപ്പോൾ, ദയതോന്നിയ നായിക അയാളെ വീട്ടിൽ സ്വീകരിച്ചു. പക്ഷെ അവരുടെ ദാമ്പത്യജീവിതം നീണ്ടുനിന്നില്ല. ഒരിക്കൽ കൂടി നായകൻ അപ്രത്യക്ഷനായി. തൻെറ ദയനീയാവസ്ഥ തോഴിയോടു നായിക പറയുന്നതാണ് ഈ പാട്ടിൻെറ സന്ദർഭം.

സമൃദ്ധമായ ഗ്രാമത്തിൻെറ അധിപതിയാണ് നായകൻ. പക്ഷെ അയാളുടെ പ്രേമമോ സ്വഭാവമോ തനിക്കു പിടികിട്ടുന്നില്ലെന്ന് നായിക പറയുന്നു. ഒരിക്കൽ വീടുവിട്ടുപോയ അയാൾ തിരിച്ചുവന്ന്, നായികയെ അഭിമുഖീകരിക്കാൻ ധൈര്യപ്പെടാതെ, വീട്ടിലൊരിടത്തു കുത്തിയിരുന്നു. വിഡ്ഢിത്തം കാരണം താൻ അന്ന് അയാളോട് അലിവുകാണിച്ചു. അതിൻെറ ഫലമാണ് തൻെറ ഇപ്പോഴത്തെ ദുസ്ഥിതി. അയാൾ എവിടെപ്പോയെന്ന് നാട്ടുകാരോട് അന്വേഷിച്ച് അലയേണ്ട ഗതികേടാണ് ഇപ്പോൾ തനിക്ക് വന്നിരിക്കുന്നതു്.

സത്യവാനും സാവിത്രിയുംപോലെ തമിഴ് ഇതിഹാസങ്ങളിൽ പ്രസിദ്ധിനേടിയവരാണ് ആട്ടൻ (നർത്തകൻ) അത്തിയും അയാളുടെ പത്നി ആതിമന്തിയും. അത്തി ഒരു ചേരരാജാവായിരുന്നു എന്നും, അയാളുടെ പത്നി ആതിമന്തി കരികാൽവളവൻ എന്ന ചോളരാജാവിൻെറ മകൾ ആയിരുന്നു എന്നും ചിലപ്പതികാരത്തിൽ കാണുന്നു. അത്തിയുടെ നൃത്തചാതുര്യം കണ്ടുഭ്രമിച്ചാണ് ആതിമന്തി അയാളെ വിവാഹംചെയ്തതു്. കഴാർ എന്ന നഗരത്തിലുള്ള കാവേരി നദിയുടെ വലിയ കടവിൽ (പെരുന്തുറൈ) പുതുവെള്ളപ്പൊക്ക സമയത്തു് പുണ്യസ്നാനം ചെയ്യുന്ന അത്തിയുടെ സൗന്ദര്യം കണ്ട് അനുരക്തയായ കാവേരി അയാളെ തട്ടികൊണ്ടു പോയി. ആതിമന്തി നാടുതോറും, വീടുതോറും, അയാളെ തേടി അലഞ്ഞു. അവളിൽ അലിവുതോന്നിയ മരുതി എന്ന സംഗീതവിദുഷിയായ സമുദ്രദേവത അത്തിയെ ആതിമന്തിക്കു തിരിച്ചുനൽകി. ആതിമന്തി രചിച്ച ഒരു പാട്ട് കുറുന്തൊകൈയിൽ (31) ഉണ്ട്.)

17 മാർച്ച്, 1978

മരുതൻ ഇളനാകനാർ

## 78. പ്രണയകലഹം

നായിക:

ആരിവൻ? എൻകുന്തൽ വന്നു പിടിപ്പുവോൻ?
ഊരാളുവോനെന്നോർത്തതാണീയതിക്രമം!

കേറാസ്സുയെന്നുടെ വീട്ടിന്നകത്തു നീ !
നേരേ തിരിച്ചു നടന്നുകൊൾക !

നായകൻ:

എന്തിതു്? ഭേരുണ്ഡപക്ഷിത്തല രണ്ടി-
ലൊന്നു മറേറതിനെപ്പോരിട്ടെതിർത്തപോൽ
ഇങ്ങിനെ നീയെന്നോടോതുകി, ലെൻപ്രാണ-
നെങ്ങിനെയെന്മെയ്യിൽത്തങ്ങിനില്ക്കും ?

നായിക:

അയ്യായ്യ്! അറിയാമെനിക്കു്! അലട്ടാതെ നീ
പോയേ! പിശാചു ചുടലയിൽക്കാളിയോ-
ടേതോ കടങ്കഥയോതുന്നമാതിരി
ജാടകളെന്നോടു ചൊല്ലിടാസ്സു !

നായകൻ:

മന്നവൻ കോപിക്കിലുണ്ടോ ജനങ്ങൾക്ക
വല്ല മരുന്നും? മധുരസ്മിതേ! കോപ-
മാർന്നു നീ ചൊല്ലുന്ന കുററങ്ങളൊന്നുമീ
ഞാനൊരു നാളിലും ചെയ്തതല്ലേ !

നായിക:

നാണവും വീണ്ടുവിചാരവുമററവ-
നാണിവൻ; എല്ലാം മറന്നിവനോടു ഞാൻ
ചേരുകിൽപ്പിന്നെയെന്തുണ്ടാകുമെന്നു നീ
പാരാതെ കണ്ടുകൊണ്ടാലുമെൻ നെഞ്ചമേ !
''കള്ളമായാണയിടാസ്സിവ''നെന്നു ഞാൻ
പുള്ളിയോടേതാനനുകമ്പകാട്ടുകിൽ
''ഇക്കുറി തപ്പിപ്പിഴച്ചു''ന്നു കാല്ക്കൽവ-
ന്നപ്പൊഴേ വീഴ്‌വതും കണ്ടുകൊൾക !

(''കലിത്തൊകൈ'' എന്ന സമാഹാരത്തിൽ ''മരുതക്കലിയിലെ'' 24–ാം ഗാനത്തിന്റെ വിവർത്തനമാണിതു്. പ്രതിപാദ്യം പ്രണയകലഹമാകയാൽ ഇതു മരുതത്തിണയിൽപ്പെടുന്നു. പരസ്ത്രീസംസർഗ്ഗത്തിനു ശേഷം വീട്ടിൽ തിരിച്ചുവന്ന നായകനും നായികയും തമ്മിലുള്ള സംഭാഷണത്തിന്റെ രൂപത്തിലാണു് കവിത നിബന്ധിച്ചിട്ടുള്ളതു്. അവസാനത്തെ ഖണ്ഡിക നായികയുടെ ആത്മഗതമാകുന്നു. ഊരാളവോൻ = നാടുവാഴി (നായകൻ). ഭേരുണ്ഡപക്ഷി = രണ്ടുതലയും ഒരൊററ ജീവനുമുള്ള ഒരു ഐതിഹാസിക പക്ഷി. വിജയനഗര ചക്രവർത്തിമാരുടെ ചിഹ്നം ഈ പക്ഷിയായിരുന്നു. ''കള്ള....യിടായ്ക'' = നായകനു് കള്ളസത്യം ചെയ്ത പാപം വരാതിരിക്കാൻവേണ്ടി)

17 ഏപ്രിൽ, 1978



മരുതൻ ഇളനാകനാർ

## 79. നെഞ്ചിന്റെ വഞ്ചന

കവികൾ പുകഴ്ത്തിയ വൈഗയിൽപ്പുതുവെള്ളം
കവിഞ്ഞുപാഞ്ഞീടുന്നു; കാർമേഘംമൂടുംകാലം
കുലയായ് മണംചിന്തുമിതൾതിങ്ങിയ പൂക്കൾ
മലരും മരങ്ങളുണ്ടിരുതീരത്തും നില്പൂ.
മികവാർന്നതാം മധുരാപുരിയണിഞ്ഞുള്ള
മലർമാലികയാണിപ്പുഴയെന്നോതാമിപ്പോൾ.
ശത്രുസൈനികർപോലിപ്പുഴതൻ വെള്ളം ഗർജ്ജി-
ച്ചിപ്പുരം ചുഴും കോട്ടമതിലിൽപ്പോയ്ത്തല്ലുന്നു.
ഈ നീരിന്നുപരോധമല്ലാതെയുണ്ടായിട്ടി-
ല്ലീനഗരിയ്ക്കിന്നോളം ശത്രുവിന്നുപരോധം.
ആവിധം മതിലുയർന്നുള്ളതായ്, ജ്ജലഫല-
ശ്രീവിരാജിയ്ക്കും മധുരാപുരംവാഴും മന്നൻ,
മയ്യണിഞ്ഞഴകേററമാർന്ന കണ്ണുകൾചേരും
മങ്കമാർ കലഹിച്ചു കയ്യിലെപ്പൂമാലയാൽ
അടിയ്ക്കേ, തിണർത്തുതൻ ദേഹത്തിൽക്കാണുംവടു
മറയ്ക്കാ, തലിവേതുമേലാതെ, വന്നാൽ, എടീ !
എരിയില്ലയോ നെഞ്ചിൽത്തീ? എന്നാലാമട്ടവ-
നരികിലണവതായ്ക്കാണുമ്പോൾ, അപ്പോൾത്തന്നെ
ഒന്നിനുംകൊള്ളാത്തതാമെന്റെ നെഞ്ചുടനവൻ
തന്നടുക്കലേയ്ക്കോടിയെത്തുകയല്ലോചെയ്‌വൂ !

വക്കയറേറാം വിരിവാർന്നതാം ജഘനവും
പൂക്കൊടിയൊക്കും കൃശമധ്യവുംചേരും നല്ലാർ
മുലകൾക്കിടയ്ക്കിട്ടു ഞെരുക്കി, ത്തൻമാറിലെ-
ക്കളഭം മറ, ഞ്ഞന്തസ്സില്ലാതെവന്നാൽ, എടീ !
അരിശപ്പെടില്ലയോ ഞാൻ? എന്നാ, ലാമട്ടവ-
നരികിലണവതായ്ക്കാണുമ്പോൾ, അപ്പോൾത്തന്നെ,
ഏതുമൊരുറപ്പേഴാത്തുള്ള നെ, ഞ്ചുടനവ-
നോടുചേരുവാൻ കുതിച്ചോടുകയല്ലോചെയ്‌വൂ !

മധുരം മൊഴികളിൽക്കിനിവോർ, താരുണ്യത്തിൻ
മദമേന്തുവോർ, മഞ്ജുഗാത്രിമാർ, നിർല്ലജ്ജമാർ

വിളങ്ങും പല്ലാൽച്ചുണ്ടിൽച്ചേർത്തതാം വ്രണം ചോന്നു
തെളിഞ്ഞും, നാണം തീരെക്കൈവിട്ടും വന്നാൽ എടീ!
നോക്കുമോ മിഴിപൊക്കി ഞാൻ? എന്നാലാമട്ടവ—
നെത്തുന്നതെന്നുകാണുമ്പോൾ, അപ്പോൾത്തന്നെ,
മാനമല്പവും ശേഷിക്കാത്ത നെഞ്ചവനലി—
വേലുവാൻ സ്വയം താണു കെഞ്ചുകയത്രേ ചെയ്യൂ!

അതിനാൽ,

ചന്ദ്രക്കലപോലെ നെററിതിളങ്ങുന്ന
പെണ്ണേ, നിനക്കുള്ള കാര്യമേതെങ്കിലും
ചെയ്യുവാനാമോ, തുണയ്ക്കാതെ വൻചതി
ചെയ്യുമീ നെഞ്ചിരിക്കേ?

("കലിത്തൊകൈ" എന്ന സമാഹാരത്തിൽ മരുതത്തിണയിൽ രണ്ടാമത്തെ പാട്ടിന്റെ വിവർത്തനമാണു് മേൽച്ചേർത്തതു്. വൈഗൈനദിക്കരയിലുള്ള മധുരാപുരി മരുതനിലത്തിൽ സ്ഥിതിചെയ്യുന്നു. അവിടെ വാഴുന്ന പാണ്ഡ്യരാജാവിന്റെ പത്നി സ്വന്തം സഖിയോടു് പറയുന്ന രീതിയിലാണു് ഈ കവിത എഴുതിയിട്ടുള്ളതു്. പരസ്ത്രീസംസർഗ്ഗത്തിന്റെ ചിഹ്നങ്ങൾ മറയ്ക്കാതെ നായകൻ തന്റെ അടുത്തു വരുന്നതിൽ നായികയ്ക്കു് കോപവും നായകനോടു കലഹിക്കണമെന്ന മോഹവുമുണ്ടു്. പക്ഷേ അവളുടെ അധീരമായ ഹൃദയം അയാളെ കാണുമ്പോഴേക്കും എല്ലാം മറന്നുകഴിയുന്നു. ഈ നെഞ്ചു് ഉള്ളകാലം വിചാരിച്ചതൊന്നും ചെയ്യാൻ തനിക്കു് സാധിക്കുകയില്ലെന്നു് അവൾ ഖേദിക്കുന്നു. "കലിപ്പാ" എന്ന വൃത്തത്തിന്റെ ഘടകങ്ങളായ തരവു് (വിഷയാവതരണം), മൂന്നു താഴിശൈകൾ (സമാനാർത്ഥകങ്ങളായ ഖണ്ഡങ്ങൾ), തനിച്ചൊല്ലു്, നീളംകുറഞ്ഞ വരികളിലുള്ള ചുരിതകം (സമാപനം) എന്നിവ ഇതിലും കാണുക)

4 ഫെബ്രുവരി, 1978

. കള്ളിൽ ആത്തിരെയൻ

## 80. കള്ളും നൊങ്കും

പാളപൊളിഞ്ഞു ചകിരിച്ചെററു കായ്കൾ
നീളേവിരിയും പനയ്ക്കുതാഴെ
കള്ളിൽക്കൊതിയാർന്നു ചെന്നണഞ്ഞീടുവോർ
നൊങ്കുംപറിച്ചേ തിരിച്ചുപോരൂ.
ആതിയരുമന്റെ പണ്ടത്തെയൂരിലീ—
മാതിരിയത്രേ നടപ്പു കേൾപ്പൂ.

നീററിലെവെള്ളാമ്പലന്യോന്യം ഭംഗിയിൽ
ചേർത്തുണ്ടൊറിഞ്ഞ തഴയുടുത്തു്,



നൽച്ചുണങ്ങാർന്ന തുടകളിലത്തഴ—
യാർത്തലച്ചീടവേ മാറിമാറി,
ചെമ്പൊന്നണികൾ ധരിച്ചൊരപ്പെണ്ണിങ്ങു
വന്നിടും കാന്തനെക്കാണുവാനായ്,
ആതിയരുമന്റെ പണ്ടത്തെയൂരിന്റെ
ദീനതയപ്പോളെനിക്കുചേരും!

(വേശ്യയിൽ ഭ്രമിച്ചു് നായികയെ വിട്ടുപോയനായകൻ, കുറേ കഴിഞ്ഞു് നായികയുടെ വീട്ടിലേക്കു തിരിച്ചുവരാനാഗ്രഹിച്ചു് തോഴിയെ ദൂതിയായിഅയച്ചു. തോഴിയോടു് നായിക പറയുന്നതാണു് സന്ദർഭം. വിഷയം പ്രണയകലഹമാകയാൽ ഇതു് മരുതത്തിണയിൽപ്പെടുന്നു.

അരുമൻ എന്ന നാടുവാഴിയുടെ പഴയ ഊരിൽ, കള്ളുകുടിക്കാൻ കരിമ്പനയുടെ അടുത്തു പോകാറുള്ളവർ നൊങ്കും പറിച്ചേ പോരാറുള്ളവത്രേ. അതുപോലെ, നായകൻ വീണ്ടും തന്റെ വീട്ടിൽവന്നു താമസിച്ചാൽ, അയാളുടെ കാമുകിയായ വേശ്യാസ്ത്രീ നൃത്തത്തിനു് അണിയാറുള്ള തഴ ധരിച്ചു് മുടക്കുടെ വീട്ടിൽവന്നു തുടങ്ങും. അപ്പോൾ തന്റെ നില ഇന്നത്തേക്കാൾ പരിതാപകരമായിരിക്കും എന്നു നായിക പറയുന്നു. നായകൻ വരേണ്ടതില്ലെന്നു് സ്പഷ്ടമായി പറയാതെ, അയാൾ വരാതിരിക്കുന്നതാണു് തനിക്കിഷ്ടമെന്നു് അവൾ സൂചിപ്പിക്കുന്നു.

തൊണ്ടൈനാട്ടിൽ "കള്ളിൽ" എന്നൊരു ഗ്രാമമുണ്ടത്രേ. "ആത്രേയനാർ" എന്ന ഗോത്രനാമമായിരിക്കാം "ആത്തിരെയൻ എന്നായതു്. കുറുന്തൊകൈയിൽ 293—ാമതായി ചേർത്ത ഈ ഗാനത്തിനു പുറമെ ഇദ്ദേഹത്തിന്റെ ചില ഗാനങ്ങൾ പുറനാനൂറിലുമുണ്ടു്. "കള്ളിൽ കേളിർ ആത്തിരൈ" എന്നു തുടങ്ങുന്ന കുറുന്തൊകൈയിലെ ഗാനത്തെ ആസ്പദിച്ചു് സഹൃദയർ നൽകിയ പേരാണു് "കള്ളിൽ ആത്തിരെയൻ" (കള്ളുകടയിൽ പോകുന്നവൻ) എന്ന അഭിപ്രായവും ഇല്ലാതില്ല.)

20 ജൂൺ, 1980

## V. നെയ്തൽത്തിണ

കടൽക്കരയാണ് നെയ്തൽ നിലം. പരതർ, നുളൈയർ മുതലായവരാണ് ഇവിടെ പാർക്കുന്നത്! മീൻപിടിക്കലും ഉപ്പുണ്ടാക്കലുമാണ് ഇവരുടെ പ്രധാന തൊഴിൽ. മീൻ വിറ്റ് നെല്ലുവാങ്ങി ഇവർ സുഖമായി ജീവിക്കുന്നു. വിരഹിണിയായ നായികയുടെ വിലാപമാണ് നെയ്തൽത്തിണയുടെ മുഖ്യപ്രമേയം.

ഉലോച്ചനാർ

### 81. സ്ത്രീകളുടെ ക്രൂരത

ആഴക്കടലണ,ഞ്ഞച്ഛൻ പിടിച്ചമീൻ
വെയ്ലത്തുണങ്ങവേ കാക്കയോട്ടി,
വെണ്മണൽക്കുന്നിൻമുകളിലിരിപ്പുനാം,
പുന്നമരത്തിൻ കുളിർനിഴലിൽ.
തോണ്ടിനോക്കുന്നുനാം, ദേഹംചുകന്നുള്ള
ഞണ്ടിന്നളകം കതിർന്നമണ്ണിൽ
ഞാഴലിൻപൊങ്ങിയകൊമ്പിൽക്കയർകെട്ടി
ഞാലുന്നൊരൂഞ്ഞാലിലാടിടുന്നു.
കാററുകിഴക്കുനിന്നാഞ്ഞടിക്കുേ, മണൽ–
ത്തിട്ടയിൽപ്പാടിക്കളിപ്പുനമ്മൾ.
വെൺനുരചിന്നും കടലിലിടയ്ക്കിടെ–
ച്ചെന്നുനാമുപ്പുനീരാടിടുന്നു.
പച്ചത്താഴ തയ്ച്ചതീരത്താരുടുപ്പിൽനാം
പൂക്കൾപറി,ച്ചണിചേർത്തിടുന്നു.

ഇക്കടൽവക്കിൽ, മരച്ചോലയിൽ, പ്പല
പൂക്കൾവിടരുമീരമ്യഭൂവിൽ
കൂട്ടുകാരൊത്തുനാംവന്നു കൂത്താടുവ–
തൊട്ടുംപൊറാത്തവ,രൂരിലുള്ളോർ,
ക്രൂരമസൂയപ്പിശാചുബാധിച്ചവർ
നാരിമാർ, നാവിൽവിഷംപുരണ്ടോർ,
പൊല്ലാപ്പുചൊല്ലിപ്പരത്തുകയാലമ്മ
നമ്മളെക്കാവലിൽവെച്ചു, തോഴീ!

അമ്മ കേട്ടത്രേ, നിലാവുപോൽ വെണ്മണൽ
ചെമ്മേതിളങ്ങും കടല്ക്കരയിൽ,
നാട്ടിൽമികവെഴമശ്വങ്ങളെച്ചേർത്തു
കെട്ടി,ഭയങ്കരവേഗമോടേ
അപ്പപ്പോളോടിവരുന്നപോൽത്തേരൊന്നു
രാപ്പകൽഭേദംഗണിച്ചിടാതെ!

(''കുറുന്തൊകൈ'', ''നററിണൈ'', ''അകനാനൂറ്'', ''പുറനാനൂറ്'' എന്നീ സമാഹാരങ്ങളിലായി ഉലോച്ചനാരുടെ മുപ്പത്തഞ്ചു ഗാനങ്ങൾ കാണുന്നു. പൊരൈയാററുപ്പെരിയൻ, ചോഴൻ രാജസൂയം വേട്ടപെരുനർക്കിള്ളി എന്നിവരെ ഉലോച്ചനാർ അനുസ്മരിക്കുന്നു. പൊരൈയാററ് തഞ്ചാവൂർക്കടുത്ത കടൽക്കരയിലാണത്രെ. (നമ്മുടെ തൃപ്രയാറ് ഓർക്കുക) ഉലോച്ചനാർ ജൈനനായിരുന്നിരിക്കാമെന്നു കരുതുന്നു. അകനാനൂറിൽ ഇരുപതാമത്തേതായി ചേർത്ത ഈ ഗാനം നെയ്തൽത്തിണയിൽപ്പെട്ടതാണ്. കടൽക്കരയാണ് നെയ്തൽനിലം; വിരഹമാണ് നെയ്തൽത്തിണയുടെ പ്രതിപാദ്യം. നായിക തോഴിയോടു പറയുന്നതാണ് സന്ദർഭം. കടൽവക്കത്തു നായിക തോഴിമാരോടൊത്തു കളിക്കുന്നു. നായകൻ തേരിൽക്കയറിവന്ന് അവളെ കൂടെക്കൂടെ സന്ദർശിക്കുന്നതായി അപവാദം ഊരിൽ പരക്കുന്നു. ഇതുനിമിത്തം അമ്മ അവളെ കാവലിൽ വെച്ചിരിക്കുന്നു. ഇനി അവൾക്ക് യഥേഷ്ടം കടപ്പുറത്തു വരാൻപററില്ല. സന്ദർശനത്തിനുവന്ന നായകൻ വേലിപ്പുറത്തുനിൽക്കെ അവൻ കേൾക്കാനായിട്ടാണത്രെ നായിക ഇതു തോഴിയോടു പറയുന്നത്. അവൻ മാതാപിതാക്കളെക്കണ്ട് വിവാഹം ആലോചിക്കട്ടെ എന്നുവ്യംഗ്യം. ഞാഴൽ=പുലിനഖക്കൊന്ന എന്ന മരം. പച്ചത്തഴ=പച്ചനിറത്തിലുള്ള ഇല. കൈതയോലയായിരിക്കാം. തഴകൊണ്ട് ഉടുപ്പുണ്ടാക്കി സ്ത്രീകൾ അക്കാലത്ത് ധരിച്ചിരുന്നു. കേരളത്തിൽ കുട്ടികൾ കുമ്പാളവാഴയില, പനയോല മുതലായവകൊണ്ട് കോണകമുണ്ടാക്കി ഉടുത്തിരുന്നുവല്ലോ. കുരുത്തോലയുടുപ്പ് നൃത്തങ്ങൾക്ക് അരയിൽ ധരിക്കാറുമുണ്ട്. ഏതാണ്ടതുപോലെ ഒന്നായിരിക്കാം തഴയുടുപ്പ്. നായകൻ നായികക്കു തഴയുടുപ്പ് സമ്മാനിക്കാറുള്ളതായി തമിഴ്സാഹിത്യത്തിൽ പലേടത്തും വർണ്ണിച്ചു കാണാം. മരച്ചോല=മരങ്ങൾ തിങ്ങിയ ഇടം. അമ്മ മകളെ കാവലിൽ വെച്ചത് അവൾ തേരുകണ്ട് പേടിച്ചേക്കുമെന്ന വ്യാജം പറഞ്ഞാണ്.)

14 നവംബർ, 1976

വെണ്മണി പൂതി

## 82. കാരണം എന്ത്?

ഇതിന്റെകാരണം പറയാമോതോഴീ?

മുതുകടൽ തിളച്ചലയ്ക്കും തീരത്തിൽ,
കടൽപ്പറവകൾ കരയും കാനലിൽ,
മലർക്കലപ്പുന്നനിഴൽ മണൽക്കുന്നിൻ
ചെരിവിൽ, ക്കാണുവാൻ കുറികുറിച്ചേട-
ത്തൊരുനാളെൻകൺകൾ പ്രിയനെക്കണ്ടല്ലോ;
അവന്റെചൊൽകളെൻ ചെവികൾകേട്ടല്ലോ;
അതിൽപ്പിന്നീടവനകന്നതാൽ വീക്കുന്നു;



പരന്നമാർദ്ദവമെഴുമെൻ തോളുകൾ;
അവനകലുകിൽ മെലിഞ്ഞുതുളുങ്ങുന്നു;

ഇതിന്റെകാരണം പറയാമോതോഴീ?

(വെൺമണിപൂതി ഒരു സ്ത്രീയാണ്. ''കുറുന്തൊകൈ''യിൽ 209-ാമതായി ചേർത്ത ഈ കവിത കടൽപ്പുറത്തെ പശ്ചാത്തലമാക്കിയുള്ളതാകയാൽ നെയ്തൽത്തിണയിൽപ്പെടുന്നു. നായകൻ വേലിക്കുപ്പുറത്തു നിൽക്കേ നായിക തോഴിയോടു പറയുന്നതാണ് സന്ദർഭം. തന്റെ വിരഹവൈവശ്യം അറിഞ്ഞ അയാൾതന്നെ ഉടൻ പരിഗ്രഹിക്കണമെന്നതാണ് നായികയുടെ ഇംഗിതം. മുതുകടൽ=പഴയസമുദ്രം. കാനൽ=മരച്ചോല. ''മലർക്കല....''=പൂങ്കുലകൾ തിങ്ങിയ പുന്നമരങ്ങൾ നിഴൽവിരിയ മണൽക്കുന്നു. കുറി=സങ്കേതം. ഒരുനാൾ=ഒരൊററദിവസം മാത്രം. വീക്കുന്നു... തോളുകൾ=കണ്ടതു കണ്ണുകളും കേട്ടതു ചെവികളുമാണെങ്കിലും സംഗമത്തിൽ ആഹ്ളാദവും വിരഹത്തിൽ ഖേദവും തോളുകൾക്കാണ്. സംസ്കൃതസാഹിത്യത്തിൽ സ്തനങ്ങളെപ്പററി പറയുന്നതു മിക്കവാറും എല്ലാംതന്നെ സംഘത്തമിഴ്സാഹിത്യത്തിൽ തോളുകളെപ്പററിയും പറയുന്നു.)

25 ജൂലൈ, 1976

ഉലോച്ചനാർ

## 83. വിരഹിണി

പൂക്കാലത്തേനുണ്ണുവാൻ പലമാതിരി പറ-
ന്നെത്തിടുംതേനീച്ചകൾ പലകൂട്ടമായ്ക്കൂടി,
തിരയാൽ മണലടിഞ്ഞുയർന്നതീരത്തിൽ നീർ
ചിതറും പുന്നയ്ക്കെഴും കൊമ്പുകൾതോറുംമൂളും
മലർമുററിയ കടല്ക്കരനാട്ടുടയോന്റെ
വിരഹത്തിനാൽത്തോഴീ, ദുഃഖമില്ലെനിക്കേതും.
''ഇവളെങ്ങിനെ മെലി !'' ഞ്ഞെന്നന്യർകേൾക്കുംമട്ടി-
ലയല്ക്കൂർ പഴിമൊഴിചൊല്ലിയാ, ലതുംകൊള്ളാം;
അപവാദത്തിൽക്കൂസലില്ലെനിക്കല്പംപോലും !

(വിരഹത്തിൽ ആശ്വസിപ്പിക്കുകയും ജനാപവാദം (അമ്പൽ) വരാതെ സൂക്ഷിക്കണമെന്ന് ഉപദേശിക്കുകയും ചെയ്യുന്ന തോഴിയോട് നായിക പറയുന്നതാണ് സന്ദർഭം. പൂക്കാലത്തു വരാമെന്നു പറഞ്ഞു വിദേശത്തു പോയ നായകൻ ഇനിയും എത്താത്തതു നായികയുടെ വിരഹതാപത്തെ വർധിപ്പിച്ചിരിക്കുന്നു. അവൾ അപവാദം ഭയപ്പെടാതായിരിക്കുന്നു. കുറുന്തൊകൈയിൽ 175-ാമതായി ചേർത്തതാണ് ഈ ഗാനം)

23 മെയ്, 1976

കുറുവഴുതിയാർ

## 84. കാവലിൽ

പിന്നവാൻപാകമായ് നീണ്ടചുരുണ്ടകുന്തളും,
നെഞ്ചിൽ—
പ്പൊന്നുപോൽക്കാന്തികോലുന്ന ചുണങ്ങും,
കച്ചകീറുംപോൽ
കണ്ണുയർന്നമുലമൊട്ടുംനോക്കി, ''മോളേ! എന്തുമാത്രം
സുന്ദരിയായിനീ!'' എന്നപലമട്ടിൽപ്രിയംചൊല്ലി,
തോളടക്കിപ്പുൽകി, യേതോവിചാരത്തിൽച്ചിരംമുങ്ങി—
ത്തായയെൻ തോഴിയെക്കഷ്ടം, കടുത്തകാവലിൽ
വെച്ചാൾ.

കൊമ്പെഴുംസ്രാവുകൾനീന്തി, ശ്ശംഖുകൾ മേഞ്ഞിഴയുന്ന
വൻതുറയിൽക്കൺകൾപോലേനെയ്തലിൻപൂക്കൾ
തിങ്ങുമ്പോൾ,
ചെരുന്തിമൊട്ടുകൾചെമ്മേവിരിയുമ്പോൾ,
ഇതൾനീർത്തി—
ച്ചെങ്ങഴനീർപ്പൂക്കൾ കള്ളിൻമണമെങ്ങും
ചൊരിയുമ്പോൾ,
കായലുംകയലിൻവക്കിൽച്ചോലയും നോക്കിടുംതോറും
കാതരയായ്, ഖേദമുള്ളിലൊതുങ്ങാതെ, കരൾനീറി,
വിരിമാറിൽമാലയാന്നഭവാൻപോകെയവളുംചൊല്ലി:
''വരില്ലാമേലിലദ്ദേഹം, വരില്ലാമേലിൽ,
എൻതോഴി!''

(അകനാനൂറിൽ 150-ാമത്തെ പാട്ടിന്റെ വിവർത്തനമാണിതു്. ഇതെഴുതിയ കുറുവഴുതിയാർ ഒരു സ്ത്രീയാണെന്നു മാത്രമേ അറിയാവൂ. നെയ്തൽത്തിണയിൽച്ചേർന്നതാണ് ഈ ഗാനം. കടൽത്തീരത്തുവെച്ച് നായികയും നായകനും പരസ്പരംകണ്ട് അനുരക്തരായി. നായികയിൽവന്ന മാറ്റങ്ങൾ കണ്ടറിഞ്ഞ അമ്മ അവളെ കാവലിൽ വെച്ചു. അവളുടെ മാതാപിതാക്കളെ സമീപിച്ച് വിവാഹാഭ്യർത്ഥന ചെയ്യണമെന്ന് നായകനെ തോഴി ഭംഗ്യന്തരേണ ഉപദേശിക്കുന്നതാണ് സന്ദർഭം. പിന്നവാൻ—മെടഞ്ഞിടുവാൻ. കച്ച—മുലക്കച്ച. തായ—അമ്മ. തുറ—സമുദ്രതീരജലാശയം. ചെരുന്തി—വാൾക്കോരച്ചെടി. ചോല—മരക്കൂട്ടം. അവിടെവെച്ചാണ് അവൾ നായകനെ സന്ദർശിച്ചിരുന്നതു്)

5 ഡിസംബർ, 1976

പതുമനാർ

## 85. ജാഗരം

ഇരവുപാതിയായ്; ഇനിയസുഷുപ്തിയിൽ
ഉയിരുകൾമൊഴി തളർന്നടങ്ങിപ്പോയ്;
പരന്നൊരീ ലോകമുറങ്ങുന്നുഗാഢം;
ഒരുഞാൻ മാത്രമുണ്ടുറങ്ങാതെവാഴ്വൂ!

(പതുമനാർ ജൈനനാണെന്നു കരുതപ്പെടുന്നു. ''കുറുന്തൊകൈ'' എന്ന സമാഹാരത്തിൽ 64—ാമതായി ചേർത്ത പാട്ടിന്റെ വിവർത്തനമാണിതു്. വിരഹതാപംമൂലം ഉറക്കംവരാതെ കഷ്ടപ്പെടുന്ന നായിക തോഴിയോടു പറയുന്നതാണ് സന്ദർഭം; നായികയുടെ ആത്മഗതവുമാകാം. വിരഹത്തെ പ്രതിപാദിക്കുന്നതിനാൽ ഇതു് നെയ്തൽത്തിണയിൽപ്പെടുന്നു. ഇനിയ—മധുരമായ. ഉയിരുകൾ—ജീവികൾ.)

19 ഡിസംബർ, 1976

ഇളവേട്ടനാർ

## 86. ദുഃഖകാരണം

ഉപ്പുനീർക്കഴിപ്പുള്ളത്താർദ്രമായ്‌വിരിഞ്ഞുക—
ണ്ണൊക്കുന്ന ചെറുകരിനെയ്തൽപ്പൂവിടചേർത്തി
പെരിയകളിത്തഴയോലയാർത്തീർത്തോരാട—
യരയിലണിഞ്ഞോളേ, നെഞ്ചിലല്പമായ്ക്കുമ്പും
ചുണങ്ങുള്ളോളേ, കരിവാർകുന്തലാളേ, മിന്നും
നുതലാണ്ടോളെ, കൂർത്തപല്ലാളേ, പെൺതയ്യാളേ!

''കളിത്തോഴികളൊത്തു വെണ്മണൽമീതേ, പുന്ന—
യുതിർത്തപരാഗമാംപൊൻപൊടിയളന്നേകി
ഭരിപ്പൂകുടുംബംനീ; ഈയധികാരത്തിൽപ്പു—
കെനിയ്ക്കുംതന്നാ, ലതുതെറ്റാമോ വലിയമ്മേ!''

എത്രയും വേഗംപൂണ്ടോരശ്വങ്ങ, ളലങ്കാര—
ശില്പങ്ങ, ളിവയെഴും നെടുംതേരിനെസ്സൂതൻ
മന്ദമായ്‌നടത്തവേ, ഞാനിതുംപറ, ഞ്ഞവൾ
തന്നടുത്തേയ്ക്കായ്ച്ചെന്നേൻ; അഴകേററവുംവായ്ച്ച
ചെവ്വരിപടന്നു മയ്യാർന്നകൺകളിൽപ്പനി—
ത്തുള്ളിപോൽക്കണ്ണീർപരക്കുന്നതു തട, ഞ്ഞവൾ
ചെറുതായ്ത്തലകുനിച്ചീടിനാൾ; ഇ, ങ്ങെന്നുള്ളിൽ
പ്പെരുകും സന്താപത്തിൻ കാരണമിതാണല്ലോ!

(മധുരൈ അറുവൈവാണികൻ ഇളവേട്ടനാരുടെ പന്ത്രണ്ടു പാട്ടുകൾ ''അകനാനൂറ്'', ''നാററിണൈ'', ''കുറുന്തൊകൈ'', ''പുറനാനൂറ്'' എന്നീ സമാഹാരങ്ങളിൽ കാണുന്നു. അറുവൈവാണികൻ എന്നാൽ തുണിക്കച്ചവടക്കാരൻ എന്നർത്ഥം. അകനാനൂറിലെ 230-ാം പാട്ടിൻെറ വിവർത്തനമാണ് മേൽച്ചേർത്തതു്. വിഷയം വിരഹദു:ഖം ആകയാൽ ഇതു നെയ്തൽത്തിണയിൽപ്പെടുന്നു. കടൽക്കരയാണ് നെയ്തൽനിലം. ആ പ്രദേശത്തിലെ നാടുവാഴിയായ ഒരു യുവാവ് തേരിൽ പോകുംവഴി ഒരു പെൺകുട്ടിയെക്കണ്ട് അനുരക്തനായി. പിന്നീട് തൻെറ സുഹൃത്തിനോട് അതിനെപ്പററി പറയുന്നതാണ് സന്ദർഭം.

കഴി=ജലാശയം. പള്ളം=തീരം. തഴയോല=കൈതയോല. ഇതു മെടഞ്ഞുണ്ടാക്കിയ ഉടുപ്പുകൾ സ്ത്രീകൾ അരയിൽ ധരിച്ചിരുന്നു. കരിവാർക്കുന്തലാൾ=കറുത്തുനീണ്ട തലമുടിയുള്ളവൾ. നുതൽ=നെററി. പല്ലാൾ=പല്ലുള്ളവൾ. പെൺതയ്യാൾ—ബാലിക. പുന്ന=പുന്നാഗം. ഇതിൻെറ പൂമ്പൊടി മഞ്ഞനിറമുള്ളതാണ്. സ്വർണ്ണത്തിനുപകരം ഇവരും പൂമ്പൊടി അളന്നുകൊടുക്കുന്നു. സ്വർണ്ണപ്പൊടി അളന്ന് വിലയായിക്കൊടുത്തു് കടൽക്കരയിലെ മുക്കുവത്തികൾ ആവശ്യമുള്ള സാധനങ്ങൾ വാങ്ങിയിരുന്നതായി സംഘസാഹിത്യത്തിൽ ധാരാളം പ്രസ്താവങ്ങളുണ്ട്. അധികാരത്തിൽ=കടുംബഭാരമേൽപ്പുതലയിൽ. വലിയമ്മ=മൂത്തിർന്ന ഗൃഹനായികയായി അഭിനയിക്കപ്പെടുന്ന പെൺകുട്ടി. നെടുംതേര്=നീണ്ട രഥം. ചെവ്വരി=കണ്ണിൻെറ വെള്ളയിൽക്കാണുന്ന ചുകന്ന രേഖകൾ. ഇവ സൗന്ദര്യലക്ഷണമായി വർണ്ണിക്കപ്പെടുന്നു. മയ്യാർന്ന=മഷിയണിഞ്ഞ. പനിത്തുള്ളി=മഞ്ഞുതുള്ളി. അവൾ തലകുനിച്ചതു സമ്മതലക്ഷണമായി കണക്കാക്കിയ നായകൻ, ഇപ്പോൾ, തൻെറ ജോലിസ്ഥലത്തു് അഭിലാഷവിപ്രലംഭദു:ഖം അനുഭവിക്കുകയാണ്.)

6 ഫെബ്രുവരി, 1977

നക്കീരർ

## 87. ആതിഥ്യം

പലനാളിലെയഴൽപോംവിധം, പകൽവന്ന
നിഴലിൽ,പ്പൊല്പൂ പ്പുന്നച്ചോലയിൽ നേരംപോക്കി,
അന്തിയി,ലശ്വങ്ങളെപ്പൂട്ടിയ വേഗംവായ്ച്ച
വൻതേരുമായിസ്സതന്നെത്തവേ, പോകുവാനല്ലോ
തുടങ്ങുന്നുനീ; പൂക്കാംമണക്കുംകടല്പുര—
സ്സുടയോനേ! നിൻയാത്രയിന്നൊഴിവാക്കീടാമോ?

നിത്യകീർത്തിമാൻ സ്വർണ്ണഭൂഷണൻതിരയനാം
പാർത്ഥിവൻ ഭരിപ്പതായ്, പലപൂങ്കാവാർന്നതായ്,
വർത്തിപ്പൂ ''പവത്തിരി''യാം പുരി;യതിന്നൊപ്പ—
മുഖങ്ങ,ളെൻതോഴിതൻ യൗവനലാവണ്യങ്ങളും.



അവമങ്ങുന്ന നിൻെറവേർപാടിൽ; ഓളംതല്ലി—
യലറീടുന്ന കായൽവേലിയേററത്തിൽ; ദംഷ്ട്ര
വളഞ്ഞപാമ്പും പമ്പൻസ്രാവുമുണ്ടതിൽ; ഏററം
ചുളിചേർന്നതീവഴി; അന്തിയും മയങ്ങിപ്പോയ്.
അതിനാൽ, നിന്നേക്കുറിച്ചാധിയാലിവൾ വാടാ—
തവിടെയിന്നേദിനം നീതങ്ങിയെന്നാലെന്തേ?

മീൻവിററുവാങ്ങും വെൺനെല്ലരിയാൽച്ചോറുണ്ടാക്കി—
ത്തൈർചേർത്തുനന്നായ് നിന്നെഞങ്ങളിന്നൂട്ടീടട്ടേ.
വടനാട്ടുകാർതന്ന വട്ടവെൺചാണസ്സുമേൽ
പൊതിയമലയിലെച്ചന്ദനമര,ച്ചേറെ
മണമാർന്നതായ് വണ്ടാക്കുന്നതാം കളഭച്ചാ—
റണിയിക്കട്ടേ നിൻെറയുന്നതലലാടത്തിൽ.

കെട്ടവള്ളത്തിൽപ്പകലെത്രയുംമധ്വാനിച്ചി—
ട്ടത്യന്തംതളർന്നോരുമുക്കുവർ, കൊട്ടകാററി—
ന്നടിയാൽക്കൊമ്പൻസ്രാവിൻകടിയാൽ, കീറിപ്പോയ
വളയുംകണ്ണിയാന്ന നെട്ടതാം വലകളെ
കുളിർത്തകടല്ലാററിൻവീശലേററുണങ്ങുവാൻ
ഗൃഹത്തിൻമുന്നിൽക്കൈതപ്പൊന്തയിൽ വിരിയ്ക്കുന്ന
തെളിഞ്ഞകടല്പുരയുള്ള ഞങ്ങടെയൂരിൽ
തെളിവാർന്നൊരുരാത്രി പാർക്കുവാൻവന്നാലും നീ!

(സംഘകവികളിൽ അതിപ്രശസ്തനാണ് മധുരൈ കാണക്കായനാർ മകനാർ നക്കീരർ. ''തിരുമുരുകാററുപ്പടൈ'' ''നെടുനൽ വാടൈ'' എന്ന രണ്ടു പുസ്തകൃതികളും ''അകനാനൂറ്'' മുതലായ സമാഹാരങ്ങളിൽ മുപ്പത്തഞ്ചുപാട്ടുകളും നക്കീരരുടേതായിട്ടുണ്ട്. ''ഇറൈയനാർ അകപ്പൊരുൾ'' എന്ന സാഹിത്യശാസ്ത്രകൃതിയുടെ പ്രസിദ്ധമായ വ്യാഖ്യാനവും നക്കീരരുടേതാണ്. തലൈയാലങ്കാനത്തു യുദ്ധം ജയിച്ച നെടുഞ്ചെഴിയൻ, കരികാൽച്ചോഴൻ, ഇരുങ്കോവേൺമാൻ മുതലായ പല രാജാക്കന്മാരേയും നക്കീരർ അനുസ്മരിക്കുന്നുണ്ട്.

അകനാനൂറിൻെറ മൂന്നാം ഭാഗമായ ''നിത്തിലക്കോവൈ''യിലെ നാല്പതാം ഗാനത്തിൻെറ വിവർത്തനമാണിതു്. അഭിലാഷവിപ്രലംഭമാണ് വിഷയമെന്നതിനാൽ ഇതു് നെയ്തൽത്തിണയിൽപ്പെടുന്നു. കടൽക്കര നാടുവാഴികളിലൊരാളായ നായകൻ ഒരു മുക്കുവപ്പെൺകുട്ടിയുമായി പ്രണയത്തിലായി. കടൽവക്കിലെ പുന്നമരത്തോപ്പിൽ ചെന്ന് പകൽ സ്സമയം അവളോടൊന്നിച്ചു കഴിച്ചുകൂട്ടി സന്ധ്യക്കു തേരിൽ സ്വന്തം നാട്ടിലേക്കു മടങ്ങാൻ തയ്യാറെടുക്കുന്ന അയാളോട് നായികയുടെ തോഴി പറയുന്നതാണ് ഈ പാട്ടിൻെറ സന്ദർഭം. അന്നുരാത്രി അയാൾ തങ്ങളുടെ ഊരിൽവന്ന താമസിക്കുണമെന്ന് തോഴി അഭ്യർത്ഥിക്കുന്നു. നായികയുടെ മാതാപിതാക്കളെ കണ്ട് അയാൾ വിവാഹാഭ്യർത്ഥന നടത്തണമെന്നാണ് അവൾ ആഗ്രഹിക്കുന്നതു്.

പൊല്ലുപ്പുന്നച്ചോല=പൊൻനിറമുള്ള പൂക്കളെനിറഞ്ഞ പുന്നമരങ്ങളുടെ തോപ്പ്. സൂതൻ=തേരാളി. ഉടയോൻ=നാഥൻ. തിരയൻ=തിരുപ്പതിയ്ക്കു സമീപമുള്ള പ്രദേശങ്ങൾ ഭരിച്ചിരുന്ന ഒരു രാജാവ്. ഇദ്ദേഹത്തിന്റെ തലസ്ഥാനനഗരമായിരുന്ന ''പവത്തിരി'' എവിടെയാണെന്നറിഞ്ഞുകൂട. ആ നഗരത്തെപ്പോലെ സമൃദ്ധിയുള്ളതാണ് നായികയുടെ യൗവനവും സൗന്ദര്യവും. നായകൻ പിരിയുമ്പോൾ അവ മങ്ങിപ്പോകുന്നു. കാരണം അയാൾക്കു പോകുവാനുള്ള വഴി ആപത്തുകൾ നിറഞ്ഞതാണ്; പോരെങ്കിൽ അസമയവുമാണ്. വടനാട്ടുകാർ=വടക്ക് കടപ്പുപ്രദേശത്തുള്ളവർ. ഇവിടെനിന്നാണല്ലോ ചാണക്കല്ല് നമുക്കു കിട്ടുന്നതു്. വട്ടവെൺചാണ=വട്ടത്തിലുള്ള വെളുത്ത ചാണ. പൊതിയമല=തമിഴ്നാട്ടിന്റെ തെക്കേ അററത്തുള്ള അഗസ്ത്യകൂടമെന്ന മല. വണ്ട് ആർക്കുന്നതു് കള്ളത്തിന്റെ സുഗന്ധംമൂലമാണ്. തെളിവ്=സന്തോഷം.)

8 ഫെബ്രുവരി, 1977

മധുരെക്കണ്ണത്തനാർ

## 88. സങ്കേതം

പലമലർതിങ്ങിക്കളുത്തചോലയിൽ
പക,ലെൻ തോഴിയുമൊരുമിച്ചുപോക്കി,
ഒരുചക്രത്തേരിലുലകുചുററുന്നോ—
നഴകെഴും സൂര്യനനന്തവൈഭവൻ
പടിഞ്ഞാറെമലയിറങ്ങിപ്പോകവേ,
വളഞ്ഞകായലിൽത്തണുത്തെഴും ചേററിൽ
നെടിയതണ്ടാർന്നവിടർന്ന നെയ്തലിൻ
നറുമധുവൂററിക്കുടിച്ച വണ്ടുകൾ
പറന്നകലവേ, തുടുവാനും നീല—
ക്കടലുമൊന്നായി,പ്പെരികെ വൈഭവ—
മിയന്ന രണ്ടുദൈവതങ്ങൾ തന്നുട—
ലൊരുമിച്ചൊന്നായവിധം വിളങ്ങവേ,
ഇരുളുമന്തിയിൽപ്പിരിയും നീയെന്നാൽ
ഇവൾ തനിച്ചിരുന്നഴലിലാഴ്ന്നുപോം.

അതിനാൽ, നീ താളംപിഴയ്ക്കാതെയോടു—
ന്നതിൽക്കരുത്താർന്ന മദിച്ചൊരശ്വങ്ങൾ
ചിനച്ചു, പാതിരയ്ക്കുറങ്ങുമൂരിനെ
വിളിച്ചുണർത്തുന്നതൊഴിവാക്കാൻവേണ്ടി,
നെടിയതേർ ദൂരെനിറുത്തി,മെല്ലെക്ക—
ന്നിറങ്ങിയെത്തുന്ന മദഗജംപോലെ,



മണൽമേട്ടിൽനിന്നുമിറങ്ങിരാത്രിയിൽ
വരുകവൻകടല്ക്കരയ്ക്കുടയോനേ!

പലതരംമത്സ്യം നിറയെപ്പുറപ്പിട്ടു
പനകളിലന്നിൽപ്പറവ, ഞാറയും
കരഞ്ഞുചേക്കേറിയുറങ്ങും മുററത്തിൽ,
നറുമണംചിന്നും സുവർണ്ണപുഷ്പങ്ങൾ
കൊഴിഞ്ഞുതാഴത്തുപരന്ന പുന്നതൻ
പൊഴിലിൽസ്സങ്കേതംകുറിച്ചുവല്ലോനാം.

(കടൽക്കരയിലുള്ള മരത്തോപ്പിൽ പകൽ മുഴുവൻ നായികയുമൊത്തു കഴിച്ച ശേഷം സന്ധ്യയ്ക്കു് സ്വന്തം ഊരിലേക്കു മടങ്ങിപ്പോകാൻ തുടങ്ങുന്ന നായകനെ രാത്രി സങ്കേതത്തിലേക്കു തോഴി ക്ഷണിക്കുന്നതാണ് ഈ പാട്ടിന്റെ സന്ദർഭം. നായികയുടെ വീട്ടിന്റെ മുൻവശത്തുള്ള പുന്നമരത്തോപ്പാണ് ഈ രാത്രിസങ്കേതം. ചോല=മരക്കൂട്ടം. ഒരു ചക്രത്തേരു് =ഒററച്ചക്രം മാത്രമുള്ള സൂര്യരഥം. വളഞ്ഞ=കര വളഞ്ഞുകിടക്കുന്ന. നറുമധു=വാസനയുള്ളതേൻ. തുടുവാൻ=തുടുത്ത സന്ധ്യാകാശം. രണ്ടുദൈവതങ്ങൾ.=കറുത്തനിറമുള്ള വിഷ്ണുവും (അല്ലെങ്കിൽ പാർവതിയും) തുടുത്ത നിറമുള്ള ശിവനും. വിഷ്ണുവും ശിവനും ഏകീഭവിച്ച ശങ്കരനാരായണമൂർത്തിയും, പാർവ്വതിയും ശിവനും ഒന്നുചേർന്ന അർദ്ധനാരീശ്വരനും പ്രസിദ്ധമാണല്ലോ. സന്ധ്യയ്ക്കു് ഒന്നായിത്തോന്നുന്ന കടലും ആകാശവും ഈ ''നീലലോഹിത''മൂർത്തിയെപ്പോലെ കാണപ്പെടുന്നു. ചിനയ്ക്കുക=(കുതിര) ശബ്ദിക്കുക. കടപ്പുകരയ്ക്കുടയോൻ=നായകൻ കടൽക്കരയിലെ ഒരു നാടുവാഴിയാണ്. അന്നിൽപ്പറവ=ഒരുതരം കടൽപ്പക്ഷി. ഞാറ=ഒരുതരംകൊററി. പുന്ന=പുന്നമരം. ഇതിന്റെ പൂക്കൾ പൊൻനിറമുള്ളവയാണ്. പൊഴിൽ=മരച്ചോല. സങ്കേതം=രഹസ്യമായി ഒത്തുചേരുന്നതിനുള്ള സ്ഥലം.

മധുരെ കണ്ണത്തനാരുടെ ഒരു പാട്ട് ''അകനാനൂറി''ലും മറെറാന്നു ''നററിണയി''ലുമുണ്ട്. അകനാനൂറിലെ പാട്ടിന്റെ വിവർത്തനമാണിതു്. വിരഹദുഃഖമാണ് വിഷയമെന്നതിനാൽ നെയ്തൽത്തിണയിൽപ്പെടുന്നു.)

9 ഫെബ്രുവരി, 1977

നല്ലന്തുവനാർ

## 89. വിരഹവും സമാഗമവും

ഉൾത്തുടിപ്പോടേ കൊതിയ്ക്കേണ്ടതാം മേന്മ—
യൊക്കമേ പ്രേമം; ഉറങ്ങിക്കിടക്കവേ
മോദംവളർത്തി,യുണർവിലുതകാതെ
മായും കിനാവാണതെന്നും പറഞ്ഞിടാം,

'' 'ഒരുത്തി,
വീർക്കുന്നു ദീർഘമായ്; ചുററിനടക്കുന്നു;
വിശ്രമിയ്ക്കാതേ പലരോടാരായുന്നു;
മയ്യണിഞ്ഞുള്ള കയൽക്കൺകളശ്രുനീർ
പെയ്യുന്നു; കാർമുകിൽമൂടിയ തിങ്കൾപോൽ
മങ്ങുന്നുവക്ത്രം; പലതായ്മെടഞ്ഞിട്ട
പൂങ്കുഴലാൾ, തന്നുടൽനലമൊക്കെയും
സ്വൈരംനുകർന്നു കൈവിട്ടുള്ള കാന്തനെ—
യുള്ളിലോർത്തോർത്തു കേഴുന്നു; മറന്നപോൽ
പൊട്ടിച്ചിരിയ്ക്കുന്നു; പിന്നെമയങ്ങുന്നു;
കഷ്ടമേ, കാമമാലുള്ളിൽ വർദ്ധിക്കയാൽ
നാണവും മാനവുമോരാതെയീരീതിൽ
നീളെയലയുന്നു; പാവം!' എന്നിങ്ങിനെ
എന്നെപ്പരിഹസിക്കായ്‌വിൻ ജനങ്ങളേ!
നിങ്ങളോടെല്ലാം പറഞ്ഞിടാം; കേൾക്കുവിൻ!

'കാമിനിമാരുടെ തോളുകൾ പുൽകിയ
കാമുകർ പിന്നീടവരെപ്പിരിഞ്ഞു പോയ്
ഉള്ളിലവർക്കേററ മല്ലൽചേർക്കുന്നതും,
മല്ലാക്ഷിമാരെവെടിഞ്ഞു ചുരംകേറി
ദൂരദേശാന്തരം പോയോർ പൊടുന്നനേ
കാരുണ്യമാർന്നു തിരിച്ചുവരുന്നതും
എന്നും നടപ്പുള്ളതല്ലോ; യഥാകർമ്മ—
മല്ലും പകലുമൊത്തല്ലലും സൗഖ്യവും
എല്ലാർക്കുമെത്തു;മുലകിൽ വാഴുന്നവ—
ർക്കെല്ലാം ഭവിയ്ക്കുന്ന ഭാഗ്യവിപര്യയം.

'വാനമേ, നീ കൊടുംചൂടിനാൽപ്പാരിനെ
വാട്ടിവറുക്കുന്നതെന്തുകാര്യത്തിനായ്?
ആദിയിൽസ്സേവപറഞ്ഞു. പിന്നെപ്പിരി—
ഞ്ഞോരെൻവളകൾ കഴററിക്കളഞ്ഞുവോ,
നിർദ്ദയനാമവൻ പോകും ചുരങ്ങളിൽ—
ക്കാട്ടുതീകെട്ടു കുളുർമ്മപരക്കുവാൻ
കാലവർഷക്കരിനീലമേഘങ്ങളെ—
ച്ചാലേ പറഞ്ഞയച്ചാലും കനിഞ്ഞു നീ,
എൻെറ കണ്ണീർക്കടൽ തോന്തിക്കുടി,ച്ചുങ്ങ
ചെന്നിടിവെട്ടിപ്പെരുമഴപെയ്യുവാൻ!



'എൻകണ്ണിൽനിന്നുമുറക്കം കവർന്നവ—
നെൻപ്രിയനെന്നെ മറന്നതുകാരണം
എന്നുടൽ നീറിജ്ജ്വലിയ്ക്കും ജ്വരംപക—
ന്നെന്നപോൽക്കത്തിയാളുന്നു കൊടുംപകൽ.
ഊരിലുള്ളോരേ, ഇതാണെന്നനുഭവം;
ഓതുവിൻ, നിങ്ങൾക്കുമിത്തോന്നലുള്ളതോ?

'ആദിത്യദേവ, നിൻരശ്മികളൊക്കെയും
നീളെപ്പരത്തിനിന്നാലും! പകലൊത്തു
പോകാതെ നിന്നെരിഞ്ഞാലും നിശയിലും!
നീ പോവുകിൽ ദുഷ്ടസന്ധ്യയിങ്ങെത്തിടും;
എന്നെ മയക്കിക്കിടത്തിക്കൊലചെയ്തു
പിന്നെയേ ദ്രോഹി പോവുള്ളു; ചത്തി,ട്ടവ—
ളൊന്നിച്ചുപോകരുതെന്നില്ലെനിയ്ക്കുമേ!

'വേഗത്തിൽ നിൻപ്രിയനേയും വിളിച്ചു ഞാൻ
നാളെപ്പുലരിയിലിങ്ങുവന്നെത്തിടാം
ആഴക്കടൽ കട'ന്നെന്നു കാരുണ്യമാ—
ന്നാദിത്യദേവ, ഭവാൻ പറയുന്നുവോ?
നാളെപ്പുലരിയിലങ്ങയെക്കാണുവാൻ
ജീവിച്ചിരിയ്ക്കുമോ ക്രൂരയാം സന്ധ്യതൻ
ദ്രോഹംസഹിച്ചു ഞാൻ? എങ്ങിനെ 'നല്ലവ—
നാണവ'നെന്നിനി വിശ്വസിക്കുന്നു ഞാൻ?

'എന്നെ വെടിഞ്ഞു പ്രിയൻ; തിളങ്ങുംവള—
യൂർന്നുപോയ്; ഞാൻ കൊടുംനോവാൽത്തപിയ്ക്കയായ്.
എൻ പ്രാർത്ഥനയ്ക്കിണങ്ങാതേ, പ്രിയൻപോലെ—
യെന്നെയിസ്സൂര്യനും കൈവിട്ടൊളിച്ചുപോയ്.
ഇച്ചതി കണ്ടലറുന്നു പെരുംകടൽ;
പാഴ്ച്ചുളിമുററിക്കറുത്ത കുഴികളിൽ
പൊട്ടിവിടർന്നിളകുന്ന നെയ്തൽപ്പൂക്കളാം
അത്തൽപൊറാ,ഞ്ഞിതാ കണ്ണടച്ചീടുന്നു.

'വന്നു വിരിഞ്ഞൊളിചിന്നുന്ന വെൺനിലാ;—
വെന്നാ,ലകംനൊന്തു ഞാൻ കൊതിയ്ക്കുന്നവൻ,
ഇണ്ടലെനിയ്ക്കു സമ്മാനമായ് നൽകിയി—
ട്ടെന്നെ വെടിഞ്ഞുപോയ്പോയവ,നിങ്ങുവ—
ന്നെന്നോടു ചേർന്നാങ്ങീടുമോ? കണ്ണിമ
ചിമ്മാ,തുറങ്ങാതെ, മീതെയാകാശവും

താഴെയീഭൂമിയും ചുററും ദിശകളും
തേടിയലയുന്ന പാവ,മെൻ നെഞ്ചകം.

'നാട്ടാൾക്ക് ഞാൻ പരിഹാസൈകപാത്രമായ്;
വിട്ടുപോവാറായ് പ്രിയമെഴും പ്രാണനും;
അങ്ങനീ ചെൽക, നിററിലാവോലുന്ന
തിങ്കളേ, ചൊൽകവനോടെന്നവസ്ഥകൾ.
തേടിയണിഞ്ഞ വളകൾ പൊഴിഞ്ഞുപോയ്,
ക്രൂരനവൻ വിട്ടുപോകവേ നിർദ്ദയം;
ഇല്ലാ, കനിഞ്ഞുവരില്ലവൻ; എൻനെഞ്ചി–
ലുള്ള നോവിൻമരുന്നന്യർക്കറിയുമോ?

'നാട്ടുകാരേ, പഴിക്കായ്യെൻപ്രിയനെ;യെ–
ന്തൊക്കെയായാലും പ്രിയനാണെനിക്കവൻ.
എൻെറയഴകാമ്പി,ലെൻകണ്ണി,ലവൻനിറ–
ഞ്ഞെന്നും പ്രിയത്തോടിരുന്നവരുകയാൽ
ഉന്മാദമാർന്നിതില്ലിന്നിയുമെൻ മനം;
പുണ്യമുണ്ടാം നിങ്ങളെന്നെയവനുമായ്
വീണ്ടുമിണക്കുകിൽ, അങ്ങിനെയെൻ നെഞ്ചിൽ
നിന്നു നീറുന്നൊരിവേദന നീക്കുകിൽ.

'കാർമുകിലേ, കടലെല്ലാം കുടിച്ചു നീ
പേമഴ തോരാതെ പെയ്യുകെൻ മേനിയിൽ.
എൻവളയൊക്കെയുമൂരിവീഴുംവണ്ണ–
മെൻപ്രിയനെന്നെ വെടിഞ്ഞതിൻ നൊമ്പരം
എൻസന്ധിതോറുമെരിയുന്നിതഗ്നിയായ്!
നിന്മഴയേററുകളിച്ചുകൊള്ളട്ടെ ഞാൻ!'

''ഇങ്ങിനെ പാടി,

നോവാർന്നു നെഞ്ചുത്തര, 'ഞെനിക്കാരുമി–
ല്ലാതെയായ്'' എന്നവളേങ്ങലടിക്കവേ,
ധർമ്മദൈവംപോലവളെത്തുണയ്ക്കുവാൻ
വന്നാനവിടെയാർദ്രനാം തൻപ്രിയൻ.
അന്നോളവും തന്നുറക്കം കവർന്നുപോയ്
തന്നെ മറന്നവനന്തികത്തത്തവേ,
മായവൻമാറിൽത്തിരുമകൾപോലവൾ
പോ,യവൻതൻ വിരിമാറിൽപ്പതിക്കയായ്.
എൻതോഴിതൻ ദുഃഖമൊക്കെയും സൂര്യൻെറ–
മുമ്പിലിരുൾക്കണക്കക്ഷണം മാഞ്ഞുപോയ്.''



(''കലിത്തൊകൈ'' എന്ന സമാഹാരത്തിൽ നെയ്തൽത്തിണയിൽ ഒററ്റ്റ മുപ്പത്തിരണ്ട് പാട്ടുകളുണ്ട്. നല്ലന്തുവനാർ എഴുതിയതാണിവയെല്ലാം. 27–ാം പാട്ടിൻെറ വിവർത്തനമാണ് മേൽച്ചേർത്തത്. നായികയുടെ വിരഹവും നായകസമാഗമവും തോഴി വിവരിക്കുന്നതാണ് പ്രകൃതം. ആദ്യത്തെയും അവസാനത്തെയും ഖണ്ഡികകൾ തോഴിയുടെ വാക്യവും അവയ്ക്കിടയിലുള്ള ഭാഗം നായികയുടെ വാക്യവുമാണ്. പത്ത് കാമാവസ്ഥകളിൽ മിക്കവയും ഇതിൽ വർണ്ണിച്ചിരിക്കുന്നു. കയൽ=ഒരുതരം മത്സ്യം; കണ്ണിൻെറ ഉപമാനം. പൂങ്കുഴലാൾ–പൂവണിഞ്ഞ തലമുടിയുള്ളവൾ. ഉടൽനലം=ദേഹസൗന്ദര്യം. കാമമാൽ–മദനതാപം. ഊര്=ഗ്രാമം. യഥാകർമ്മം=സ്വന്തംകർമ്മമനുസരിച്ച്. ഭാഗ്യവിപര്യയം=ഭാഗ്യനിർഭാഗ്യങ്ങൾ മാറിമാറിവരൽ. കഴററുക=ഊരുക. ചുരം=വനമാർഗ്ഗം. ദ്രോഹി=ദ്രോഹിയായ സന്ധ്യാകാലം. ''നല്ലവനാണവൻ... ''കാമുകൻ നല്ലവനാണെന്ന് ഇനിയും സ്വയം വിശ്വസിപ്പിക്കുന്നതെങ്ങിനെ? അങ്ങിനെ വിശ്വസിച്ചാലല്ലേ ജീവിച്ചിരിയ്ക്കൂ? അതിനാൽ നാളെ പുലരുംമുമ്പ് താൻ മരിക്കുമെന്ന് നായിക പറയുന്നു. കഴികൾ=ജലാശയങ്ങൾ. നെഞ്ചകം=ഹൃദയം. തേടിയണിഞ്ഞ = തിരഞ്ഞെടുത്ത് ധരിച്ച. ഇണക്കുക=കൂട്ടിച്ചേർക്കുക. അറഞ്ഞ്–തല്ലി. മായവൻ=മഹാവിഷ്ണു. തിരുമകൾ=ലക്ഷ്മി.)

24 ഫെബ്രുവരി, 1977

കൂടലൂർ കിഴാർ

## 90. ഏകാന്തത

തൺകടൽ; മറിഞ്ഞാക്കംതിരകൾ; അവയ്ക്കുമേൽ–
പ്പൊങ്ങിടുമയിലമീനിഷ്ടംപോൽത്തിന്നീടുന്ന
നിരവി,ട്ടുണഞ്ഞു വെൺചിറകാന്നെഴും ഞാറ–
പ്പറവ;യമ്മട്ടുള്ളോരീ ''മരന്ത''യാം പുരം
നല്ലതാ;ണെന്നാൽ പ്രിയൻ വേറിട്ടോരെനിക്കിപ്പോ–
ളില്ലലത്രെയും മേകാന്തതയാലേകീടുന്നു.

(പേരമാൻയാനൈകട്ട് ചേയ്മാന്തരൻ ചേരലിരുമ്പൊറൈ എന്ന ചേരരാജാവിൻെറ സുഹൃത്തായിരുന്ന മലനാട്ടിലുള്ള കൂടലൂർ എന്നസ്ഥലത്തിലെ വേളാള വംശത്തിൽ പിറന്ന കിഴാർ. ''ഐങ്കുറുനൂറ്'' സമാഹരിച്ചതിദ്ദേഹമാണ്. കിഴാർ രചിച്ചതും ''കുറുന്തൊകൈയിൽ'' 166–ാമത്തേതായി ചേർത്തതുമായ ഈ ഗാനം കടൽത്തീരത്തെയും വിരഹദുഃഖത്തെയും വർണ്ണിക്കുന്നതിനാൽ നെയ്തൽത്തിണയിൽപ്പെടുന്നു. തൺകടൽ=തണുത്ത സമുദ്രം. മരന്ത=ഒരു കടൽത്തീരപട്ടണം. നല്ല കാലാവസ്ഥയും സമൃദ്ധിയുമുള്ളതെങ്കിലും ഈ പട്ടണം വിരഹികൾക്ക ദുഃഖകരമാണെന്ന് നായിക തോഴി പറയുന്നു.)

11 ഏപ്രിൽ, 1977

കരുവൂർ കണ്ണൻ പാളനാർ

## 91. പുന്നപ്പൂമ്പൊടി

ചിരിയ്ക്കാൻ കൊള്ളാം, തോഴി ! ഭംഗിയേറിയമാല
ശിരസ്സിൽച്ചൂടും സഖിമാരൊത്തു മണൽക്കുന്നിൽ
പൂക്കൾ മുററിയ ചോലനിഴലിൽക്കളിവീട
തീർക്കയായിരുന്നു ഞാൻ. അതിവേഗത്തിൽപ്പെട്ടെ—
ന്നങ്ങവനെത്തീ പായുമശ്വങ്ങൾ വലിക്കുന്ന
തുംഗമാമൊരുരഥം. അതിനെത്തെളിയ്ക്കുമ്പോൾ,
തണുത്തകയംതിങ്ങിത്തഴച്ച കുവളമൊ—
ട്ടിറുത്തുനാരിൽബ്ഭംഗ്യാതൊടുത്തു നിർമ്മിച്ചതായ്
വണ്ടുകളാർക്കുന്നതാം മാലയൊന്നെടുത്തെന്റെ
പിന്നിയ മുടി ഞാലും പുറത്തിൽച്ചുമ്മാചാർത്തി,
പൊന്തിവന്നീടുന്നൊരെൻ പിഞ്ചിളമുലനോക്കി,—
ച്ചിന്തയിലാഴ്ന്നപോലെത്രയോ നേരംനിന്നാൻ.
വന്നതുപോലെ പോയാൻ. അന്നാരംതൊട്ടീപ്പാക്കററം
വഷ്ണിച്ചുചൊല്ലാൻ വിരുതേറെയാണ്ടോരീഗ്രാമം
ഇരച്ചിനാറിക്കറുത്തുള്ള കായലിൻവെള്ള—
മിളക്കിമറിച്ചുകൊണ്ടെത്രയോ നീർപ്പക്ഷികൾ
ചേക്കേറുന്നതായ്, മുള്ളിയന്നനീളിതളുകൾ
തിക്കിനിന്നീടും കൈതപ്പൂമണംപെറുന്നതായ്,
ഞാഴലിൻചെടി പുററിപ്പടരുന്നതായ്, തടി—
യേറെയും വളഞ്ഞതായ്, പ്പാമ്പിൽനില്ക്കും പുന്ന—
മരത്തിൻതങ്കപ്പൊടിയൊത്തപൂമ്പൊടിയിട—
യ്ക്കിടയ്ക്കുനോക്കി, പ്പിന്നെയെന്നെയും നോക്കീടുന്നു !

(ചേരനാട്ടിന്റെ തലസ്ഥാനമായിരുന്ന കരുവൂരിൽ ജീവിച്ചിരുന്ന പാളനാരുടെ (പാണനാരുടെ എന്ന പാഠാന്തരം) രണ്ടു പാട്ടുകൾ "അകനാനൂറി"ലും ഒരു പാട്ട് "നററിണൈ"യിലുമുണ്ട്. അകനാനൂറിലെ 108–ാം പാട്ടിന്റെ വിവർത്തനമാണ് മേൽ ചേർത്തത്. കടൽത്തീരം പശ്ചാത്തലമാകയാലും വിരഹദുഃഖം പ്രതിപാദ്യമാകയാലും ഇതു നെയ്തൽത്തിണയിൽ പെടുന്നു. ബാലികയായ നായിക കടൽക്കരയിൽ മണൽക്കുന്നിൽ മരങ്ങളുടെ നിഴലിൽ കളിവീടുണ്ടാക്കി കളിക്കുകയായിരുന്നു. നായകൻ തേരോടിച്ച് അവിടെ വന്നു. അവളുടെ പിന്നിയ മുടിയിൽ കരിങ്കുവളമൊട്ടുമാല അണിയിച്ചു. കുറെ നേരം അവളെ നോക്കി നിന്നു. പിന്നീട് അവിടെനിന്നുപോയി. അന്നുമുതൽ വിരഹദുഃഖം മൂലം വിളർത്തതായി കണ്ട ഗ്രാമത്തിലെ അപവാദ വിദഗ്ദ്ധർ വിളർപ്പു നിറമുള്ള പുന്നപ്പൂമ്പൊടിയേയും അവളേയും മാറിമാറി നോക്കുന്നു. നായിക സഖിയോട് പറയുന്നതാണ് സന്ദർഭം. ചോല–മരക്കൂട്ടം. തുംഗം=ഉയർ



ന്നത്. കയം – അഗാധമായകുളം. കുവളം=കരിങ്കുവളം. ഗ്രാമം=ഗ്രാമത്തിലെ ജനങ്ങൾ.)

26 മെയ്, 1977

പെരുങ്കണ്ണനാർ

## 92. കലമാൻ

പിടവങ്ങളിലിലയൊക്കെയും പൊഴിഞ്ഞുപോയ്—
പ്പകരം കുളിർമലർമൊട്ടുകൾകൂമ്പിക്കാണ്മൂ ;
പൊന്തയിൽപ്പടർന്നുള്ളകൊടിമുല്ലകൾ പൂക്ക—
ളേന്തിയാടുന്നു; കൊന്നപൊന്നണിഞ്ഞിരിക്കുന്നു;
കായാവിൻ ചില്ലത്തുമ്പിൽത്തളിരും നീലക്കല്ലിൻ
ചേലെഴുംപുഷ്പങ്ങളും തങ്ങളിൽത്തിരക്കുന്നു;
എത്തിപ്പോയ് മഴക്കാലം; സൂത, നീ തെളിച്ചാലു—
മെത്രയും വേഗം നിൻതേർ; അക്കാഴ്ച നീകണ്ടാലും !
കഴിനീർ കവിഞ്ഞൊലിച്ചീടുമോർനിലംതന്നിൽ
മിഴിയെത്രയുംമിഴി, ച്ചുററവിഡ്ഢി വഴി മാൻകുട്ടി
ചാടിയോടവേ വിര,ണ്ടക്കുഞ്ഞിൻപിൻപേ കുതി—
ച്ചോടിനീങ്ങീടും പാവംപേടമാനിനെക്കാണ്കെ,
അവളോടൊപ്പം കൂട്ടംകൈവിട്ടുപോയീടാനും
അവളെക്കൈവിട്ടുതൻകൂട്ടത്തെ നയിയ്ക്കാനും
കഴിയാ, തതിസ്നിഗ്ദ്ധസുന്ദരഹൃദന്തരൻ
കലമാൻ മയക്കമാ, ന്നങ്ങാ, തതാ നില്പൂ !

("വിഴിക്കട് പേതൈ" — മിഴിച്ച കണ്ണുള്ള വിഡ്ഢി—എന്ന് മാൻകുഞ്ഞിനെ വിശേഷിപ്പിച്ചതിനാൽ വിഴിക്കട്പ്പേതൈപ്പെരുങ്കണ്ണനാർ എന്നറിയപ്പെടുന്ന ഈ കവിയുടേതായി "നററിണൈ" യിലെ 242–ാം പാട്ട് മാത്രമേ ലഭിച്ചിട്ടുള്ളു.

പത്നിയേയും പുത്രനേയും വിട്ട് മറുനാട്ടിൽ പോയിരുന്ന നായകൻ തിരിച്ചെത്താമെന്ന് ഏററിരുന്ന വർഷകാലം വന്നു. തേരിൽ കയറി തിരിച്ചുവരവേ, തേറിന വേഗം പോരെന്നുതോന്നിയ നായകൻ തേരാളിയോട് പറയുന്നതാണ് സന്ദർഭം. പിടവം, കൊടിമുല്ല, കൊന്ന, കായാവ് എന്നിവയുടെ പൂക്കൾ വർഷകാലത്തു വിടരുന്നവയത്രേ. വഴി കടൽത്തീരത്തുകൂടെയാണ്. കഴി=ഉപ്പുജലാശയം, കായൽ. ഓർനിലം=ഉപ്പുപറ്റിയുള്ള, കൃഷിചെയ്യാത്ത, നിലം. വഴിയ്ക്ക് ആൾപ്പാർപ്പില്ല; ധാരാളം മാനുകളുണ്ട്. മാൻകൂട്ടത്തിൽപ്പെട്ട ഒരു കുട്ടി തേരുകണ്ട് പരിഭ്രമിച്ച് കൂട്ടംവിട്ട് ഓർനിലത്തിലൂടെ ഓടാൻ തുടങ്ങി. അതിന്റെ രക്ഷയ്ക്കായി തള്ളമാൻ കിടാവിനെ പിൻതുടർന്നോടി. മാൻകൂട്ടത്തിന്റെ നായകനായ കലമാനിന്ന് പ്രിയപ്പെട്ട പേടയുടെ കൂടെ പോകണമോ, കൂട്ടത്തെ നയിയ്ക്കണമോ എന്നു സംശയമായി. പ്രണയമോ കർത്തവ്യമോ ഏതു തിരഞ്ഞെടുക്കണമെന്ന് നിശ്ചയിക്കാൻ കഴിയാതെ,

അതു് അടുത്തുവരുന്ന തേരിനെ ഗണിയ്ക്കാതെ നിന്ന സ്ഥലത്തുതന്നെ നിൽക്കുന്നു. അതിസ്നിഗ്ദ്ധസുന്ദരഹൃദന്തരൻ=അത്യധികമായ സ്നേഹത്താൽ സൗന്ദര്യമാർന്ന ഹൃദയത്തോടുകൂടിയവൻ. ''കാമരുനെഞ്ചമൊടു'' എന്നു മൂലം. കാമർ=ആഴക്, സ്നേഹം. നായികയേയും മകനേയും കാണാൻ വെമ്പുന്ന തന്റെ പ്രതിച്ഛായ ആ കലമാനിൽ നായകൻ കാണുന്നു. വിരഹത്തെക്കുറിക്കുന്ന ഈ കവിത നെയ്തൽത്തിണയിൽപ്പെടുന്നു.)

21 സെപ്തംബർ, 1977

അള്ളൻ കീരനാർ

## 93. തമാശ

തമാശതോന്നുന്നുസഖീ ! ''പലനിറം
തിളങ്ങും മുണ്ടകപ്പൂത്തുമലർമാല്യം
മണിനിറംചേർന്നു, മണമാർന്നു, വണ്ടു
മുരണ്ടുമുത്തുന്ന മുടിയിലായ്ച്ചൂടി,
കടൽത്തെളിനീരിൽത്തുണക്കാരൊന്നിച്ചു
കളിച്ചുവന്നെത്തും കൊടിയിടയാളേ,
വിരിവെഴും ഘനനിതംബമാന്നോളേ,
വഴിയും മാധുര്യമിയന്നചൊല്ലാളേ
പ്രിയം സുദുർലഭം ധനമെൻ ജീവിതം
കവന്നീയാർ?'' എന്നൊരു ചോദ്യത്തോടേ,
അണിഞ്ഞൊരുക്കിയ നെടിയതേരിലെ-
ക്കുതിരകളുടെ കടിഞ്ഞാൺകൈതാങ്ങി,
അവനെന്റെ കരംകവന്നെന്നിയ്ക്കേററ-
മഴലണയ്ക്കുന്ന കഥയറിയാതെ,
തനിയ്ക്കുഞാൻമൂലം കഠിനമാമല്ലൽ
പിണഞ്ഞുവെന്നൊരു പരാതിയുമായി,
കറിക്കൂട്ടിൻ മണംതിരഞ്ഞു വണ്ടൊത്തു
മിന്നത്തുമിന്നമെൻലലാടത്തിൽനോക്കി,
കടലുരയിലെ മരച്ചോലക്കീഴിൽ
കടൽനിലത്തിന്റെ തലവനന്നാളിൽ
കരംകൂപ്പിനിന്ന നിലനിനയ്ക്കവേ
കരളിലെത്രയും തമാശതോന്നുന്നു !

(അള്ളന്റെ മകൻ കീരൻ രചിച്ചതായി ഈ ഒരു ഗാനം മാത്രമേ ലഭിച്ചിട്ടുള്ളു. ''നററിണൈ'' യിൽ 245-ാമതായിച്ചേർത്ത ഇതു്, പ്രതിപാദ്യം പ്രഥമാനുരാഗമെങ്കിലും പശ്ചാത്തലം കടൽക്കരയാകയാൽ, നെയ്തൽത്തിണയിൽപ്പെടുന്നു. സഖികളുമൊത്തു് കടലിൽ കളിച്ചുവരുന്ന നാ



യികയെ കടൽനിലങ്ങളുടെ നാടുവാഴിയായ നായകൻ തേരോടിച്ചു വരും വഴി കണ്ടുകാമിച്ചു. അവളോടു് അവൾക്കും പ്രഥമദർശനത്തിൽത്തന്നെ അനുരാഗമുദിച്ചു. ആ ആദ്യസന്ദർശനത്തെപ്പററി നായിക പിൽക്കാലത്തു് സഖിയോടു് അനുസ്മരിക്കുന്നതാണു് സന്ദർഭം. മുണ്ടകം=കടൽമുള്ളിച്ചെടി. ഇതിന്റെ പൂക്കൾ പല നിറങ്ങൾ ഉള്ളവയാണു്. മണി=നീലക്കല്ലു്. കൊടിയിടയാൾ=വള്ളിപോലെ കൃശമായ അരക്കെട്ടുള്ളവൾ ''പ്രിയം കവന്നു''.... കളവു കണ്ടുപിടിയ്ക്കുന്നതു് നാടുവാഴിയുടെ കടമയാണല്ലോ.)

31 ഒക്ടോബർ, 1977

ആര്യ അരചൻ യാഴ്പിരമദത്തൻ

## 94. വല

അറിയുംസത്യ മറ,ച്ചസത്യംപറകയി-
ല്ലറിവോർ; അതിനാൽ ഞാൻപറയാം സത്യം;
കേൾപ്പിൻ !

കടൽവക്കിലൊച്ചെറുഗ്രാമത്തോടടുക്കായ്‌വിൻ !
അടുക്കാനാലോചിയ്ക്കുകൂടിയും ചെയ്യരുതായ്‌വിൻ !
അവിടെപ്പാർത്തിടുന്നൂ കണ്ണികളിറുക്കിയ
വലയുള്ളവരായമുക്കുവർ; അവക്കാഹാ !

മുഗ്ദ്ധയായൊരുമകളുണ്ടല്ലോ,മയിൽപ്പീലി-
യ്യൊത്തകുന്തളം പാറിയ്യൊത്തംഗിയും പൂണ്ടോൾ;
അവൾതൻകണ്ണാംവലക്കണ്ണിയിൽക്കുടുങ്ങിപ്പോം
കടൽവക്കിലെ മരച്ചോലയിൽച്ചെൽവോരെല്ലാം.
''ഇതുനല്ലതാ,ണീതുചീത്ത''യെന്നോരാതെന്റെ
ഹൃദയം,പാവം ! പെട്ടുപോയിതാവലയ്ക്കുള്ളിൽ !

(ആര്യരാജാവും വീണവായിയ്ക്കുന്നതിൽ വിദഗ്ദ്ധനുമായ ബ്രഹ്മദത്തൻ രചിച്ചതും, കടൽവക്കിനെ വർണ്ണിക്കുന്നതിനാൽ നെയ്തൽത്തിണയിൽപ്പെടുന്നതുമായ ഈ ഗാനം ''കുറുന്തൊകൈ''യിൽ 184-ാമത്തേതായി ചേർത്തിരിക്കുന്നു. ''പിരകത്തൻ'' എന്ന ആര്യരാജാവിനു തമിഴ്കവിതയുടെ മാധുര്യം ബോധ്യപ്പെടുത്തിക്കൊടുക്കാനാണത്രേ ബ്രാഹ്മണനായ കപിലർ ''പത്തുപ്പാട്ടു''കളിലൊന്നായ ''കുറിഞ്ചിപ്പാട്ടു്'' എഴുതിയതു്. ആ പിരകത്തൻ (പ്രഹസ്തൻ? ബൃഹദ്ദത്തൻ?) തന്നെയാണു് ഈ പിരമദത്തൻ (ബ്രഹ്മദത്തൻ?) എന്നു് കരുതപ്പെടുന്നു. കപിലരുടെ തമിഴ് കവിത കേട്ടശേഷം തമിഴിലും കവിതയിലും ഭ്രമം തോന്നിയ രാജാവു് സ്വപ്രയത്നത്താൽ ഒരു തമിഴ്കവിയായിത്തീർന്നിരിയ്ക്കാം. കടൽവക്കത്തുള്ളകം ഗ്രാമത്തിലെ മുക്കുവപ്പെണ്ണിൽ അനുരക്തനായിത്തീർന്ന നായകൻ സുഹൃത്തിനോടു പറയുന്നതാണു് സന്ദർഭം.)

11 നവംബർ, 1977

ഉലോച്ചനാർ

## 95. ഉപ്പുവിളയിക്കുന്നവരുടെ ഗ്രാമം

കളിവീടുകൾകെട്ടി വരിവെൺമണൽത്തട്ടിൽ—
ക്കളിച്ചും, മണൽക്കുന്നിലടമ്പിൻപുഷ്പംകൊയ്തും,
മധുരിച്ചീടുംമൊഴിചൊല്ലിയും വാതോരാതെ,—
യതിരായൊരക്ഷരംകൂളിയും കേൾക്കാതെയും,
ഞങ്ങളോടൊപ്പം സന്ധ്യയോളമിക്കടൽവക്കിൽ—
ത്തങ്ങിയശേഷം തന്റെയൂരെത്താൻ മുതിർന്നോനേ,
ഈറനുംസമുദ്രത്തിൻ നെയ്തൽപൂത്തുലഞ്ഞീടും
കരയ്ക്കുമേലാവായുള്ളവനേ, കേട്ടാലുംനീ:

എതിരേമണ്ണിൽക്കുഴിച്ചുള്ള പാത്തികൾക്കുള്ളിൽ—
ക്കടൽനീരേററിക്കെട്ടിവററിച്ചുപ്പുണ്ടാക്കുന്നോർ,
മഴവാനിനെയാശ്രയിക്കാതേ, സ്വൈരംവാഴ—
ന്നവരീഞങ്ങൾക്കെഴുമിക്കൊച്ചു കുഗ്രാമത്തിൽ,
ചൂഴവേ മരച്ചോലകളിരേററിടും വീട്ടി—
ലീരാവിൽത്തങ്ങാൻ നിനക്കിഷ്ടമാണെന്നാകിലോ,
ഉപ്പുവാണിയരുപ്പുവിററുനേടിയ നെല്ലാൽ—
ത്തീർത്തചോർചവച്ചുനിൻതേക്കുതിരകൾ നില്ക്കേ,
അരികേനില്ക്കാംഞങ്ങൾ; അലരിപ്പൂവാൽത്തീർത്ത
നെടുതാംമാല്യം നെഞ്ചിൽച്ചാർത്തിനീയിരുന്നാലും !

(നെയ്തൽത്തിണയിൽപ്പെട്ട ഗാനങ്ങളെഴുതുന്നതിൽ പ്രസിദ്ധനായ ഉലോച്ചനാരുടെ മുപ്പത്തഞ്ചുപാട്ടുകൾ ''നാററിണൈ'', ''കുറുന്തൊകൈ'' ''അകനാനൂറ്'', ''പുറനാനൂറ്'', എന്നീ സമാഹാരങ്ങളിൽ കാണുന്നു. നാററിണൈയിൽ 254-ാമത്തേതായി ചേർത്തതാണ് ഈ ഗാനം. പകൽ മുഴുവൻ ഉപ്പുവാണിയരുടെ പെൺകുട്ടികളുമൊത്തു് കടൽപ്പുറത്തു് കളിച്ച്, സന്ധ്യക്കു മുമ്പുള്ള തന്റെ ഗ്രാമത്തിൽ പോകാനായി തേരിലേറാൻ തുടങ്ങുന്ന നായകനെ ആ പെൺകുട്ടികളിലൊരാൾ തങ്ങളുടെ ഗ്രാമത്തിൽ രാത്രി കഴിയ്ക്കുവാൻ ക്ഷണിയ്ക്കുന്നതാണ് സന്ദർഭം. വരിവെൺമണൽ—വരി(തിരയുടെ പാടു്) വീണ വെളുത്ത മണൽ. മഴവാനിനെ...—കർഷകർക്കെന്നപോലെ ഉമണർക്ക്—(ഉപ്പുവാണിയർക്ക്) മഴയെ ആശ്രയിക്കേണ്ടതില്ലല്ലോ.)

1 ഡിസംബർ, 1977

അമ്മൂവനാർ

## 96. ഞങ്ങൾ കണ്ടല്ലോ!

1. കണ്ടുവല്ലോകൊച്ചുതമ്പുരാനേ, ഞങ്ങൾ
നിൻകരംമോഷ്ടിച്ചപെണ്ണാളെ !
നീർമുള്ളിപ്പൂമാലനനഞ്ഞീടവേ കുളിർവെൺകടൽ
നീരലയിൽത്തുള്ളിക്കളിപ്പവളെ !

2. കണ്ടുവല്ലോകൊച്ചുതമ്പുരാനേ, ഞങ്ങൾ
നിൻകരംമോഷ്ടിച്ചപെണ്ണാളെ !
വെൺമണലിലെപ്പൊൻപണ്ടംവീണതെടുത്തേകിടുവാൻ
വെള്ളിൽക്കിളിയോടുകൊഞ്ചുവോളെ !

3. കണ്ടുവല്ലോകൊച്ചുതമ്പുരാനേ, ഞങ്ങൾ
നിൻകരം മോഷ്ടിച്ചപെണ്ണാളെ !
സുന്ദരിമാർസഖിമാർ നിന്നാർപ്പിടവേ, കുളുർകടൽനീർ—
വൻതിരയിൽച്ചാടിനീരാടുവോളെ !

4. കണ്ടുവല്ലോ കൊച്ചുതമ്പുരാനേ, ഞങ്ങൾ
നിൻകരംമോഷ്ടിച്ച പെണ്ണാളെ !
അലയടിയാൽപ്പാവയൊലിച്ചെന്നു കയത്തുതിർ മണലിൽ
കടൽത്തുക്കാൻ സാഹസംചെയ്യുവോളെ !

5. കണ്ടുവല്ലോ കൊച്ചുതമ്പുരാനേ, ഞങ്ങൾ
നിൻകരംമോഷ്ടിച്ചപെണ്ണാളെ !
തെളിതിരയിൽപ്പാവയൊലിച്ചതിനാൽ മയ്ക്കണ്ണുചുക—
ന്നലയാഴിയെനോക്കിപ്പിളുത്തുവോളെ !

6. കണ്ടുവല്ലോ കൊച്ചുതമ്പുരാനേ, ഞങ്ങൾ
നിൻകരംമോഷ്ടിച്ച പെണ്ണാളെ !
മഷിയൂട്ടിയകണ്ണുകളിൽത്തേനീച്ചകൾ മുരളുന്നെ—
ന്നലകടലിൽച്ചെന്നു മുഴുകുവോളെ !

7. കണ്ടുവല്ലോകൊച്ചുതമ്പുരാനേ, ഞങ്ങൾ
നിൻകരംമോഷ്ടിച്ച പെണ്ണാളെ !
ഇളമുലയണിതുമ്പപ്പൂമാലകൾ നിൻപൊന്നണിയും
വിരിമാറിലിതുവരേയും ചതയാത്തോളെ !

8. കണ്ടുവല്ലോകൊപ്പുതമ്പുരാനേ, ഞങ്ങൾ
നിൻകരംമോഷ്ടിച്ച പെണ്ണാളെ!
പാലുറാച്ചെറുമുലയാൽപ്പാലുണ്ണുംപ്പാവകളെ—
പ്പാലൂട്ടാൻ പാടുപെടുന്നവളെ!

ചേരമാൻ യാനൈക്കട്ച്ചേ എയ് മാന്തരൻ ചേരൽഇരുമ്പൊറൈ എന്ന ചേരരാജാവിന്റെ പ്രേരണയാൽ കൂടലൂർകിഴാർ എന്ന കവി സമാഹരിച്ച ''ഐങ്കുറുനൂറി''ൽ രണ്ടാമത്തെ ''നൂറ്'' ആയ നെയ്തൽത്തിണ രചിച്ചത് അമ്മൂവനാർ ആണ്. ''നററിണൈ'' (10) ''കുറുന്തൊകൈ'' (11), ''അകനനൂറ്'' (6) എന്നീ സമാഹാരങ്ങളിലും അമ്മൂവനാരുടെ കൃതികൾ കാണാം. നെയ്തൽത്തിണയുടെ മൂന്നാം പത്തിന്റെ വിവർത്തനമാണ് മേൽച്ചേർത്തതു്; ഇതിൽ 9–10 പാട്ടുകൾ നഷ്ടപ്പെട്ടിരിക്കുന്നു. കടൽക്കരയാണ് നെയ്തൽനിലം; ആ കരയുടെ അധിപനാണ് ഈ തിണയുടെ നായകൻ; വിരഹദുഃഖമാണ് (ഇരത്തൽ) മുഖ്യപ്രതിപാദ്യം. കളിപ്രായം വിടാത്ത ഒരു പെൺകുട്ടിയെ കല്യാണംകഴിച്ച്, അവളിൽ ഭ്രമിച്ച്, പഴയ ''പരിചയ''ക്കാരെയെല്ലാം മറന്ന നായകനോട് മുമ്പ് അയാളുമായി ബന്ധപ്പെട്ടിരുന്ന ഒരു വേശ്യ (പരത്ത, പരസ്ത്രീ) പരിഹാസസ്വരത്തിൽ പരിഭവം പറയുന്നതാണ് ഈ ''പത്തി''ന്റെ സന്ദർഭം. നീർമുള്ളി—മുണ്ടകം, ജലസസ്യം. ഇതിനെ പൂമാലയാക്കി തലയിൽ ചൂടുന്നു. വെള്ളിൽ—ഒരു ജലപ്പക്ഷി.)

17 ഫെബ്രുവരി, 1978

നക്കീരർ

## 97. ക്ഷണം

ദേവനാംമുരുകന്റെമാറിലെക്കടമ്പിൻവെൺ—
പൂവണിമാല്യംപോലെ, യന്തിച്ചോപ്പേന്തും വാനിൽ
നിരയായ്പ്പറക്കുന്നു മീൻതിന്നുവയർനിറ—
ഞ്ഞുയരെപ്പൊന്തി, പ്പച്ചക്കാൽനീണ്ട കൊക്കിൻകൂട്ടം.
എത്തിനില്ക്കുന്നു പടിഞ്ഞാറെഴും മലയുമേൽ—
ച്ചിത്രരശ്മിയാംസൂര്യൻ; വെളിച്ചംകെട്ടീടുന്നു.

മദവും മാൺപുംമുററുംമഴക്കൺ കലങ്ങവേ
മൃദുമേനിയാരം നാണമണിപോലെൻ തോഴിയോ,
തന്നുടൽനലം മങ്ങിപ്പോകവേ, നിർത്തീടാതെ—
യേങ്ങിയേങ്ങിക്കൊണ്ടല്ലോ, കേഴാനും തുടങ്ങിപ്പോയ്!
നാട്ടുടയോനേ, നിന്റെയിക്കോവേർക്കഴതയോ
കായലിൽപ്പാക്കും കൊമ്പൻസ്രാവെത്തികടിച്ചയാൽ
കാൽമുറി, ഞൊണ്ടുന്നീക്കഴി നീന്തുവാൻവയ്യാ—
തീരാവിൽത്തളർന്ന് പിൻതങ്ങുകയത്രേചെയ്‌വൂ.



നീണ്ട വില്ലേന്തും നിന്റെ യുവയോധരോടൊപ്പം
മണ്ടുവാ, നീ രാവിലീപ്പാവത്തിന്നാവില്ലല്ലോ.

പനകൾ പൊന്തുന്നോരീ വെണ്മണൽപ്പുറമ്പിൽ, അ—
ന്നിണയെക്കാണാഞ്ഞന്നിൽപ്പക്ഷികൾ കൂക്കും ദിക്കിൽ,
കൊച്ചുപൂന്തൊത്തേന്തിയ നെയ്തൽ ചേരുമിക്കായൽ—
നാട്ടി, ലീരാവിൽത്തങ്ങീ നീയെങ്കി, ലെന്തേ ദോഷം?

(അകനാനൂറിലെ 120–ാം പാട്ടിന്റെ വിവർത്തനമാണ് മേൽച്ചേർത്തതു്. വിരഹദുഃഖം പ്രതിപാദിക്കുന്ന ഇതു് നെയ്തൽത്തിണയിൽപ്പെടുന്നു.

വേട്ടയ്ക്കോ മററോ കൂട്ടുകാരൊത്ത് കടൽത്തീരത്തുവന്ന നായകൻ നായികയെ കണ്ട് പരിചയപ്പെട്ടു. സന്ധ്യയ്ക്കുശേഷം സങ്കേതത്തിൽവെച്ച് അവളെ കാണൽ പതിവാക്കി. ഇതിന്നിടെ അയാൾക്കു തിരിച്ചുപോകേണ്ട സമയമായി; കൂട്ടുകാർ പുറപ്പെട്ടും കഴിഞ്ഞു. ഈയൊരു രാത്രിയെങ്കിലും വിരഹാർത്തയായ നായികയോടൊപ്പം കഴിച്ചുകൂട്ടി അവളെ ആശ്വസിപ്പിച്ചുപോകാൻ അയാളോടു തോഴി അഭ്യർത്ഥിക്കുന്നതാണ് സന്ദർഭം.

മുരുകൻ—സുബ്രഹ്മണ്യൻ. ഇദ്ദേഹത്തിന്റെ നിറം ചുകപ്പാണ്. ചിത്രരശ്മി—പല നിറമുള്ള രശ്മികളുള്ളവൻ. മാൺപ്—അഴക്. മഴക്കൺ—കുളിർമയുള്ള കണ്ണ്. നലം—സൗന്ദര്യം. നായിക കരയുന്നതു് നായകന്റെ ആസന്നമായ വിരഹം ഓർത്താണ്. നീർക്കഴി—ജലാശയം. അതു നീന്തിക്കടന്നുവേണം നായകനു തിരിച്ചുപോകാൻ. യുവയോധർ—യുവാക്കളായ പടയാളികൾ. അന്നിൽ—ഒരു കടൽപ്പക്ഷി.)

3 മാർച്ച്, 1978

അമ്മൂവനാർ

## 98. തൊണ്ടിപ്പത്ത്

1. അലകളിൽ നിന്നുയരുന്നൊരു സംഗീതത്തോടു മിഴാ—
വൊലികളിൽ നിന്നുയരുന്നൊരു സംഗീതം
തെരുവുകളിൽ—
കലരുന്ന തൊണ്ടിയാം പട്ടണം പോലാണെൻ
കരം കവർന്നല്ലോ, ഉരുണ്ട മുളയൊത്ത
തോളും മുഴങ്കൈ തിളക്കും വളകളും
ചേരുമിസ്സുന്ദരിപ്പെൺകൊടിയാൾ.

2. പെൺകൊടിയാൾ, പൊൻവളയിളകുന്ന
മുഴങ്കൈയുള്ളവ—
ളെൻ കരളിൽ കൂടി കൊണ്ടതു കാരണത്താൽ,
വണ്ടുകൾ മൂളി, കുളുത്ത കടൽത്തുറ

പൂണ്ടുള്ള തൊണ്ടിനഗരവക്കിൽ,
കൂററൻ കടലിൽ മുഴങ്ങും തിരകൾ പോൽ
രാത്രിയും ഞാനറിവീലുറക്കം.

3. രാത്രിയിലും നിദ്രയറിഞ്ഞീടാതേ, മാണിക്യം
പോയ്പ്പോയൊരു സർപ്പം പോൽക്കേഴമല്ലോ,
ശീതസുരഭിയായ് ത്തൊണ്ടിയിൽപ്പൂക്കുന്ന
നെയ്തലിൻ വാസന മെയ്യിലേന്തി,
പിന്നിയ കാർകൂന്തൽ ചേർന്നൊരിപ്പെൺകൊടി
കണ്ണിനാൽബ്ബാധിക്കിലാരുമാരും.

4. ബാധകൾ കളർനീർത്തുറകളിൽ വാണരുളും തൊണ്ടി കണ-
ക്കാകെയുയർച്ചെവ്വരി പാഞ്ഞുള്ള മഷിക്കണ്ണുകളോ—
ന്നോറെയഴകുററ മേനിയിൽ നേർത്ത പൊ—
ന്നാഭരണങ്ങൾ തിളങ്ങുന്നിവളോ, ളിവൾ
പൊന്മലക്കാവിൽക്കുറിച്ചേകീ സങ്കേത—
മെൻ നെഞ്ചകത്തിലെ നോവകററാൻ.

5. എന്നിൽ കൃപയുണ്ട് നിനക്കെന്നാകിൽ, മുളച്ചുമലും
മിന്നും ചെറുമുന്നെററിയുമാന്നൊരു നിൻസഖിയോടും
മന്ദമന്ദം നീ നടന്നെന്നരികത്തു
വന്നാലു,മത്യന്തമുഗ്ദ്ധയാം ബാലികേ!
തൊണ്ടിയാം പട്ടണം പോലഴകേലുന്ന
നിൻ നലം വർദ്ധിക്കുമാറാക മേല്ക്കുമേൽ!

6. എൻ നല,മെൻ സുഖനിദ്രയുമിവൾ, മിന്നും കൈവളയും,
തൊണ്ടിയിലെപ്പൂന്തോട്ടക്കളർമലരിൻ സൗരഭ്യം
ചോരുന്ന മെയ്യും, പരന്നേറെ മാർദ്ദവം
ചേരും ജഘനവും, മാന്തളിർവർണ്ണവും
എല്ലാമിയന്നവൾ, കൈയടക്കീടിനാൾ;
എന്തിതിന്നായ് ഞാൻ പിഴച്ചതാവോ!

7. പിഴയൊന്നും ചെയ്യാത്തവനെന്നാലും പനി കൊണ്ടിട്ട—
മലമാലകളരുളും കടൽനെടുവെൺകരമണൽവിരിമേൽ
മുണ്ടകപ്പൂക്കൾ മലരും മണക്കുന്ന
തൊണ്ടിയാം പട്ടണം പോലെ വിളങ്ങിടും
ഇപ്പെൺകൊടിയുടെ തോളുകൾ പുൽകുവാൻ
ഭാഗ്യമൊരിക്കലുണഞ്ഞുവെങ്കിൽ.



8. ഇപ്പെണ്ണിൻ പുരികുഴലും തോളുകളും പല മട്ടിൽ—
ക്കീർത്തിച്ചുംകൊണ്ടെങ്ങനെ ഞാനുയിർ നിലനിർത്തേണ്ടൂ,
ചെങ്കോൽ നടത്തുന്ന കുട്ടുവൻ കാക്കുന്ന
മാണ്ടെഴും തൊണ്ടി നഗരം പോലെ
ധർമ്മം വിടാത്തൊരെൻ സങ്കടം കണ്ടും നീ—
യെന്നെയിവളോടു ചേർത്തിടായ്കിൽ?

9. ഇക്കളിരലകടൽവക്കിൻ നായകനേ! ഞണ്ടുഴറി—
ക്കരുത്തുകയാൽച്ചെമ്മീനകൾ തുറനീരിൽപ്പിടയുന്നൊരു
സംഗീതസാന്ദ്രമാം തൊണ്ടിയോടൊത്തതാ;—
ണില്ല നീയെന്നാലുയിർ വെടിഞ്ഞീടുവോ—
ളിപ്പെൺകിടാവിൻ ചെറുനുതൽ; ആകയാ—
ലല്പം കരുണ നീ കാട്ടിയാലും!

10 നീ വേഗം ചെന്നിവളെച്ചോദിക്കുക, കടലിൽബ്ബഹു—
ദൂരേ വല വീശീടിന വാലന്മാർ നൽകീടും
നൽക്കൊഴുപ്പാർന്ന മീൻ തിന്നു, പറക്കവാ—
നൊക്കാതെ, കൊററിക്കിഴവനിരിക്കുന്ന
നീർത്തുറ ചേർന്നുള്ള തൊണ്ടിയാം പട്ടണ—
മൊക്കുമിവൾതൻ നലങ്ങൾ വേണ്ടീടുകിൽ.

(''ഐങ്കുറുനൂറ്'' എന്ന സമാഹാരത്തിൽ നെയ്തൽത്തിണയിൽ എട്ടാമത്തെ ദശകമാണ് ''തൊണ്ടിപ്പത്ത്''. ഈ തിണയിലെ ആദ്യപാദ്യങ്ങളും എഴുതിയ അമ്മൂവനാരുടെ പതിനൊന്നു പാട്ടുകൾ കുറുന്തൊകൈയിലും പത്തു പാട്ടുകൾ നററിണൈയിലും ആറുപാട്ടുകൾ അകനാനൂറിലും കാണുന്നുണ്ട്. ചേരൻ, പാണ്ഡ്യൻ, തിരുക്കോവലൂർ മലയമാൻ എന്നീ രാജാക്കന്മാരെ പ്രകീർത്തിച്ചിട്ടുള്ള അമ്മൂവനാർ കേരളീയനായിരുന്നു എന്നു കരുതപ്പെടുന്നു. നെയ്തൽത്തിണയിലെ പ്രതിപാദ്യം വിരഹവേദനയാണെങ്കിലും, ''തൊണ്ടിപ്പത്തി''ലെ രസം അഭിലാഷ വിപ്രലംഭമാണ്. നായികയെ സമൃദ്ധമായ തൊണ്ടിനഗരത്തോട് ഇതിൽ പലപ്പോഴും ഉപമിച്ചിരിക്കുന്നു. പടിഞ്ഞാറെ കടല്പുറയിലുള്ള ഈ തുറമുഖ പട്ടണത്തെപ്പററി സംഘസാഹിത്യത്തിൽ പല പരാമർശങ്ങളുണ്ട്. ഇപ്പോഴത്തെ കടലുണ്ടിയാണ് ഈ പട്ടണമെന്ന് പല ചരിത്രകാരന്മാരും പറയുന്നു.

കൊയിലാണ്ടിയാണ് തൊണ്ടി എന്നത്രെ എന്റെ ഊഹം. ''തൊണ്ടിയിൽ പുനത്തിൽ'' എന്ന വീട്ടുപേര് കൊയിലാണ്ടിക്കടുത്തുണ്ട്. ആശയപരമായി പരസ്പരം ബന്ധപ്പെട്ടവയാണ് ഈ പത്തു ശ്ലോകങ്ങളും. അന്താദിപ്രാസം കൊണ്ട് അവയെ രൂപപരമായും ബന്ധപ്പെടുത്തിയിരിക്കുന്നു.

1. നായകന്റെ വാക്യം. സൗന്ദര്യ സദ്ഗുണ സമ്പന്നയായ നായികയെ സമൃദ്ധമായ തൊണ്ടിനഗരത്തോട് ഉപമിച്ചിരിക്കുന്നു. തോളുകളെ മുളയോടുപമിക്കുക തമിഴിൽ സാധാരണമാണ്.

2. നായകന്റെ വാക്യം. തുറ=കടവ്; തോണികളും കപ്പലുകളും അടുക്കുന്ന പ്രദേശം. തിരകൾ രാത്രിയിൽ ഉറങ്ങാറില്ല, നായകനും ഉറക്കമില്ലാതായി.

3. നായകന്റെ വാക്യം. സർപ്പം വായിൽ സൂക്ഷിക്കുന്ന മാണിക്യത്തെ സംബന്ധിച്ച ഐതിഹ്യം കേരളത്തിലുമുണ്ടല്ലോ. നെയ്തൽ=ഒരുതരം ജലപുഷ്പം. കണ്ണിനാൽ ബാധിച്ചുിൽ=അവൾ കണ്ണുകൊണ്ട് നോക്കുന്നതു് ശരീരത്തിൽ ഒരു ബാധയേല്ക്കുന്നതിന്നു സമമാണ്.

4. നായകന്റെ വാക്യം. കടലിൽ അപമൃത്യു സംഭവിച്ചവരുടെ പ്രേതങ്ങളെ തുറമുഖങ്ങളിൽ പ്രതിഷ്ഠിച്ച് പൂജിക്കുന്ന വഴക്കം ഇതിൽ സൂചിപ്പിക്കുന്നു. ഉയർച്ചെവ്വരി=കണ്ണിന്റെ വെള്ളയിൽ പൊന്തിക്കാണുന്ന ചുവന്ന ഞരമ്പുകൾ. ഇവ സൗന്ദര്യ ലക്ഷണമായി എണ്ണപ്പെടുന്നു. മഷിക്കണ്ണ്=മഷി എഴുതിയ കണ്ണ്.

5. നായകൻ നായികയെ സങ്കേതത്തിലേക്കു വിളിക്കുന്നു. സഖിയോടൊപ്പം അവിടേക്കു വന്നാൽ അവൾക്കു ദോഷമൊന്നുമില്ല; അവളുടെ ഗുണങ്ങൾ വർദ്ധിക്കുകയേ ഉള്ളൂ. നലം=നന്മ, ഗുണം.

6. നായികയുടെ സഖിയോട് നായകന്റെ പരാതി. തന്റെ സ്വാസ്ഥ്യവും നിദ്രയും അവൾ കണ്ടുകെട്ടാൻ താനെന്തു കുറ്റംചെയ്തു എന്നാണ് നായകന്റെ ചോദ്യം.. നലം=സ്വാസ്ഥ്യം.

7. ഒരിക്കൽ നായികയുമായി സങ്കേതത്തിൽ ഒത്തുചേർന്നശേഷം, നായകൻ തന്റെ വിരഹവേദന സഖിയെ അറിയിക്കുന്നു. പനി കൊണ്ടിട്ടും=മദനജ്വരത്തിന്നിരയാവും. 'പനിപ്പ്' എന്ന് മൂലം; ദുഃഖിക്കും എന്നാണർത്ഥമെന്ന് വ്യാഖ്യാതാവ്. മുണ്ടകം=നീർമുള്ളി; ഒരു ജലസസ്യം. തോളുകൾ പുല്കുവാൻ=സംഘസാഹിത്യത്തിൽ ആലിംഗനം ചെയ്യപ്പെടുന്നതു് ''തോൾ'' ആണ്. ആ പദത്തിന്ന് 'മുല' എന്നർത്ഥമാവാമെന്ന് വ്യാഖ്യാനം.

8. സഖിയോട് നായകന്റെ സഹായാഭ്യർത്ഥന. ചെങ്കോൽ=സദ്ഭരണം. കുട്ടവൻ=ചേരരാജാവ്. ഈ പദ്യത്തിൽ നായകൻ തൊണ്ടിയോടുപമിക്കുന്നതു് ധർമ്മംവിടാത്ത തന്നെത്തന്നെയാണ്.

9. നായികയോടു നായകൻ കരുണ കാട്ടുകയാണ് വേണ്ടതു് എന്നു് സഖി അയാളോട് പറയുന്നു. കടൽക്കരയായ നെയ്തൽ നിലത്തിന്റെ ഉടമയാണ് നായകൻ. സംഗീതസാന്ദ്രം=തൊണ്ടിയിലെ മിഴാവുകളെപ്പറ്റി ആദ്യപദ്യത്തിൽ പറഞ്ഞുവല്ലോ. ചെറുനുതൽ=ചെറിയ നെറ്റി. സൗന്ദര്യഗുണത്താൽ നായികയുടെ നെറ്റിയെ തൊണ്ടിപ്പട്ടണത്തോട് ഉപമിക്കുന്നു.

10. നായികയുടെ മാതാപിതാക്കളെക്കണ്ട്, അവളെ തനിക്കു വിവാഹം ചെയ്തുതരാനാവശ്യപ്പെടണമെന്ന് സഖി നായകനോടു പറയുന്നു. കൊഴുപ്പ്=നെയ്യ്, ''കൊഴുമീൻ'' എന്നുമൂലം.. മത്തിയാവാം ഉദ്ദിഷ്ടം. നലങ്ങൾ=സൗഭാഗ്യങ്ങൾ. വേണ്ടീടുകിൽ=നിനക്കുവേണമെങ്കിൽ, നിലനിർത്തണമെങ്കിൽ).

11 മാർച്ച്, 197.8

ചീത്തലൈ ചാത്തനാർ

## 99. സത്യവും അസത്യവും

ഓളമുയരും കടൽപ്പരപ്പിൽ
നീളേ ചെറുതോണിയേറിയെത്തി,
വീശി വലകളെറിഞ്ഞു, തമ്മിൽ
വാശി പറഞ്ഞു വലിച്ചു കേററി,
ഘോരമത്സ്യങ്ങളെ മുക്കുവന്മാർ
വാരി, ക്കരയിൽച്ചൊരിഞ്ഞിടുന്നു.
വീതിയേറുന്നതാമക്കിടത്തിൽ
കൈത മെടഞ്ഞൊരുകൂപ്പ ചാർത്തി,
ആ മത്സ്യമെല്ലാം തലയിലേററി
ശ്രീ മെത്തും മുക്കുവപ്പെൺമണികൾ
ചോലമരങ്ങൾ തണൽ വിരിക്കും
ഗ്രാമത്തെരുവിലെയുത്സവത്തിൽ
വേണ്ടുന്നതാം വില ചൊല്ലി വാങ്ങി
വേഗമതൊക്കെയും വിററഴിപ്പൂ.
ആ വിധമുള്ള കടലൂരനാ-
ടാളുന്നൊരെൻ കൊച്ചുതമ്പുരാനേ!
നീലമലരൊത്ത മയ്യണിക്ക-
ണ്ണേലുമെൻ തോഴിതൻ ചിത്തനോവും
പാത്തു പതുങ്ങിപ്പഴിപറയും
നാട്ടുകാർവായിലെച്ചീത്ത നാവും
തീരെയടങ്ങുമാ, റെന്തിവളിൽ-
ക്കാരുണ്യം കാട്ടുവാൻ നീ മടിപ്പൂ?

ഉപ്പിൻ കഴിയിൽ നെടുകെ നീന്തി-
യെത്തിക്കറുംകാലിയന്ന ഹംസം
എൾമ്മടമ്പക്കൊടി പടന്നു
തിങ്ങും മണൽക്കുന്ന മേലെയേറി,
നീണ്ട ചിറകു വിരിച്ചുണക്കി-
ക്കൊണ്ടിരിക്കുന്നതു കാണ്മതില്ലേ?
പൊന്നിൻനിറം പൂണ്ട പൂക്കൾ ചിന്നി-
പ്പുന്നയൊന്നങ്ങു വളഞ്ഞു നില്പൂ.

അങ്ങു, മണലിൽ നിൻ തേരുരുൾകൾ
ആഴ്ന്നു, തണ്ടോളം പുതയുമാറും,

മണ്ണാൽക്കളിക്കുവാൻ കൊച്ചുവീട
ഞങ്ങൾ നിർമ്മിച്ചതിടിയുമാറും,
നീ വ,ന്നിവൾ തൻ പുതുക്കമേലും
തോൾകളന്നാദ്യം പുണർന്നതില്ലേ?
അന്നു കടലിന്റെ ദേവതയെ
മുന്നിൽ നിൻ സാക്ഷിയായ് വെച്ചു കൊണ്ടേ,
ചൊന്ന സത്യം നിനക്കോർമ്മയുണ്ടോ?
ഇന്നതു സത്യമല്ലാതെയായോ?

(മണിമേഖല എന്ന മഹാകാവ്യത്തിന്റെ കർത്താവും ചേരൻ ചെങ്കുട്ടുവന്റെ സുഹൃത്തുമാണ് മധുരൈ കൂലവാണികൻ ചീത്തലൈ ചാത്തനാർ. (കൂലവാണികൻ = ധാന്യക്കച്ചവടക്കാരൻ.) ചാത്തനാരുടേതായി പത്തു പാട്ടുകൾ സമാഹാരങ്ങളിൽ കാണുന്നു. അകനാനൂറിൽ 320-ാമത്തേതായി ചേർത്ത പാട്ടിന്റെ വിവർത്തനമാണ് മേൽ ചേർത്തത്. നായികയുടെ വിരഹദുഃഖം പ്രതിപാദിക്കുന്ന ഇതു് നെയ്തൽത്തിണയിൽപ്പെടുന്നു.

കടല്ക്കരയിൽവെച്ചു് നായികയുമായി രഹസ്യസമാഗമത്തിലേർപ്പെട്ട നായകൻ പിന്നീട് അവളിൽ നിന്ന് അകലാൻ ശ്രമിക്കുന്നതുകണ്ട് അയാളുടെ പഴയ സത്യം തോഴി അയാളെ ഓർമ്മിപ്പിക്കുന്നതാണ് സന്ദർഭം.
(അല്ലിടം = ഭവനം. കഴി - ജലാശയം. കുറു = നീളംകുറഞ്ഞ)

18 ഏപ്രിൽ, 1978.

നല്ലന്തുവനാർ

## 100. സന്ധ്യയിൽ

''ഇവനിലേ വന്നു പിറന്നു സത്യവും
നയവും ന്യായവും''- ജനങ്ങളിങ്ങനെ
പുകഴ്ത്തവേ, നാടിന്നയർച്ച മേല്ക്കുമേൽ
വരുത്തുവാൻ യത്നി,ച്ചസത്യം തീണ്ടാതെ,
ഭരിച്ച രാജാവു മരിക്കവേ ധർമ്മ-
സമൃദ്ധികളൊപ്പം മറവതു പോലെ,
നിറകതിർസ്സൂര്യൻ പടിഞ്ഞാറെത്തവേ,
മറഞ്ഞു പോകവേയവന്നൊപ്പം പകൽ,
പഠിപ്പു നേടാതെ മൃതിന്നവൻ തന്റെ
അകക്കണ്ണില്ലാത്ത ഹൃദയം പോലവേ,
പരന്നിടുമിനിയിരുട്ട്, ദുഃഖവും
മയക്കവും പാരം പരത്തും സന്ധ്യയിൽ.

ഈ സന്ധ്യയിൽ
കൊളുത്തുന്നുവിപ്രർ ജ്വലിക്കും ഹോമാഗ്നി,
തിളയ്ക്കുന്നു നെഞ്ചിൽ വിരഹതീവ്രാഗ്നി.



ഈ സന്ധ്യയിൽ
ഇരുണ്ട പൊയ്കയിൽ മലർകൾ കൂമ്പുന്നു,
പടരും നോവാ,ലെൻ കരളും കൂമ്പുന്നു.

ഈ സന്ധ്യയിൽ
ഇടയർ വേണുവിൽ വിഷാദമൂതുന്നു,
വിഷാദമെൻ കണ്ണിൽപ്പടർന്നു തേങ്ങുന്നു.

ഇങ്ങിനെ അവൾ പറയുമ്പോൾ

സൂര്യൻ മറയവേ, സന്ധ്യയിൽ,ക്കാമനോ-
വേറിക്കരയുമസ്സുന്ദരിയെ,
ചെങ്കോൽ പിടിച്ചു കുടികളെക്കാക്കുന്ന
തമ്പുരാൻ പാണ്ഡ്യന്റെ വീരസൈന്യം
ചെന്നേടം ചെന്നേടം ശത്രുക്കൾ പേടിച്ചു
മുന്നിൽ നിന്നോടിയൊളിക്കും പോലെ;
തൊട്ടേടം തൊട്ടേടം വൈവർണ്യം പോംമട്ടി-
ലെത്തിപ്പുണർന്നാൻ ഹൃദയനാഥൻ.

(''കലിത്തൊകൈ'' യിലെ നെയ്തൽത്തിണയിൽ പെട്ട കൃതികളെല്ലാം നല്ലന്തുവനാർ രചിച്ചതാണ്. ഈ ഗ്രന്ഥം സമാഹരിച്ചതും അതിലെ മംഗളം രചിച്ചതും അദ്ദേഹം തന്നെ. നെയ്തൽക്കലിയിൽ പതിമൂന്നാമത്തേതാണ് ഈ പാട്ട്. നായിക തോഴിയോട് തന്റെ മനോവേദന പറയുന്നതിനിടയ്ക്ക് നായകൻ അവിടെയെത്തി. ഈ സമാഗമത്തെ തോഴി വർണ്ണിക്കുന്നതാണ് പ്രകൃതം. ചെങ്കോൽ - രാജചിഹ്നമായ വടി; ധർമ്മദണ്ഡം. കടുങ്കോൽ ആണ് ഇതിന്റെ വിപരീതം. വൈവർണ്യം = വിളർപ്പ്.)

14 നവംബർ, 1979.

# കവിതകളുടെ ആദ്യപാദ സൂചിക


അകലെക്കരിവാനിൽ 98
അമ്മയോ, തൻകൺമിഴികളെ 46
അലകളിൽ നിന്നുയരുന്ന 165
അറിയായ്കയാൽച്ചെന്നേൻ 119
അറിയും സത്യ മറച്ചസത്യം 161
അററം പിരിഞ്ഞ കൊമ്പാന്ന 134
ആടും മുള പോലഴകും 80
ആദിയിലാത്മഭൂവായിപ്പിറന്ന 65
ആരിവൻ? എൻകുന്തൽ വന്ന 139
ആർത്തു വന്നെത്തിപ്പുനം 100
ആഴക്കടലണഞ്ഞച്ഛൻ 145
ആഴി പോൽപ്പരപ്പേറിക്കാണുന്നു— 117
ഇതിൻെറ കാരണം പറയാമോ 146
ഇന്നു വിരുന്നുണ്ണുമല്ലോ 110
ഇന്ദ്രനീലക്കല്ലിനൊക്കും മലരുകൾ 137
ഇരവു പാതിയായ് 149
ഇവനിലേ വന്നു പിറന്നു 170
ഉത്സവമില്ലെന്നാലും 38
ഉപ്പുനീർക്കഴിപ്പള്ളത്താർദ്രമായ് 149
ഉലകിനാണിയെന്നഖിലരും 95
ഉറഞ്ഞുടിപ്പോടേ 153
ഊരിലുള്ളോർ കടിത്തണ്ണീർ 114
ഊരിലു, ഞ്ഞാലുത്സവത്തിൻെറ 127
ഊരിൽ നീളെയപവാദമുയരട്ടേ 64
എന്നെ വെറുക്കുന്ന 130
എൻെറയമ്മയാർ? 39
ഓർക്കുമോ തോഴീ വളഞ്ഞചിറ കാർന്ന 102
ഓളമിളകും മഹാസമുദ്രത്തിൽ 76
ഓളമുയരും കടൽപ്പരപ്പിൽ 163
കണ്ടുവല്ലോ കൊച്ചുതമ്പുരാനേ 163
കയത്തിൽ മലരുന്ന നീലാമ്പൽ 41
കരിഞ്ഞ കൊമ്പിൽ 87
കരിമുകിൽ കളിക്കുന്നു 87
കലങ്ങും മഴക്കണ്ണിൽ 75
കവികൾ പുകഴ്ത്തിയ 141
കളിവീടുകൾ കെട്ടി 162
കള്ള കുടിക്കുന്ന മൊന്തകൾ 120
കറുത്തു തടിയാർന്ന 53
കാട്ടുവഴിയിൽ നടക്കുന്നിതാനകൾ 44
കുട്ടിയെ മധ്യേ കിടത്തി 103
കുളിർമ്മയെത്രയും കലർന്ന 101
കുററമററ നല്ല പൊന്നിൽവാർത്ത 45
കൈകടന്നു പെരുകുന്നു 54
കൈനിലയുള്ളിലിരുന്ന 108
കോഴി കൂവുന്നു: കള്ള! കോൾക്കെയെൻ 131
ക്രൂരം ഹലായുധമേന്തുന്ന 61
ചിന്തിച്ചു, പലതും നീ 128
ചിരിക്കാൻ കൊള്ളാം, തോഴി! 158
ചില്ലകൾ കരിഞ്ഞ 84
ചെന്താമര പോലഴകെഴും 35
ചെറുവെൺചിതലേറെ 78
ജീവിതം തേൻതേടലാണ് 37
തൺകടൽ, മറിഞ്ഞാർക്കും തിരകൾ 157
തമാശ തോന്നുന്നു സഖീ 160
തരി കിലുങ്ങും ചിലമ്പുകൾ 121
തിളങ്ങും വളയാർന്ന തോഴീ 43
തെളിനീർക്കഴിക്കുള്ളിൽ 68
ദൂതു പോയ്, ഇനിത്തോൾവള 72
ദേവനാം മുരുകൻെറ 164
നമ്മൾ തൻ പ്രേമമനേകജന്മാർജ്ജിതം 74

നാരുകരം തലപ്പുള്ളുനീണ്ട 50
നിരനിരയായ്ത്തുടരുകളിൽ 52
നീരററു വരണ്ടേററമുൽപാതം 98
നേർത്ത കാലിന്മേൽ നെടിയ പത
ടിന്റെ 184

പച്ച തിങ്ങും മലപ്പള്ളത്തിൽ 56
പല നാളിലെയഴൽ പോംവിധം
150
പല പൂക്കളാൽക്കോർത്ത 42
പല ഭംഗികൾ തികഞ്ഞുള്ള 70
പല മലർ തിങ്ങിക്കളർത്ത ചോല
യിൽ 152
പശ പററിയ തോലിൽ 96
പാരിനെക്കാളും പരപ്പാർന്നതാണ്
37
പാള പൊളിഞ്ഞു ചകിരിത്തെച്ചുറകാ
യ്കരം 142
പിടവങ്ങളിലിലയൊക്കെയും 159
പിന്തിരിഞ്ഞോടാക്കൊലക്കാള
100
പിന്നവാൻ പാകമായ് നീണ്ട
148
പൂക്കാലത്തേനുണ്ണുവാൻ 147
പെററു പുലപോയിടാത്ത 83
പേമഴ പെയ്കേ പാരമിതളും 93
പൊയ്കയിൽ നീർനായ് 123
പ്രേമവാനെത്രയും യോഗ്യനാ
ണെൻ പ്രിയൻ 81

മണ്ണിനുള്ളിൽത്താഴുകില്ലാ 80
മദമാർന്ന പോഴ്ജങ്ങൾ 107

മരുനിലം; വേനൽ; വരണ്ടതാം
പാത 63
മലയിൽ വാഴുന്ന കുറവന്റെ മകൾ
48
മഴ വീഴാതേ ചൂടാൽപ്പൊരിയും
മരുനിലം 60
മാനം വിറയ്ക്കവേ നാഗം നടുങ്ങവേ
106
മാററേ നിന്നിൽ സ്നേഹമില്ലാ
തെ 115
മുല്ലയിൽക്കൂർമൊട്ടുകൾ 90
മുഴങ്ങും കാട്ടിൽക്കലമാനിനെ 40
മുററുമുറങ്ങിയീ ഗ്രാമം; കൊട്ടുതായ
55
മുത്തു പഴുത്തു വളഞ്ഞ 48

വൻകടൽ മോന്തി വലം ചേർന്നെ
ണീററു 109
വയൽനീർപ്പൊയ്കയിൽച്ചെന്നു
132
വരിയൻ കരിവരാലാൺമീൻ 113
വല വെയ്ക്കുവാൻ കേമൻ 82
വലിയ തേരാർന്ന പെരുനള്ളിയു
ടെ 97
വെയിൽ കാണാതെ മൂടി നില്ലുക
നീളേ 60
വെറിയാട്ടു ചെയ്തു മുരുകനെപ്പൂ
ജിക്കാൻ 51
വേദം വിധിച്ചതാം കർമ്മങ്ങൾ
ചെയ്യാതെ 91
വേർ മുതല്ലൂണ്ടി നിന്നിട്ടന്നു 66
സുരയുണ്ണുവോർ സുര, തുണ്ണാത്തോ
രസുർ 126


# കവി സൂചിക


അഞ്ചിൽ അഞ്ചിയാർ 127
അമ്മൂവനാർ 163, 165
അമ്മെയ്യൻ നാകനാർ 84
അള്ളൻ കീരനാർ 160
അള്ളൂർ നൻമുല്ലൈ 131
ആര്യഅരചൻ യാഴ്പിരമദത്തൻ
161
ആലമ്പേരി ചാത്തനാർ 55
ആവൂർ മൂലംകിഴാർ 91

ഇടൈക്കാടനാർ 93, 106, 109
ഇളന്തിരൈയനാർ 98
ഇളംകടുംകോ 117, 119, 120
ഇളവേട്ടനാർ 149
ഇറൈയനാർ 37

ഉരോടകത്ത് കന്തരത്തനാർ 100
ഉലോച്ചനാർ 145, 147, 162

എരുക്കാട്ടൂർ തായൻ കണ്ണനാർ 78
ഐയൂർ മുടവനാർ 50, 124

ഒക്കൂർ മാചാത്തിയാർ 110
ഓരം പോകിയാർ 134
ഓരേരുഴവനാർ 80
ഔവൈയാർ 70

കപിലർ 41, 43, 44, 46, 53
കയമനാർ 60, 66, 83
കരുവൂർ കണ്ണൻപാളനാർ 76,
158
കള്ളിൽ ആത്തിരൈയൻ 142
കാക്കൈപ്പാടിനിയാർ നച്ചെള്ളൈ
യാർ 97
കടവായിൽ കീരത്തനാർ 82
കുട്ടുവൻ കണ്ണൻ 40
കുൻറിൻകട് പാലിആതനാർ 52
കുറുങ്കടി മരുതനാർ 90
കുറുവഴുതിയാർ 148
കൂടലൂർ കിഴാർ 157
കൂവൻ മൈന്തൻ 63
കൊല്ലൻ അഴിചി 101

ഗൗതമൻ സഹദേവനാർ 68

ചാകലാചനാർ 123
ചീത്തലൈ ചാത്തനാർ 169
ചെമ്പിയനാർ 48
ചെമ്പുലപ്പെയൽ നീരാർ 39

ദേവകുലത്താർ 37

നക്കീരർ 113, 128, 150, 164
നമ്പികുട്ടുവനാർ 54
നല്ലന്തുവനാർ 153, 170
നല്ലുരുത്തിരനാർ 87

പതുമനാർ 149
പരണർ 38, 42, 45, 48, 56,
114, 121, 137
പാരതം പാടിയ പെരുന്തേവനാർ
35

പെരുംകണ്ണനാർ 159
പെരുംകടുംകോ 61, 64, 65, 81
പെരുംകൗശികനാർ 95
പേയനാർ 103

മധുരൈക്കണ്ണത്തനാർ 152
മധുരൈ കൂത്തനാർ 100
മധുരൈ തമിഴ്ക്കൂത്തൻ കടുവൻ
മള്ളനാർ 107
മധുരൈ പെരുമരുതനാർ 102
മധുരൈമള്ളനാർ 96
മരുതൻ ഇളനാകനാർ 115, 126,
130, 132, 139, 141
മാചാത്തിയാർ 108
മാമൂലനാർ 72, 75
മീളിപ്പെരും പതുമനാർ 74

വടമ വണ്ണക്കൻ പേരിചാത്തനാർ
98

വായിലാൻ തേവൻ 87
വെൺപൂതി 60
വെൺമണി പൂതി 146
വെള്ളിവീതിയാർ 80
വേമ്പററൂർ കണ്ണൻകൂത്തൻ. 51

## തിരുത്ത്

| പുറം | വരി | ശരി |
|---|---|---|
| 9 | 24 | ഇളനാകനാർ |
| 9 | 27 | ഇവക്ക് |
| 10 | 14 | നെടുനൽവാടൈ |
| 10 | 22 | നടിയേയോ |
| 10 | 37 | തിരുച്ചീരലൈവായെ |
| 13 | 5 | സുപ്രസിദ്ധനായ |
| 14 | 34 | വ്യത്യസ്തങ്ങളായ |
| 16 | 31 | ഒഴുക്കം |
| 20 | 21 | സുബ്രഹ്മണ്യന്റെ |
| 23 | 14 | ഡോ. ഉ. വേ. സ്വാമിനാഥയ്യർ. |
| 24 | 28, 29 | അഞ്ച്തിണകളിലും പത്തു 'പത്തുകൾ' ചേർന്ന— |
| 26 | 13–14 | ഇമയവരമ്പൻ |
| 29 | 5 | കടുത്ത കാവൽ |
| 30 | 6 | മൂലത്തിലെ |
| 35 | 9 | പലതിന്റെയും ആദ്യം ചേർത്ത |
| 37 | 1 | ആ വിധം വാഴുംവണ്ണം |
| 39 | 1 | മതിൽക്കെട്ടുമിയലും |
| 45 | 13 | വിങ്ങും |
| 54 | 11 | കന്നിനെന്നിനക്കങ്ങിനെ |
| 55 | 21 | തന്റെ |
| 61 | 28 | തോപ്പിൽ, കുളക്കര |
| 63 | 3 | ''കലിത്തൊകൈ''യിൽ |
| 63 | 25 | വേരു മുതൽ. |
| 77 | 22 | സുഖംപൂണ്ട് |
| 79 | 27 | ''മുസിരിസ്'' |
| 88 | 28 | പകകരുതാ |
| 89 | 24 | ''ച്ചരിതകം'' |
| 90 | 35 | പൂത്ത ചോലയിൽ |
| 91 | 28 | ആവൂർമൂലം കിഴാർ |
| 96 | 34 | ആദ്യവാക്യം |
| 95 | 22 | കൊച്ചിമല |
| 98 | 6 | ദീർഘംമാർഗ്ഗം |
| 100 | 30 | പിടിയാനക്കൂട്ടംപോൽ |
| 106 | 22 | നടുങ്ങവേ |
| 110 | 2 | മണിയിൽ പ്രവാളം |
| 114 | 7 | പത്തുപ്പാട്ടിൽച്ചേർന്ന |
| 122 | 37 | (ഉറന്തൈ പിടിച്ചാററു |
| 124 | 29 | |
| 127 | 33 | പാതിത്യ— |
| 129 | 10 | തടിച്ച പള്ളയാർന്ന |
| 129 | 30 | മിന്നൽക്കൊടി യിടയു |
| 136 | 31 | നെൽവയലുകൾചേർന്ന |
| 153 | 21 | കടൽക്കരെസ്സൂടയോൻ |
| 155 | 10–ാം വരി കഴിഞ്ഞ് | 'നീച, യവനർക്കന്നോ വിഷ്ണുലേ പണി !' എന്ന് ചേർത്ത് വായിക്കണം. |
| 157 | 24 | നിരവിട്ടണഞ്ഞ. |
| 157 | 35 | തോഴിയോടു |
| 161 | 15 | കണ്ണുകളിറുങ്ങിയ |



സംഘ
സാഹിത്യത്തിലെ എട്ട
ത്തൊകൈകളിൽപെട്ട അകനാ
നൂറ്, കലിത്തൊകൈ, ഐങ്കുറുനൂറ്
എന്നിവയിൽനിന്ന് തെരഞ്ഞെടുത്ത നൂറ്
പാട്ടുകളുടെ പദ്യവിവർത്തനമാണ് ഈ പുസ്തക
ത്തിലുള്ളത്. ഓരോ തിണയിലുംപെട്ട ഇരുപതുപാട്ടു
കാം വീതം ഇതിൽ ചേർത്തിരിക്കുന്നു. ഇവയ്ക്കുപുറമെ
ഒരു കടവുാം വാഴ്ത്ത് ആദ്യവും ചേർത്തിട്ടുണ്ട്. നാം
മിക്കവാറും മറന്നുകഴിഞ്ഞ നമ്മുടെ പൈതൃകത്തെ
പ്പററി കൂടുതൽ ജിജ്ഞാസ ഉളവാക്കാൻ ഈ
ഗ്രന്ഥം ഉപകരിക്കുമെന്ന് നിസ്സംശയം
പറയാം. ശ്രീ. എൻ. വി.
കൃഷ്ണവാരിയരാണ്
വിവർത്തകൻ.